KOTTAYAM PUBLIC LIBRARY

Call No. M951.05 Acc.No. 80130

Author ബാലചന്ദ്രൻ കെ

Title ചൈനയിലെ
വിപ്ലവം

## BOOK To READER

* Thank you for not tearing my pages.
* Grateful for not Writing Comments or putting unsightly markings.

## CALLING URGENT ATTENTION

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and putting markings disfigure the Book. Please take care.

**Secretary**

1247

# ചൈനയിലെ വിപ്ലവം

THE KOTTAYAM PUBLIC LIBRARY
KOTTAYAM.
TRAVANCORE.

ചൈനയിലെ
വിപ്ലവം

സാഹിത്യപ്രവർത്തക
സഹകരണസംഘം
പ്രസിദ്ധീകരണം

## ഗ്രന്ഥകാരന്റെ കൃതികൾ

മനുഷ്യൻ

ഉരുപ്പിക

നാണയപ്ര[illegible]

ധനശാസ്ത്രതത്വങ്ങൾ

ധനശാസ്ത്രപ്രവേശിക

ഇന്ത്യയുടെ സാമ്പത്തികപ്രശ്നം

സാമൂഹ്യപരിവർത്തനങ്ങൾ

മാർക്സിസം

പാട്ടബാക്കി

ചൈനയിലെ വിപ്ലവം

D.M. 2082

# ചൈനയിലെ വിപ്ലവം

ഗ്രന്ഥകർത്താ
കെ. ദാമോദരൻ

80130

KOTTAYAM PUBLIC LIBRARY
★ KOTTAYAM. ◆

നാഷനൽ ബുക്ക് സ്റ്റാൾ
കളരിക്കൽ ബസാർ, കോട്ടയം

വില 2 ക. 4 ണ.

ഒന്നാംപതിപ്പ്, കോപ്പി 1500
1952 ജൂൺ

പകപ്പവകാശം
സാഹിത്യപ്രവത്തകസഹകരണസംഘം ക്ലിപ്തത്തിന്

൧൫൧·൦൫
Dam·C

അച്ചടി-
ഇൻഡ്യാപ്രസ്സ്, കോട്ടയം

THE KOTTAYAM PUBLIC LIBRARY, KOTTAYAM.
KOTTAYAM.
TRAVANCORE.

## ഉള്ളടക്കം

| | പേജ് |
|---|---|
| ചൈനയിലെ വിപ്ലവം | 9 |
| ചൈനയിൽ കലാപങ്ങളുടെ ആരംഭം | 13 |
| ദേശീയവിപ്ലവം | 30 |
| വിപ്ലവം തൊഴിലാളിവർഗ്ഗനേതൃത്വത്തിൽ | 45 |
| ഐക്യമുന്നണി | 62 |
| വിപ്ലവം വഞ്ചിക്കപ്പെടുന്നു | 75 |
| കാർഷികവിപ്ലവത്തിലേക്ക് | 87 |
| ഉന്മൂലസംഹാരയുദ്ധങ്ങളും ജാപ്പാക്രമണവും | 105 |
| ദീർഘയാത്ര | 116 |
| ജാപ്പവിരോധദേശീയൈക്യമുന്നണി | 123 |
| യുദ്ധഗതി | 141 |
| കോമിന്താങ്ങിന്റെ തകർച്ച | 164 |
| അഭ്യന്തരവിപ്ലവം | 180 |
| ജനകീയചൈന | 193 |
| വിപ്ലവത്തിന്റെ സ്വഭാവം | 203 |

# ചൈനയിലെ വിപ്ലവം

നാല്പത്തിയേഴരക്കോടി ജനങ്ങൾ അധിവസിക്കുന്ന ഒരു മഹാരാജ്യമാണു് ചൈന. ലോകത്തിലെ ആകെ ജനസംഖ്യയുടെ ഏതാണ്ടു് നാലിലൊരു ഭാഗമാണിതു്. ഒരു കോടിചതുരശ്രകിലോമീററർ വിസ്താരമുള്ള ഈ രാജ്യം പ...യ ഹാൻവർഗ്ഗക്കാർ തുടങ്ങി, മുഹമ്മദീയർ, മംഗോളിയർ, ടിബത്തൻകാർ, മഞ്ചു-മിയാവോ-ഷാൻ-ലീ വർഗ്ഗക്കാർ എന്നിങ്ങനെ വിവിധജനതകളുടെ ഒരു കൂട്ടാണു്.

പ്രാചീനകമ്മ്യൂണിസം തുടങ്ങി, അടിയായ്മവ്യവസ്ഥ, നാടുവാഴിവ്യവസ്ഥ എന്നിങ്ങനെ പല ഘട്ടങ്ങളേയും പിന്നിട്ടുകൊണ്ടു ചൈനീസ് ജനത ഇന്നു സ്വാതന്ത്ര്യവും ജനാധിപത്യപരവുമായ ഒരു ജനകീയജനാധിപത്യവ്യവസ്ഥയിലേയ്ക്കു കാലെടുത്തുവെച്ചിരിക്കയാണു്.

കഴിഞ്ഞ നൂറുകൊല്ലങ്ങൾക്കു മുമ്പുവരെ ചൈനയിൽ നാടുവാഴിമേധാവിത്വത്തിന്റെ സ്വേച്ഛാഭരണമായിരുന്നു. നാടുവാഴിസമുദായത്തിന്റെ എല്ലാത്തരം സാമ്പത്തികചൂഷണങ്ങളും മർ[illegible]ിധാനങ്ങളും നടമാടിയി

രുന്ന ആ പ്രാചീനകാലങ്ങളിൽ ഒരുപിടി നാട്ടുവാഴികൾക്കും അവരുടെ സിൽബന്തികൾക്കുമൊഴികെ മററു സാധാരണക്കാർക്കൊന്നും മനുഷ്യരായി ജീവിക്കാനുള്ള അവകാശമുണ്ടായിരുന്നില്ല. കർഷകർക്ക് ശാരീരികമോ സാമൂഹ്യമോ ആയ യാതൊരു സ്വാതന്ത്ര്യവുമുണ്ടായിരുന്നില്ല. കൃഷിക്കാരേ കണ്ടമാനം ദ്രോഹിക്കാനും ചവിട്ടാനുമുകുത്താനും കൊല്ലാൻപോലുമുള്ള അലംഘ്യമായ അവകാശം അവരുടെ യജമാനനായ നാട്ടുവാഴിക്കുണ്ടായിരുന്നു.

ചക്രവർത്തികളുടേയും പ്രഭുക്കളുടേയും ഭൂമി പാട്ടത്തിനെടുത്ത് കൃഷിചെയ്യുന്നവരായിരുന്ന ജനതയിൽ ഒട്ടുമുക്കാലും വിളയിൽ 60–70 ശതമാനം വരെ പാട്ടമായി ഭൂവുടമയ്ക്ക് കൊടുക്കേണ്ടിയിരുന്നു. ബാക്കികൊണ്ട് കൃഷിച്ചെലവ്, കാർഷികോപകരണങ്ങൾ സമ്പാദിക്കൽ, കൃഷിക്കാരൻെറ സ്വന്തമായ ജീവിതച്ചെലവ് ഇവയെല്ലാം നിവൃത്തിക്കേണ്ടിയിരുന്നു. ഇതിനെല്ലാം പുറമെ യജമാനനായ നാട്ടുവാഴിയുടെ പ്രത്യേക തൃപ്തിക്കും അനുഗ്രഹത്തിനും വേണ്ടി കാഴ്ചകളും നിർബ്ബന്ധതൊഴിൽ സേവനവും ഒരു വക; അവരെ മർദ്ദിച്ചൊതുക്കി എന്നെന്നും അടിമകളാക്കി നിലനിത്താനും നാട്ടുവാഴികളുടെ സുഖഭോഗങ്ങൾ നിർവ്വിഘ്നം തുടൎന്നു പോകാനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കാനും വേണ്ടി, ഈ നാട്ടുവാഴി പ്രഭുക്കളും അവരുടെ ചക്രവർത്തിയും നിലനിർത്തുന്ന പട്ടാളത്തെ പോററി രക്ഷിക്കാനുള്ള ചെലവ് നികുതിയായി വേറൊരു വക—ചുരുക്കത്തിൽ, അടിമയായ കർഷകന്ന് യാതൊരു രക്ഷയുമുണ്ടായിരുന്നില്ല.

മർദ്ദനം അസഹ[illegible]ത്തീരുന്ന ചില ഘട്ടങ്ങളിലെ

ല്ലാം, ചോരത്തിളപ്പും അഭിമാനവുമുള്ള ധീരരായ ചില കർഷകർ ഒത്തുചേൎന്ന് നിലവിലുള്ള ചൂഷണവ്യവസ്ഥയ്ക്കെതിരായി കയ്യുയർത്തിയിട്ടുണ്ട്. 2000 കൊല്ലങ്ങൾക്കിപ്പുറം നൂറുകണക്കിലുള്ള ഇത്തരം ചെറുകലാപങ്ങൾ നടന്നിട്ടുണ്ട്. പക്ഷേ, എല്ലാം മർദ്ദിച്ചൊതുക്കപ്പെട്ടു. സുശക്തവും പുരോഗമനപരവുമായ് ഒരു സംഘടനയുടേയും വ്യക്തമായ പരിപാടികളുടേയും അഭാവത്തിൽ അവ സ്വാഭാവികമായും പരാജയപ്പെടാതെ തരമില്ലല്ലൊ.

എങ്കിലും ഈ കലാപങ്ങൾ ചൈനയുടെ ചരിത്രത്തിന്റെ പുരോഗതിയെ ഇളക്കിവിട്ടു. നിലവിലുള്ള ഉല്പാദനബന്ധങ്ങൾക്ക്, അവ, സാരമായ മാററങ്ങൾ വരുത്തിത്തീർത്തു.

സ്വന്തം അദ്ധ്വാനംകൊണ്ടു ദേശീയവിഭവങ്ങളെ അഭിവൃദ്ധിപ്പെടുത്തുകയും സാംസ്കാരികസമ്പത്തിനെ വളർത്തുകയും ചെയ്യുന്ന കർഷകരും കൈവേലക്കാരുമായ മർദ്ദിതജനവിഭാഗങ്ങളും, അവരെ ചൂഷണംചെയ്തും ഞെക്കിപ്പിഴിഞ്ഞും ഇത്തിക്കണ്ണിജീവിതം നയിക്കുന്ന യജമാനന്മാരായ പ്രഭുവർഗ്ഗവും, തമ്മിലുള്ള വൈരുദ്ധ്യമാണ് അന്നത്തെ ഉല്പാദനബന്ധങ്ങളെ നയിച്ചിരുന്നത്.

തുടരെത്തുടരെ ഉണ്ടായിക്കൊണ്ടിരുന്ന കാർഷികകലാപങ്ങളെ പലപ്പോഴും ഭൂവുടമകളും പ്രഭുക്കളും താന്താങ്ങളുടെ സ്വന്തം താല്പര്യങ്ങൾക്കനുസരിച്ചു ഭരണക്രമത്തിൽ മാററങ്ങൾ വരുത്താൻവേണ്ടി ഉപയോഗിക്കുകയാണുണ്ടായിട്ടുള്ളത്. അതുകൊണ്ട്, ഓരോ കാർഷികകലാപത്തിന്നു ശേഷവും പഴയ വീഞ്ഞു പുതിയ കുപ്പിയി

ലാവുകയല്ലാതെ, മൗലികമായി, സാമ്പത്തിക-സാമൂഹ്യ വ്യവസ്ഥിതിക്കു യാതൊരു മാററവുമുണ്ടായില്ല.

കച്ചവടത്തിൻെറ പേരും പറഞ്ഞു മറുനാടൻ മുതലാളികൾ നുഴഞ്ഞുകയറാൻ തുടങ്ങിയതുമുതൽക്കാണു് 3000 കൊല്ലങ്ങളോളം നീണ്ടുനിന്ന ഈ നാട്ടുവാഴിവ്യവസ്ഥയുടെ അടിത്തറ ഇളകാൻ തുടങ്ങിയതു്. ഇതോടുകൂടി ആരംഭിക്കുന്ന ചൈനീസ് വിപ്ലവചരിത്രത്തെ മൊത്തത്തിൽ മൂന്നു ഘട്ടങ്ങളായി തരംതിരിക്കാം.

1) 1840 മുതൽ 1910 വരെയുള്ള കാലഘട്ടം—നാട്ടുവാഴിമേധാവിത്വചൈന വിദേശീയ സാമ്രാജ്യത്വങ്ങൾക്കെതിരായി തുടർച്ചയായി യുദ്ധങ്ങൾ നടത്തി, സ്വയം വിദേശീയക്കടിമപ്പെട്ടു്, ഒരു അർദ്ധകൊളോണിയൽ—അർദ്ധനാട്ടുവാഴി ചൈനയായി പരിണമിച്ച കാലഘട്ടം.

2) 1910-19 വരെയുള്ള കാലഘട്ടം—മഞ്ചുരാജവംശത്തിനെതിരായ സമരത്തിൻേറയും, അതിനെത്തുടൎന്നു ദേശീയവും വിദേശീയവുമായ അടിമത്തത്തിന്നെതിരായ ജനതയുടെ ഉയിൎത്തെഴുന്നേല്പിൻേറയും, കാലഘട്ടം.

3) 1919 മുതൽ ഇന്നുവരെയുള്ള കാലഘട്ടം—അദ്ധ്വാനിക്കുന്ന മർദ്ദിതജനവിഭാഗം ബോധപൂർവ്വം ഉണൎന്നു സംഘടിച്ചു സ്വാതന്ത്ര്യം നേടിയ കാലഘട്ടം.

## 2

### ചൈനയിൽ കലാപങ്ങളുടെ ആരംഭം

പത്തൊമ്പതാംശതകത്തിൻെറ ഏതാണ്ട പകുതി വരെ അതായത്ത് 1839-40 വരെ, ചൈനയിൽ യാതൊരു തടസ്സവും കൂടാതെ സേച്ഛാനുസൃതം കച്ചവടം നടത്തി കൊള്ളലാഭമുണ്ടാക്കിക്കൊണ്ട പോവാൻ വിദേശീയ മുതലാളികൾക്കു സാധിച്ചു. ബ്രിട്ടൻ, അമേരിക്ക, ഫ്രാൻസ്, റഷ്യ എന്നിവയെല്ലാം ചൈനയുമായി കച്ചവട സന്ധികളിലേർപ്പെട്ട രാജ്യങ്ങളായിരുന്നു. അക്കാലത്ത് മറുരാജ്യങ്ങളിൽപോയി കൊള്ളക്കച്ചവടം നടത്തിയിരുന്ന രാജ്യങ്ങളിൽ മുൻനിന്നിരുന്നത് ബ്രിട്ടനാണ്.

കച്ചവടത്തിൽനിന്നുള്ള ലാഭം അസാമാന്യമായി വർദ്ധിക്കുമ്പോൾ കൂടുതൽ വിപുലവും സ്വതന്ത്രവുമായ ലാഭക്കൊള്ളയ്ക്കുള്ള പ്ലാനുകളുണ്ടാക്കുകയെന്നതു മുതലാളിത്ത രാജ്യങ്ങളുടെ വർഗ്ഗസ്വഭാവമാണ് ബ്രിട്ടൻ ചൈനയിൽ അവീൻ ഇറക്കുമതി ചെയ്ത് അതിൽ നിന്നും അമിതമായ ലാഭം തട്ടിയെടുക്കാൻ തുടങ്ങി. അവീന്ന് ചൈനയിൽ വളരെ വേഗത്തിലാണു പ്രചാരം ലഭിച്ചത്. കുറച്ചുകാലംകൊണ്ട് അതു ജനങ്ങളുടെ ആരോഗ്യത്തെ വളരെയധികം അധഃപതിപ്പിച്ചു. മാത്രമല്ല, വിദേശീയരുടെ അമിതലാഭേച്ഛയുടെ ഫലമായി ചൈനക്കാരുടെ മടിശ്ശീലയും ക്രമത്തിൽ ഒഴിഞ്ഞു. ഒടുവിൽ, ഗത്യന്തരമില്ലാതെ,

ചൈനീസ് ഗവമ്മെണ്ട് 1800–ൽ അവീൻവ്യാപാരത്തെ നിയന്ത്രിച്ചുകൊണ്ടുള്ള ഒരു നിയമം പാസ്സാക്കി. തങ്ങളുടെ ലാഭക്കൊള്ളയെ നിയന്ത്രിക്കുന്ന ഇത്തരം നിയമങ്ങളെ ഓച്ഛാനിച്ചനുസരിക്കുവാൻ ബ്രിട്ടീഷുമുതലാളികൾ ഇഷ്ടപ്പെട്ടില്ല. നിയമത്തിന്നുള്ളിൽനിന്നുകൊണ്ട് പണം വാരാൻ കഴിയില്ലെന്നു തീർച്ചയായപ്പോൾ അവർ മററു വഴികൾ ആരായാൻ തുടങ്ങി.

അവീൻയുദ്ധം

അവർ രഹസ്യമായി ചൈനയിലേയ്ക്കു് അവീൻ കടത്തിത്തുടങ്ങി. കൈക്കൂലിയുടെ ശക്തികൊണ്ടു വളരെ കാലത്തോളം ഈ പകൽക്കൊള്ള നിർബാധം നടത്തിക്കൊണ്ടുപോരാൻ അവക്കു സാധിച്ചു. അവീൻ ഓരോ വീട്ടിലും ഒരു സാധാരണ വസ്തുവായിത്തുടങ്ങിയപ്പോൾ രഹസ്യം പരസ്യമായി. ഉടനടി എന്തെങ്കിലും കർശന നടപടികളെടുക്കാതെ നിവൃത്തിയില്ലെന്ന ഘട്ടമെത്തി. രഹസ്യവ്യാപാരം നിൎത്തൽചെയ്യാൻ ചൈനീസ് ഗവമ്മെണ്ട് ഒരു പ്രത്യേക കമ്മീഷണറെ നിശ്ചയിച്ചു. വിശപസ്തനും പ്രാപ്തനും ദേശാഭിമാനിയുമായിരുന്ന ലിൻശേ-സിയായിരുന്നു ഈ കമ്മീഷണർ.

നിയമവിരുദ്ധമായി കൈവശം വെച്ചിട്ടുള്ള അവീൻ മുഴുവൻ ഉടനടി തന്നെ ഏല്പിക്കണമെന്നു ലിൻ ശേ-സി കല്പന പുറപ്പെടുവിച്ചു. വിദേശവ്യാപാരികൾ ഇതിനെ അനുസരിച്ചില്ല. ഉടനെ അദ്ദേഹം ബലംപ്രയോഗിച്ച് സ്റ്റോക്കുകൾ പിടിച്ചെടുക്കാൻ തുടങ്ങി. ഇങ്ങനെ ഇരുപതിനായിരം പെട്ടി അവീൻ പിടിച്ചെടുത്തുവത്രെ! കി

ട്ടിയേടത്തോളം മുഴുവൻ അദ്ദേഹം നശിപ്പിച്ചുകളഞ്ഞു. പക്ഷേ, അതുകൊണ്ടായില്ല. വിദേശികളിൽനിന്നു ചൈനയിലേയ്ക്കു് അവീൻ കൊണ്ടുവരില്ലെന്നു പ്രതിജ്ഞ ചെയ്യുന്ന കപ്പലുകൾ മാത്രമേ ചൈനയിൽ വരാൻ പാടുള്ളുവെന്നു് അദ്ദേഹം പുതിയൊരു കല്പന പുറപ്പെടുവിച്ചു. ഈ കല്പനപ്രകാരം പ്രതിജ്ഞയ്ക്കെതിരായി പ്രവർത്തിക്കുന്ന കപ്പലുകൾ കയ്യേറുവാനും അവയുടെ സ്വത്തുക്കൾ പിടിച്ചടക്കാനും ഗവർമ്മെണ്ടിന്നധികാരമുണ്ടായിരുന്നു.

ചൈനയിൽ സ്വന്തം താവളങ്ങളുറപ്പിക്കാൻ കഴിയത്തക്കവിധം ഒരു യുദ്ധം കുത്തിപ്പൊന്തിക്കാൻ വെമ്പിക്കൊണ്ടിരുന്ന ബ്രിട്ടീഷുമുതലാളികൾക്കു് ഇതു് ഏററവും പററിയ ഒരവസരമായിത്തീർന്നു.

1840-ൽ അവർ ചൈനയ്ക്കെതിരായി ഒരു യുദ്ധമാരംഭിച്ചു. ഇതിനെയാണു് "അവീൻയുദ്ധം" എന്നു വിളിക്കുന്നതു്. ഇത്രയും അപകീർത്തികരവും നിന്ദ്യവുമായ ഒരു കാരണത്തിന്മേൽ ബ്രിട്ടീഷുമുതലാളികൾ ഒരു യുദ്ധം നടത്തുകയുണ്ടായിട്ടില്ലെന്നു പിന്നീടു ബ്രിട്ടീഷു പ്രധാനമന്ത്രിയായ ഡബ്ലിയു. ഇ. ഗ്ലാഡ്സ്റ്റൺ പറയുകയുണ്ടായി.

അവീൻയുദ്ധം കുത്തിപ്പൊക്കുവാൻ ബ്രിട്ടനെ പ്രേരിപ്പിച്ച കാരണങ്ങൾ പ്രധാനമായി മൂന്നെണ്ണമായിരുന്നു:

1) വിദേശീയർക്കനുകൂലമായ വിധത്തിൽ വ്യാപാരം ചെയ്യുവാൻ ചൈനയെ നിർബന്ധിക്കുക.

2) ദൂരപൗരസ്ത്യദേശങ്ങളിൽ ബ്രിട്ടീഷു സാമ്രാജ്യത്തിൻെറ വളർച്ചയ്ക്കും വികാസത്തിന്നും സഹായകങ്ങളായ സങ്കേതങ്ങൾ സ്ഥാപിക്കുക.

3) ചൈനക്കാരുടെമേൽ അവീൻ വെച്ചുകെട്ടി ലാഭമുണ്ടാക്കുക.

രണ്ടുകൊല്ലം പൊരുതിയതിന്നു ശേഷം ചൈനയ്ക്കു വിദേശമുതലാളികളുടെ മുമ്പിൽ തല കുനിക്കേണ്ടിവന്നു. ബ്രിട്ടന്നനുകൂലമായ ഒരു സന്ധിയിൽ ഒപ്പുവെയ്ക്കാൻ ചൈന നിർബ്ബന്ധിക്കപ്പെട്ടു. നാങ്കിങ്ങിൽവെച്ച് 1842-ൽ സന്ധിയൊപ്പിട്ടു.

ചൈനയിൽ വിദേശികളുടെ ചൂഷണത്തിന്നും ദുരധികാരത്തിന്നും നിയമസാധുത്വം കൊടുക്കുന്ന ആദ്യത്തെ സന്ധിയായിരുന്നു അത്.

സന്ധിപ്രകാരം ഹോങ്ങ്കോങ്ങ് ബ്രിട്ടന്റെ കയ്യിലായി. കാൻടൺ, ആമോയ്, ഫൂച്ചോവ്, നിങ്ങ്പോ, ഷാങ്ങ്ഹായ് എന്നീ അഞ്ചു വലിയ തുറമുഖപട്ടണങ്ങൾ വിദേശവ്യാപാരത്തിന്നു മുമ്പിൽ തുറന്നിടേണ്ടി വന്നു. ഇവയ്ക്കു സന്ധിത്തുറമുഖങ്ങൾ (treaty ports) എന്നു പേർ വീണു. ഇതിന്നു പുറമെ 2,10,00,000 ഡോളർ പിഴയടയ്ക്കാനും ചൈന നിർബ്ബന്ധിതയായി. ഇങ്ങനെ ചൈനയിൽ വിദേശമുതലാളികളുടെ (വിശേഷിച്ചും ബ്രിട്ടന്റെ) കൊള്ള നിർബ്ബാധം തുടൎന്നുപോകാനുള്ള സാഹചര്യങ്ങൾ വൾദ്ധിച്ചു.

അവീൻയുദ്ധത്തോടുകൂടിയാണു ചൈനീസ് വിപ്ലവം ആരംഭിച്ചതെന്നു പറയാം. പഴയ നാടുവാഴിത്ത ചൈന അൎദ്ധകൊളോണിയലും അൎദ്ധഫ്യൂഡലുമായ ചൈനയായി പരിണാമം കൊള്ളാൻ തുടങ്ങിയതു് അപ്പോൾ മുതല്ക്കാണു്. "ശാശ്വതശാന്തിയുടെ രാജ്യം" എന്ന

പേരിലറിയപ്പെട്ടിരുന്ന ചൈന അന്നുമുതൽ തുടർച്ചയായ യുദ്ധങ്ങളുടേയും കലാപങ്ങളുടേയും രാജ്യമായിത്തീൎന്നു.

ഒരുഭാഗത്തു് വിദേശികളുടെ ചൂഷണം; മറുഭാഗത്തു് ആ ചൂഷണത്തിന്നെതിരായ ജനകീയസമരങ്ങൾ—ഇതാണു് ആധുനികചൈനയുടെ ചരിത്രം.

നാങ്കിങ്ങ് സന്ധിക്കുശേഷം ഒന്നിന്നുപുറമെ മററൊന്നായി അവിടും മററു വിദേശച്ചരക്കുകളും ഇടതടവില്ലാതെ ചൈനയിലേയ്ക്കു പ്രവഹിക്കാൻ തുടങ്ങി. കൊല്ലംതോറും വൎദ്ധിച്ചുവന്ന ഈ ഇറക്കുമതികൾ ചൈനയുടെ സാമ്പത്തികവ്യവസ്ഥയെ താറുമാറാക്കുകയും കുടിൽ വ്യവസായങ്ങളെ നശിപ്പിക്കുകയും ചെയ്തു.

വിദേശച്ചരക്കുകളുമായുള്ള കിടമത്സരത്തിൽ നാടൻ കാർഷികവിഭവങ്ങൾക്കു സ്വാഭാവികമായും പരാജയമായിരുന്നു. കാർഷികോല്പന്നങ്ങളുടെ വിലയിടിഞ്ഞു. ചുരുങ്ങിയ വിലയ്ക്കു കഴിയുന്നത്ര അസംസ്കൃതപദാൎത്ഥങ്ങളും ഉല്പന്നങ്ങളും മറുനാടുകളിലേയ്ക്കു കയററിയയയ്ക്കപ്പെട്ടു. പകരം പട്ടക്കുററൻ വിലയ്ക്കു വിദേശികളുടെ പരിഷ്കൃതച്ചരക്കുകൾ ചൈനയിലെ മാർക്കററുകളിൽ സ്ഥലം പിടിച്ചു. സ്വന്തം ഉല്പന്നങ്ങൾ താഴ്ന്ന വിലയ്ക്കു വില്ക്കുക; ജീവിതാവശ്യങ്ങൾക്കു തങ്ങൾക്കു വേണ്ടുന്ന സാധനങ്ങൾ വമ്പിച്ച വിലകൊടുത്തു വാങ്ങുക—ഈ വിധിവൈപരീത്യം ബഹുഭൂരിപക്ഷം വരുന്ന ചൈനീസുകൃഷിക്കാരെ പാപ്പരാക്കിക്കൊണ്ടിരുന്നു.

“ടെയ്പ്പിങ്ങ് കലാപം”

ഈ പരിതഃസ്ഥിതിയിലാണു് 1850-ൽ “ടെയ്പ്പിങ്ങ് കലാപം” പൊട്ടിപ്പുറപ്പെട്ടതു്.

കണക്കിലേറെ കച്ചവടാനുകൂല്യങ്ങൾ നൽകിക്കൊണ്ടു വിദേശിയർക്കു നാട്ടിനെ കൊള്ളയടിക്കാൻ വഴിതുറന്നുവെച്ച മഞ്ചുരാജവംശഭരണത്തോട് 19-ാം ശതകത്തിന്റെ തുടക്കംമുതൽക്കുതന്നെ നാട്ടുകാർക്കു വെറുപ്പും വിദ്വേഷവുമുണ്ടായിരുന്നു. അവീൻയുദ്ധത്തിലുണ്ടായ പരാജയത്തോടെ ജനങ്ങളുടെ അമർഷം വദ്ധിച്ചു. നാട്ടുവാഴിസ്വേച്ഛാപ്രഭുത്വത്തിന്നെതിരായ ഈ അമർഷം 1850-ൽ കലാപരൂപത്തിൽ പൊട്ടിപ്പുറപ്പെടുകയാണുണ്ടായത്.

'ടെയ്പ്പിങ്ങ്' എന്ന വാക്കിന്നുതന്നെ 'മഹത്തായ ശാന്തി' എന്നാണർത്ഥം. ലോകത്തിൽ ശാശ്വതമായ സമാധാനം സ്ഥാപിക്കുക എന്നതായിരുന്നു ടെയ്പ്പിങ്ങ്കാരുടെ ലക്ഷ്യം. ഈ കലാപത്തിന്റെ നേതാവ് ഹ്രൂങ്ങ് സ്യൂത്-സെൻ എന്നൊരാളായിരുന്നു. "കൃഷിചെയ്യുന്നവനാരോ, അവന്റേതാണു ഭൂമി," "ആവശ്യത്തിലധികം നിലം ആരും കൈവശം വെക്കാൻ പാടില്ല," "മനുഷ്യൻ മനുഷ്യനു ഭ്രഷ്ടു കല്പിക്കുന്ന സമ്പ്രദായം ലോകത്തിൽവെച്ചേററവും വലിയ ഒരനീതിയാണു്" എന്നു തുടങ്ങിയ ഹ്രൂങ്ങിന്റെ സിദ്ധാന്തങ്ങൾ മർദ്ദിതവർഗ്ഗങ്ങളെ ആവേശംകൊള്ളിച്ചു.

ലഹളക്കാർ നാട്ടുവാഴികളുടേയും ജന്മികളുടേയും ഭവനങ്ങൾ കയ്യേറി പ്രോനോട്ടുകളും ആധാരങ്ങളും ചുട്ടുകരിച്ചു. പല സ്ഥലങ്ങളിലും ജന്മികളെ ആട്ടിപ്പായിച്ചു ദരിദ്രരായ സാധാരണക്കാരുടെ ഭരണം സ്ഥാപിച്ചു. 1851-ൽ ക്വാങ്ങ്സി സംസ്ഥാനത്തിലെ യുങ്ങ് എന്ന പട്ടണത്തിൽ ടെയ്പ്പിങ്ങ്കാരുടെ ഭരണം നടപ്പിൽ വ

ന്നു. 'മഹത്തായ ശാന്തിയുടെ സ്വർഗ്ഗീയരാജ്യം' എന്നാണ് അവരതിന്നു പേരിട്ടത്.

ഈ പ്രസ്ഥാനം അതിവേഗം തെക്കൻചൈനയിലൊട്ടുക്കും പരന്നുപിടിച്ചു. നാടുവാഴിത്തത്തിന്റെ നെടുംകോട്ടകളായ മഞ്ചുരാജവംശത്തിന്നും യുദ്ധപ്രഭുക്കൾക്കുമെതിരായ ജനങ്ങളുടെ വിദ്വേഷം വെളിക്കുചാടാൻ അവസരം പാർത്തിരിക്കയായിരുന്നു. ക്രമേണ ഇടത്തരക്കാർ കച്ചവടക്കാർ തുടങ്ങിയവരും ലഹളക്കാരുടെ ഭാഗത്തുചേർന്നു.

മററുള്ളവരെ തമ്മിൽ തല്ലിച്ചു സ്വന്തകാര്യം നേടലാണല്ലോ ബ്രിട്ടീഷുമുതലാളിത്തത്തിന്റെ സ്വഭാവം. മഞ്ചുചക്രവർത്തിയിൽനിന്നു തങ്ങൾക്കു ചില ആനുകൂല്യങ്ങൾ നേടണമെന്ന ഉദ്ദേശ്യത്തോടെ ബ്രിട്ടീഷുകാർ ആദ്യം ലഹളക്കാരെ സഹായിച്ചു. ഉദ്ദേശ്യം സാധിച്ചതോടെ അവർ ലഹളക്കാർക്കെതിരായി തിരിഞ്ഞു. അങ്ങനെ 1850 മുതൽ 1864 വരെ നീണ്ടുനിന്ന ടെയ്പ്പിങ്ങ് കലാപം ബ്രിട്ടീഷു കർണ്ണലായ ചാറൽസ് ഗോർഡന്റെ സഹായത്തോടുകൂടി അടിച്ചമർക്കപ്പെട്ടു. ലക്ഷക്കണക്കിലുള്ള ജനങ്ങൾ കുരുതിചെയ്യപ്പെട്ടു.

നാട്ടിൽ കലാപങ്ങളുണ്ടാകുന്ന അവസരങ്ങൾ സാമ്രാജ്യമോഹികൾ വെറുതേ വിടാറില്ല. കച്ചവടത്തിന്റെ പേരും പറഞ്ഞു വിഭവസമൃദ്ധിയുള്ള രാജ്യങ്ങളിൽ ചെന്നുകൂടുക; കച്ചവടസൗകര്യത്തിന്നായി ആനുകൂല്യങ്ങൾ നേടുക; ഈ ആനുകൂല്യങ്ങളെ നിലനിർത്താനും വികസിപ്പിക്കാനും വേണ്ടി നേരിട്ടു യുദ്ധം നടത്തിയോ, അല്ലെങ്കിൽ

ആ രാജ്യങ്ങളിലെ രാഷ്ട്രീയശക്തികളെത്തമ്മിലടിപ്പിച്ച് നടക്കുനിന്നോ രാഷ്ട്രീയാധികാരങ്ങൾ കൈയ്യിലാക്കുക— ഇതാണ് ഇന്നുവരെ എവിടെയും അവർ അനുവർത്തിച്ചു പോന്നിട്ടുള്ള നയം.

#### ആംഗ്ലോഫ്രഞ്ചു ശക്തികൾ വീണ്ടും

ടെയ്പ്പിങ്ങ് കലാപകാലം സ്വന്തം താല്പര്യങ്ങളുടെ വളർച്ചയ്ക്കു പററിയൊരവസരമായിട്ടാണ് ബ്രിട്ടീഷുമുതലാളികൾ കണ്ടതു്. ചൈനയുടെ ഏതെങ്കിലും ഒരുഭാഗം കരസ്ഥമാക്കുവാൻ ഏററവും പററിയ ഒരു സന്ദർഭമായിരുന്നു അതു്. പക്ഷേ, ആക്രമണമാരംഭിക്കാൻ ഒരു കാരണം വേണ്ടെ? അതിന്നൊരു വഴിയാലോചിച്ചുകൊണ്ടിരിക്കുമ്പോഴാണ് 1856-ൽ കാൻടണിലെ ചൈനീസ് വൈസ്റോയ് കടൽക്കള്ളന്മാരുടെ ഒരു കപ്പൽ പിടിച്ചെടുത്തു്, അതിലെ കപ്പൽക്കാരെ അറസ്റ്റുചെയ്തു ശിക്ഷിച്ചതു്. കപ്പൽ ഒരു ചൈനക്കാരന്റേതായിരുന്നു. പക്ഷേ, അതിൽ ഒരു ബ്രിട്ടീഷുകൊടി പറന്നിരുന്നു! അതു ഹോങ്ങ്കോങ്ങ് ഗവമെന്റിന്റെ ഏതോ ഒരു സമ്മതിദാനത്തിന്റെ സൂചനയായിരുന്നുവത്രെ! ഏതായാലും യുദ്ധക്കൊതിയക്ക് ഒരവസരംകിട്ടി—

ചൈന തങ്ങളുടെ കൊടിയെ അവമാനിച്ചു എന്ന കാരണം പറഞ്ഞു് ബ്രിട്ടൻ 1858-ൽ ചൈനയുടെ നേരേ യുദ്ധമാരംഭിച്ചു. ഇംഗ്ലണ്ടിൽനിന്നു യുദ്ധക്കപ്പലുകൾ തുരുതുരെ പ്രവഹിക്കാൻ തുടങ്ങി. അക്കാലത്തു് ലോകത്തിൽവെച്ചേററവും വലിയ നാവികസേനയായിരുന്നു ബ്രിട്ടന്റേതു്.

അതിലിടയ്ക്കു ചൈനയിൽ കച്ചവടച്ചരക്കുകളിറക്കു മതി ചെയ്യുന്ന മറെറാരു മഹാശക്തിയായ ഫ്രാൻസിന്നും ചൈനയുടെമേൽ പാഞ്ഞുകയറാൻ ഒരവസരം കിട്ടി. യൂറോപ്പിൽനിന്നു വന്ന ക്രിസ്ത്യൻമിഷ്യനറികൾ എല്ലാവരുടേയും മേൽ നിർബ്ബന്ധമായി മതം കുത്തിവെയ്ക്കുന്ന ഒരു കാലമായിരുന്നു അതു്. മതഭ്രാന്തു കയറിയ മിഷ്യനറികൾ മതപ്രചരണത്തിൻെറപേരിൽ കണക്കററ അഴിമതികൾ കാട്ടിക്കൂട്ടിയിരുന്നു. ജനങ്ങൾ വളരെയൊക്കെ പ്രതിഷേധിച്ചുവെങ്കിലും വിദേശഗവൎമ്മണ്ടുകൾ മൗനമവലംബിച്ചതേയുള്ളു. ചൈനാബ്രിട്ടീഷുയുദ്ധം നടന്നുകൊണ്ടിരിക്കെ പ്രക്ഷുബ്ധമായ ഒരു ജനക്കൂട്ടം ഒരു ഫ്രഞ്ചുമിഷ്യനറിയേ കൊലപ്പെടുത്തിക്കളഞ്ഞു. തങ്ങൾ കാത്തുകൊണ്ടിരുന്ന അവസരം ഫ്രാൻസിന്നും കിട്ടി. രണ്ടു സാമ്രാജ്യശക്തികളും ചേൎന്നു ചൈനയെ മുട്ടുകുത്തിച്ചതിൽ അത്ഭുതമുണ്ടോ?

പെക്കിങ്ങിൽവെച്ചു സന്ധിതീരുമാനങ്ങൾ ചെയ്തു. ഈ സന്ധിക്കുശേഷമാണു് ടെയ്പ്പിങ്ങ് കലാപത്തെ അടിച്ചമൎത്താൻ ബ്രിട്ടൻ മഞ്ചുചക്രവൎത്തിയെ സഹായിച്ചതു്.

ബ്രിട്ടനും ഫ്രാൻസും ചൈനയ്ക്കെതിരായി യുദ്ധത്തിലേർപ്പെട്ടുകൊണ്ടിരുന്നപ്പോൾ റഷ്യ ചൈനയുമായി സേവകൂടി. അതിന്നു പ്രതിഫലമായി ചില സ്ഥലങ്ങൾ അവരും തട്ടിയെടുത്തു.

എന്തിനധികം? കച്ചവടത്തിൻെറ പേരിൽ വന്നു പററിക്കൂടിയ വിവിധവിദേശ ശക്തികളെല്ലാം കൂടി (ബ്രിട്ടൻ, ഫ്രാൻസ്, റഷ്യ എന്നിവരും അവസാനകാല

മായപ്പോഴെയ്ക്കു (പോർത്തുഗീസും ജർമ്മനിയും) അപ്പപ്പോഴായി ചൈനയെയാകമാനം കൊത്തിപ്പറിച്ചു. ഇതിന്നെല്ലാം അപ്പപ്പോഴം ഓരോ കാരണവും അവക്ക് പറയാനുണ്ടായി. അങ്ങനെ 1840-ലെ അവീൻയുദ്ധം മുതൽ 1900-ലെ ബോക്സർ യുദ്ധം വരെ ചൈന വിദേശികളുടെ ഒരു പോർക്കളത്തുരംഗമായിരുന്നു.

1840-ലെ അവീൻയുദ്ധം; 1856-58-ലെ ചൈനാബ്രിട്ടീഷുയുദ്ധം. അതോടൊപ്പം ചൈനാഫ്രഞ്ചു യുദ്ധവും; 1873-ലെ ചൈനാഫ്രഞ്ചു യുദ്ധം; 1881-85-ൽ വീണ്ടും ചൈനാഫ്രഞ്ചു യുദ്ധം; 1894-95-ലെ ചൈനാ ജാപ്പാൻ യുദ്ധം—ഇങ്ങനെ പോകുന്നു യുദ്ധങ്ങളുടെ ആ നീണ്ട പട്ടിക. ഈ ഓരോ യുദ്ധത്തിലും തോൽവി ചൈനയുടേതായിരുന്നു. ഈ കാലത്തിലിടയ്ക്കു പല പുതിയ പ്രദേശങ്ങളും നിരവധി പുതിയ ആനുകൂല്യങ്ങളും ബലഹീനയായ ചൈനയുടെ പക്കൽനിന്നു സാമ്രാജ്യശക്തികൾ പിടിച്ചുപറിച്ചു.

ഈ യുദ്ധങ്ങൾക്കിടയിലൂടെത്തന്നെ, 1850-1864-ലെ ടെയ്പ്പിങ്ങ് കലാപം; 1898-99-ലെ ഭരണപരിഷ്കാര പ്രക്ഷോഭം, 1900 ബോക്സർ കലാപം ഇങ്ങനെ ജനകീയ പ്രക്ഷോഭങ്ങളും വിദ്രോഹങ്ങളും അനുസ്യൂതമായി മുന്നോട്ടു നീങ്ങിക്കൊണ്ടിരുന്നു.

**ബോക്സർ കലാപം**

വിദേശ ശക്തികളുടെ ഈ പിടിച്ചുപറികളും അവയ്ക്കൊററുനിന്ന മഞ്ചുചക്രവർത്തിമാരുടെ വഞ്ചനകളും കണ്ടു മനംമടുത്ത കൃഷിക്കാരും സാധാരണക്കാരും, 20-ാം നൂററാണ്ടിന്റെ ഉദയകാലത്തു നടത്തിയ ചരിത്രപ്രധാ

നമായ കലാപമാണ് 'ബോക്സർ കലാപം' ടെയ്പ്പിങ്ങ് വിദ്രോഹത്തിന്നുശേഷം ചൈനയിൽ നടന്ന ഏററവും സംഘടിതമായ ജനകീയകലാപമാണത്. ബോക്സർ നേതാക്കന്മാക്ക് ടെയ്പ്പിങ്ങ് വിദ്രോഹത്തിൻെറ നേതാക്കന്മാരുടേതുപോലുള്ള സാമൂഹ്യപരിപാടികളുണ്ടായിരുന്നില്ല. സ്വന്തം ഗവമ്മെണ്ടു സ്ഥാപിക്കാൻ അവക്കുദ്ദേശ്യമുണ്ടായിരുന്നില്ല. പക്ഷേ, ചൈനയുടെ സുഖവും സംതൃപ്തിയും കൈവരേണമെങ്കിൽ വിദേശമേധാവികളെ ആട്ടിപ്പായിക്കണമെന്ന ആശയം ജനങ്ങളുടെ ഇടയിൽ അവക്കു പരത്താൻ കഴിഞ്ഞു. ലഹളക്കാർ പെക്കിങ്ങിലെ വിദേശസ്ഥാപനങ്ങളുടെ നേക്കു പുറപ്പെടുകയും അവിടെയുണ്ടായിരുന്ന വിദേശരാജ്യങ്ങളുടെ പ്രതിനിധികളെ വളയുകയും ചെയ്തു. വിദേശീയർ പേടിച്ചുരണ്ടു. റഷ്യ, ഫ്രാൻസ്, ബ്രിട്ടൻ തുടങ്ങിയ എട്ടു വിദേശ ശക്തികൾകൂടിച്ചേന്നു പെട്ടെന്നു വലിയൊരു സൈന്യം തയ്യാറാക്കി ലഹളക്കാരെ അടിച്ചമത്താൻ പുറപ്പെട്ടു. അങ്ങനെ ഒടുവിൽ ബോക്സർയുദ്ധവും ചോരയിൽ മുക്കപ്പെട്ടു. ചൈന വിദേശ ശക്തികൾക്ക് ഒരു വമ്പിച്ച തുക 'നഷ്ടപരിഹാര'മായി കൊടുക്കേണ്ടിവരികയും ചെയ്തു.

ശത്രുവിന്നെതിരായ എല്ലാ സംഘട്ടനങ്ങളിലും ചൈനക്കാർ പരാജയമടയുകയാണു ചെയ്തത്. വിദേശമേധാവികളുടെ വമ്പിച്ച സൈന്യശക്തിയെയും കൂടുതൽ ഉയന്ന ഒരു ഉല്പാദനവ്യവസ്ഥയുടേതായ സമരായുധങ്ങളേയും എതിരിട്ടു വിജയം നേടാൻ അവക്കു കഴിഞ്ഞില്ല. എങ്കിലും വിദേശീയമേധാവിത്വത്തിന്നും നാടുവാഴി ദുഷ്പ്രഭുത്വത്തിന്നുമെതിരായ ചൈനക്കാരുടെ പ്രതിഷേധമനോ

ഭാവം എത്ര ശക്തിയുള്ളതാണെന്ന് ഈ കലാപങ്ങൾ വ്യക്തമാക്കി. അടിമത്തത്തിൻേറയും മർദ്ദനത്തിൻേറയും മുമ്പിൽ നിസ്സഹായമായി തലകുനിക്കുവാൻ ചൈനീസ് ജനത തയ്യാറില്ലെന്ന് ഇവ തെളിയിച്ചു.

### ചൈന—ഒരു തികഞ്ഞ അർദ്ധകോളനിരാജ്യം

1840 മുതൽ 1911 വരെയുള്ള കാലഘട്ടം പഴയ നാട്ടുവാഴിസ്വേച്ഛാധിപത്യത്തിൻെറ കാലഘട്ടത്തിൽനിന്നും തീരെ വിഭിന്നമാണ്. മറുനാടൻ മുതലാളികളുടെ ആക്രമണങ്ങൾ, ചൈനയിലെ പഴയ നാട്ടുവാഴിസാമൂഹ്യ-സാമ്പത്തികവ്യവസ്ഥയെ അമ്പേ ഇളക്കിമറിച്ചു. പട്ടണങ്ങളിലേയും നാട്ടിൻപുറങ്ങളിലേയും കൈത്തൊഴിൽകാരെ അവ ആകെ തകർത്തുകളഞ്ഞതോടൊപ്പം പുതിയ ഉല്പാദനവ്യവസ്ഥകൾക്ക് വഴിതെളിയിക്കുകയും ചെയ്തു. നാട്ടുവാഴിത്തത്തിൻെറ പഴയ സ്വേച്ഛാധികാരം പൊളിഞ്ഞു. തൽസ്ഥാനത്തു വിദേശമേധാവിത്വവുമായി കൂട്ടുകൂടുന്ന ഒരു നാട്ടുവാഴിപ്രഭുത്വം മാത്രം അവശേഷിച്ചു.

കച്ചവടപരമായും വ്യാവസായികമായും യാതൊരുണർവ്വുമില്ലാതിരുന്ന ചൈനയിൽ ഇക്കാലത്തു ചില ചെറുകിട ദേശീയ മുതലാളികൾ പൊന്തിവരാൻ തുടങ്ങി. നാട്ടുവാഴിവ്യവസ്ഥ തകരാൻ തുടങ്ങിയപ്പോൾ ഭൂവുടമകളും ഉദ്യോഗസ്ഥ മേധാവികളുമായ ചിലർ വ്യവസായങ്ങളിൽ മുതലിറക്കാൻ തുടങ്ങി. പുതിയൊരു സാമൂഹ്യവ്യവസ്ഥയുടെ തുടക്കം അപ്പോഴാണു ദൃശ്യമായതു്. പക്ഷേ, ഇതു മറുനാടൻ മുതലാളിത്തത്തിൻെറ പ്രവേശനത്തിനു ശേഷമുള്ള കുറച്ചുകാലത്തേയ്ക്കു മാത്രമാണ്. ചൈനയെ

തങ്ങളുടെ ഒരു കോളനിയാക്കാനുദ്ദേശിച്ചു പുറപ്പെട്ട സാമ്രാജ്യശക്തികൾ ചൈന ഒരു മുതലാളിത്തരാഷ്ട്രമായി വളരുന്നതു കാണാൻ ഇഷ്ടപ്പെട്ടില്ലെന്നു പറയേണ്ടതില്ലല്ലോ. അതുകൊണ്ട്, അവർ ചൈനയെ ഒരർദ്ധകോളനിയാക്കിത്തന്നെ നിലനിർത്താനുള്ള രാഷ്ട്രീയ-സാമ്പത്തിക-സാംസ്കാരികപരിപാടികൾ തയ്യാറാക്കി. 80130

അവർ എണ്ണമററ സന്ധികൾവഴിയായി (ഇവയോരോന്നും ചൈനയ്ക്കു നഷ്ടവും മറുനാടൻ ചൂഷകർക്കു ലാഭവുമുണ്ടാക്കുന്നവയാണ്) ചൈനയിൽ തങ്ങൾക്കു കരസൈന്യവും നാവികസൈന്യവും നിലനിർത്താനും കോൺസുലർ ഓഫീസുകൾ സ്ഥാപിക്കാനുമുള്ള അവകാശം സമ്പാദിച്ചു. എല്ലാ പ്രധാന തുറമുഖങ്ങളിലും, ഗതാഗതമാർഗ്ഗങ്ങളിലും സ്വന്തം നിയന്ത്രണാധികാരം സ്ഥാപിച്ചും റെയിൽവെ പാതകൾ പണിതും മററും തങ്ങൾക്കാവശ്യമുള്ള വിഭവങ്ങളെന്തും കൃഷിക്കാരിൽനിന്ന് നേരിട്ടു തട്ടിയെടുക്കാനുള്ള സാഹചര്യങ്ങളുണ്ടാക്കി.

KOTTAYAM PUBLIC LIBRARY KOTTAYAM.

സ്വന്തം ബാങ്കുകളും ഏജണ്ടുമാരും ഹുണ്ടികക്കാരും വഴി ചൈനയുടെ സാമ്പത്തികവ്യവസ്ഥയിൽ അവർ കൈകടത്താൻ തുടങ്ങി. കുടിൽവ്യവസായങ്ങൾ തകർക്കപ്പെട്ടു. വിദേശമൂലധനം ചൈനയിലേയ്ക്ക് അധികമധികം പ്രവഹിക്കാൻ തുടങ്ങി. ഉയർന്നുവരുന്ന ദേശീയവ്യവസായങ്ങളോടു മത്സരിക്കാൻ വേണ്ടുന്ന (അല്ലാതെ ചൈനയെ വ്യവസായീകരിക്കാനല്ല) അത്യാവശ്യം വ്യവസായങ്ങൾ അവർ സ്ഥാപിച്ചു.

കൃഷിക്കാരും കുടിൽവ്യവസായക്കാരും കൈവേലക്കാരും പാപ്പരത്തത്തിലേയ്ക്കു മുതലക്കൂപ്പുകുത്തി. പട്ടിണി

യും തൊഴിലില്ലായ്മയും വർദ്ധിച്ചു. ചൈനക്കാർ കൂലിവേലയെടുത്തുപജീവിക്കാൻവേണ്ടി മറുനാടുകളിലേയ്ക്കു പോവാൻ തുടങ്ങി. ഈ കാലത്താണു മലയയിലെ റബ്ബർതോട്ടങ്ങളിലേയ്ക്ക് ആയിരക്കണക്കിലുള്ള ചൈനക്കാർ കൂലിപ്പണിക്കു പോയത്.

തങ്ങൾ വെച്ചുപുലർത്തുന്ന ചൂഷണമുറകളും മർദ്ദനങ്ങളുമെല്ലാം നാട്ടുകാരെക്കൊണ്ടു പേറിപ്പിക്കണമെങ്കിൽ കോളനികളിൽ സാമ്രാജ്യത്വത്തിന്ന് ഏതെങ്കിലും ഒരു സാമൂഹ്യശക്തിയുടെ പിന്തുണ ആവശ്യമാണ്. ഇതിന്നവർ അന്നേവരെ ഭരണാധികാരികളായിരുന്ന വർഗ്ഗവുമായി—അതായതു നാടുവാഴിദുഷ്പ്രഭുത്വവുമായി—സഹകരിച്ചു. ജനങ്ങളുടെ ന്യായമായ ഏതു പ്രതിഷേധത്തേയും ഉയിർത്തെഴുന്നേല്പിനേയും അടിച്ചമർത്താൻ സഹായിക്കുന്ന ഇതുയും നല്ലൊരു കൂട്ടുകെട്ടു വേറെയില്ല.

ഇന്ത്യയിലവർ ചെയ്തതെന്താണ്? നാടുവാഴിത്തകോട്ടകളായ എണ്ണമററ രാജാക്കന്മാരെയെല്ലാം, സ്വന്തം അധികാരവലയത്തിൽ ഇറുക്കിക്കൊണ്ടുതന്നെ, പുറത്തു തട്ടി നല്ലപിള്ളകളാക്കി നിലനിർത്തി. സ്റ്റെയിററുകളിലെ ജനങ്ങളുടെ തല തച്ചുപൊളിക്കൽ ഈ രാജാക്കന്മാർ കഴിച്ചുകൊള്ളും. അവരെ അത്യാവശ്യം പട്ടാളപരമായ നിർദ്ദേശങ്ങൾകൊണ്ടും മററും സഹായിച്ചാൽ മതി; ഇടയ്ക്കു കുറെ സ്ഥാനമാനങ്ങളും കൊടുത്തുകൊള്ളണം. അത്രയേ വേണ്ടൂ. മുതലാളിത്തത്തെ തലപൊക്കാനനുവദിക്കാതെ സൂക്ഷിക്കാനും ജനതയെ അജ്ഞതയിലും യാഥാസ്ഥിതികത്വത്തിലും നിലനിർത്താനും നാടുവാഴിത്താവശിഷ്ടങ്ങളെ പോററി നിലനിർത്തേണ്ടതാവശ്യമാണ്.

കോളനികളിൽ സാമ്രാജ്യത്വത്തിൻെറ രക്ഷയ്ക്കു് ഏററവും പ്രാധാന്യമേറിയ മറെറാരു കാര്യം ജനങ്ങളുടെ രാഷ്ട്രീയവും സാംസ്കാരികവും വിദ്യാഭ്യാസപരവുമായ വികാസത്തെ നിയന്ത്രിക്കലാണു്—സ്വന്തം ആജ്ഞാനുവർത്തികളായി ജയജയ പാടുന്ന ഒരു വിഭാഗം ബുദ്ധിജീവികളെ സൃഷ്ടിക്കലാണു്.

ഇതിന്നവർ ചൈനയിൽ സ്വന്തം സ്കൂളുകൾ സ്ഥാപിച്ചു; സ്വന്തം വൃത്താന്തപത്രങ്ങൾ തുടങ്ങി. ഇവയിലൂടെ യൂറോപ്യൻസംസ്കാരത്തേയും സാമ്രാജ്യത്വത്തിൻെറ ചൂഷണവൃത്തികളേയും ബഹുമാനിച്ചാദരിക്കുന്ന ഒരു പുതിയ വർഗ്ഗത്തെ അവർ സൃഷ്ടിച്ചു. മിഷ്യനറിപ്രവർത്തനങ്ങൾവഴി യൂറോപ്പിലെ മതവും അതോടൊപ്പം പുതിയ മുതലാളിത്തസംസ്കാരവും ചൈനയിൽ പ്രചരിപ്പിച്ചും, ചൈനീസ് വിദ്യാർത്ഥികളെ യൂറോപ്പിലേയ്ക്കയച്ചു പഠിപ്പിച്ചും ചൈനീസ് ജനതയുടെ ദേശീയബോധം കെടുത്താനും ചൈനയുടെ ഞരമ്പുകളിൽ തങ്ങളുടെ സംസ്കാരം കുത്തിവെയ്ക്കാനുമുള്ള എല്ലാ നടപടികളും അവരെടുത്തു.

അങ്ങനെ 19-ാം ശതാബ്ദത്തിൻെറ അവസാനമാകുമ്പൊഴേയ്ക്കു് ചൈന തികച്ചും ഒരു അർദ്ധകൊളോണിയൽ—അർദ്ധനാടുവാഴി രാജ്യമായി രൂപാന്തരപ്പെട്ടുകഴിഞ്ഞു. 1949 വരെ നിലനിന്നുപോന്ന ഈ വ്യവസ്ഥയുടെ പ്രത്യേകതകളെന്തൊക്കെയാണെന്നു സഖാവു് മാവോ സേതുങ്ങ് തൻെറ "ചൈനീസ് വിപ്ലവവും കമ്യൂണിസ്ററു പാർട്ടിയും" എന്ന ലഘുലേഖയിൽ വിവരിക്കുന്നുണ്ടു്:—

1. നാട്ടുവാഴിസമുദായത്തിന്റേതായ, സ്വയംപര്യാപ്തവും പ്രാകൃതികവുമായ, സാമ്പത്തികവ്യവസ്ഥ തകൎത്തു തരിപ്പണമാക്കിക്കഴിഞ്ഞിരിക്കുന്നു. എന്നാൽ, നാട്ടുവാഴിചൂഷണത്തിന്റെ അടിത്തറകൾ—അതായത്, ഭൂവുടമകൾ കൃഷിക്കാരെ ചൂഷണംചെയ്യുന്ന സമ്പ്രദായം—ഇപ്പോഴും സുരക്ഷിതമായി നിലകൊള്ളുന്നുണ്ടെന്നു മാത്രമല്ല, കൂടുതൽ ശക്തിപ്പെടുകകൂടി ചെയ്തിട്ടുണ്ട്.

2. ദേശീയമുതലാളിത്തം ചൈനയിൽ വികാസത്തിന്റെ ഒരു പരിധിവരെ എത്തിക്കഴിഞ്ഞിട്ടുണ്ട്. എന്നാൽ ചൈനയുടെ സാമൂഹ്യസാമ്പത്തികവ്യവസ്ഥയിൽ പ്രധാനമായ പങ്കൊന്നും അതു വഹിക്കുന്നില്ല.

3. രാജാക്കന്മാരുടേയും പ്രഭുക്കളുടേയും കുടിലവാഴ്ച അട്ടിമറിക്കപ്പെട്ടു. അതിന്റെ സ്ഥാനത്തു നാം കാണുന്നതു് ഒന്നുകിൽ യുദ്ധപ്രഭുക്കളുടേയും ഉദ്യോഗസ്ഥമേധാവികളുടേയും ഭരണത്തെ, അല്ലെങ്കിൽ ഭൂവുടമകളുടേയും ഉപരിവർഗ്ഗബൂർഷ്വാസിയുടേയും ഭരണത്തെ, ആണു്.

4. സാമ്രാജ്യാധിപത്യശക്തികൾ ചൈനയുടെ സാമ്പത്തികവിഭവങ്ങളുടേയും സാമ്പത്തികവ്യവസ്ഥയുടേയും മേൽ നിയന്ത്രണം സമ്പാദിക്കുക മാത്രമല്ല ഉണ്ടായിട്ടുള്ളതു്; ചൈനയുടെ രാഷ്ട്രീയവും പട്ടാളപരവുമായ കാൎയ്യങ്ങളിലും അവർ നിയന്ത്രണം നേടിയിട്ടുണ്ട്.

5. ചൈന ഒട്ടധികം സാമ്രാജ്യത്വശക്തികളുടെ ഭരണത്തിന്റേയോ നിയന്ത്രണത്തിന്റേയോ കീഴിലാണെന്നതുകൊണ്ടും, വളരെക്കാലമായി ചൈന ഏകീകരിക്കപ്പെടാതെ കിടക്കുകയാണെന്നതുകൊണ്ടും ചൈനയുടെ

ഭൂഭാഗം വളരെ വിസ്തൃതമായതാണെന്നതുകൊണ്ടും ചൈനയുടെ സാമ്പത്തികവും രാഷ്ട്രീയവും സാംസ്കാരികവുമായ വളർച്ച യാതൊരു പൊരുത്തവുമില്ലാത്ത നിലയിലാണു് ഉണ്ടായിട്ടുള്ളതു്.

6. സാമ്രാജ്യാധിപത്യത്തിൻേറയും നാട്ടുവാഴിത്ത അവശിഷ്ടങ്ങളുടേയും രണ്ടു വഴിക്കുള്ള മർദ്ദനഭരണത്തിൻ കീഴിൽ ചൈനീസ് ജനത, പ്രത്യേകിച്ചും കൃഷിക്കാർ, അനുദിനം കൂടുതൽ കൂടുതൽ ദരിദ്രരായിത്തീർന്നുകൊണ്ടിരിക്കയാണു്; അവർ പരിപൂർണ്ണ പാപ്പരത്തത്തിലേയ്ക്കു് അതിവേഗം നീങ്ങിക്കൊണ്ടിരിക്കയാണു്.

ഇതെല്ലാമാണു് അദ്ധ്കൊളോണിയൽ—അദ്ധ്നാട്ടുവാഴി ചൈനീസ് സമുദായത്തിൻെറ പ്രത്യേകതകൾ. മറുനാടൻ സാമ്രാജ്യാധിപത്യവും ചൈനയിലെ നാട്ടുവാഴിത്തത്തിൻെറ അവശിഷ്ടങ്ങളും തമ്മിലുള്ള സഹകരണമാണു മേൽപറഞ്ഞ പ്രത്യേകതകളുടെ നിദാനം.

# 3

## ദേശീയ വിപ്ലവം

നാട്ടുവാഴിമേധാവിത്വത്തിൻെറ തനിയായ ചൂഷണം പോയി, സാമ്രാജ്യത്വത്തിൻേറയും നാട്ടുവാഴിത്തത്തിൻേറയും കൂട്ടായ ചൂഷണം നിലവിൽ വന്നു എന്നതുകൊണ്ടു സാധാരണക്കാരായ അദ്ധ്വാനിക്കുന്ന ജനങ്ങളുടെ സ്ഥിതി ഒട്ടും മെച്ചപ്പെട്ടില്ല. പഴയ മർദ്ദനവിധാനങ്ങൾ മുറയ്ക്കു തുടൻുവന്നു. മാത്രമല്ല, മറുനാട്ടുകളിൽനിന്ന് ഒഴുകിവന്നുകൊണ്ടിരുന്ന ഇറക്കുമതികളുടെ മുമ്പിൽ കാഴ്ചികോപ്പുന്നങ്ങൾക്കു വന്നുചേൎന്ന വിലയിടിവുകാരണം, സാധാരണക്കാരായ കൃഷിക്കാർ നിത്യദാരിദ്ര്യത്തിലേയ്ക്കു തള്ളിവീഴ്ത്തപ്പെട്ടു. ഇതിലിടയ്ക്കു തുടർച്ചയായി പലകൊല്ലങ്ങളിൽ വിളനാശവും വറുതിയും അനുഭവപ്പെട്ടു. മുതലാളിവർഗ്ഗം കച്ചവടാവസരം പാഴാക്കാതെ കിട്ടിയേടത്തോളം ഭക്ഷ്യസാധനങ്ങൾ സ്റ്റോക്കുചെയ്തു മുന്തിയ വിലയ്ക്കു വിററു കൊള്ളലാഭമടിച്ചു.

വയറൊഴിഞ്ഞ ജനക്കൂട്ടം അതാതു സ്ഥലത്തെ അധികാരസ്ഥാനങ്ങളിൽ ചെന്നു സങ്കടം ബോധിപ്പിച്ചു. ഭക്ഷണത്തിന്നു യാചിച്ചുവരുന്നവരുടെ നേരേ മഞ്ചുചക്രവൎത്തിയുടെ കിങ്കരന്മാർ നിന്ദ്യവും മൃഗീയവുമായി പെരുമാറി. ചാങ്ങ്-സാ പട്ടണത്തിൽ പട്ടിണിക്കാരുടെ ഒരു പ്രതിനിധി സംഘത്തോട്, “നിങ്ങൾക്കെന്തുകൊണ്ടു

ഭക്ഷണം കിട്ടുന്നില്ല? എനിക്കു ധാരാളം കിട്ടുന്നുണ്ടല്ലോ" എന്നാണത്രെ അവിടുത്തെ ഗവർണ്ണർ പറഞ്ഞതു്!

വിശന്നു പൊരിഞ്ഞ ജനക്കൂട്ടം ഭക്ഷണം കിട്ടാനുള്ള വഴികാണാതെ ക്ഷോഭിച്ചു വശായി. അവർ വമ്പിച്ച പ്രകടനങ്ങൾ നടത്തി 'യാമെ'നുകൾ (അധികാരസ്ഥാനത്തുള്ള ഗവർണ്ണർമാരുടെ ആഫീസ്) കയ്യേറി. വമ്പിച്ചൊരു കലാപത്തിന്റെ തിരപ്പുറപ്പാടായിരുന്നു അതു്. അധികാരസ്ഥന്മാർ പ്രക്ഷോഭത്തിന്റെ നേതാക്കളെ പിടിച്ചു തുറുങ്കിലിട്ടു. ഇളകി വശായ ജനങ്ങളെ ഭീഷണിപ്പെടുത്തുന്നതിന്നുവേണ്ടി ചാങ്ങ്സായിൽ തൂക്കിക്കൊല്ലപ്പെട്ടവരുടെ തലകൾ എല്ലാവർക്കും കാണത്തക്കവിധം കുന്തങ്ങളിന്മേൽ നാട്ടിനിറുത്തിയത്രെ! ആ ഭീകരമർദ്ദനങ്ങൾക്കു മുമ്പിൽ തൽക്കാലം ബഹളമെല്ലാം ശമിച്ചുവെങ്കിലും പട്ടിണിക്കാരായ നാട്ടുകാരുടെ നേർക്കു ഗവർമ്മെണ്ടെടുത്ത നടപടികൾ നാട്ടിലാകെ ഒരു കോളിളക്കമുണ്ടാക്കി. രാജവാഴ്ചയ്ക്കെതിരായി ജനങ്ങളുടെ അമർഷം ആളിക്കത്തി.

**സൺയാററ്-സെനും കോമിന്താങ്ങും**

ഈ അവസരത്തിലാണു ഡോക്റ്റർ സൺയാററ്-സെൻ ഒരു അഖിലചൈനാ ദേശീയനേതാവായി പ്രത്യക്ഷപ്പെട്ടതു്. വിദ്യാർത്ഥിയായിരുന്ന കാലത്തുതന്നെ വിദേശാക്രമണങ്ങൾക്കു മുമ്പിൽ ചൈനയുടെ തുടർച്ചയായ പരാജയങ്ങൾ കണ്ടു മനം മടുത്ത അദ്ദേഹം മഞ്ചുരാജവാഴ്ച അവസാനിപ്പിച്ചില്ലാതെ ചൈനയ്ക്കൊരിക്കലും രക്ഷയില്ലെന്ന അഭിപ്രായക്കാരനായിരുന്നു. മറുനാടുകളിൽ പോയി വിദ്യാഭ്യാസം സിദ്ധിച്ചവരും അല്ലാത്തവരുമായ

ബുദ്ധിജീവികളിൽ പലരും ഇതേ അഭിപ്രായക്കാരായുണ്ടായിരുന്നു.

1894-ൽ സൺയാററ്-സെൻ "തുങ്ങ്മെൻ ഹുയി" (റവല്യൂഷനറി ലീഗ്) എന്നൊരു സംഘം സ്ഥാപിച്ചു. വളരെക്കുറച്ച് അംഗങ്ങൾ മാത്രമുണ്ടായിരുന്ന ആ സംഘം പെട്ടെന്നൊരു ദിവസം സംസ്ഥാനഗവൺമെണ്ടിനെ ആക്രമിക്കാൻ പരിപാടിയിട്ടു. നിർഭാഗ്യവശാൽ, ഈ ഗൂഢാലോചന എങ്ങനെയോ പുറത്തായി. ഗവൺമെണ്ടു ക്രൂരമായ മർദ്ദനം അഴിച്ചുവിട്ടു. സംഘത്തിലെ അംഗങ്ങളിൽ ഭൂരിപക്ഷവും മൃഗീയമർദ്ദനങ്ങൾക്കു വിധേയരായി. സൺയാററ്-സെൻ ഒരുവിധം ഓടി രക്ഷപ്പെട്ടു.

കലാപങ്ങൾ അവിടംകൊണ്ടവസാനിച്ചില്ല. വാങ്ങ്സിങ്ങ് എന്നൊരാളുടെ നേതൃത്വത്തിൽ കാൻടണിൽ മഞ്ചുരാജവാഴ്ചയ്ക്കെതിരായി ശക്തിമത്തായ ഒരു പ്രക്ഷോഭം ഉയൎന്നുവന്നു. വാങ്ങ്സിങ്ങടക്കം 72 വീരയുവാക്കൾ കൊല്ലപ്പെട്ടു.

1904-ൽ സൺയാററ്-സെൻ ഒരു മാനിഫെസ്റ്റോ പ്രസിദ്ധംചെയ്തു. മഞ്ചുരാജവംശഭരണം അവസാനിപ്പിച്ചു മർദ്ദനരഹിതമായ ഒരു ജനാധിപത്യഭരണം സ്ഥാപിക്കുകയെന്നതായിരുന്നു അദ്ദേഹത്തിൻെറ ഉദ്ദേശ്യം.

1905 ആയപ്പോഴേയ്ക്കും ചൈനയിൽ അവിടവിടെയായി രാജവാഴ്ചയ്ക്കെതിരായ പല രഹസ്യസംഘടനകളും രൂപമെടുത്തു കഴിഞ്ഞിരുന്നു. അവയിൽ ഹുവാൻസിങ്ങിൻെറ നേതൃത്വത്തിൽ "ഹുവാൻസിൻഹുയി" എന്ന ജാപ്പാനിലുണ്ടായിരുന്ന ചൈനീസ് വിദ്യാർത്ഥികളുടെ സംഘവും കുവാൻഫുഹുയി എന്ന ഇടത്തരക്കാരുടെ വിപ്ല

വസംഘവും സൺയാററ്സെന്നിൻെറ തൂങ്മെൻഹ്വയി എന്ന സംഘവും കൂടിച്ചേൎന്ന് ഒരൈക്യസംഘടന രൂപീകരിച്ചു. "യൂനിററിലീഗ്" അല്ലെങ്കിൽ "ഐക്യസംഘം" എന്ന പേരിലറിയപ്പെട്ടിരുന്ന ഈ സമരമുന്നണിയാണു പിന്നീടു 1911-ലെ വിപ്ലവത്തിന്നുശേഷം "നാഷണൽ പീപ്പിൾസ് പാർട്ടി" (കുമിന്താങ്ങ്) ആയി മാറിയതു്. വിപ്ലവകാരികളുടെ ഈ ഏകീകൃതസംഘടന ഒരു യോജിച്ച കാൎയ്യപരിപാടി തയ്യാറാക്കി. അതിൽ പ്രധാനമായവ മൂന്നിനങ്ങളായിരുന്നു.

1) മഞ്ചുരാജവാഴ്ച അവസാനിപ്പിച്ചു് അമേരിക്കൻ രീതിയിലുള്ള ഒരു പ്രജായത്തഭരണം സ്ഥാപിക്കുക.

2) നാട്ടുവാഴികളുടെ ഭൂമി പിടിച്ചെടുത്തു കൃഷിക്കാൎക്കു വീതിച്ചു കൊടുക്കുക.

3) ജാപ്പാൻ തുടങ്ങിയ മററു മഹാശക്തികളുമായി തുല്യനിലയിലുള്ള ബന്ധുത്വം പുലൎത്തുക.

സാമ്രാജ്യത്വത്തിന്നെതിരായ സന്ധിയില്ലാത്ത മനോഭാവം അവരുടെ പരിപാടിയിൽ അത്യധികം പ്രകടമായിരുന്നു. എങ്കിലും സൺയാററ്സെൻെറ വിപ്ലവസംഘത്തിന്നു് ഒരു കോട്ടമുണ്ടായിരുന്നു. കൃഷിക്കാരുടെ അടിയന്തരപ്രശ്നങ്ങൾ അവരംഗീകരിച്ചിരുന്നുവെങ്കിലും സാധാരണക്കാരുടെ സുഖജീവിതം അവരുടെ പ്രധാന ലക്ഷ്യമായിരുന്നുവെങ്കിലും ഒരു ജനാധിപത്യവിപ്ലവകാലഘട്ടത്തിൽ ഈ ലക്ഷ്യങ്ങൾ നേടാൻ തൊഴിലാളിവൎഗ്ഗനേതൃത്വം അനിവാൎയ്യമാണെന്നവർ കണ്ടിരുന്നില്ല. ഇക്കാരണത്താൽതന്നെ ചൈനയിലെ ഭൂരിപക്ഷംവരുന്ന

കൃഷിക്കാരെ ഈ പരിപാടികളുടെ പിന്നിൽ അണിനിരത്താനൊ അവരിൽ വേണ്ടത്ര രാഷ്ട്രീയബോധവും വർഗ്ഗബോധവും വളർത്തി ഒരു സമരമുന്നണിയിലേയ്ക്കു് ആനയിക്കാനൊ സൺയാററുസെന്നു് കഴിഞ്ഞില്ല. എങ്കിലും രാജവംശം അവസാനിച്ചുകാണാനുള്ള ജനതയുടെ അത്യാഗ്രഹം അദ്ദേഹത്തിന്നു് ആയിരക്കണക്കിൽ അനുയായികളെ സമ്പാദിച്ചുകൊടുത്തു. ഒരൊററ കൊല്ലത്തിന്നുള്ളിൽ പതിനായിരത്തിലധികം ആളുകൾ ഈ വിപ്ലവ സംഘടനയിൽ അംഗങ്ങളായിച്ചേൎന്നു. ക്ഷണത്തിൽ അതിൻെറ സ്വാധീനശക്തി വളൎന്നുവന്നു.

1907-ൽ തെക്കൻ പ്രദേശങ്ങളിൽ പെട്ടെന്നു ലഹള പൊട്ടിപ്പുറപ്പെട്ടു് അതു വളരെ വേഗം മററു സംസ്ഥാനങ്ങളിലേയ്ക്കു പരന്നു. പക്ഷേ, ഗവൎമ്മെണ്ടു വളരെ മുൻകരുതലോടുകൂടിയിരിക്കയായിരുന്നതിനാൽ കലാപം അനായാസേന അടിച്ചമൎക്കപ്പെട്ടു.

ഷിലിയുവാൻ-ഹുങ്ങിൻെറ നേതൃത്വത്തിൽഹുനാൻ സംസ്ഥാനത്തിൽ 'വൂഹാൻ പ്രക്ഷോഭം' എന്ന പേരിലറിയപ്പെടുന്ന ഒരു പ്രക്ഷോഭം നടന്നു. നാട്ടിലെ സ്ഥിതി ഗൗരവാവഹമാണെന്നു് അധികാരസ്ഥന്മാർ കണ്ടു. അവർ ആകപ്പാടെ ബേജാറായി. ഹുനാൻസംസ്ഥാനത്തിൽ പട്ടാളനിയമം നടപ്പിൽവന്നു. വൂഹാൻ പ്രക്ഷോഭവും പതിവുപോലെ മൎദ്ദിച്ചൊതുക്കപ്പെട്ടു.

പക്ഷേ ഈ തോൽവികൾക്കെല്ലാം ഒരു നേട്ടമുണ്ടായി; ഓരോ പരാജയത്തിന്നുംശേഷം, മൎദ്ദകവൎഗ്ഗത്തിന്നെതിരായ ജനങ്ങളുടെ അമർഷം പൂൎവ്വാധികം ആളിക്കത്തി.

ജനങ്ങളുടെ ഇടയിൽ വിപ്ലവപരമായ ആശയങ്ങൾ കൂടുതൽ പരന്നുപിടിച്ചു.

വിപ്ലവബോധം ഒരു റബ്ബർ പന്താണ്. അടിച്ചു താഴ്ത്തുന്തോറും അതു പൂർവ്വാധികം ശക്തിയിൽ മേലോട്ടു പൊന്തും. ചരിത്രത്തിലിന്നോവരെ മർദ്ദകപ്രമാണികളായ അധികാരിവർഗ്ഗങ്ങൾ ഈ സത്യത്തെ മറന്നിട്ടേ പ്രവർത്തിച്ചിട്ടുള്ളൂ. എതിർശക്തികളെ മർദ്ദിച്ചമർത്തിക്കൊണ്ടാണ്, അവരിതേവരെ സ്വന്തം ശവക്കുഴി തോണ്ടിയുണ്ടാക്കിയിട്ടുള്ളത്.

1910-ൽ വീണ്ടും ലഹള പൊട്ടിപ്പുറപ്പെട്ടു. അതോടൊപ്പം ഒരു വിപ്ലവസൈന്യവും രൂപീകൃതമായി. ഇത്തവണ റബ്ബർപന്ത് അധികൃതവർഗ്ഗത്തിന്നു കയ്യെത്താവുന്നതിലധികം ഉയരത്തിൽ പൊന്തിക്കഴിഞ്ഞു. 1911 ആവുമ്പൊഴേയ്ക്കും പതിനൊന്നു സംസ്ഥാനങ്ങളിൽ വിപ്ലവം പരന്നുപിടിച്ചു. ഗത്യന്തരമില്ലാതെ ചക്രവർത്തി കീഴടങ്ങി. നൂററാണ്ടുകളായി ചൈനയിൽ നാടുവാഴിഭരണത്തെ അരക്കിട്ടുറപ്പിച്ചുകൊണ്ടിരുന്ന മഞ്ചുരാജവംശം നാമാവശേഷമായി. നാടുവാഴിത്തത്തിൻെറ മൂലക്കല്ലിളകി വീണു.

**ചക്രവർത്തിഭരണം പോയി; പക്ഷേ,.....**

തലസ്ഥാന നഗരിയായ നാങ്കിങ്ങിൽ ഒരു ദേശീയ പാർലിമെണ്ട് സമ്മേളിക്കുകയും ചൈന ഒരു റിപ്പബ്ലിക്കായി പ്രഖ്യാപിക്കപ്പെടുകയും ചെയ്തു. 1912 ജനുവരി 1-ാം തിയ്യതി സൺയാററ്സെൻ ഈ ദേശീയപാർലി

മെണ്ടിൻെറ പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടു. സൺ യാററുസെൻെറ നേതൃത്വത്തിലുണ്ടായിരുന്നഐക്യസംഘടന ക്യമിന്താങ്ങ് എന്ന പേരിൽ പുനഃസംഘടിക്കപ്പെട്ടു.

തെക്കൻപ്രദേശങ്ങളിൽ ഭരണം നടത്താൻ വിപ്ലവഗവമ്മെണ്ട് ഒരു പട്ടാളഗവർണ്ണരേയും ഒരു അസിസ്റ്റാണ്ട് ഗവർണ്ണരെയും നിശ്ചയിച്ചു. പക്ഷേ, അവരുടെ ഭരണം അധികകാലം നിലനിന്നില്ല. മഞ്ചുഗവമ്മെണ്ടിൻെറ രാഷ്ട്രീയോപദേശക കൗൺസിലിൽ ഒരു പ്രധാനിയായിരുന്ന താൻ യെൻ-കെയ് ഇവക്കെതിരായി കലാപം കുത്തിയിളക്കി. വിപ്ലവപരമായ ചില ഭരണപരിഷ്കാരങ്ങൾ നടപ്പിൽ വരുത്താനുള്ള അവരുടെ ഉദ്ദേശങ്ങൾ ഭ്രുവുടമകൾക്കും കച്ചവടക്കാക്കും തൃപ്തികരമായില്ല. അധികം താമസിയാതെ അവർ കൊലചെയ്യപ്പെട്ടു.

ചൈനയുടെ തെക്കൻപ്രദേശങ്ങൾ മാത്രമെ നാങ്കിങ് അസംബ്ലിയുടെ ഭരണാതിത്തിയിൽപെട്ടിരുന്നുള്ളൂ. വടക്കൻപ്രദേശങ്ങൾ യുവാൻ ഷിക്കേയ് എന്നൊരാളുടെ അധീനത്തിലായിരുന്നു. സാമ്രാജ്യവാദികളുടേയും മററു പിന്തിരിപ്പന്മാരുടേയും പിൻബലത്തോടുകൂടി താനാണു ചൈനീസ് റിപ്പബ്ലിക്കിൻെറ പ്രസിഡണ്ടെന്നു യുവാൻ അവകാശവാദം മുഴക്കി. രണ്ടു പ്രദേശങ്ങളുംതമ്മിൽ ഒരു യുദ്ധം വേണ്ടിവരുമെന്ന ഘട്ടത്തിലെത്തി. പക്ഷേ, സൺയാററ്സെൻ ഒരഭ്യന്തരയുദ്ധം ഇഷ്ടപ്പെട്ടില്ല. അദ്ദേഹം പ്രസിഡണ്ടുസ്ഥാനം രാജിവച്ചു് യുവാൻഷിക്കേയിയെ തൽസ്ഥാനത്തേയ്ക്കു ക്ഷണിച്ചു. അതുതന്നെ തഞ്ചമെന്നു കണ്ട യുവാൻ ഉടനേ പ്രസിഡണ്ടുസ്ഥാനം ഏറെറടുത്തു. അങ്ങനെ വടക്കും തെക്കും ഒരേയൊരു ഭരണത്തിൻകീഴിലായി.

തൽക്കാലം ഒരു യുദ്ധം കൂടാതെ കഴിഞ്ഞു. പക്ഷേ, കൂടുതൽ വമ്പിച്ച ആപത്തുകളുടെ നാന്ദിയായിരുന്നു അതു്.

1913-ൽ പാർലിമെണ്ടിലേയ്ക്കുള്ള തിരഞ്ഞെടുപ്പു നടന്നു. സൺയാററ്സെൻെറ കോമിന്താങ്ങ് കക്ഷിക്കാക്കു ഭൂരിപക്ഷം കിട്ടി. അതോടുകൂടി പ്രസിഡണ്ടും പാർലിമെണ്ടും തമ്മിലുള്ള വൈരുദ്ധ്യം അടിക്കടി വർദ്ധിക്കുവാൻ തുടങ്ങി. പാർലിമെണ്ടിന്നെതിരായി തൻെറ പരമാധികാരം സുരക്ഷിതമാക്കാൻവേണ്ടി യുവാൻഷിക്കേയ് വിദേശികളുടെ കൂട്ടുപിടിച്ചു. അയാൾ വിദേശികൾക്കു കണക്കിലേറെ ആനുകൂല്യങ്ങൾ അനുവദിച്ചുകൊടുത്തു. പാർലിമെണ്ടിൻെറ നിയമങ്ങളെ പുല്ലാക്കിക്കൊണ്ടു വിദേശികളിൽനിന്നു വമ്പിച്ച തുക കടംവാങ്ങാൻ തീരുമാനിച്ചു. സൺയാററ്സെൻെറ നേതൃത്വത്തിലുള്ള ജനാധിപത്യപ്രക്ഷോഭങ്ങൾ കണ്ടു വിരണ്ട ജാപ്പ്-അമേരിക്കൻ സാമ്രാജ്യവാദികൾ യുവാന്നു് എല്ലാത്തരം പ്രോത്സാഹനങ്ങളും സഹായങ്ങളും നൽകി. യുവാൻ തൻെറ യഥാർത്ഥ നിറം വെളിപ്പെടുത്തി. സാമ്രാജ്യവാദികളുടെ അനുഗ്രഹത്തോടുകൂടി പഴയ മഞ്ചുചക്രവർത്തിമാരുടെ കാടികൾ പിന്തുടൎന്നുകൊണ്ടു് അദ്ദേഹം ജനങ്ങളെ മർദ്ദിക്കാൻ തുടങ്ങി.

അങ്ങനെ പഴയ വീഞ്ഞു പുതിയ കുപ്പിയിലായി. വിപ്ലവത്തിൻെറ ഉദ്ദേശ്യംതന്നെ വഞ്ചിക്കപ്പെട്ടു. സാധാരണ ജനങ്ങളേസംബന്ധിച്ചേടത്തോളം സ്ഥിതിഗതികൾക്കു യാതൊരു മെച്ചവുമുണ്ടായില്ല.

പാർലിമെണ്ടുമെമ്പർമാർ യുവാൻഷിക്കേയുടെ നയത്തെ ശക്തിയായി ആക്ഷേപിച്ചു. പക്ഷേ, യുവാൻ ക്രുസിയില്ല. എന്തിന്നു ക്രുസണം അധികാരം തൻെറ കയ്യിലിരിക്കുമ്പോഠം? പോരെങ്കിൽ നാട്ടിൻെറ രാഷ്ട്രീയ സാമ്പത്തികവ്യവസ്ഥകളെ നിയന്ത്രിക്കുന്ന സാമ്രാജ്യത്വവും യുദ്ധപ്രഭുക്കളും ഉദ്യോഗസ്ഥമേധാവികളുമെല്ലാം പിൻതുണയുണ്ടുതാനും. പാർലിമെണ്ടിൻെറ എതിർപ്പിനെ വകവെക്കാതെ പുനരുദ്ധാരണ കടമെന്നപേരിൽ ഏപ്രിൽ മാസാവസാനത്തിൽ രണ്ടുകോടി അമ്പെത്തുലക്ഷം പവൻ യുവാൻ കരസ്ഥമാക്കി. തങ്ങളുടെ ലക്ഷ്യമായ പ്രജായത്തഭരണം നീചവും ക്രൂരവുമായ ഒരു സർവ്വാധിപത്യത്തിൽ ചെന്നു കലാശിക്കുന്നതു് ചൈനയിലെ പുരോഗമനവാദികഠം മനോവേദനയോടുകൂടി നോക്കിക്കണ്ടു.

യഥാർത്ഥ വിപ്ലവം വരാനിരിക്കുന്നേയുള്ളുവെന്നു് അവക്കു് ബോധ്യമായി. സൺയാററ്സെൻെറ നേതൃത്വത്തിൽ അവർ യുവാന്നെതിരായി യുദ്ധമാരംഭിച്ചു. വിപ്ലവകാരികളെ നേരിടാൻ ബ്രിട്ടനും ഫ്രാൻസും യുവാനെ സഹായിച്ചു. അയാഠം സണ്ണിന്നും കൂട്ടുകാക്കുമെതിരായി മർദ്ദനമാരംഭിച്ചു.

സൺയാററ്സെന്നും മററു ചില വിപ്ലവനേതാക്കളും ഒളിവിലായി. യുവാൻ ക്രമിന്താങ്ങിനെ നിയമവിരുദ്ധമായി പ്രഖ്യാപിച്ചു. 1914-ൽ അയാഠം പാർലിമെണ്ടു തന്നേ പിരിച്ചുവിട്ടു, പൂണ്ണസ്വേച്ഛാധികാരത്തോടുകൂടിയ ഒരു സർവ്വാധിപതിയായിത്തീൻ. 1915-ൽ അയാഠം സ്വയം ചക്രവത്തിയായി പ്രഖ്യാപിച്ചു. 1916-ൽ സിം

ഹാസനാരോഹണത്തിന്നുള്ള ഒരുക്കങ്ങൾ ചെയ്തുകൊണ്ടിരിക്കെ പെട്ടെന്നായാൾ മരിച്ചുപോയി.

യുവാൻെറ പെട്ടെന്നുള്ള മരണം അഭ്യന്തരസ്ഥിതിയിൽ തല്ക്കാലം ചില കുഴപ്പങ്ങൾ ഉണ്ടാക്കിത്തീർത്തു. മഞ്ചുരാജവംശത്തിലെ ഒരു കുട്ടിയെ ചക്രവത്തിയായി വാഴിക്കാൻ വിദേശീയസാമ്രാജ്യവാദികൾ ശ്രമിച്ചുനോക്കി. പക്ഷേ, ആ ശ്രമം ഫലിച്ചില്ല. ലിയുവാൻഹുങ്ങ് എന്നൊരാളുടെ നേതൃത്വത്തിൽ ഭരണകൂടം ഏതാനും ചില പട്ടാളമേലുദ്യോഗസ്ഥന്മാരുടെ കയ്യിലായി. അവർ സ്വാത്ഥപൂത്തിക്കായി ജനങ്ങളെ യഥേഷ്ടം കൊള്ളചെയ്യാൻ തുടങ്ങി.

അധികം താമസിയാതെ സൺയാററ്സെനും കൂട്ടുകാരും കൂടി തെക്കൻപ്രദേശത്തു് കാൻടണിൽ ഒരു കോമിന്താങ്ങ് ഭരണം സ്ഥാപിച്ചു. സാമാന്യ ജനതയെ സംഘടിപ്പിക്കാതെ, സാമ്രാജ്യവാദികളോടു ഫലപ്രദമായെതിരിടുക സാധ്യമല്ലെന്നു കഴിഞ്ഞകാലത്തെ അനുഭവങ്ങൾ സൺയാററ്സെന്നെ പഠിപ്പിച്ചു.

ഇതിലിടയ്ക്കാണു 1917 നവമ്പറിൽ ലെനിൻെറയും സ്റ്റാലിൻെറയും നേതൃത്വത്തിൽ റഷ്യയിൽ തൊഴിലാളിവിപ്ലവം വിജയിച്ചതു്. വിപ്ലവത്തിന്നു ശേഷം റഷ്യയിലുണ്ടായ മാററങ്ങളും ചൈനയുടേയും മററു കോളണി രാജ്യങ്ങളുടേയും നേക്കു സോവിയററുയൂനിയൻ കൈക്കൊണ്ട നയവും സണ്ണിനെ ആകർഷിച്ചു.

പിന്നീടു് അദ്ദേഹം 1921-ൽ സോവിയററുയൂനിയനിലെ വിദേശകാര്യകമ്മീസ്സാറായ സ. ചിച്ചെറിന്നു സ്വ

ന്തം അനുഭവങ്ങളെ വിശദീകരിച്ചുകൊണ്ടെഴുതിയ ഒരു കത്തിൽനിന്നും 1911ന്നു ശേഷമുള്ള ചൈനയിലെ സംഭവവികാസങ്ങളെക്കുറിച്ചു നമുക്ക് ഏതാണ്ടൊരു ചിത്രം കിട്ടുന്നു. ആ കത്തിലദ്ദേഹം എഴുതി!—

ചൈനീസ് റിപ്പബ്ളിക്ക്
പ്രസിഡണ്ടുമന്ദിരം,
കാൻടൺ,
അഗസ്റ്റ് 28, 1921

"പ്രിയപ്പെട്ട ചിച്ചെറിൻ,

........ചൈനയിലെ ഇന്നത്തെ നിയമമെന്തെന്നു ഞാൻ ചുരുക്കിപ്പറയാം. 1911 ഒക്ടോബറിൽ ആരംഭിച്ച വിപ്ലവത്തിൽകൂടി എൻെറ രാഷ്ട്രീയപ്രവൎത്തനം വിധിനിൎണ്ണായകമായ രീതിയിൽ പുരോഗമിച്ചിരുന്ന കാലഘട്ടത്തിലേയ്ക്കു ഞാൻ ഒരു തിരിഞ്ഞുനോട്ടം നടത്തുകയാണ്. മഞ്ചൂറിയൻ രാജവംശത്തിൻെറ പതനവും, ചീനറിപ്പബ്ലിക്കിൻെറ സ്ഥാപനവുമായിരുന്നു അനന്തര ഫലങ്ങൾ. ഞാൻ പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടു. ആ സ്ഥാനത്തിൻെറ ചുമതലകൾ അല്പനാൾ നിൎവ്വഹിച്ചതിന്നുശേഷം, വിദേശീയ ശക്തികളുടെ വിശ്വാസമാൎജ്ജിച്ചുകൊണ്ടു റിപ്പബ്ലിക്കിനെ സംരക്ഷിക്കുന്നതിന്നും, രാജ്യത്തെ ഒററക്കെട്ടായി നിറുത്തുന്നതിന്നും ഉള്ള കഴിവുണ്ടെന്ന് എൻെറ വിശ്വസ്ത സ്നേഹിതന്മാരാൽ ഉറപ്പു നൽകപ്പെട്ട യുവാൻഷിക്കേയിക്കുവേണ്ടി ഞാൻ എൻെറ പ്രസിഡണ്ടുസ്ഥാനം ഒഴിഞ്ഞുകൊടുക്കുകയാണുണ്ടായത്. എൻെറ സുഹൃത്തുക്കൾക്കു ചീനയുടെ അഭ്യന്തരസ്ഥിതിഗതികളെപ്പ

ററി എന്നെക്കാൾ കൂടുതൽ അറിവുണ്ടെന്നായിരുന്നു അന്നത്തെ എൻെറ വിശ്വാസം. എൻെറ രാജിവെയ്ക്കൽ ഒരു വമ്പിച്ച രാഷ്ട്രീയതെററായിരുന്നുവെന്ന് എൻെറ സ്നേഹിതന്മാർ ഇന്നു സമ്മതിക്കുന്നുണ്ട്. മോസ്ക്കോവിൽ ലെനിൻെറ സ്ഥാനം കോൽചക്ക്, യൂഡെനിക്ക്, റാങ്കൽക്കൂട്ടർക്കു നൽകപ്പെട്ടിരുന്നെങ്കിൽ സംഭവിക്കുമായിരുന്നതെന്തോ, അതാണ് ചൈനയിൽ സംഭവിച്ചതു്. ഉടൻതന്നെയോ അല്പനാൾ കഴിഞ്ഞതിന്നു ശേഷമോ, തന്നെത്താൻ ചക്രവർത്തിയാക്കിക്കൊണ്ടു്, രാജവാഴ്ച പുനഃസ്ഥാപിക്കുവാൻ യുവാൻഷിക്കേയി ശ്രമം നടത്തി. ഞങ്ങൾ അയാളെ പരാജയപ്പെടുത്തി. അതു നിങ്ങൾക്കും അറിവുള്ളതാണല്ലൊ.

അയാളുടെ മരണത്തിന്നുശേഷം, ലോകമഹാശക്തികൾ രാഷ്ട്രീയവും ധനപരവുമായ സഹായം നൽകി ഒരു കൂട്ടം നെപ്പോളിയൻമാരേയും കപടക്രോംവെല്ലുകളേയും പുലർത്തിപ്പോന്നു. കൊള്ളസംഘത്തലവനായ ചാങ്ങ്സൊലിൻ അവരിൽ ഒരുവനായിരുന്നു. മഞ്ചൂറിയയിലെ സൈനികഗവർണ്ണർ—അല്ലെങ്കിൽ സൈനിക കമാണ്ടർ—എന്നതായിരുന്നു അയാളുടെ ഔദ്യോഗിക പദവിയെങ്കിലും, 'പെക്കിങ്ങ്' ഗവർമ്മെണ്ടു് അയാളുടെ ഒരു കളിപ്പാവയായിത്തീർന്നിരുന്നു. പ്രാധാന്യമേറിയ എല്ലാക്കാര്യങ്ങളിലും ജാപ്പാനുമായി ബന്ധപ്പെട്ടുകഴിഞ്ഞിരുന്ന ഒരു "ടോക്കിയോ സിൽബന്തി"യാണു വാസ്തവത്തിലയാൾ. ജാപ്പാനതാല്പര്യമുള്ള ഉയർന്നതരം നയതന്ത്രപരമായ പ്രശ്നങ്ങളേ സംബന്ധിച്ചിടത്തോളം പെക്കിംഗ്, ടോക്കിയോവിൻെറ പാവയായിരുന്നു. പെക്കിങ്ങുമായുള്ള ഔദ്യോഗികബന്ധങ്ങളിൽ മോസ്ക്കോ ഈ പരിതഃസ്ഥിതികൾ അനുസ്മ

രിക്കേണ്ടതാണ്. തലസ്ഥാനനഗരിയിൽ മൗലികമായ ഒരു ശുദ്ധീകരണം നടത്താതെ—ഞാനവിടെ എത്തിയാലുടൻ അതു നടപ്പിലാക്കുമെന്നു വിശ്വസിക്കാം—അനുക്രമമായ ബന്ധങ്ങൾ പുനഃസ്ഥാപിക്കുവാൻ സോവിയററു റഷ്യയ്ക്കു സാദ്ധ്യമല്ല.

നിങ്ങൾ കത്തെഴുതിയതിന്നു ശേഷം കാൻടനിൽ രൂപവൽക്കരിക്കപ്പെട്ട ദേശീയഗവമ്മെണ്ടിൻെറ പ്രസിഡണ്ടായി ഞാൻ തിരഞ്ഞെടുക്കപ്പെട്ടിരിക്കയാണ്. ഈ ഗവമ്മെണ്ടാണു നിയമാനുസൃതമായി രൂപവൽക്കരിക്കപ്പെട്ടിട്ടുള്ള ഗവമ്മെണ്ട്. എന്തുകൊണ്ടെന്നാൽ, ചൈനീസ് റിപ്പബ്ലിക്കിൽ നിലവിലുള്ള ഏകമൌലികനിയമത്തിൽനിന്നും ഉടലെടുത്തതാണത്. 1912-ൽ നാങ്കിങ്ങിൽ സമ്മേളിച്ച ഒന്നാമത്തെ ഭരണഘടനാസമിതി അംഗീകരിച്ച ഇടക്കാലഭരണഘടനയിൽനിന്നും അധികാരം നേടിയ ഒരു ഗവമ്മെണ്ടാണത്. കാൻടണിൽ സമ്മേളിച്ചിരിക്കുന്ന നിയമസാധുത്വമുള്ള ചൈനീസ് പാർലിമെണ്ടു ഭരണഘടനയനുസരിച്ചു പൂർണ്ണമായധികാരപ്പെടുത്തിയിട്ടുള്ളതു് ഈ ഗവമ്മെണ്ടിനേയാണ്. തെക്കുപടിഞ്ഞാറൻ ചൈനയിലേ സംസ്ഥാനങ്ങളും അതിൻെറ അധികാരം വ്യാപിച്ചിരിക്കുന്ന വളരെ സംസ്ഥാനങ്ങളും അംഗീകരിച്ചിട്ടുള്ള അധികാരശക്തിയോടുകൂടി എൻെറ ഗവമ്മെണ്ടു യാഥാത്ഥ്യത്തിലും അധികാരയുക്തമായ ഒന്നാണ്.

ഭൂമിശാസ്ത്രപരമായ കാരണങ്ങളാൽ നിങ്ങളുമായി വാണിജ്യബന്ധങ്ങൾ സ്ഥാപിക്കാൻ എനിക്കു് ഇന്നത്തെ

പരിതഃസ്ഥിതിയിൽ സാദ്ധ്യമല്ല. ചൈനയുടെ ഭൂപടം എടുത്തു നോക്കിയാൽ എൻെറ ഗവമ്മെണ്ടിൻെറ അധികാരസീമയിൽപെട്ട ഭൂപ്രദേശം യാങ്ങ്സി നദിയുടെ തെക്കായി കിടക്കുകയാണെന്നും, ഈ പ്രദേശത്തിന്നും മഞ്ചൂറിയയിലേയ്ക്കും മങ്കോളിയയിലേയ്ക്കുമുള്ള പ്രവേശനദ്വാരങ്ങൾക്കുമിടയിലുള്ള പാത—അതിൽക്കൂടി മാത്രമേ കച്ചവടബന്ധങ്ങൾ പുലത്താൻ സാദ്ധ്യമാകൂ—ചാങ്ങ് സൊലിൻേറയും കൂട്ടരുടേയും കയ്യിൽപെട്ടു കിടക്കുകയാണെന്നും നിങ്ങൾക്കു മനസ്സിലാക്കാം. ഒരു വമ്പിച്ച റെയിൽപാത നിമ്മിക്കുന്നതുവരെ ചൈനീസ് തുക്കിസ്ഥാനത്തുകൂടി ബന്ധം പുലത്തുകയും സാദ്ധ്യമല്ല. അന്തരമൊരു റെയിൽ നിമ്മാണം ചൈനയൊട്ടാകെയുള്ള റെയിൽവേ നിമ്മാണ പദ്ധതിയിൽ ഞാൻ ഉൾപ്പെടുത്തിയിട്ടുണ്ട്.

വർഗ്ഗപരമായ ഏതു വിപ്ലവത്തിൻേറയും കാലഘട്ടത്തിൽ ഏതു രാജ്യത്തും പ്രത്യക്ഷപ്പെടാറുള്ളതുപോലെ ഇവിടേയും മുടിതുള്ളൽ നടത്തുന്ന പിന്തിരിപ്പൻമാരുടേയും, എതിർവിപ്ലവകാരികളുടേയും കണക്കുതീക്കുന്നതുവരെ മോസ്കോ കാത്തിരിക്കണമെന്നാണു് എൻെറ അഭ്യത്ഥന. കഴിഞ്ഞ മൂന്നു/നാലു വർഷക്കാലങ്ങളിലായി നിങ്ങൾ കടന്നുപോന്ന അനുഭവങ്ങൾ, എന്നെ അഭിമുഖീകരിക്കുന്ന വൈഷമ്യങ്ങൾ എത്രമാത്രം ഗുരുതരങ്ങളാണെന്നു നിങ്ങളേ ശരിക്കും ഗ്രഹിപ്പിക്കുമെന്നും ഞാൻ കരുതുന്നു. കഴിഞ്ഞ ഒമ്പതുപത്തു വർഷങ്ങളായി ഈ വൻപണിയിൽ ഞാൻ വ്യാപൃതനായിരിക്കയാണു്. ഏതെങ്കിലും തരത്തിലുള്ള ശക്തിയുക്തമായ വിദേശീയ ഇടപെടൽ ഉണ്ടാകാത്തപക്ഷം ഈ പണി വളരെവേഗം തീക്കാ

മെന്നു ഞാനാശിക്കുന്നു. പാശ്ചാത്യമഹാശക്തികൾ ഇട പെടാനുള്ള സാദ്ധ്യത വിരളമാണ്. 'പെക്കിങ്ങി'നെ അവർ വെറുത്തുകഴിഞ്ഞു.

അതേ അവസരത്തിൽ, നിങ്ങളോടും മോസ്കോവി ലെ നിങ്ങളുടെ സ്നേഹിതന്മാരോടും വ്യക്തിപരമായി ബ്ബ ന്ധം പുലർത്താൻ ഞാനാഗ്രഹിക്കുന്നു. നിങ്ങളുടെ കാര്യ ങ്ങളിൽ—വിശേഷിച്ചും സോവിയററുകളുടേയും സൈന്യ ങ്ങളുടേയും സംഘടനയിലും വിദ്യാഭ്യാസപദ്ധതിയിലും— ഞാൻ അതീവ തല്പരനാണ്. ഈ പദ്ധതികളെപ്പററി, വിശേഷിച്ചും വിദ്യാഭ്യാസത്തെപ്പററി, നിങ്ങളും മററു സ്നേഹിതന്മാരും നൽകുന്ന വിവരങ്ങൾ പഠിക്കാൻ എനി ക്കാഗ്രഹമുണ്ട്. മോസ്കോ എന്നപോലെതന്നെ ചൈ നീസ് റിപ്പബ്ലിക്കിൻെറ അടിസ്ഥാനശിലകളും ഉയരുന്ന തലമുറകളുടെ–നാളേയ്ക്കുവേണ്ടി പണിയെടുക്കുന്നവരുടെ– ഹൃദയങ്ങളിലെ അഗാധതയിൽ സ്ഥാപിക്കുവാൻ ഞാനാ ഗ്രഹിക്കുന്നു.

മനുഷ്യവർഗ്ഗസ്വാതന്ത്ര്യത്തിന്നുവേണ്ടി ഇത്രയുമൊ ക്കെ നേടിയ എല്ലാവർക്കും, വിശേഷിച്ച് എൻെറ സ്നേ ഹിതനായ ലെനിനും നിങ്ങൾക്കും നന്മനേർന്നുകൊണ്ട്,

നിങ്ങളുടെ വിശ്വസ്തൻ,

സൺയാററ്സെൻ (ഒപ്പ്)"

# 4

## വിപ്ലവം തൊഴിലാളിവർഗ്ഗനേതൃത്വത്തിൽ

1914-ൽ ഒന്നാംലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടു. അതോടുകൂടി സാമ്രാജ്യവാദികളുടെ ശ്രദ്ധ അങ്ങോട്ടു തിരിഞ്ഞു. കോളനികളുടെ പട്ടാളപരവും സാമ്പത്തികവുമായ പരിപൂർണ്ണപിന്തുണയോടുകൂടി ശത്രുവെ എതിർത്തു തോല്പിക്കുകയെന്നതു് അന്നു് അവരുടെ അടിയന്തരാവശ്യമായിരുന്നു. തന്മൂലം ചൈനയുടെ രാഷ്ട്രീയസാമ്പത്തികരംഗങ്ങളിൽ തങ്ങളുടെ പിടി താല്ക്കാലികമായിട്ടെങ്കിലും ഒന്നയച്ചുവിടുവാൻ അവർ നിർബ്ബന്ധരായി. വിദേശീയമേധാവിത്വത്തിന്നു കീഴിൽ തലപൊക്കാൻ കഴിയാതെ നിന്നിരുന്ന ദേശീയമുതലാളിത്വത്തിന്നു് മെല്ലെ മെല്ലെ തഴച്ചുവളരാൻ ഇതൊരവസരമായി.

### ദേശീയമുതലാളിത്തത്തിന്റെ വളർച്ച:

ഇതിന്നുമുമ്പു് ചൈനയിലെ ധനികന്മാർ വിദേശച്ചരക്കുകൾ ഇറക്കുമതിചെയ്തുവിററിട്ടാണു് ലാഭമുണ്ടാക്കിയിരുന്നതു്. ഇപ്പോളവർ ചൈനയിൽത്തന്നെ ചില വ്യവസായങ്ങൾ സ്ഥാപിക്കാൻ മുതിർന്നു. മാവോസേതുങ്ങ് ചൂണ്ടിക്കാണിക്കുന്നു.:—

"ചൈനയിലെ നാടൻവ്യവസായങ്ങൾക്കു്, വിശേഷിച്ചും നൂൽനൂല്പു്—നെയ്ത്തുവ്യവസായങ്ങൾക്കും മാ

വ്-സിൽക്ക്-വ്യവസായങ്ങൾക്കും, വികാസം നേടുന്നതിനുള്ള അവസരവും സൌകര്യവും ലഭിച്ചു. നൂൽനൂല്പ്. നെയ്ത്തുവ്യവസായത്തിലെ ഫാക്റ്ററികളുടെ എണ്ണം 1913-ൽ 22 ആയിരുന്നത് 1922-ൽ 44 ആയും, മാവുവ്യവസായഫാക്ടറികളുടെ എണ്ണം 1916-ൽ 107 ആയും വർദ്ധിച്ചു. അതേസമയത്ത് സിൽക്കുവ്യവസായത്തിൽ 60 പുതിയ ഫാക്ടറികൾ ഉയൎന്നുവന്നു."

യുദ്ധമവസാനിച്ചതോടേ വീണ്ടും വിദേശച്ചരക്കുകൾ ചൈനയിലേയ്ക്കു് പ്രവഹിക്കുവാൻ തുടങ്ങി. ചൈനയിലെ ചെറുകിടവ്യവസായങ്ങൾക്ക് മുതലാളിത്തരാജ്യങ്ങളുടെപരിഷ്കരിച്ച വ്യവസായങ്ങളുമായി മാൎക്കററിൽ മത്സരിച്ചു ജയിക്കാൻ കഴിഞ്ഞില്ലെന്നു പറയേണ്ടതില്ലല്ലോ. അതിന്റെ ഫലമായി ചൈനയുടെ ദേശീയവ്യവസായങ്ങൾ വലിയൊരു കുഴപ്പത്തിൽപ്പെട്ടു. കമ്പനികൾ പലതും ദീപാളികുളിച്ചു.

വിദേശികളുടെ മത്സരത്തിൽനിന്ന് തങ്ങളേയും തങ്ങളുടെ വ്യവസായത്തേയും രക്ഷിക്കാൻ കെല്പുള്ള ഒരു ഗവണ്മെൻറാവശ്യമാണെന്ന് മുതലാളികൾക്കുപോലും ബോധപ്പെട്ടു. സ്വയം ദുർബ്ബലരായ അവർ സൺയാററ്സെൻേറയും അദ്ദേഹത്തിന്റെ കോമിന്താങ്ങ്പാർട്ടിയുടേയും നേൎക്കു നോക്കാൻ തുടങ്ങി.

### റഷ്യൻവിപ്ലവത്തിന്റെ പ്രത്യാഘാതം

1917-ൽ റഷ്യയിൽ മഹത്തായ ഒക്ടോബർവിപ്ല

വം നടന്നു. ലോകത്തിലെങ്ങുമുള്ള മർദ്ദിതജനവിഭാഗങ്ങളുടെ ആശകൾക്ക് ഉണർവ്വും ഉത്തേജനവും നൽകിക്കൊണ്ട്, സ്വാതന്ത്ര്യത്തിന്നും പുരോഗതിക്കും വേണ്ടി എവിടെയെല്ലാം സമരങ്ങൾ നടക്കുന്നുണ്ടോ അവിടെയെല്ലാം വീറും വീര്യവും വീശിക്കൊണ്ട്, റഷ്യൻ തൊഴിലാളിവർഗ്ഗം അധികാരം പിടിച്ചുപററി. ഒക്ടോബർ വിപ്ലവത്തിൻെറ വിജയം ലോകചരിത്രത്തിൻെറ ഗതിയെ മാററിമറിച്ചു; ചൈനയിലെ ബൂർഷ്വാജനാധിപത്യവിപ്ലവത്തിൻെറ സ്വഭാവത്തെത്തന്നെ മാററിത്തീത്തു. സാമ്രാജ്യത്വമർദ്ദനത്തെ ചെറുക്കുക എന്ന ദേശീയപ്രശ്നം ലോകസാമ്രാജ്യത്വത്തോടുള്ള സാർവ്വലൗകിക തൊഴിലാളിവിപ്ളവപ്രസ്ഥാനത്തിൻെറ ഒരു ഭാഗമായിത്തീന്നു.

അന്നേവരെ ചൈനീസ്ബൂർഷ്വാ ജനാധിപത്യവിപ്ളവം ലോകബൂർഷ്വാ ജനാധിപത്യവിപ്ളവത്തിൻെറ ഒരു ഭാഗമായിരുന്നു. 1917-നുശേഷം അത് ലോകതൊഴിലാളിസോഷ്യലിസ്റ്റ് വിപ്ളവത്തിൻെറ ഒരു ഭാഗമെന്ന നിലയിൽ, ഒരു പുതിയതരം ജനാധിപത്യവിപ്ളവത്തിൻെറ രൂപം കൈക്കൊണ്ടു.

**മാവോസെതുങ്ങ് പറയുന്നു:—**

"ഭൂമുഖത്തിൻെറ ഒരു ഭാഗത്ത് ലോകമുതലാളിത്തം തുരത്തപ്പെടുക, മററുഭാഗങ്ങളിൽ അതിൻെറ മരണമണി മുഴങ്ങിത്തുടങ്ങുക; ശേഷിപ്പുള്ള ലോകമുതലാളിത്തമന്നിക്ക് കോളനികളുടേയും അർദ്ധകോളനികളുടേയും

മേൽ കൂടുതൽ പിടി മുറുക്കിയാലല്ലാതെ ഗത്യന്തരമില്ലെന്നാവുക; ഒരു സോഷ്യലിസ്ററുഭരണക്രമം നിലവിൽ വന്നുവെന്നു മാത്രമല്ല, അതു് എല്ലാ കോളനികളിലേയും അർദ്ധകോളനികളിലേയും വിമോചനപ്രസ്ഥാനങ്ങളെ സ്വയം സഹായിക്കാൻ മുൻകയ്യെടുത്തു നിൽക്കുക; മുതലാളിത്തരാജ്യങ്ങളിലെ തൊഴിലാളിവർഗ്ഗം സാമ്രാജ്യത്വ-സോഷ്യൽ ഡമോക്രാററിക്ക് പാർട്ടികളുടെ സ്വാധീനവലയത്തിൽനിന്നു് കൂടുതൽ വിടുതി നേടാനും, കോളനികളിലേയും അർദ്ധകോളനികളിലേയും സ്വാതന്ത്ര്യപ്രസ്ഥാനങ്ങളെ സഹായിക്കാനും തയ്യാറാവുക—ഇങ്ങനെയുള്ള ഒരു ഘട്ടത്തിൽ സാമ്രാജ്യത്വത്തിന്നോ ലോകമുതലാളിത്തത്തിന്നോ എതിരായി കോളനികളിലും അർദ്ധകോളനികളിലും പൊന്തിവരുന്ന യാതൊരു വിപ്ലവത്തിന്നും പഴയ ലോകബൂർഷ്വാജനാധിപത്യത്തിൻെറ വിപ്ലവച്ചേരിയിൽപെട്ടു നില്ക്കാൻ സാദ്ധ്യമല്ല."

മാവോവിൻെറ അഭിപ്രായത്തിൽ, ഈ വിപ്ലവങ്ങൾ പഴയ ലോകബൂർഷ്വാ ജനാധിപത്യവിപ്ലവത്തിൻെറ ഭാഗമല്ലാതാവുകയും, പുതിയ ലോകതൊഴിലാളി സോഷ്യലിസ്റ്റ് വിപ്ലവത്തിൻെറ ഭാഗമായിത്തീരുകയും ചെയ്യുന്നു. ഒന്നാംലോകമഹായുദ്ധത്തിനുശേഷം സാമ്രാജ്യത്വത്തിനെതിരായ സമരങ്ങൾ നടന്നിരുന്ന എല്ലാ കോളനികളിലേയും വിപ്ലവപ്രസ്ഥാനങ്ങൾക്ക് ഈ മാററം അനുഭവപ്പെട്ടിട്ടുണ്ട്. മാവോ തുടരുന്നു:—

"ഇത്തരം വിപ്ലവകരമായ സമരങ്ങൾ നടക്കുന്ന കോളനികളേയും അർദ്ധകോളനികളേയും ലോകമുതലാളിത്തത്തിൻെറ എതിർവിപ്ലവ മുന്നണിയുടെ സമരബന്ധുക്ക

ളായിട്ടല്ല, ലോകസോഷ്യലിസ്റ്റ് വിപ്ലവമുന്നണിയുടെ സമരബന്ധുക്കളായിട്ടാണു കണക്കാക്കേണ്ടത്."

അന്നേവരെ വിപ്ലവങ്ങളുടെ നേതൃത്വം ബൂർഷ്വാവർഗ്ഗങ്ങൾക്കായിരുന്നു. ബൂർഷ്വാ ബുദ്ധിജീവികളായിരുന്നു വിപ്ലവം നയിച്ചിരുന്നത്. തൊഴിലാളി കർഷകവർഗ്ഗങ്ങൾ വിപ്ലവത്തിൽ ഒരതിർത്തിവരെ ഭാഗഭാക്കുകളായിരുന്നുവെന്നുമാത്രം. 1911-ലെ ചൈനീസ് വിപ്ലവകാരികളുടെ അനുഭവമിതായിരുന്നു. പക്ഷെ, റഷ്യൻ വിപ്ലവത്തിനുശേഷം ഈ സ്ഥിതി മാറി. നേതൃത്വം ബൂഷ്വാസിയുടെ കയ്യിൽനിന്നു വഴുതാൻ തുടങ്ങി.

ഒക്ടോബർ വിപ്ലവത്തിനുമുമ്പ് ലെനിനെപ്പററിയോ സ്റ്റാലിനെപ്പററിയോ, മാർക്സ്, ഏംഗൽസ് എന്നിവരെപ്പററിയോ യാതൊന്നും ചൈനീസ് ജനതയ്ക്കറിഞ്ഞുകൂടായിരുന്നു. ഒക്ടോബർ വിപ്ലവം ചൈനാക്കാരെ മാർക്സിസം-ലെനിനിസത്തിൻെറ മാർഗ്ഗത്തിലേയ്ക്കു തിരിച്ചുവിട്ടു. തങ്ങളുടെ വിപ്ലവത്തിൻെറ നിലപാടിൽ ചില മാററങ്ങൾ വരുത്തേണ്ടതത്യാവശ്യമാണെന്നും വിപ്ലവത്തിൻെറ വിജയത്തിന് ഒരു ലോകതൊഴിലാളി വീക്ഷണകോണം ഉണ്ടായിരിക്കണമെന്നും അവർ ഗ്രഹിച്ചു. റഷ്യയിലെ തൊഴിലാളി വിപ്ലവത്തിൻെറ പാഠങ്ങൾ പഠിച്ചുകൊണ്ടു പുരോഗമിക്കുവാൻ അവരുറച്ചു.

### പുതിയ വിപ്ലവസംഘടനകൾ

റഷ്യൻ വിപ്ലവത്തിൻെറ വിജയത്തിൻെറ അടിയന്തിരഫലമെന്നോണം, ചൈനയിലെ യുവജനങ്ങളുടെ

ഇടയിൽ അഭൂതപൂർവ്വമായ ഒരുണർവ്വുണ്ടായി. സാമ്രാജ്യത്വത്തിനും നാടൻ യുദ്ധപ്രഭുക്കൾക്കുമെതിരായ അമർഷം നാടാകെ പടർന്നുപിടിച്ചു. ഇതിന്റെ പ്രതിഫലനമെന്നോണം അവിടവിടെ ചുറുചുറുക്കുള്ള ചെറുപ്പക്കാരുടെ ചെറുസംഘടനകൾ പൊന്തിവന്നു.

1917-ൽ മാവൊ സെ തുങ്ങിന്റെ നേതൃത്വത്തിൽ ഹുനാനിൽ "സിൻ മിൻ സൂയെ ഹുയി" എന്നൊരു സംഘടന ജന്മമെടുത്തു. ഹൂപ്പെയിൽ "സോഷ്യൽ വെൽഫെർ സൊസൈററി" എന്ന പേരിൽ മറെറാരു സംഘടന രൂപീകരിക്കപ്പെട്ടു. ചൈനയിൽ മററു പലേടത്തും അതായത് ഷാങ്ങ്ഹായ് ഹാങ്ങ്ചോ; ഹാങ്കോ, ടീൻസീൻ എന്നിവിടങ്ങളിലെല്ലാം പുതിയപുതിയ വിപ്ലവസംഘടനകൾ പൊന്തിവന്നു. ടീൻസീനിൽ 'ചൌവുസുവെഹുയി' എന്നൊരു സംഘമാണു സ്ഥാപിക്കപ്പെട്ടതു്. പിന്നീട് ഒരു പ്രമുഖ കമ്യൂണിസ്റ്റ് നേതാവായിത്തീന്ന ചൌ എൻലായി ഇതിന്റെ സ്ഥാപകന്മാരിലൊരാളായിരുന്നു.

ഈ സംഘടനകൾക്കെല്ലാം തന്നെ പ്രചോദനവും ആവേശവും നല്കിയതു് ചെൻ തുസൂവിന്റെ പത്രാധിപത്യത്തിൻകീഴിൽ നടന്നുവന്ന 'ന്യൂ യൂത്ത്' എന്ന പുരോഗമനമാസികയായിരുന്നു. ആ മാസിക പുതിയൊരു സാഹിത്യനവോത്ഥാനത്തെ ലക്ഷ്യമാക്കിക്കൊണ്ട് അന്നത്തെ നിരവധി വിദ്യാത്ഥികളിലും യുവാക്കളിലും ദേശീയബോധവും പ്രവത്തനോൽസുകതയും കുത്തിവച്ചു.

ജനാധിപത്യപരമായ പരിഷ്കാരങ്ങൾ, ഉടനടി സോഷ്യലിസം നടപ്പിൽ വരുത്തൽ, മുതലായ ചില അവ്യ

കതങ്ങളായ ആശയഗതികളായിരുന്നു ഈ ചെറുവിപ്ലവസംഘടനകളുടെയെല്ലാം പൊതുലക്ഷ്യം. കട്ടത്ത സാമ്രാജ്യത്വവിരോധവും യുദ്ധപ്രഭുക്കൾക്കെതിരായ ഒരുറച്ച മനസ്ഥിതിയും ഈ സംഘടനകളുടെയെല്ലാം പൊതുസ്വഭാവമായിരുന്നു.

തെക്കൻചൈനയിൽ വിദ്യാർത്ഥിപ്രസ്ഥാനത്തെ വളർത്തുന്നതിൽ "സിൻ മിൻ സുവെ ഹുയി" വളരെയൊക്കെ പ്രവർത്തിച്ചിട്ടുണ്ട്. ഈ സംഘടനയുടെ നേതൃത്വത്തിൽ ഹുനാനിലെ ഗവർണ്ണരായ ചാങ്ങ് പിങ്ങ് യാവൊവിനെതിരായി വമ്പിച്ചൊരു പ്രക്ഷോഭം നടന്നു. ചാങ്ങ് പ്രക്ഷോഭകാരികളെ മർദ്ദനംകൊണ്ട് എതിരിട്ടുവെങ്കിലും ഒടുവിലദ്ദേഹം സ്ഥാനഭ്രഷ്ടനായി. താൻ യെൻ കായിന്റെ കീഴിൽ ഹുനാനിൽ പുതിയൊരു ഭരണം നിലവിൽ വന്നു.

ഹുനാനിൽ പരിപൂർണ്ണ സ്വയംഭരണാധികാരമുള്ള ഒരു ഗവമ്മെൻറ് ഏർപ്പെടുത്തുക; പെക്കിങ്ങുമായുള്ള എല്ലാ ബന്ധങ്ങളും വിട്ടുവിച്ച് സ്വതന്ത്രമായി അതിനു വളരാനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുക; ഇതായിരുന്നു സിൻമിൻ സുവെ ഹുയിക്കാരുടെ ഉദ്ദേശ്യം. പക്ഷേ, അവസരവാദിയായി പററിക്കൂടിയ മറെറാരു യുദ്ധപ്രഭു [ചാവോ ഹെങ്ങ്-തി] ഹുനാൻ സ്വാതന്ത്ര്യപ്രസ്ഥാനത്തെ സ്വന്തം വ്യക്തിപരമായ താല്പര്യങ്ങൾക്കായി ഉപയോഗിച്ചു നശിപ്പിച്ചുകൊണ്ടിരുന്നു. ഒക്ടോബർ വിപ്ലവത്തിന്റെ മൂന്നാംവാർഷികമാഘോഷിക്കാൻ സിൻ മിൻ സുവെ ഹുയിയുടെ ആഭിമുഖ്യത്തിൽ വിളിച്ചുകൂട്ടിയിരുന്ന ജനക്കൂട്ടത്തെ ചാവോ ഹെങ്ങ്-തിയുടെ കല്പനപ്രകാരം പോലീസുകാർ മർദ്ദിച്ചു പിരിച്ചുവിട്ടു.

സോഷ്യലിസത്തെപ്പററിയും മററു സാമൂഹ്യ സാമ്പത്തിക പരിഷ്ക്കരണങ്ങളെപ്പററിയും സ്വപ്നം കണ്ടുകൊണ്ടിരുന്ന മാവോ സെ തുങ്ങടക്കമുള്ള പുരോഗമനവാദികൾക്ക് ഈ സംഭവം കണ്ണു തുറപ്പിക്കുന്ന ഒന്നായിരുന്നു. ആശയങ്ങളും ലക്ഷ്യങ്ങളും പരിപാടികളും എത്രതന്നെ വലുതായിരുന്നാലും, അധികാരം സാധാരണക്കാരന്റെ കയ്യിലല്ലാതിരിക്കുന്നെടത്തോളം കാലം, അവയെല്ലാം നിഷ്ഫലങ്ങളാണെന്നവർ മനസ്സിലാക്കി. ബൂർഷ്വാ നേതൃത്വത്തിലുള്ള രാഷ്ട്രീയാധികാരം സാധാരണക്കാരുടെ ത്യാഗത്തിൽനിന്നു മുതലെടുക്കുകയല്ലാതെ, ഒരു ജനാധിപത്യ ചൈന കെട്ടിപ്പടുക്കുവാൻ ഒരിക്കലും സഹായകമാവില്ലെന്നവർ പഠിച്ചു.

ചൈനയിലെ മററു സംസ്ഥാനങ്ങളിലും വിപ്ലവസംഘടനകൾ യുദ്ധപ്രഭുക്കളായ ഗവർണ്ണർമാരുടെ സ്വാർത്ഥതാല്പര്യങ്ങൾക്കു മുമ്പിൽ താല്ക്കാലിക പരാജയമടഞ്ഞു.

ഒക്ടോബർ വിപ്ലവത്തിന്റെ മാർഗ്ഗത്തെക്കുറിച്ചും മാർക്സിസം-ലെനിനിസത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും ചൈനീസ് വിപ്ലവകാരികൾ കാര്യമായി ചിന്തിക്കാൻ തുടങ്ങിയതപ്പോഴാണ്. ഇടത്തരക്കാരായബുദ്ധിജീവികൾക്കിടയിലും തൊഴിലാളികൾക്കിടയിലും തൊഴിലാളിവർഗ്ഗ നേതൃത്വത്തിലുള്ള വിപ്ലവത്തെ സംബന്ധിച്ചു വ്യക്തമായ ആശയങ്ങൾ പ്രചരിക്കാൻ തുടങ്ങി.

### 'മെയ് നാല്' പ്രസ്ഥാനം

1919 മെയ് 4-ാംനു- പെക്കിങ്ങിലെ 1500 വിദ്യാർത്ഥികൾ 'ചതിയൻ' ഗവമ്മെൻറിനെതിരായി പഠിപ്പു

മുടക്കി, തെരുവിലിറങ്ങി പ്രകടനം നടത്തി. ചൈനയെ പണയപ്പെടുത്തിക്കൊണ്ട് ഗവമ്മെൻറ് ജാപ്പുസാമ്രാജ്യവാദികൾക്ക നൽകിയ കണക്കററ ആനുകൂല്യങ്ങൾക്കെതിരായ ഈ പ്രകടനം വിദ്യാൎത്ഥികളുടെ ഇടയിൽ പുതിയൊരു ഉണൎവ്വും ദേശീയബോധവും വളൎത്തി. പ്രസ്ഥാനം അതിവേഗത്തിൽ പടൎന്നുപിടിച്ചു. ചൈനയിലെ വിദ്യാൎത്ഥിലോകം ഒന്നാകെ ഇളകിവശായി. പല പട്ടണങ്ങളിലായി 50000-ൽ അധികം വിദ്യാൎത്ഥികൾ പ്രസ്ഥാനത്തിൽ പങ്കുകൊണ്ടു. ഷാങ്ങ്ഹായ്, ടാങ്ങ്ഷാൻ, ചാങ്ങ്സിൻടീൻ എന്നീ പട്ടണങ്ങളിൽ ഇതിനോടനുഭാവം പ്രകടിപ്പിച്ചുകൊണ്ട് ലക്ഷക്കണക്കിൽ തൊഴിലാളികൾ ഒരു പൊതുപണിമുടക്കം നടത്തി. ചൈനയുടെ ചരിത്രത്തിൽ തൊഴിലാളികളുടെ രാഷ്ട്രീയ പണിമുടക്കം ആദ്യമായാരംഭിച്ചതു് അപ്പോഴായിരുന്നു. കച്ചവടക്കാർ ജാപ്പുസാമാനങ്ങളെ ബഹിഷ്കരിച്ചു. എല്ലാ തരത്തിലുംപെട്ട ജനങ്ങൾ ഒന്നാകെ പ്രക്ഷുബ്ധരായി. ജനങ്ങളുടെ തിളച്ചുമറിയുന്ന രോഷത്തിനു മുമ്പിൽ അധികൃതന്മാരുടെ മർദ്ദനവിധികളെല്ലാം വ്യൎത്ഥാവിലായി. ജൂലായ് മാസമാകുമ്പോഴേയ്ക്കും ഗവമ്മെൻറിനു രാജിവയ്ക്കുകയല്ലാതെ ഗത്യന്തരമില്ലാതായി.

'മെയ് 4 പ്രസ്ഥാനം' എന്ന പേരിലറിയപ്പെടുന്ന ഈ പ്രക്ഷോഭങ്ങൾ ചൈനീസ് വിപ്ലവത്തിൻെറ പുതിയതും ഉയൎന്നതുമായ ഒരു പതനത്തെയാണു കുറിക്കുന്നതു്. മാവോ സെ തുങ്ങ് പറയുന്നു:—

"1919 മെയ് നാലിൻെറ പ്രസ്ഥാനത്തിനു മുമ്പു് (ഇതുണ്ടായതു ലോകസാമ്രാജ്യത്വയുദ്ധത്തിനും 1917-ലെ

റഷ്യൻ വിപ്ലവത്തിനും ശേഷമാണെന്നോക്കണം.) ഇടത്തരക്കാരും മുതലാളികളുമായിരുന്നു ചൈനയിലെ ബൂർഷ്വാ ജനാധിപത്യ വിപ്ലവത്തിൻെറ രാഷ്ട്രീയനേതാക്കൾ. അന്നു ചൈനീസ് തൊഴിലാളികൾക്കു വേണ്ടത്ര വർഗ്ഗീയബോധമോ, സ്വതന്ത്രമായ ശക്തിയോ ഇല്ലാതിരുന്നതുകൊണ്ടു് അവർ വിപ്ലവത്തിൽ പങ്കെടുത്തതു് മുതലാളികളുടേയും ഇടത്തരക്കാരുടേയും അനുയായികൾ എന്ന നിലയ്ക്കു മാത്രമായിരുന്നു........എന്നാൽ മെയ് 4 പ്രസ്ഥാനത്തിനുശേഷം ചൈനീസ് ബൂർഷ്വാ ജനാധിപത്യ വിപ്ലവത്തിൻെറ രാഷ്ട്രീയ നേതൃത്വം തൊഴിലാളിവർഗ്ഗത്തിൻേറതു കൂടിയായി. ഇക്കാലത്തു ചൈനീസ് തൊഴിലാളിവർഗ്ഗം അതിൻെറ സ്വന്തം വളർച്ചയും റഷ്യൻവിപ്ലവത്തിൻെറ സ്വാധീനശക്തിയുംകൊണ്ടു സ്വതന്ത്രമായ വർഗ്ഗബോധമുള്ള ഒരു രാഷ്ട്രീയശക്തിയായി അതിവേഗം വളർന്നുവന്നു.”

സാമ്രാജ്യത്വത്തിനും ഫ്യൂഡലിസത്തിനുമെതിരായ ജനങ്ങളുടെ സന്ധിയില്ലാത്ത മനോഭാവം 1911-ലെ വിപ്ലവത്തെക്കാൾ കൂടുതൽ വ്യക്തമായതു മെയ് 4 പ്രസ്ഥാനത്തിലായിരുന്നു. ചൈനയിൽ ദേശീയ മുതലാളിത്തം മുന്നോട്ടു വരാൻ തുടങ്ങിയതും ബുദ്ധിജീവികൾക്കും വിദ്യാർത്ഥികൾക്കും തൊഴിലാളികൾക്കും റഷ്യൻ വിപ്ലവം ആവേശം നൽകിയതും ഇതിനുള്ള കാരണങ്ങളായിരുന്നു. റഷ്യൻ തൊഴിലാളികൾ ഒരു സോഷ്യലിസ്റ്റ് രാഷ്ട്രം സ്ഥാപിച്ചതു്, ജർമ്മനി, ആസ്ട്രീയ, ഹംഗറി, എന്നീ രാജ്യങ്ങളിൽ വമ്പിച്ച തൊഴിലാളി പ്രക്ഷോഭങ്ങൾ നടന്നതു് റഷ്യ, ജർമ്മനി, ആസ്ട്രീയ എന്നീ സാമ്രാജ്യശക്തികളുടെ അധഃ

പതനം ഇതെല്ലാം ചൈനയിലെ വിപ്ലവകാരികൾക്ക് സ്വന്തം ഭാവിയെപ്പററി പുതിയ ഒരാശയും ഉണർവ്വും നല്കി. ഈ കാരണത്താൽ തന്നെ മെയ് നാലു പ്രസ്ഥാനം ലോകതൊഴിലാളി വിപ്ലവത്തിൻെറ ഒരു ഭാഗമായിത്തീൎന്നു.

ഉന്നതമായ ലക്ഷ്യങ്ങളെക്കുറിച്ചു സ്വപ്നം കാണലും കൊടി പിടിക്കലും മുദ്രാവാക്യം വിളിക്കലും എന്നതിൽ കവിഞ്ഞു് വിപ്ലവം പുതിയൊരു പതനത്തിലേയ്ക്കു കാലെടുത്തുവെയ്ക്കാൻ തുടങ്ങി. തൊഴിലാളിവർഗ്ഗനേതൃത്വത്തിലല്ലാതിരുന്ന മുൻകാലങ്ങളിലെ കലാപങ്ങളിലെല്ലാം തന്നെ, അധികാരസ്ഥാനങ്ങളിൽ നിന്നു വന്ന ഉഗ്രമായ മർദ്ദനത്തിനു മുമ്പിൽ വിപ്ലവകാരികളുടെ സംഘടിതശക്തി താല്ക്കാലികമായിട്ടെങ്കിലും തകൎന്നുപോവുകയാണു ചെയ്തിരുന്നതു്. ഇപ്പോൾ ആ സ്ഥിതി മാറി. തൊഴിലാളിവർഗ്ഗം വിപ്ലവത്തിൻെറ മുന്നണിയിൽ വന്നതോടെ രാഷ്ട്രത്തിൻെറ രക്തവും ഞരമ്പും വിപ്ലവത്തിൽ പങ്കുകൊണ്ടു. മർദ്ദനമേററു തകൎന്നവരുടേയും രക്തസാക്ഷികളുടേയും സ്ഥാനമേറെറടുക്കാൻ ആയിരക്കണക്കിനു പുതിയ വിപ്ലവകാരികളും സാധാരണക്കാരായ നാട്ടുകാരും മുമ്പോട്ടു വരാൻ തുടങ്ങി. അതോടുകൂടി ലക്ഷ്യം നേടുന്നതുവരെ അടങ്ങിയിരിക്കുകയില്ലെന്ന പുതിയൊരിനം വിപ്ലവത്തിൻെറ പരിപാടിയിൽ എഴുതിച്ചേൎക്കപ്പെട്ടു.

**കമ്യൂണിസ്റ്റ് പാർട്ടിയുടെ ഉത്ഭവം.**

തൊഴിലാളിവർഗ്ഗം വിപ്ളവ പ്രസ്ഥാനത്തിൻെറ മുന്നണിവിഭാഗമായി വളൎന്നുവന്നുവെങ്കിലും വിപ്ളവ

ത്തെ നയിക്കാൻ കെല്പുള്ള ഒരു സംഘടന ഉണ്ടായിട്ടാഴി ഞ്ഞിരുന്നില്ല. ഈ വിടവു നികത്തേണ്ടഘട്ടം വന്നപ്പോൾ ചൈനയിൽ കമ്യൂണിസ്റ്റ് പാർട്ടി ഉടലെടുത്തു.

1920-ൽ മാവോസെതുങ്ങ്, ഹുനാനിൽ, മാർക്സിസം പഠിക്കാനാഗ്രഹിക്കുന്നവരുടെ ഒരു ഗ്രൂപ്പ് രൂപീകരിച്ചു. അക്കൊല്ലം തന്നെ മാവോവിൻെറ നേതൃത്വത്തിൽ ഒരു 'സോഷ്യലിസ്റ്റ് യൂത്ത്‌ലീഗും' സ്ഥാപിതമായി.

1919-ൽ തന്നെ, പിന്നീട കമ്യൂണിസ്ററുപാർട്ടി യുടെ ഒരു നേതാവായിത്തീൎന്ന ചെൻതുസ്യൂ കമ്യൂണിസ്റ്റ് ഇൻറർനാഷണലുമായി ബന്ധം സ്ഥാപിച്ചിരുന്നു. 1920-ൽ ചൈനീസ് പാർട്ടി ഗ്രൂപ്പുകളുമായി ബന്ധം സ്ഥാപിക്കുന്നതിന്ന് ഇൻറർനാഷണലിൻെറ ഒരു പ്രതി നിധി ഷാങ്ങ്ഹായിൽ വരികയുണ്ടായി.

'മെയ് നാല് പ്രസ്ഥാനം' കഴിഞ്ഞു് ഒരുകൊല്ലം തി കയുന്നതിലകത്തു്, ഷാങ്ങ്ഹായ് പെക്കിങ്ങ്, ഹാങ്കോ, ചാങ്ങ്സാ, കാൻടൺ, സിനാൻഹാൻചൊ തുടങ്ങി ചൈ നയിലെ മിക്ക പ്രധാന പട്ടണങ്ങളിലും ചെറിയ കമ്യൂണി സ്ററുഗ്രൂപ്പുകൾ സംഘടിപ്പിക്കപ്പെട്ടിരുന്നു. സാമ്രാജ്യ മേധാവിത്വത്തിൻകീഴിൽ അർദ്ധകൊളോണിയൽവ്യവ സ്ഥയിലേയ്ക്കുള്ള ചൈനയുടെ ഗതിവേഗത്തിന്നനുസരി ച്ച തോതിൽതന്നെ അവിടെ തൊഴിലാളിപ്രസ്ഥാനവും കമ്യൂണിസ്ററുപാർട്ടിയും അടിയുറച്ചുവന്നു.

1921 ജൂലായ് 1-ാംതിയ്യതി, ചൈനയുടെ നാനാഭാ ഗങ്ങളിലും രൂപീകരിക്കപ്പെട്ടിരുന്ന കമ്യൂണിസ്ററുഗ്രൂപ്പു കളിൽപെട്ട 50 മെമ്പർമാരുടെ 12 പ്രതിനിധികൾ ഷാ ങ്ങ്ഹായിൽ സമ്മേളിച്ചു. അവരിൽ സഖാക്കൾ മാവോ

സെതുങ്ങ്, ചെൻതുസ്യൂ, തുങ്ങ് പീ-വൂ, ചെൻ ടാൻ-ച്യൂ, ഹൊഷൂ-ഹെങ്ങ് എന്നിവർ ഉൾപ്പെട്ടിരുന്നു. ഈ കോൺഗ്രസ്സിൽവെച്ചു് ഒരു ചൈനീസ് കമ്യൂണിസ്റ്റ്പാർട്ടി രൂപീകരിക്കപ്പെടുകയും, ഒരു ഭരണഘടന അംഗീകരിക്കപ്പെടുകയും ചെയ്തു. ചെൻതു-സ്യൂവിന്റെ നേതൃത്വത്തിൽ ഒരു കേന്ദ്രകമ്മിററിയും തിരഞ്ഞെടുക്കപ്പെട്ടു.

ഷാങ്ങ്ഹായിൽ കമ്യൂണിസ്ററുപാർട്ടി സ്ഥാപിതമായ അതേ അവസരത്തിൽതന്നെ, ചില വിദേശരാജ്യങ്ങളിൽ വിദ്യാഭ്യാസത്തിന്നായി പോയിരുന്ന ചൈനക്കാർ അവിടങ്ങളിലും കമ്യൂണിസ്ററുസംഘടനകൾ രൂപീകരിക്കുകയുണ്ടായി. തൊഴിലും വിദ്യാഭ്യാസവും ഒന്നിച്ചു നടത്താനുള്ള സൗകര്യത്തിന്നായി ഫ്രാൻസിൽപോയി പഠിച്ചിരുന്ന ചൈനീസ് വിദ്യാർത്ഥികൾ, ചൌ എൻ-ലായ്, ലിലി-സാൻ, ഷാങ്ങ് ചെൻ-യൂ, മദാംസായ്ഹോ-ചെങ്ങ് എന്നിവരുടെ നേതൃത്വത്തിൽ അവിടെ ഒരു ചൈനീസ് കമ്യൂണിസ്ററുപാർട്ടി സ്ഥാപിക്കപ്പെട്ടു. അധികം താമസിയാതെ ജർമ്മനിയിലും ഒരു പാർട്ടി സംഘടിപ്പിക്കപ്പെട്ടു. കാവോ യൂ-ഹാൻ, ജനറൽ ചൂ-തെ എന്നിവർ അതിലെ അംഗങ്ങളായിരുന്നു. ഇവയ്ക്കുപുറമേ മോസ്കോവിലും ജാപ്പാനിലും ചൈനീസ് കമ്യൂണിസ്ററുപാർട്ടിയുടെ ബ്രാഞ്ചുകൾ നിലവിൽ വന്നു.

ഒരു കൊല്ലത്തിന്നുള്ളിൽ പാർട്ടിയുടെ നേതൃത്വത്തിൽ തൊഴിലാളികളുടെ വമ്പിച്ച പല പണിമുടക്കുകളും നടന്നു. രാഷ്ട്രീയമായി വളരെ പ്രാധാന്യമർഹിക്കുന്ന പണിമുടക്കങ്ങളായിരുന്നു അവ. മാസ്ലെനിക്കോവ് ചൂണ്ടിക്കാണിച്ചപോലെ, "ചൈനയിലെ കമ്യൂണിസ്ററു

പാർട്ടി ആരംഭം മുതല്ക്കുതന്നെ വിപുലവും ശക്തിയേറിയതുമായ തൊഴിലാളിസംഘടനകൾ കെട്ടിപ്പടുത്തിരുന്നില്ലെങ്കിൽ തൊഴിലാളിപ്രസ്ഥാനത്തേയും സോഷ്യലിസത്തേയും കൂട്ടിയിണക്കിക്കൊണ്ടുള്ള വിപ്ലവപാതയിലൂടെ തൊഴിലാളികളെ നയിക്കാൻ കമ്യൂണിസ്ററുപാർട്ടിക്കു കഴിഞ്ഞിരുന്നില്ലെങ്കിൽ, ചൈനീസ് വിപ്ലവത്തിൽ തൊഴിലാളിവർഗ്ഗനേതൃത്വം സ്ഥാപിക്കുക സാദ്ധ്യമാകുമായിരുന്നില്ല."

1922-ൽ മാവോസെ-തുങ്ങിൻെറ കീഴിലുള്ള ഹുനാൻ സംസ്ഥാനപർട്ടി, ഖനികളിലും റെയിൽവേകളിലും മുനിസിപ്പാലിററികളിലും മററും ജോലിയെടുക്കുന്ന തൊഴിലാളികളുടെ ഇരുപതിലധികം ട്രെയ്ഡ്യൂനിയനുകൾ സംഘടിപ്പിച്ചു. വിദ്യാത്ഥികളുടേയും തൊഴിലാളികളുടേയും ഇടയിലുള്ള പ്രവത്തനം ഊജ്ജിതമാക്കി.

1922 മെയ് മാസത്തിൽ ഹാങ്ങ്ചോവിൽ വെച്ചു കമ്യൂണിസ്ററുപാർട്ടിയുടെ രണ്ടാംകോൺഗ്രസ്സു കൂടി. ഇതിൽവെച്ചു പാർട്ടിയുടെ ഭാവിപരിപാടികളെക്കുറിച്ച് ഒരു മാനിഫസ്റ്റോ അംഗീകരിക്കപ്പെട്ടു. ബൂർഷ്വാസിയെക്കുറിച്ചു നിലവിലുണ്ടായിരുന്ന മിതവാദനയത്തെ വിമർശിച്ചുകൊണ്ടു മാനിഫസ്റ്റോ താഴെപ്പറയുന്ന കാര്യങ്ങൾ ചൈനീസ് ജനതയുടെ മൌലികകടമകളായി പ്രഖ്യാപിച്ചു.

"അഭ്യന്തരകലഹങ്ങളവസാനിപ്പിക്കുക—യുദ്ധപ്രഭുക്കളെ തോല്പിച്ചു നാട്ടിൽ സമാധാനം സ്ഥാപിക്കുക—സാർവ്വദേശീയസാമ്രാജ്യത്വമർദ്ദനം അവസാനിപ്പിക്കുക—

ചൈനീസ് ജനതയ്ക്കു പരിപൂർണ്ണ സ്വാതന്ത്ര്യം നേടുക— ചൈനയെ ഒരു യഥാർത്ഥ ജനകീയറിപ്പബ്ലിക്കായി സംഘടിപ്പിക്കുക.” ഇങ്ങനെ ചൈനയുടെ ചരിത്രത്തിലാദ്യമായി ജനകീയ ജനാധിപത്യത്തിൻെറ മുദ്രാവാക്യം ഉയൎന്നു. കുറേയെല്ലാം വ്യക്തമായ രൂപത്തിൽ ജനാധിപത്യ വിപ്ലവത്തിൻെറ പരിപാടി അന്നാണു പ്രഖ്യാപിക്കപ്പെട്ടതു്.

ഹാങ്ങ്ചോവിലെ രണ്ടാംപാർട്ടി കോൺഗ്രസ്സിൽ വെച്ചു ചൈനീസ് കമ്യൂണിസ്ററുപാർട്ടി കമ്യൂണിസ്ററ് ഇൻറർനാഷനലിൽ ചേരാനുള്ള തീരുമാനവും എടുക്കുകയുണ്ടായി.

രണ്ടാംകോൺഗ്രസ്സിന്നുശേഷം പാർട്ടി, തൊഴിലാളികൾക്കിടയിലുള്ള പ്രവൎത്തനം കൂടുതൽ ഊർജ്ജിതമാക്കി. ചൈനയിലെ എല്ലാ തൊഴിലാളിപ്രസ്ഥാനങ്ങളേയും നിയന്ത്രിക്കാൻ ഒരു ട്രെയ്ഡ്യൂനിയൻ സിക്രട്ടേരിയററ് സ്ഥാപിക്കുകയും, 1922 മെയ് മാസത്തിൽത്തന്നെ ഒരഖിലചൈനാ ലേബർ കോൺഗ്രസ്സ് വിളിച്ചുകൂട്ടുകയും ചെയ്തു. 1922 ജനുവരി മുതൽ 1923 ഫെബ്രുവരിവരെയുള്ള കാലത്തു് ചൈനയിലാകമാനം തൊഴിലാളി പ്രക്ഷോഭങ്ങളുടെ ഒരു വമ്പിച്ച അലയടിയുണ്ടായി. വിപ്ലവം സാധാരണക്കാരൻെറ കൺമുമ്പിൽ സ്വന്തം ദൈനംദിനജീവിതത്തെ സാരമായി ബാധിക്കുന്ന ഒരു പ്രശ്നമായി വരികയായിരുന്നു. പ്രധാന നഗരങ്ങളിൽ ഒരു നൂറിൽ ചില്വാനം പണിമുടക്കങ്ങൾ നടന്നു. ഇവയിലൊട്ടാകെ മൂന്നുലക്ഷത്തിലധികം തൊഴിലാളികൾ പങ്കെടുത്തു. കമ്യൂണിസ്ററുപാർട്ടിയുടെ നേതൃത്വത്തിൽ നടന്ന ഈ പ

ണിമുടക്കങ്ങളിൽ മിക്കവെയും വിജയിക്കുകതന്നെ ചെയ്തു. കൂലി കൂട്ടതൽ, മനുഷ്യോചിതമായ പെരുമാററം, ലേബർ യൂനിയനുകളുടെ അംഗീകാരം, എന്നിവയ്ക്കുവേണ്ടിയാണു മിക്ക പണിമുടക്കങ്ങളും നടന്നതു്. അധികൃതന്മാർ പതിവുപോലെ മർദ്ദനങ്ങൾ കൊണ്ടു തൊഴിലാളികളുടെ അവശതകൾക്കു പരിഹാരം കാണാൻ ശ്രമിച്ചു.

ഫെബ്രുവരി 7

1923 ഫെബ്രുവരിയിൽ പെക്കിങ്ങ്-ഹാങ്കോ റെയിൽവെത്തൊഴിലാളികളുടെ ട്രെയ്ഡ്യൂനിയൻ ഉൽഘാടനയോഗത്തെ പോലീസ് ബലാൽക്കാരമായി തടഞ്ഞു. തൊഴിലാളികൾ പ്രതിഷേധ പണിമുടക്കം നടത്തി. ഭരണമേധാവികൾ പട്ടാളത്തെ അയച്ചു വെടിവെച്ചുനടത്തി. നാല്പതുപേർ കൊല്ലപ്പെട്ടു. നൂറുനൂറു തൊഴിലാളികൾക്കു പരിക്കേററു. ഈ സംഭവം "ഫെബ്രുവരി 7-ൻെറ കൂട്ടക്കൊല" എന്നപേരിൽ അറിയപ്പെടുന്നു.

റെയിൽവെത്തൊഴിലാളികളുടെ ഈ സുധീരസമരം—അതടിച്ചമർക്കപ്പെട്ടുവെങ്കിലും—ചൈനയിൽ തൊഴിലാളിപ്രസ്ഥാനത്തിൻെറ സംഘടനാശക്തിക്ക് ഒരുത്തമദൃഷ്ടാന്തമായിരുന്നു. ഇതിന്നുശേഷം ചൈനയിൽ തൊഴിലാളിവർഗ്ഗത്തിൻേറയും കമ്യൂണിസ്ററുപാർട്ടിയുടേയും അന്തസ്സ് ക്രമാതീതമായി വർദ്ധിച്ചു. ഈ കൂട്ടക്കൊല തൊഴിലാളിവർഗ്ഗത്തിന്നും അതിൻെറ സമരമുന്നണിയായ കമ്യൂണിസ്ററുപാർട്ടിക്കും നല്ലൊരു പാഠം കൂടിയായിരുന്നു. കരുത്തുള്ള ചില ബന്ധുക്കളുടെ സഹായവും സ്വന്തമായ സായുധപട്ടാളവുമില്ലാതെ, ജനാധിപത്യ നീതിക

ളൊന്നുമില്ലാത്ത ഒരു പരിതഃസ്ഥിതിയിൽ, തങ്ങളെ കീഴമർത്തുന്നതിന്ന് ആയുധശക്തിയുപയോഗിക്കുന്ന പിന്തിരിപ്പൻ ശത്രുക്കളോടെതിരിടുവാൻ സാദ്ധ്യമല്ലെന്ന് അവർ മനസ്സിലാക്കി.

വിപ്ളവം വിജയകരമായി പര്യവസാനിക്കണമെങ്കിൽ ചൈനീസ് ജനതയുടെ വമ്പിച്ച ഭാഗം വരുന്ന കൃഷിക്കാർ, പെററിബൂർഷ്വാസി, സാമ്രാജ്യത്വത്തിന്നും നാടുവാഴിപ്രഭുത്വത്തിന്നും എതിരായുള്ള ജനാധിപത്യബൂർഷ്വാസി എന്നിവരുമായി സഹകരിച്ചേ മതിയാവൂ എന്നവർക്കു ബോധപ്പെട്ടു.

# 5

## ഐക്യമുന്നണി

1922-ലെ കമ്യൂണിസ്റ്റ്പാർട്ടി കോൺഗ്രസ്സ് തൊഴിലാളിപ്രസ്ഥാനത്തെ ശക്തിപ്പെടുത്തേണ്ടതിൻെറ ഗൌരവം മനസ്സിലാക്കിയിരുന്നുവെങ്കിലും തൊഴിലാളിവർഗ്ഗത്തെപ്പോലെതന്നെ അദ്ധ്വാനിച്ചു വിയർപ്പു വീഴ്ത്തുന്ന കൃഷകബഹുജനങ്ങളെപ്പററി മൌനമവലംബിക്കുകയാണു ചെയ്തതു്. 1920-ൽതന്നെ കമ്യൂണിസ്റ്റ് ഇൻററർനാഷനലിൻെറ രണ്ടാംകോൺഗ്രസ്സിൽവെച്ചു് ലെനിൻ പറയുകയുണ്ടായി:—

"കൊളോണിയൽ ആശ്രിതരാജ്യങ്ങളിലെ ജനസംഖ്യയിൽ ബഹുഭൂരിപക്ഷവും കൃഷിക്കാരാണു്. അവർ മുതലാളിത്തസാമൂഹ്യബന്ധങ്ങളെയാണു് പ്രതിനിധീകരിക്കുന്നതു്. ഇത്തരം രാജ്യങ്ങളിൽ തൊഴിലാളിവർഗ്ഗപ്പാർട്ടികൾക്കു് വളർന്നുവരുവാൻ കഴികയാണെങ്കിൽത്തന്നെ......അവിടങ്ങളിൽ കർഷകപ്രസ്ഥാനത്തെ പിൻതാങ്ങാതെ, കർഷകപ്രസ്ഥാനവുമായി സുനിശ്ചിതമായ ബന്ധങ്ങൾ പുലർത്തിപ്പോരാതെ, കമ്യൂണിസ്റ്റ് അടവുകളും കമ്യൂണിസ്റ്റ് നയവും അനുസരിക്കാൻ കഴിയുമെന്നു വിചാരിക്കുന്നതു് വെറും മനപ്പായസം കുടിക്കലാണു്.

"കൊളോണിയൽപ്രസ്ഥാനത്തിലെ ബൂർഷ്വാജനാധിപത്യവിഭാഗങ്ങളുമായി യോജിച്ചുകൊണ്ടു പ്രവർത്തി

ക്കേണ്ടതു് അത്യാവശ്യമാണു്. പക്ഷെ, ഒരൊററ വ്യവസ്ഥയിന്മേൽ മാത്രം. വിപ്ലവകാരിയായ തൊഴിലാളിവർഗ്ഗത്തിന്നു് അതിൻെറ സ്വന്തവും പ്രത്യേകവുമായ പരിപാടിക്കുവേണ്ടി, അതിൻെറ സ്വന്തം നയത്തിന്നുവേണ്ടി, പോരാടാനുള്ള കഴിവുണ്ടായിരിക്കണം. തൊഴിലാളിവർഗ്ഗം പൊതുവായ പ്രസ്ഥാനത്തിൻെറ ഒഴുക്കിൽ സ്വയമങ്ങു് ലയിക്കാനോ അലിഞ്ഞുചേരാനോ പാടുള്ളതല്ല."

### വഴിപിഴച്ച ചിന്താഗതികൾ

1923 ജൂണിൽ കാൻടണിൽവെച്ചു് ചേൎന്ന മൂന്നാം പാർട്ടികോൺഗ്രസ്സ് മേൽപറഞ്ഞ തെററുകൾക്കു്, അഥവാ അപൂൎണ്ണതകൾക്കു്, പരിഹാരം കണ്ടു. മേൽ ഉദ്ധരിച്ച ലെനിൻെറ സിദ്ധാന്തങ്ങളെ മുൻനിൎത്തി, കൎഷകപ്രസ്ഥാനത്തിന്നു് ജനാധിപത്യവിപ്ലവത്തിൽ അതർഹിക്കുന്ന സ്ഥാനം നൽകുവാനും, തൊഴിലാളിവർഗ്ഗത്തിൻെറ വ്യക്തിത്വം നിലനിൎത്തിക്കൊണ്ടുതന്നെ മററു ജനാധിപത്യശക്തികളുമായി സഹകരിച്ചു പ്രവൎത്തിക്കുവാനും വേണ്ട തീരുമാനങ്ങൾ പാർട്ടി അംഗീകരിച്ചു.

ഈ കോൺഗ്രസ്സിൽ 300 മെമ്പർമാരെ പ്രതിനിധീകരിച്ചുകൊണ്ടു് 20 പേർ പങ്കെടുത്തു. ഈ സമ്മേളനത്തിൽ വെച്ചാണു്, ഇന്നു് ചൈനയുടെ അനിഷേധ്യ നേതാവായിട്ടുള്ള സഖാവു് മാവോ-സെ-തുങ്ങിനെ പാർട്ടിയുടെ കേന്ദ്രക്കമ്മററിയിലേയ്ക്കു് തെരഞ്ഞെടുത്തതു്.

മൂന്നാംപാർട്ടികോൺഗ്രസ്സിൻെറ ഒരു പ്രധാന പ്ര

വൃത്തിവിപ്ലവശക്തികളെ ബൂഷ്വാസിക്കടിയറവെയ്ക്കുന്ന തരത്തിലുള്ള ചെൻതൂ-സ്യൂവിൻെറ വഴിപിഴച്ച ചിന്താഗതിയെ എതിർക്കുക എന്നതായിരുന്നു. ബൂഷ്വാജനാധിപത്യവിപ്ലവം നയിക്കേണ്ടതു് ബൂഷ്വാസിയാണു്; എല്ലാ പ്രവൎത്തനങ്ങളുടേയും നിയന്ത്രണം ക്വമിന്താങ്ങിന്നു് വിട്ടുകൊടുക്കുകയാണു വേണ്ടതു്; ബൂഷ്വാജനാധിപത്യവിപ്ലവത്തിൽ തൊഴിലാളിവൎഗ്ഗത്തിൻെറ പങ്കു് നേതൃത്വമല്ല, ബൂഷ്വാസിയുടെ നേതൃത്വത്തിൻകീഴിൽ അനുസരണപൂൎവ്വം സമരം ചെയ്യലാണു്; ബൂഷ്വാജനാധിപത്യവിപ്ലവത്തിൻെറ വിജയത്തിന്നുശേഷം, രാജ്യം മുതലാളിത്തരീതിയിൽ കുറെ അഭിവൃദ്ധിപ്പെട്ടശേഷം, തൊഴിലാളിവൎഗ്ഗനേതൃത്വത്തിൽ വിപ്ലവം നടത്തുകയും തൊഴിലാളിവൎഗ്ഗസൎവ്വാധിപത്യം സ്ഥാപിക്കുകയും ചെയ്യാം- ഇങ്ങനെ പരസ്പരബന്ധമില്ലാത്ത രണ്ടു വിപ്ലവങ്ങളുടെ അടിസ്ഥാനത്തിലുള്ള ഒരു വികടസിദ്ധാന്തമാണു് ചെൻതൂസ്യൂവും കൂട്ടരും ഉന്നയിച്ചതു്.

ഇതുപോലെതന്നെ വഴിപിഴച്ച മറെറാരു ചിന്താഗതികൂടി ഉണ്ടായിരുന്നു. ചാങ്ങ്കോതാവോവിൻെറ ഈ അഭിപ്രായങ്ങൾ ആദ്യത്തേതിൻെറ നേരെ വിപരീതമായിരുന്നു. കമ്യൂണിസ്റ്റ്പാൎട്ടി ക്വമിന്താങ്ങുമായി സഹകരിക്കാൻ പാടില്ല; കാരണം തൊഴിലാളിവൎഗ്ഗത്തിന്നുമാത്രമെ ജനാധിപത്യവിപ്ലവം നയിക്കാൻ കഴിയൂ, ക്വമിന്താങ്ങിന്നു കഴിവില്ല.

ഈ തെററായ വഴിതിരിവുകളെ. പാൎട്ടികോൺഗ്രസ്സ് നിശിതമായി വിമൎശിച്ചു. ക്വമിന്താങ്ങിനോ കമ്യൂണിസ്റ്റ്പാൎട്ടിയും മറെറല്ലാ ജനാധിപത്യശക്തികളും അ

ടങ്ങുന്ന ഒരു ജനാധിപത്യഐക്യമുന്നണിയാക്കി മാററാനും അതേസമയത്തുതന്നെ കമ്യൂണിസ്റ്റ്പാർട്ടിയുടേയും തൊഴിലാളിവർഗ്ഗത്തിന്റേയും സംഘടനാപരവും രാഷ്ട്രീയവുമായ സ്വാതന്ത്ര്യവും വ്യക്തിത്വവും നിലനിത്താനും കോൺഗ്രസ്സ് തീരുമാനിച്ചു.

**സൺയാത്സെനും സോവിയററുയൂനിയനും**

പൊതുശത്രുവിന്നെതിരായി യോജിച്ചു പ്രവത്തിക്കേണ്ടതിന്റെ ആവശ്യകത സൺയാററ്സെനും മനസ്സിലാക്കിയിരുന്നു. 1911-ലെ വിപ്ലവം വഞ്ചിക്കപ്പെട്ടതിന്നുശേഷം, ക്രമിന്താങ്ങിൽ കൂടിച്ചേന്നിരുന്ന പല കക്ഷികളും സാമ്രാജ്യത്വമേധാവികളുടേയും യുദ്ധപ്രഭുക്കളുടേയും സേവകന്മാരായി മാറി. സൺയാററ്സെന്നും ഏതാനും അനുയായികളും മാത്രം യഥാൎത്ഥ ജനാധിപത്യത്തിന്നുവേണ്ടി തുടന്നു പ്രവൎത്തിച്ചുകൊണ്ടിരുന്നു. ചൈനയിൽ പുതിയ വിപ്ലവശക്തികളുടെ ആവിർഭാവം, മെയ് 4 പ്രസ്ഥാനം, കമ്യൂണിസ്റ്റ്പാർട്ടിയുടെ അനിതരസാധാരണമായ വളർച്ച, ഇവയെല്ലാം സണ്ണിന്റെ ശ്രദ്ധയെ ആകർഷിച്ചു. മാത്രമല്ല, ഒക്ടോബർ വിപ്ലവത്തിന്റെ വിജയവും സോവിയററുയൂനിയൻ ചൈനയുടെ നേരെ അനുവത്തിച്ചുപോന്ന നയവും അദ്ദേഹത്തെ ഇരുത്തി ചിന്തിപ്പിച്ചു.

മുതലാളിത്തരാജ്യങ്ങളെല്ലാം ചൈനയെ കൊള്ളയടിക്കാനും കോളണിയാക്കി വെയ്ക്കാനും വെമ്പൽ കൊ

ണ്ടപ്പോഠം സോവിയററുയൂനിയൻ മാത്രമാണു് ചൈനയു ടെ സ്വാതന്ത്ര്യസമരത്തിന്നു് സഹായങ്ങളും പ്രോത്സാഹനങ്ങളും നൽകിയതു്. സോവിയററുയൂനിയന്നുമാത്രം ചൈനയിൽ സ്വാർത്ഥപരമായ യാതൊരു ദുരുദ്ദേശ്യവുമില്ലെന്നും സോവിയററുരാഷ്ട്രം മാത്രമാണു് തൻെറ രാജ്യത്തിൻെറ യഥാർത്ഥബന്ധുവെന്നും സൺ മനസ്സിലാക്കി. ഇതാണു് സോവിയററുയൂണിയനും സൺയാത്സെന്നിൻെറ നേതൃത്വത്തിലുള്ള കോമിന്താങ്ങും തമ്മിലുണ്ടായ സഹകരണത്തിൻെറ അടിസ്ഥാനം. വിദേശീയശക്തികളേയും പിന്തിരിപ്പന്മാരേയും തോല്പിച്ചു നശിപ്പിക്കണമെങ്കിൽ അവക്കെതിരായി എല്ലാ ജനങ്ങളേയും അണിനിരത്തണമെന്നും അതിന്നു പററിയ ഒരു കാര്യപരിപാടിയാവശ്യമാണെന്നും അദ്ദേഹത്തിന്നു ബോധപ്പെട്ടു. പരിപൂർണ്ണസ്വാതന്ത്ര്യം, ജനാധിപത്യം, ജനങ്ങളുടെ സുഖജീവിതം എന്നീ മൂന്നു മൌലികാവശ്യങ്ങഠം അദ്ദേഹം സ്വീകരിച്ചു. ഈ ലക്ഷ്യത്തിലെത്താൻ, സാമ്രാജ്യവാദത്തെ എതിൎക്കുക, സോവിയററുയൂനിയനുമായി പരിപൂർണ്ണസഹകരണം, രാജ്യത്തിലെ തൊഴിലാളി കൃഷക പ്രക്ഷോഭങ്ങഠക്കു് സഹായം, എന്നിങ്ങനെ മൂന്നു പ്രവർത്തനപരിപാടികളും അദ്ദേഹം മുന്നോട്ടു കൊണ്ടുവന്നു. ഈ അടിസ്ഥാനത്തിൽ അദ്ദേഹം കോമിന്താങ്ങിനെ പുനഃസ്സംഘടിപ്പിക്കാനും ശക്തിപ്പെടുത്താനുമുറച്ചു. രാജ്യത്തിൻെറ സ്വാതന്ത്ര്യത്തെയും പുരോഗതിയേയും അനുകൂലിക്കുന്ന എല്ലാ പാർട്ടികളുമായും സഹകരിക്കാൻ അദ്ദേഹം തീരുമാനിക്കുകയും അത്തരം പാർട്ടികളെയെല്ലാം കോമിന്താങ്ങിൽ ചേരാൻ ക്ഷണിക്കുകയും ചെയ്തു.

അപ്പോഴേയ്ക്കും, ചൈനയിലെ തൊഴിലാളി കൎഷക പ്രക്ഷോഭങ്ങളുടെ മുന്നിൽ നിന്നിരുന്ന കമ്യൂണിസ്റ്റ്പാർട്ടി ഒരു പ്രബല രാഷ്ട്രീയകക്ഷിയായി വളൎന്നുകഴിഞ്ഞിരുന്നു. സൺയാത്സെൻെറ ആഹ്വാനമനുസരിച്ചു്, പാർട്ടി അതിൻെറ മൂന്നാംകോൺഗ്രസ്സിൽവെച്ചു്, കോമിന്താങ്ങിൽ ചേരാൻ തീരുമാനിച്ചു.

**ഐക്യമുന്നണിയ്ക്കുകീഴിൽ**

ഇതിനെത്തുടൎന്നാണ് ക്വമിന്താങ്ങിൻെറ ആദ്യത്തെ ദേശീയകോൺഗ്രസ്സ് 1924 ജനുവരിയിൽ കാൻടണിൽ സമ്മേളിച്ചതു്. ഇതു വിളിച്ചുകൂട്ടുന്നതിൽ സൺയാത്-സെനോടൊപ്പം കമ്യൂണിസ്റ്റ്പാർട്ടിമെമ്പർമാരും പങ്കുചേൎന്നു. സമ്മേളനം ഒരു മാനിഫെസ്റ്റോ പ്രസിദ്ധം ചെയ്തു. ഒരു യഥാർത്ഥ ജനാധിപത്യവിപ്ലവത്തിന്നുള്ള പരിപാടിയും, ക്വമിന്താങ്ങ്സംഘടനയെത്തന്നെ ഉടച്ചുവാൎത്തു വിപ്ലവപരമാക്കിത്തീൎക്കേണ്ടതിന്നുള്ള വ്യക്തമായ നിർദ്ദേശങ്ങളും അതിൽ അടങ്ങിയിരുന്നു.

ഈ കോൺഗ്രസ്സ്, വാസ്തവത്തിൽ, ഒരു പുതിയ വിപ്ലവകോളിളക്കത്തിൻെറ തുടക്കമായിരുന്നു. കോമിന്താങ്ങും കമ്യൂണിസ്റ്റ്പാർട്ടിയുമായുണ്ടായ സഖ്യം, നാട്ടിൽ പലയിടങ്ങളിലായി ചിന്നിച്ചിതറിക്കിടന്നിരുന്നതും, യാതൊരു പ്രവൎത്തനപരിപാടിയുമില്ലാതെ മന്ദീഭവിച്ചുകൊണ്ടിരുന്നതുമായ വിപ്ലവശക്തികൾക്ക് ഒരു പുതിയ ഉത്തേജനവും പ്രവൎത്തനോത്സുകതയും നൽകി. എല്ലാ വിപ്ലവകക്ഷികളേയും അതു കൂട്ടിയിണക്കി. സാ

മ്രാജ്യത്വത്തിന്നും നാടുവാഴിത്തത്തിന്നുമെതിരായ സമരത്തിന്ന് സുശക്തവും സംഘടിതവുമായ ഒരു സന്നദ്ധസേന നാട്ടിൽ വളൎന്നുവന്നു.

കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ അഭിപ്രായമനുസരിച്ച്, അതിൻെറ സഹായത്തോടുകൂടി, കാൻറൺ സംസ്ഥാനത്തിൽ ഒരു വിപ്ലവഗവണ്മെൻറും സൈനികപരിശീലനകേന്ദ്രവും സ്ഥാപിക്കപ്പെട്ടു. ഇതോടൊപ്പംതന്നെ ഒരു ദേശീയ അസംബ്ലി വിളിച്ചുകൂട്ടുന്നതിന്നും വിദേശശക്തികളുമായി ഏർപ്പെട്ടിട്ടുള്ള എല്ലാ അടിമത്തസന്ധികളേയും പിച്ചിക്കീറിക്കളയാനുമുള്ള ഒരു വമ്പിച്ച ദേശവ്യാപിയായ പ്രക്ഷോഭം ആരംഭിച്ചു. കാൻറൺ സംസ്ഥാനത്തിലെ പിൻതിരിപ്പൻശക്തികളുടെ നേരേ തുറന്നയുദ്ധം പ്രഖ്യാപിക്കപ്പെട്ടു. ചൈനയാകമാനം, പ്രത്യേകിച്ചും സമരപാരമ്പര്യമുള്ള തെക്കൻചൈന, ഒരു പുതിയ വിപ്ലവാന്തരീക്ഷത്തിലേയ്ക്കു നീങ്ങി.

കാൻറണിൽ സ്ഥാപിതമായ "വാംപോങ്മിലിററി അക്കാഡ"മിയിൽ പരിശീലനം നൽകുന്നതിന്ന് സൺയാത്സെൻ സോവിയററുയൂനിയനിൽനിന്ന് വിദഗ്ദ്ധന്മാരേ വരുത്തി. ഇവരിൽ ഒരാളായ 'ഗാലൻ' കോമിന്താങ്ങിനേയും കമ്മ്യൂണിസ്റ്റ്പാർട്ടിയേയും പുതിയ രീതിയിൽ പുനസ്സംഘടിപ്പിച്ചു. ഇങ്ങനെ സോവിയാററുയൂനിയനുമായി സൌഹാർദ്ദപരമായ ബന്ധം തുടൎന്നതിൻെറ ഫലമായി ചൈനയിലെ വിപ്ലവപ്രസ്ഥാനത്തിന്ന് സൈനികവും സംഘടനാപരവുമായ പല നേട്ടങ്ങളുമുണ്ടായി. 1925 മാർച്ചിൽ, തൻെറ മരണത്തിന്ന് അല്പം

മുമ്പ് സോവിയററുയൂനിയനുള്ള ഒരു സൌഹാർദ്ദ സന്ദേശത്തിൽ സൺയാത്-സെൻ ഇങ്ങനെയെഴുതി:—

"ഭാവിയിലെ നിരവധി സ്വതന്ത്രറിപ്പബ്ലിക്കുകളുടെ നേതാവും സമരമുന്നണിയും നിങ്ങളാണ്. ആ മഹത്തായ ദേശീയഫെഡറേഷൻ, നിങ്ങളുടെ അനശ്വരനായ ലെനിൻ ലോകത്തിലെ മുഴുവൻ മർദ്ദിതജനതയ്ക്കും വേണ്ടി തീറെഴുതിക്കൊടുത്ത ഒരമൂല്യസ്വത്താണ്. സാമ്രാജ്യനരകത്തിൽക്കിടന്ന് അടിമത്തമനുഭവിക്കുന്ന കോടിക്കണക്കിലുള്ള ജനവിഭാഗങ്ങൾ നിങ്ങളുടെനേർക്ക് നോക്കിക്കൊണ്ട് സ്വന്തം സ്വാതന്ത്ര്യം നേടുവാനുള്ള ആശയും വിശ്വാസവും നേടുകയാണ്. അങ്ങനെ അവർ ചിരകാലമായി നിലനിന്നുവരുന്ന, അടിമത്തയുദ്ധങ്ങളിന്മേൽ അടിയുറച്ചുനിൽക്കുന്ന, ഇന്നത്തെ അന്താരാഷ്ട്രീയവ്യവസ്ഥിതിയുടെ ചങ്ങലക്കെട്ടുകളിൽനിന്നും സ്വയം വിമുക്തി നേടുവാൻ പ്രയത്നിക്കുകയാണ്. എൻെറ കാലശേഷം ഞാനിവിടെ വിട്ടുപോകുന്നത് ക്യമിന്താങ്ങ മാത്രമാണ്. വരാനിരിക്കുന്ന കാലങ്ങളിൽ ചൈനയിൽനിന്ന് സാമ്രാജ്യത്വത്തെ തുരത്തുകയും മററു മർദ്ദിതരാഷ്ട്രങ്ങളെ സ്വയം വിമുക്തരാവാൻ സഹായിക്കുകയും ചെയ്യുകയെന്ന സ്വന്തം കടമ നിറവേററുന്നതിൽ ക്യമിന്താങ്ങ് കഴിയുന്നതു നിങ്ങളുമായി സഹകരിക്കുമെന്നാണെൻെറ ആശ. നിങ്ങളുമായി ശാശ്വതസഹകരണം സ്ഥാപിക്കാൻ ഞാൻ ക്യമിന്താങ്ങിനെ നിർദ്ദേശിച്ചിട്ടുണ്ട്. അതേസമയത്ത്, നിങ്ങളുടെ ഗവമ്മെൻറ് ഇന്നു തരുന്ന സഹായസഹകരണങ്ങൾ ഒട്ടും ഇളക്കമില്ലാതെ സന്തോഷപൂർവ്വം തുടരുമെന്നും ഞാൻ ആത്മാർത്ഥമായി വിശ്വസി

ക്കുന്നു. പ്രിയസഖാക്കളേ, നിങ്ങളുമായി അന്ത്യയാത്ര പറയുന്നതിന്നുമുമ്പ് അധികം താമസിയാതെ, പ്രഭാതം വന്നുചേരുമെന്ന് എന്റെ ആശ പ്രകടിപ്പിക്കാൻ ഞാനാഗ്രഹിക്കുന്നു. സ്വതന്ത്രവും സുശക്തവുമായ ഒരു ചൈനയെ ഒരു നല്ല സുഹൃത്തും ബന്ധുവുമെന്ന നിലയിൽ സോവിയററുയൂനിയൻ സ്വാഗതം ചെയ്യേണ്ട അവസരമതായിരിക്കും. ലോകത്തിലെ മുഴുവൻ മർദ്ദിതജനതയേയും വിമോചിപ്പിക്കാനുള്ള മഹത്തായ സമരത്തിൽ ഈ രണ്ടു രാഷ്ട്രങ്ങളും വിജയം നേടുമെന്ന് എനിക്കുറപ്പുണ്ട്.”

സൻയാത്-സെൻ മരണമടഞ്ഞതിന്നുശേഷവും രണ്ടുകൊല്ലത്തോളം കാലം കോമിന്താങ്ങും കമ്യൂണിസ്ററു പാർട്ടിയും യോജിച്ചുകൊണ്ടു വിപ്ലവപ്രസ്ഥാനത്തെ മുന്നോട്ടു നയിച്ചു. പുതിയ കർഷകസംഘടനകളും ട്രെയ്ഡ്യൂനിയനുകളും പൊന്തിവന്നു.

### “മെയ് 30 പ്രസ്ഥാനം”

1925 മെയ് 15-ാനു- ഷാങ്ഹായിലെ ഒരു ജാപ്പാനീസ് കോട്ടൺമില്ലുടമസ്ഥൻ അവിടത്തെ ഒരു കമ്യൂണിസ്ററുതൊഴിലാളിയെ കൊലപ്പെടുത്തി. ശക്തിയായ തൊഴിലാളിപ്രക്ഷോഭം പൊട്ടിപ്പുറപ്പെടാൻ ഇതൊരു കാരണമായി. മെയ് 30-ാം തിയ്യതി ഈ കൊടുംപാതകത്തെ പ്രതിഷേധിച്ച് ഷാങ്ഹായിലെ തൊഴിലാളികൾ പണിമുടക്കം നടത്തി. വിദ്യാർത്ഥികളും അവരോടു ചേർന്ന്, ഒരു വമ്പിച്ച പ്രകടനം നടത്തി. നാങ്കിങ്ങ് റോഡിലൂടെ മുന്നോട്ടു നീങ്ങിയ പ്രകടനക്കാരുടെനേരേ ബ്രിട്ടീഷുപോലീസ് വെടിവെച്ചു. വളരെപ്പേർ മരിച്ചു. ഒട്ട

ധികം പേക്ക് മുറിവേററു. ഈ സംഭവം ഷാങ്ങ്ഹായ് പട്ടണത്തെയിട്ടൊന്നു കലുക്കി. നിത്യേനയെന്നോണം തൊഴിലാളികളുടേയും വിദ്യാൎത്ഥികളുടേയും പ്രകടനങ്ങൾ തുടൎന്നുവന്നു; കൂടെക്കൂടെ വെടിവെപ്പുകളും. വെടിവെപ്പുകളിൽ ബ്രിട്ടീഷ്-അമേരിക്കൻ-ജാപ്പു പോലീസുകാർ സഹകരിച്ചു പ്രവൎത്തിച്ചു. തൊഴിലാളികളുടെ അമർഷം ആളിക്കത്തി. അവർ ഒരു പൊതുപണിമുടക്കം പ്രഖ്യാപിച്ചു. ഒരൊററ വിദ്യാൎത്ഥിയും ക്ലാസിൽ കയറിയില്ല. ആ വലിയ നഗരത്തിലെ ഒരൊററ പീടികയെങ്കിലും തുറക്കപ്പെട്ടില്ല. സമരത്തിൻെറ അല രാജ്യത്തിൻെറ നാനാഭാഗങ്ങളിലേയ്ക്കും വ്യാപിച്ചു. ഹോങ്കോങ്ങിൽ പണിമുടക്കിയ തൊഴിലാളികൾ കാൻടണിലേയ്ക്കു പിൻവാങ്ങി ഹോങ്കോങ്ങിൻെറ ദീൎഘ ഫലപ്രദമായ ഒരുപരോധം നടപ്പിലാക്കി, അതിനെ നിൎജ്ജീവമാക്കി. ഹോങ്കോങ്ങ് തൊഴിലാളികൾ, കാൻടണിലെ തൊഴിലാളികളോടും വിദ്യാൎത്ഥികളോടും സൈനിക പരിശീലനകേന്ദ്രത്തിലെ വിദ്യാൎത്ഥികളോടും കൂടിച്ചേൎന്ന് ജൂൺ 23-ാംതിയ്യതി ഒരു വമ്പിച്ച പ്രകടനം നടത്തി. ബ്രിട്ടീഷുയുദ്ധക്കപ്പലുകൾ തുരുതുരെ വെടിയുണ്ടയുതിൎത്തു. അനേകം പേർ മരിച്ചു. മുറിയേററവൎക്കു കണക്കില്ല. സാമാന്യജനങ്ങൾ ഇത്രയധികം ഇളകിവശായ മറെറാരു പ്രക്ഷോഭം ചൈനയുടെ ചരിത്രത്തിൽ മുമ്പൊരിക്കലും ഉണ്ടായിട്ടില്ല. ജനങ്ങൾ ബ്രിട്ടീഷു-ജാപ്പു സാമാനങ്ങളെ തീരെ ബഹിഷ്ക്കരിച്ചു. കൊലപാതകികളെ ശിക്ഷിക്കുക, മരിച്ചവരുടെ കുടുംബങ്ങൾക്കു നഷ്ടപരിഹാരം നൽകുക, വിദേശീയർ മാപ്പു ചോദിക്കണം, കുടിയേറിപ്പാൎപ്പുകാർ തിരിച്ചുപോക

ണം, വിദേശപ്പട്ടാളങ്ങളെ ഉടൻ പിൻവലിക്കണം എന്നീ ആവശ്യങ്ങൾ രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളിൽനിന്നും പൊന്തിവന്നു.

പക്ഷേ, ഭരണാധികാരത്തിലിരുന്ന യുദ്ധപ്രഭുക്കളും കേന്ദ്രഗവൺമെണ്ടും ജനശത്രുക്കൾക്കു കീഴ്‌വഴങ്ങി, ഈ ജനകീയപ്രക്ഷോഭങ്ങളെ അടിച്ചമർത്താൻ വിദേശ കൊലയാളികൾക്ക് ഒററുനിന്നു. വിപ്ലവകാരികളുടെ ഭാഗം ചേർന്ന് അവർക്ക് സഹായസഹകരണങ്ങൾ നൽകിയതു് കാൻ്റണിലെ വിപ്ളവഗവൺമെണ്ടു മാത്രമാണ്. അങ്ങനെ ഈ പ്രക്ഷോഭങ്ങൾ നിർദ്ദയം അടിച്ചമർക്കപ്പെട്ടു.

"മെയ് 30 പ്രസ്ഥാനം" എന്ന പേരിലറിയപ്പെട്ട ഈ സമരം ചൈനീസ് വിപ്ലവചരിത്രത്തിലെ അതിപ്രധാനമായ ഒരു സംഭവമാണ്. ഇതെപ്പററി കമ്യൂണിസ്റ്റ് ഇൻറർനാഷനലിൻെറ ആറാം കോൺഗ്രസ്സ് ഇങ്ങനെ അഭിപ്രായപ്പെടുകയുണ്ടായി. "ഷാങ്ഹായ്-ഹോങ്കോങ്ങ് തൊഴിലാളികളുടെ രാഷ്ട്രീയ പണിമുടക്കുകൾ (ജൂൺ-സപ്തെമ്പർ) ചൈനയിലെ ദേശീയവിമോചനസമരത്തിലെ പുതിയൊരു പതനത്തെ, വഴിതിരിവിനെ, യാണു കുറിക്കുന്നതു്. ഇതിൽ തൊഴിലാളിവർഗ്ഗത്തിൻെറ പ്രവർത്തനം ചൈനയിലെ വിപ്ളവ ശക്തികളെ ഒന്നിച്ചു സംഘടിപ്പിച്ചു പ്രവർത്തിപ്പിക്കുന്നതിന്നു വളരെയധികം ഉപയുക്തമായിത്തീർന്നിട്ടുണ്ടു്."

### വടക്കൻയുദ്ധയാത്ര (ഒന്നാംവിപ്ലവാഭ്യന്തരയുദ്ധം)

കാൻ്റൺ ഗവൺമെണ്ടിൻെറ സഹകരണംമൂലം, ആ സംസ്ഥാനത്തിൽ സമരം 16 മാസങ്ങളോളം നീണ്ടു

നിന്നു. വിപ്ലവത്തിൻെറ തീ, മേലിൽ കെട്ടത്താനാവാത്തവിധം, അവിടെ ഓരോ ഉൾപ്രദേശത്തിലും പടന്നുപിടിച്ചു. അവിടത്തെ യുദ്ധപ്രഭുക്കളുടെ നേരേ മുമ്പുതന്നെ ആരംഭിച്ചിരുന്ന യുദ്ധവും ഈ ജനകീയപ്രക്ഷോഭവും കൂടിച്ചേൎന്നപ്പോൾ ക്വാങ്ങ്തങ്ങ് സംസ്ഥാനം മുഴുവൻ വിമോചിതമായി. പുതിയ മിലിററി അക്കാഡമിയിൽ നിന്നു പരിശീലനം സിദ്ധിച്ച സേനാവിഭാഗങ്ങളടങ്ങിയ ഒരു സൈന്യം ഐക്യമുന്നണിയുടെ നേതൃത്വത്തിൽ വടക്കോട്ടു യാത്രയാരംഭിച്ചു. ഇതിന്നു് "വടക്കൻയുദ്ധയാത്രാസൈന്യം" എന്ന പേർ വീണു. 1926 ജൂലായ് മാസത്തിലായിരുന്നു ഈ യാത്രയാരംഭിച്ചതു്. വഴിക്കുള്ള യുദ്ധപ്രഭുക്കളെ ഒതുക്കിക്കൊണ്ടു വടക്കോട്ടു പോയി പെക്കിങ്ങ് പിടിക്കുകയും, അവിടത്തെ പിന്തിരിപ്പൻ ഗവമ്മെണ്ടിനേ തകൎക്കുകയുമായിരുന്നു ഈ സൈന്യത്തിൻെറ ലക്ഷ്യം. കമ്യൂണിസ്ററുകാരുടേയും കോമിന്താങ്ങിലെ ഇടതുപക്ഷ വിപ്ലവകാരികളുടേയും ധീരസമരംകൊണ്ടു് ഈ സേന, വിജയത്തിന്നുശേഷം വിജയം വരിച്ചുകൊണ്ടു്, മുന്നോട്ടു നീങ്ങി. ഇടയ്ക്കു പല യുദ്ധപ്രഭുക്കളും തട്ടിത്തടഞ്ഞു വീണു. 1926 സപ്തെമ്പറിൽ വടക്കൻ യുദ്ധയാത്രാസൈന്യം ഹാങ്കോ പിടിച്ചു. 1927-ൽ വിപ്ലവസേന ഷാങ്ങ്ഹായ് പട്ടണം പിടിച്ചടക്കാൻ നടത്തിയ പരിശ്രമത്തോടൊപ്പം കമ്യൂണിസ്ററുപാർട്ടി അവിടെ തൊഴിലാളികളുടെ മൂന്നു കലാപങ്ങൾ സംഘടിപ്പിച്ചു. അവിടത്തേ തൊഴിലാളിവർഗ്ഗം ഒന്നായി സൈനികപ്രവൎത്തനത്തിന്നു പിന്നിൽ അണിനിരന്നു.

ഇങ്ങനെ സമരത്തിലൂടെ ഐക്യം സ്ഥാപിച്ചുകൊ

ണ്ടു സാധാരണക്കാരുടെയിടയിൽ വിപ്ലവവീര്യം പരത്തിക്കൊണ്ടു ചൈനീസ് സ്വാതന്ത്ര്യസമരം വളരെവേഗം പുരോഗതിപ്പെട്ടു വന്നു. വടക്കൻ യുദ്ധയാത്രയിൽ ജീവിതം പുല്ലാക്കിക്കൊണ്ടു മുന്നേറുന്നതിൽ കോമിന്താങ്ങിലെ പുരോഗമനവിഭാഗവും കമ്യൂണിസ്ററുകാരും കാണിച്ച അചഞ്ചലമായ ധീരതയെ അഭിനന്ദിച്ചുകൊണ്ട്, വാംപോആ അക്കാഡമി സോവനീർ ആൽബത്തിലെ മുഖവുരയിൽ ചിയാങ്ങ്കായ് ഷേക്കുതന്നെ പറയുകയുണ്ടായി: കമ്യൂണിസ്ററുകാരും കോമിന്താങ്ങുകാരും അന്നു ചൊരിഞ്ഞ രക്തം വേർതിരിക്കുവാൻ കഴിയാത്തവിധമായിരുന്നുവെന്ന്!

1925—27-നിടയിൽ ചൈനയിലെ കൃഷകതൊഴിലാളിസംഘടനകളുടെ ശക്തിയും ഒട്ടധികം വർദ്ധിച്ചിരുന്നു. ട്രെയിഡ് യൂനിയനുകളുടെ മെമ്പർഷിപ്പ് 28 ലക്ഷമായും കിസാൻ സഭകളുടേതു് 95 ലക്ഷമായും വർദ്ധിച്ചു. കമ്യൂണിസ്ററുപാർട്ടിയും ഇതോടൊപ്പം വളർന്നു. മെയ് 30 പ്രസ്ഥാനത്തിന്നുമുമ്പ് 1925-ൽ ഏതാണ്ടു 900 മെമ്പർമാരുണ്ടായിരുന്നതു് ഇപ്പോൾ 57,900 ആയി. "തൊഴിലാളിവർഗ്ഗനേതൃത്വം ഒരാഗ്രഹമെന്ന നിലയിൽ നിന്ന് ഒരു യാഥാർത്ഥ്യമാക്കി മാററുവാൻ ചൈനീസുകമ്യൂണിസ്ററുപാർട്ടിക്കു സാധിച്ചതു് ഇക്കാലത്താണ്," എന്നു സ്റ്റാലിൻ ചൂണ്ടിക്കാണിക്കുകയുണ്ടായി.

# 6

## വിപ്ലവം വഞ്ചിക്കപ്പെടുന്നു

വടക്കൻ യുദ്ധയാത്രാസൈന്യത്തിന്റെ നായകൻ ചിയാങ്ങ്കായ്-ഷേക്ക് ആയിരുന്നു. സൺയാത്-സെന്റെ അനുയായികളിൽ ഒരാളായിരുന്നുവെങ്കിലും അയാൾക്ക് സണ്ണിന്റെ പുരോഗമനപരമായ വീക്ഷണഗതിയോ ബഹുജനശക്തിയിൽ വിശ്വാസമോ ഉണ്ടായിരുന്നില്ല. മാത്രമല്ല, ചൈനയിൽ പ്രസിദ്ധിപെററ നാലു ധനിക മൂഷകകുടുംബങ്ങളിൽ ഒന്നു് ചിയാങ്ങിന്റേതായിരുന്നു.(ബാക്കിയുള്ളവ ചെൻലിഫു,സൂങ്ങ്സെ-വി, കുങ്ങ്സിയാങ്ങ്-ഹിഎന്നിവരുടേയും.) കുഡുംബപരമായും സാമ്പത്തികപരമായും ഇവതമ്മിൽ അടുത്ത ബന്ധമുണ്ടായിരുന്നു. ചൈനയുടെ വൻകിട ദേശീയവ്യവസായങ്ങൾ മുക്കാൽഭാഗവും ഈ നാലു കുടുംബങ്ങളുടെ പിടിയിലായിരുന്നതുകൊണ്ടു് ചിയാങ്ങ്കായ്-ഷേക്ക് വാസ്തവത്തിൽ ചൈനയിലെ ദേശീയബൂഷ്വാസിയുടെ പ്രതിനിധിയായിരുന്നു.

### കോമിന്താങ്ങ്നേതൃത്വം ചേരിമാറുന്നു

1925-നുശേഷമുണ്ടായ ബഹുജനങ്ങളുടെ തള്ളിക്കയററം യുദ്ധപ്രഭുക്കളേയും ജന്മിമാരേയും മാത്രമല്ല അമ്പരപ്പിച്ചതു്. ദേശീയബൂഷ്വാസിക്കിടയിലും അതു് വിപ

രീതമായ പ്രത്യാഘാതങ്ങൾ ഉളവാക്കി. അവർ കമ്മ്യൂണിസ്റ്റ്പാർട്ടിയുടേയും തൊഴിലാളിസംഘടനകളുടേയും വർദ്ധിച്ചുവന്ന സ്വാധീനശക്തി കണ്ടു ഭയന്നു. ഉൾപ്രദേശങ്ങളിൽ യുദ്ധപ്രഭുക്കളുടെ സൈനികസ്വാധീനത തകർന്നുവരികയും കൃഷകസംഘടന വിപുലമായിത്തീരുകയും ചെയ്തപ്പോൾ ജന്മിമാർക്ക് നില്ക്കക്കള്ളിയില്ലാതായി. അവർ പട്ടണങ്ങളിലേയ്ക്കോടി അവിടെ കൃഷിക്കാർ നടത്തുന്ന 'കയ്യേററ'ങ്ങളെപ്പററി കള്ളപ്രചാരവേലകളാരംഭിച്ചു.

ഇങ്ങനെ ചൈനയിലെ ദേശീയബൂർഷ്വാസിയേയും വൻകിടജന്മിത്വത്തേയും പ്രതിനിധീകരിച്ചിരുന്ന കോമിന്താങ്ങിലെ വലതുപക്ഷവും അതിൻെറ നേതാവായിരുന്ന ചിയാങ്ങ്കായ്-ഷേക്കും ഐക്യമുന്നണിനയത്തിന്നെതിരായി ആദ്യം രഹസ്യമായും പിന്നീട് പരസ്യമായും പ്രവൎത്തനം തുടങ്ങി. സൺയാററ്സെൻെറ മരണത്തിന്നുശേഷം കോമിന്താങ്ങിൻെറതന്നെ നേതാവായതോടുകൂടി ചിയാങ്ങ്കൈഷേക്ക് അവിടവിടെ സ്വന്തം ഗ്രൂപ്പുകളും അധികാരസ്ഥാനങ്ങളും ഉറപ്പിക്കുന്നതിൽ വ്യാപൃതനായി.

കാൻടണിലെ തൊഴിലാളിസമരക്കാലത്തുതന്നെ ചിയാങ്ങും അയാളുടെ കൂട്ടാളികളായ കോമിന്താങ്ങിലെ വലതുപക്ഷവും പലപ്പോഴും വിപ്ലവശക്തികളെ സ്വന്തം താല്പൎയ്യങ്ങൾക്കനുസരിച്ച് വഴിതിരിക്കാൻ ശ്രമിച്ചിരുന്നു. കാൻടൺ പ്രക്ഷോഭകാലത്തെ വിപ്ലവപ്രസ്ഥാനത്തിലെ ഭിന്നവർഗ്ഗങ്ങൾ തമ്മിലുള്ള ബന്ധത്തെപ്പററി

പറഞ്ഞ ഘട്ടത്തിൽ സഖാവു് സ്റ്റാലിൻ ചൂണ്ടിക്കാണിക്കുകയുണ്ടായി:—

"വിപ്ലവത്തിൻെറ ആദ്യഘട്ടത്തിൽ, അതായത്ു്, കാൻടൺ ദേശീയ ഐക്യമുന്നണിയുടെ ഘട്ടത്തിൽ തൊഴിലാളിവർഗ്ഗത്തിൻെറ സഖ്യശക്തികളായിരുന്ന വർഗ്ഗങ്ങൾ കർഷകവർഗ്ഗം, പെററിബൂർഷ്വാ ബുദ്ധിജീവികൾ, ദരിദ്രരായ പട്ടണവാസികൾ, ദേശീയബൂർഷ്വാസി എന്നിവരാണു്."

"ഈ സഖ്യശക്തികൾതന്നെ എല്ലാം ഒരുപോലെ വിശ്വസ്തരല്ല. അവരിൽ ചിലർ മിക്കവാറും വിശ്വാസയോഗ്യരാണു്—അതായത്ു് കൃഷിക്കാരും ദരിദ്രരായ പട്ടണവാസികളും. മററുചിലർ അത്രതന്നെ വിശ്വാസയോഗ്യരല്ല. അവർ ചാഞ്ചാട്ടക്കാരാണു്—അതായത്ു് പെററിബൂർഷ്വാബുദ്ധിജീവികൾ. തീരെ വിശ്വസിക്കാൻ കൊള്ളരുതാത്ത വർഗ്ഗമാണു് ദേശീയബൂർഷ്വാസി." സ്റ്റാലിൻെറ ഈ വിശകലനം തികച്ചും ശരിയാണെന്നു് പിന്നീടുണ്ടായ സംഭവഗതികൾ തെളിയിച്ചു. 1925 മുതൽക്കു് ഐക്യമുന്നണിയുടെ തണലിൽ നിന്നുകൊണ്ടു് വളരെയധികം വിജയങ്ങൾ നേടിയശേഷം വൻകിട മുതലാളിത്തത്തിൻെറ പ്രതിനിധികൾ വിപ്ലവശക്തികളെ തിരിഞ്ഞുകുത്തുകയാണു് ചെയ്തതു്.

മാവോസേ-തുങ്ങു് പറയുന്നു:—

"1927-ൽ കൃഷിക്കാരും തൊഴിലാളികളും ഇടത്തരക്കാരും ഒത്തുചേർന്നു് നേടിയ വിപ്ലവവിജയത്തിന്നുശേ

ഷം ചൈനീസ് മുതലാളിവർഗ്ഗം ജനങ്ങളിൽനിന്നു വേറിട്ടുപോയി വിപ്ലവത്തിൻെറ വില തങ്ങൾക്കുമാത്രമായി കൊയ്യെടുക്കാൻ തുടങ്ങി. മാത്രമല്ല, ഇതിനെത്തുടൎന്ന് പത്തുകൊല്ലം കമ്യൂണിസ്റ്റ്കാരുടെ നേരേ പല കൊന്നൊടുക്കൽപ്രസ്ഥാനങ്ങളും നടത്തുകയും ചെയ്തു." (പുതിയ ജനാധിപത്യം)

ഐക്യമുന്നണിയാണ് ചിയാങ്ങ്കൈഷെക്കിന്ന് അധികാരം നേടിക്കൊടുത്തത്. വടക്കൻയുദ്ധയാത്രയ്ക്കു മുമ്പ് ചിയാങ്ങിന്ന് പറയത്തക്ക യാതൊരധികാരവുമില്ലായിരുന്നു. സൈന്യത്തിൻെറ നായകസ്ഥാനവും ക്വാങ്ങ്സിസംസ്ഥാനത്തിൻെറ വിമോചനവും യുദ്ധയാത്രയിലേ വിജയങ്ങളുമാണ് അയാൾക്ക് അധികാരശക്തിയുണ്ടാക്കിക്കൊടുത്തത്. സൈന്യത്തിലും പ്രാദേശികഭരണഘടകങ്ങളിലും തൻെറ സ്വന്തം കക്ഷിക്കാർക്കു പ്രാബല്യം നൽകിക്കൊണ്ട് അയാൾ സ്വയം ശക്തിപ്പെട്ടു.

### ചെൻതുസ്യൂ

മൂന്നാംപാർട്ടികോൺഗ്രസ്സ് ചെൻതു-സ്യൂവിൻെറ നയത്തെ അംഗീകരിക്കാതെ, പാർട്ടിയുടെ വ്യക്തിത്വവും വിപ്ലവത്തിൽ തൊഴിലാളിവൎഗ്ഗത്തിൻെറ നേതൃത്വവും അംഗീകരിക്കയാണല്ലോ ചെയ്തതു്. എന്നാൽ ചെൻ അയാളുടെ നയത്തിൽ വിശേഷിച്ചു മാററമൊന്നും വരുത്തുകയുണ്ടായില്ല. സൺയാത്-സെൻ മരിക്കുന്നതിന്നുമുമ്പ് 1925 ജനുവരിയിൽ ചേൎന്ന നാലാംപാർട്ടികോൺഗ്രസ്സിൻെറ കാലം ഐക്യമുന്നണിയുടെ പ്രാ

രംഭദശയായിരുന്നു. അന്നു ചെൻത്തു-സ്യൂവിൻെറ നയവു മായി ഇടച്ചിലിന്ന് അവകാശമില്ലല്ലോ. ചിയാങ്ങ് കായ്ഷേക്ക് ഐക്യമുന്നണിയിൽ പിളർപ്പുണ്ടാക്കാൻ തുടങ്ങിയതോടുകൂടി ചെന്നിൻെറ നയവൈകല്യങ്ങൾ പ്ര ത്യക്ഷമാവാൻ തുടങ്ങി. ബൂർഷ്വാജനാധിപത്യവിപ്ലവ കാലത്തു് എല്ലാം ബൂർഷ്വാനേതൃത്വത്തിന്ന് അടിയറവെ യ്ക്കണമെന്ന അയാളുടെ സിദ്ധാന്തം, 1926-27 കാല ത്തെ സമരത്തിൽ തുടരെത്തുടരെ ചിയാങ്ങിന്ന് കീഴട ങ്ങലിലാണ് ചെന്നെത്തിയതു്. അയാൾ വിപ്ലവശക്തി കളുടെ കയ്യിൽ പാവകളിച്ചു. അയാൾ ചിയാങ്ങ് കായ്-ഷെക്കിൻെറ ആവശ്യമനുസരിച്ചു് വിപ്ലവസേന യിലും ക്രുമിന്താങ്ങിലെ ചില അധികാരസ്ഥാനങ്ങളിലും കമ്മ്യൂണിസ്റ്റ്കാരുടെ പ്രവർത്തനം പരിമിതപ്പെടുത്തി. യുദ്ധയാത്രാസൈന്യത്തിൻെറ എല്ലാ നിയന്ത്രണവും ചി യാങ്ങിന്നു വിട്ടുകൊടുത്തുകൊണ്ടു് അയാൾ ചിയാങ്ങി ൻെറ ഒരു വെറും അനുയായി മാത്രമായി. കോമിന്താ ങ്ങിൻെറയോ സൈന്യത്തിൻെറയോ കേന്ദ്രഘടകങ്ങളിൽ പാർട്ടിക്കു് പറയത്തക്ക സ്ഥാനമില്ലാതായി. സൈന്യ ത്തിൻെറമേൽ പാർട്ടിക്കു് നിയന്ത്രണാധികാരമുണ്ടാകേ ണ്ടതിൻെറ ആവശ്യകത അയാൾക്കു ബോധപ്പെട്ടില്ല. അയാൾ സൈനിക അണികളിൽ രാഷ്ട്രീയവിദ്യാഭ്യാസം നടത്തിയില്ല. ചുരുക്കം ചില സൈനികഘടകങ്ങൾ പാർട്ടിയുടെ കീഴിൽ ഉണ്ടായിരുന്നുവെങ്കിലും അവ രാ ഷ്ട്രീയമായി നിർജ്ജീവങ്ങളായിരുന്നു.

കാർഷികരംഗത്തിലും ഏററവും തെററായ ഒരു നയ

മാണ് ചെൻ തുടൻവന്നതു്. ഭൂപരിഷ്കരണകാൎയ്യത്തിൽ, കൃഷിക്കാരുടെ വളൎന്നുവന്നുകൊണ്ടിരുന്ന പ്രക്ഷോഭത്തിന്നനുയോജ്യമായ ഒരു പരിപാടി സ്വീകരിക്കാൻ അയാഠം തെയ്യാറായില്ല. ഭൂമിക്കും കാർഷികപരിഷ്കാരങ്ങഠംക്കും വേണ്ടിയുള്ള പ്രക്ഷോഭത്തെ ശക്തിപ്പെടുത്തണമെന്നുള്ള മററു പാർട്ടിനേതാക്കളുടെ അഭിപ്രായത്തെ അയാഠം അവഗണിച്ചു. വിപ്ലവത്തിൽ കൃഷിക്കാരുടെ പങ്കിനെസ്സംബന്ധിച്ചു ചെൻതു-സ്യൂവിന്നു് പുച്ഛമായിരുന്നു. കൃഷിഭൂമികഠം ജനാധിപത്യപരമായ രീതിയിൽ കൃഷിക്കാൎക്കു് വിതരണം ചെയ്യേണ്ടതിൻെറ ആവശ്യകതയേയും വിപ്ലവത്തിൽ കൃഷിക്കാൎക്കുള്ള പങ്കിനേയും കൃഷിക്കാരുടെ രാഷ്ട്രീയാധികാരവും സായുധസൈന്യവും വളൎത്തിക്കൊണ്ടു വരേണ്ടതിന്നെയുംപററി മാവോസേതുങ്ങ്, സമർപ്പിച്ച റിപ്പോർട്ട് പാർട്ടിനേതൃത്വം അംഗീകരിച്ചില്ല. ഈ റിപ്പോർട്ടിൽ സഖാവ് മാവോ ഊന്നിപ്പറയുകയുണ്ടായി:—

"കൃഷിക്കാരെ ഏററവുമധികം സംഘടിപ്പിച്ചു് സന്നദ്ധമാക്കുകയാണെങ്കിൽ വളരെ ചുരുങ്ങിയ സമയത്തിന്നുള്ളിൽ ചൈനയുടെ മദ്ധ്യ, ദക്ഷിണ, ഉത്തരസംസ്ഥാനങ്ങളിൽ അനേകകോടി കൃഷിക്കാർ ഉണൎന്നെഴുന്നേൽക്കുകയായി, ഒരു കൊടുങ്കാററിൻെറ ഉഗ്രതയോടുകൂടി അവർ യാതൊരു ശക്തിക്കും—അതെത്രതന്നെ വമ്പിച്ചതായാലും വേണ്ടതില്ല—തടയാൻ സാധിക്കാത്തവിധം അതിഭീമമായ ശക്തിയോടുകൂടി എല്ലാടവും വ്യാപിക്കും. വിമോചനലക്ഷ്യത്തിലേയ്ക്കു് കുതിച്ചുകൊണ്ടു് അവർ

എല്ലാ അതിർത്തിവരമ്പുകളേയും തട്ടിത്തകർക്കുകയും എല്ലാ സാമ്രാജ്യവാദികളേയും യുദ്ധപ്രഭുക്കളേയും കൈക്കൂലിപ്പണ്ടങ്ങളായ ഉദ്യോഗസ്ഥവൃന്ദങ്ങളേയും നീചപ്രമാണിമാരെയും ശവക്കല്ലറയിലേയ്ക്കോടിക്കുകയും ചെയ്യും."

ചൈനീസു കമ്മ്യൂണിസ്ററുപാർട്ടിനേതൃത്വത്തിൻെറ ഈ വഴിപിഴച്ച നയത്തിന്നെതിരായി 1926 നവമ്പറിൽത്തന്നെ സഖാവ് സ്റ്റാലിൻ താക്കീതു നൽകുകയുണ്ടായി. ചൈനീസ് വിപ്ലവത്തിൻെറ വിജയത്തിന്ന് "ഒരു നല്ല സായുധവിപ്ലവസൈന്യം ആവശ്യമാണെന്നും, കമ്മ്യൂണിസ്ററുകാർ സൈനികശാസ്ത്രം പഠിക്കേണ്ടതാണെന്നും ഒരു സായുധപട്ടാളത്തെ ഭരിയ്ക്കാനുള്ള കഴിവു നേടേണ്ടതാണെന്നും ഉൾനാട്ടുകളിലെ കർഷകരുടെ താല്പര്യങ്ങളെ തൃപ്തിപ്പെടുത്തി ഉൾനാട്ടുകളിൽ വിപ്ലവം ശക്തിപ്പെടുത്തേണ്ടതാണെന്നും" അദ്ദേഹം ചൂണ്ടിക്കാണിച്ചു. സ്റ്റാലിൻെറയും കമ്മ്യൂണിസ്റ്റ് ഇൻറർനാഷനലിൻെറയും താക്കീതു് ആ വൈകിയ വേളയിലെങ്കിലും പാർട്ടിനേതൃത്വം ചെവിക്കൊണ്ടിരുന്നെങ്കിൽ, കർഷകപ്രക്ഷോഭത്തെ വളരാനനുവദിച്ച്, അതിനെ രാഷ്ട്രീയസമരങ്ങളുടെ ഒരു ഭാഗമാക്കിത്തീർത്തിരുന്നുവെങ്കിൽ 1927 ലുണ്ടായ വമ്പിച്ച പരാജയം കൂടാതെ കഴിക്കാമായിരുന്നു. പക്ഷേ, ചെൻതു-സ്യൂവിൻെറ നേതൃത്വം അതിന്നു തയ്യാറായില്ല.

ചൈനയുടെ ചരിത്രത്തിലെ ഈ വിഷമഘട്ടത്തിൽ ഒരു ശരിയായ മാർക്സിസ്റ്റ്-ലെനിനിസ്ററുനയം അംഗീകരിച്ചതു സഖാവ് മാവോ മാത്രമായിരുന്നു. 1924 അവസാനത്തിൽ അദ്ദേഹം കർഷകരുടെ മനോഭാവം മനസ്സി

ലാക്കാൻ ഹൂനാനിലെ ഉൾനാട്ടുകളിൽ കാൽനടയായി സഞ്ചരിച്ചു്, അവിടങ്ങളിലെ കർഷകരുമായി പരിചയം സമ്പാദിച്ചു. 1925-ലും 26-ലും അദ്ദേഹം കാൻതങ്ങ് സംസ്ഥാനത്തിൽ താൻ സ്ഥാപിച്ച "ദേശീയ കർഷകപ്രസ്ഥാന ഇൻസ്റ്റിറ്റ്യൂട്ടി"ൽ കർഷകപ്രവൎത്തകന്മാൎക്ക് പരിശീലനം കൊടുത്തു. 1926 മാർച്ചിൽ ചൈനയിലെ വ്യത്യസ്തവർഗ്ഗങ്ങളെ സംബന്ധിച്ചു് ഒരു താരതമ്യപഠനം നടത്തി, ചൈനീസ് വിപ്ലവത്തിൻെറ ബന്ധുക്കളേയും ശത്രുക്കളേയും വേർതിരിച്ചുകൊണ്ടു് അദ്ദേഹം എഴുതുകയുണ്ടായി: "യുദ്ധപ്രഭുക്കൾ, ഉദ്യോഗസ്ഥമേധാവികൾ, സാമ്രാജ്യവാദികളുടെ പിടിയിലുള്ള വൻകിട മുതലാളികൾ, ജന്മിവർഗ്ഗം എന്നിവരെല്ലാം നമ്മുടെ ശത്രുക്കളാണു്. വിപ്ലവത്തിൻെറ പ്രധാനശക്തി വ്യാവസായികത്തൊഴിലാളികളാണു്. എല്ലാ അൎദ്ധതൊഴിലാളിവർഗ്ഗങ്ങളും പെററിബൂർഷ്വാസിയും നമ്മുടെ ഏററവും അടുത്ത ചങ്ങാതികളാണു്. ചാഞ്ചാട്ടക്കാരായ മദ്ധ്യവർഗ്ഗങ്ങളെ (ദേശീയബൂർഷ്വാസി) സംബന്ധിച്ചേടത്തോളം അവയുടെ ഇടതുപക്ഷം നമ്മുടെ ബന്ധുക്കളും വലതുപക്ഷം നമ്മുടെ ശത്രുക്കളുമായിത്തീരും. നമ്മുടെ സമരമുന്നണിയെ അവർ തകൎക്കാതിരിക്കുന്നതിന്നു്, നാം എപ്പോഴും ജാഗ്രൂകരായിരിക്കണം." ഇങ്ങനെ, വിപ്ലവത്തിന്നു ബൂർഷ്വാസിയെ മാത്രം ആശ്രയിക്കുകയും കൃഷിക്കാരെ പരിഗണിക്കാതിരിക്കുകയും ചെയ്ത ചെൻ തു-സ്യൂവിൻെറ വലതുപക്ഷ അവസരവാദിത്വത്തേയും തൊഴിലാളികളെ മാത്രം വിപ്ലവശക്തിയായിക്കണ്ടു് മററു വിഭാഗങ്ങളെ അവഗണിച്ച ചാങ്ങ്കുവോ-താവോവിൻെറ 'ഇടതു'പക്ഷ പാളിച്ചയേയും സഖാവ് മാവോ എതിൎത്തു.

ചെൻതു-സ്യൂവിൻെറ വഞ്ചനാപരമായ നയത്തിന്നെതിരായി പാർട്ടി അണികൾക്കിടയിൽ ശക്തിയായ പ്രതിഷേധമുയൎന്നു. 1927 ഏപ്രിൽ 25-ാംനു- ഹാങ്കോവിൽവെച്ച് അഞ്ചാംപാർട്ടി കോൺഗ്രസ്സ് സമ്മേളിച്ചു സഖാവ് മാവോ യോഗത്തിൽ ഹാജരായിരുന്നിട്ടും, അദ്ദേഹം കേന്ദ്രകമ്മിററിയിലെ അംഗമായിരുന്നിട്ടും, ചെൻതു-സ്യൂ അദ്ദേഹത്തെ കരുതിക്കൂട്ടി നേതൃത്വത്തിൽനിന്നു വേർതിരിച്ചുനിൎത്തി എന്നു മാത്രമല്ല, വോട്ടുചെയ്യാനനുവദിക്കകൂടിയുണ്ടായില്ല. മററുചിലർ ഈ നടപടിയെ ആക്ഷേപിച്ചുവെങ്കിലും അവൎക്ക് ഇതിന്നെതിരായി ഫലപ്രദമായി ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. കമ്മ്യൂണിസ്റ്റ് ഇൻററർനാഷനൽ നൽകിയ ശരിയായ നേതൃത്വം സമ്മേളനം അംഗീകരിച്ചു; അവസരവാദിത്വപരമായ നയത്തെ അതാക്ഷേപിച്ചു; കർഷകപ്രക്ഷോഭത്തിന്നുള്ള നേതൃത്വം അതു നൽകി. പക്ഷേ,—അതൊരു നീണ്ട പക്ഷേ ആണ്—കോൺഗ്രസ്സ് ചെൻ-തു-സ്യൂവിനെ വീണ്ടും ജനറൽ സിക്രട്ടരിയായി തിരഞ്ഞെടുത്തു! ചെൻ അപ്പോഴും തൻെറ നയം മാററാൻ തയ്യാറുണ്ടായിരുന്നില്ല. അങ്ങനെ അഞ്ചാംപാർട്ടികോൺഗ്രസ്സ് യഥാൎത്ഥത്തിൽ യാതൊരു പ്രശ്നത്തിന്നും സമാധാനംകാണാതെ പിരിഞ്ഞു.

**ഒന്നാംവിപ്ലവഘട്ടത്തിൻെറ പരാജയം.**

ഐക്യമുന്നണി വളൎന്നുകൊണ്ടിരുന്ന ആദ്യകാലത്തുതന്നെ ചിയാങ്ങ് കായ്ഷേക്ക് തൻെറ രഹസ്യതന്ത്രങ്ങൾ ആരംഭിച്ചിരുന്നു. 1926 മാർച്ച് 20-ാംനു- അയാൾ ഒരു കമ്മ്യൂണിസ്ററു വിരുദ്ധ ഗൂഢാലോചന സംഘടിപ്പിച്ചു.

കോമിന്താങ്ങിൻെറ നേതൃഘടകങ്ങളിലും സൈന്യത്തിലും കമ്മ്യൂണിസ്ററുപാർട്ടിയെ എതൃക്കാൻ അയാഠം ഓരോ ഒഴികഴിവുകഠം കണ്ടുപിടിച്ചു. ഐക്യമുന്നണിയിലും വിപ്ലവസേനയിലും വന്നുകൊണ്ടിരുന്ന പിളപ്പ് സാമ്രാജ്യവാദികഠംക്കിടപെടാൻ നല്ലൊരവസരം നൽകി. അവരുടനെ ചിയാങ്ങിൻെറ ഭാഗം ചേൎന്നു. 1926 അവസാനത്തിൽ ചിയാങ്ങ് തൻെറ തലസ്ഥാനം നാൻചങ്ങിൽനിന്ന്, കോമിന്താങ്ങിൻെറ ഇടതുപക്ഷത്തോട് ഏററവും അധികം എതിർപ്പുണ്ടായിരുന്ന ഹാങ്കോവിലേയ്ക്കു മാററി. 1927 ആയപ്പോഴേയ്ക്കും ഈ രഹസ്യമായ എതൃപ്പ് പരസ്യമായ പരസ്പര സംഘട്ടനങ്ങളിലെത്തി.

1927 മാർച്ച് 24-ാംനു-, ഐക്യമുന്നണിയുടെ നേതൃത്വത്തിലുള്ള വിപ്ലവസേന നാൻകിങ്ങ് പിടിച്ചു ഉടനെ, ബ്രിട്ടൻ, യുണൈറഡ് സ്റ്റെയ്ററ്സ്, ജപ്പാൻ, ഫ്രാൻസ്, ഇററലി എന്നീ സാമ്രാജ്യത്വശക്തികഠം കൂട്ടുചേൎന്നു പടക്കപ്പലുകളിൽനിന്നു ബോംബുവർഷം നടത്തി, നാങ്കിങ്ങ പട്ടണത്തെ തരിശാക്കി, ചിയാങ്ങ് സാമ്രാജ്യവാദികളെ അവസരത്തിനൊത്തു സഹായിച്ചു. സാമ്രാജ്യവാദികളുടെ നിർദ്ദേശപ്രകാരം, അയാഠം, മാർച്ചുമാസത്തെ ഇരമ്പിക്കയറിയ വിപ്ലവസമരത്തെ വഞ്ചിച്ചുകൊണ്ട്, ഏപ്രിൽ 12-ാംനു- ഒരു 'ഭരണം പിടിച്ചുപററൽ' നടത്തി. ആയിരക്കണക്കിൽ തൊഴിലാളികളേയും കമ്മ്യൂണിസ്ററുപാർട്ടി അംഗങ്ങളേയും അയാളുടെ പിന്തിരിപ്പൻസൈന്യങ്ങഠം കൊന്നൊടുക്കി. അങ്ങനെ കമ്മ്യൂണിസ്ററുപാർട്ടിയോടുള്ള തൻെറ എതൃപ്പു തുറന്നു പ്രഖ്യാപിച്ചു. ഹാങ്കോവിലെ ഇടതുപക്ഷ കോമിന്താങ്ങ് വിഭാ

ഗം ഇതിനെ പ്രതിഷേധിച്ചുവെങ്കിലും, അതു വിഫലമാവുകയാണുണ്ടായതു്. 1927 മെയ് 21-ാംതീയതി ഹൂനാനിലെ ചാങ്ഷാ പട്ടണത്തിൽ ചിയാങ്പക്ഷക്കാരനായ ഒരു പിന്തിരിപ്പൻ സൈനികോദ്യോഗസ്ഥൻ, സുകെ-സിയാങ്, മറെറാരു 'ഭരണംപിടിച്ചുപററൽ'നടത്തി ഒട്ടധികം വിപ്ലവകാരികളെ കൂട്ടക്കൊല ചെയ്തു. അവസാനമായി 1927 ജൂലായ് 15-ാംതീയതി കുമിന്താങ്, വൂഹാനിൽവെച്ചു്, കമ്മ്യൂണിസ്ററുപാർട്ടിയുമായുള്ള എല്ലാ ബന്ധങ്ങളും വേർപെടുത്താൻ തീരുമാനിച്ചതോടെ ഐക്യമുന്നണി നാമാവശേഷമായിത്തീൻ.

ഇങ്ങനെ, സൺയാത്-സെൻെറ അനന്തരാവകാശിയായി അധികാരസ്ഥാനത്തെത്തിയ ചിയാങ് കായ്ഷേക്ക്, സണ്ണിൻെറ എല്ലാ വിപ്ലവമാർഗ്ഗങ്ങളേയും പരിത്യജിച്ചു്, അദ്ദേഹം കെട്ടിപ്പടുത്തുണ്ടാക്കിയ ദേശീയപ്രസ്ഥാനത്തെയും ജനാധിപത്യ ഐക്യമുന്നണിയേയും വഞ്ചിച്ചു്, സാമ്രാജ്യശക്തികളുടെ ഒരു പാവയായിത്തീൻ. സാമ്രാജ്യശക്തികളെ അടിച്ചോടിച്ചു് യഥാത്ഥസ്വാതന്ത്ര്യം നേടുവാൻ വേണ്ടി സൺ-യററുസെൻ താലോലിച്ചു വളത്തിയ കോമിന്താങ്, ചൈനീസ് ജനതയെ അടിച്ചമത്തുന്നതിൽ സാമ്രാജ്യശക്തികളുടെ ഒരു ചട്ടുകമായി പരിണമിച്ചു. വിപ്ലവം വഞ്ചിക്കപ്പെട്ടു.

ചൈനീസ് ജനതയുടെ വിപ്ലവസമരത്തിൻെറ ശോചനീയമായ ഈ പരാജയത്തിൽനിന്നുള്ള പാഠം ചുരുക്കത്തിൽ ഇതാണു്: 1) ചൈനീസ് ജനാധിപത്യവിപ്ലവം സാമ്രാജ്യത്വനാടുവാഴിത്തശക്തികൾക്കെതിരായ എല്ലാ ജനവിഭാഗങ്ങളുടെയും ഒരൈക്യമുന്നണിക്കു മാത്രമെ നട

ത്താൻ കഴിയൂ. പക്ഷെ, അതിൻെറ നേതൃത്വം തൊഴിലാളിവർഗ്ഗത്തിന്നായിരിക്കണം. ദേശീയമുതലാളിത്തത്തിന്നു വിട്ടുകൊടുത്താൽ വിപ്ലവം വഞ്ചിക്കപ്പെടും. 2) കർഷകവർഗ്ഗം ബോധപൂർവ്വം പങ്കെടുക്കുകയാണെങ്കിൽ മാത്രമെ വിപ്ലവം വിജയം പ്രാപിക്കയുള്ളൂ. 3) ജനാധിപത്യനീതികൾ യാതൊന്നുമില്ലാത്ത ഒരു പരിതസ്ഥിതിയിൽ ഒരു സായുധവിപ്ലവംകൊണ്ടല്ലാതെ എതുവിപ്ലവത്തെ പരാജയപ്പെടുത്തുക സാദ്ധ്യമല്ല.

# 7

## കാർഷികവിപ്ലവത്തിലേയ്ക്കു്

വിപ്ലവസമരത്തിൻെറ പരാജയത്തോടുകൂടി ചൈന ബാഹ്യമായി ക്രൂരിരുട്ടിലാണ്ടു. നാങ്കിങ്ങ്,ഷാങ്ങ്ഹായ്, ചാങ്ങ്ഷാ, കാൻടൺ എന്നാവിടങ്ങളിലെ നിർദ്ദയമായ കൂട്ടക്കൊലകൾക്കുശേഷം വലിയ പട്ടണങ്ങളിൽ താല്ക്കാലികമായി പ്രക്ഷോഭങ്ങൾ നിലച്ചു. വിപ്ലവകാരികളായ ഒട്ടനേകം പ്രവത്തകന്മാർ, തൊഴിലാളികൾ, കൃഷിക്കാർ, ബുദ്ധിജീവികൾ, കമ്യൂണിസ്ററുപാർട്ടി നേതാക്കന്മാർ എന്നിവരുടെ രക്തം വിപ്ലവത്തിൻെറ ബലിപീഠത്തിൽ അർപ്പിക്കപ്പെട്ടശേഷം പട്ടണങ്ങളെല്ലാം പ്രശാന്തമായി.

ദേശീയബൂഷ്പാസിയോടൊപ്പം പെററിബൂഷ്പാസിയിലെ ഉയന്ന വിഭാഗവും വിപ്ലവത്തിൻെറ ചേരിയിൽനിന്നു പിൻമാറി. വിദേശീയശക്തികളുടെ കൂട്ടുകെട്ടിൽപെട്ടു കഴിഞ്ഞതോടുകൂടി വലതുപക്ഷകോമിന്താങ്ങിൻെറ വർഗ്ഗസ്വഭാവത്തിന്നും മാററം സംഭവിച്ചു. അതേവരെ ദേശീയബൂഷ്പാസിയെ പ്രതിനിധീകരിച്ച ആ പിന്തിരിപ്പൻവിഭാഗം, ഇപ്പോൾ വിദേശമുതലാളിത്തത്തിൻെറ നിയന്ത്രണത്തിലുള്ള കത്തകമുതലാളിത്തത്തിൻെറ പ്രതിനിധികളായിത്തീൻു.

**കാർഷികപ്രക്ഷോഭത്തിൻെറ വളർച്ച**

എന്നാൽ ചിയാങ്ങിൻെറ പട്ടാളവാഴ്ച തെക്കൻ ചൈനയിലെ പട്ടണപ്രദേശങ്ങളിൽ മാത്രമായിരുന്നു നിലനിന്നുവന്നതു്. ഉൾപ്രദേശജില്ലകളിൽ അതിന്നു് തീരെ സ്വാധീനതയുണ്ടായിരുന്നില്ല. അവിടങ്ങളിൽ 1925-ൽ ആരംഭിച്ച കർഷകപ്രക്ഷോഭങ്ങൾ നിർബ്ബാധം തുടൻവന്നു. ചെൻതു-സ്യൂവിൻെറ സ്വേച്ഛാധികാരപരമായ തടസ്സവാദങ്ങളുണ്ടായിട്ടും നാട്ടിലെ നിരവധി പ്രക്ഷോഭങ്ങളിൽനിന്നു് വർഗ്ഗബോധവും ആവേശവുമുൾക്കൊണ്ട കൃഷിക്കാർ തങ്ങളുടെ സമരം തുടൻപോകാതിരുന്നില്ല.

1926-ൽ വൂഹാനിൽ ഒരു സംസ്ഥാനകർഷകയോഗം ചേൻ, മാവോസെ-തുങ്ങിന്നു പുറമെ, പെങ്ങ്പായ്, ഫാങ്ങ്ചി-മിൻ എന്നിവരും യോക്ക്, വോലൻ എന്നീ രണ്ടു റഷ്യൻകമ്യൂണിസ്ററുകാരും അതിൽ പങ്കെടുത്തിരുന്നു. ഭൂവിതരണത്തേയും മററു കാർഷികപരിഷ്ക്കാരങ്ങളേയും കുറിച്ചുള്ള മാവോസെ-തുങ്ങിൻെറ പരിപാടികൾ 5-ാം പാർട്ടികോൺഗ്രസ്സിൽ സമർപ്പിക്കാൻ തീരുമാനിച്ചതു് ഈ യോഗത്തിൽവെച്ചായിരുന്നു. പാർട്ടികോൺഗ്രസ്സ് ഈ നിർദ്ദേശങ്ങളെ തള്ളിക്കളയുകയാണല്ലോ ഉണ്ടായതു്.

1927-മെയ്മാസത്തിന്നുശേഷം ഒരഖിലചൈനാകർഷകയൂനിയൻ സംഘടിപ്പിക്കപ്പെട്ടു. അതിൻെറ പ്രസിഡണ്ടായി തെരഞ്ഞെടുത്തതു് മാവോസെ-തുങ്ങിനെയായിരുന്നു. അദ്ദേഹത്തിൻെറ നിപുണമായ നേതൃത്വ

ത്തിൽ, കർഷകപ്രസ്ഥാനം അതിവേഗം ശക്തിപ്പെട്ടുവന്നു. കോമിന്താങ്ങ് ഉദ്യോഗസ്ഥന്മാർക്കും പട്ടാളക്കമാണ്ടർമാർക്കും പേടിസ്വപ്നങ്ങൾ ഉണ്ടാക്കിക്കൊണ്ടു് അവിടവിടെ കർഷകപ്രക്ഷോഭങ്ങൾ പൊട്ടിപ്പുറപ്പെടാൻ തുടങ്ങി. അധികൃതന്മാർ സ്വാഭാവികമായും അവയെ അടിച്ചമർത്താനൊരുമ്പെട്ടു. കർഷകയൂനിയനെ അവർ ഒരു തെണ്ടിവർഗ്ഗസംഘടനയായി ചിത്രീകരിച്ചു. അതിൻെറ പ്രവർത്തനത്തെപ്പററി നുണകളും അപവാദങ്ങളും പറഞ്ഞുപരത്തി. ജന്മിമാർ പട്ടണങ്ങളിൽവന്നു് കൃഷിക്കാർ നടത്തുന്ന "കയ്യേററങ്ങ"ളെസ്സംബന്ധിച്ചു് ദുഷ്പ്രചാരവേലകൾ ആരംഭിച്ചു. ഇതു് കോമിന്താങ്ങ് ഉദ്യോഗസ്ഥന്മാരിലും പിന്തിരിപ്പൻ പട്ടാളമേധാവികളിലും കുറേയധികം ഇളക്കമുണ്ടാക്കി. ഈ വൻകിട ഉദ്യോഗസ്ഥന്മാരിലും പട്ടാളമേധാവികളിലുംപെട്ട ഗണ്യമായ ഒരു വിഭാഗം ജന്മിവർഗ്ഗത്തിൽനിന്നു് വന്നവരായിരുന്നതുകൊണ്ടു് കർഷകപ്രക്ഷോഭം അവരെ അരിശംകൊള്ളിച്ചതിൽ അത്ഭുതപ്പെടുവാനില്ല. ഇങ്ങനെ വിപ്ലവപരമായ ആശയങ്ങൾ ഉൾക്കൊള്ളുന്ന ഏതു പുതിയ സംഘടനയ്ക്കുമെതിരായി എല്ലാക്കാലത്തും വിപ്ലവവിരോധികളായ പിന്തിരിപ്പന്മാർ തുടൻപോന്നിട്ടുള്ള എല്ലാ നയങ്ങളും അവരെടുത്തുനോക്കി—നുണപ്രചരണം, കുത്തിത്തിരുപ്പുകൾ, മർദ്ദനം!

വലതുപക്ഷ അവസരവാദിയായ ചെൻ തു-സ്യൂവും പിന്തിരിപ്പന്മാരുടെ പല്ലവി ഏററുപാടി. വിപ്ലവത്തിൻെറ വിജയത്തിനു്—അതു പരാജയപ്പെട്ടുകഴിഞ്ഞതിന്നുശേഷവും, ആ വാസ്തവം സമ്മതിക്കാൻ അയാൾ

തയ്യാറായിരുന്നില്ല—ബൂർഷ്വാസിയേയും, മററും ക്ഷോഭിപ്പിക്കാതെ, അവരെ പിന്നേയും തൃപ്തിപ്പെടുത്താൻ ശ്രമിച്ച അയാൾക്ക് കൃഷിക്കാരുടെ പ്രക്ഷോഭങ്ങൾ വമ്പിച്ച തലവേദനയുണ്ടാക്കി. ജന്മിമാരേപ്പോലെത്തന്നെ, അയാളും കൃഷിക്കാരുടെ 'കയ്യേററ'ങ്ങളെ ആക്ഷേപിക്കുകയും, അതിന്ന് സഖാവ് മാവോവിനെ കുററപ്പെടുത്തുകയും ചെയ്തു.

1927 ആഗസ്റ്റിൽ ചെൻതു-സ്യൂ നേതൃത്വത്തിൽനിന്ന് പുറംതള്ളപ്പെട്ടശേഷം 1928-ലെ ആറാംപാർട്ടി കോൺഗ്രസ്സിൽവെച്ച് കമ്യൂണിസ്റ്റ്പാർട്ടിയുടെ നയപരിപാടികളിൽ ചില ഭേദഗതികൾ വന്നു. കോമിന്താങ്ങുമായി പരിപൂർണ്ണമായും ബന്ധം വേർപെടുത്തൽ, തൊഴിലാളികളുടേയും കൃഷിക്കാരുടേയും വിപ്ലവസേന രൂപീകരിക്കൽ, ജന്മികളുടെ ഭൂമി പിടിച്ചെടുത്ത് കൃഷിക്കാർക്കിടയിൽ വിതരണംചെയ്യൽ, കോമിന്താങ്ങിൽനിന്ന് സ്വതന്ത്രമായി കമ്യൂണിസ്ററ്പാർട്ടിയുടെ രാഷ്ട്രീയാധികാരം സ്ഥാപിക്കൽ, സോവിയററുകൾ സംഘടിപ്പിക്കൽ ഇവയായിരുന്നു പുതിയ പരിപാടിയുടെ കാതൽ.

### ചുകപ്പുസേനയുടെ ആവിർഭാവം

1927 ആഗസ്റ്റ് 1-ാംതീയതി, വടക്കൻയുദ്ധയാത്രാ സൈന്യത്തിൽ കമ്യൂണിസ്ററുപാർട്ടിയുടെ സ്വാധീനത്തിലുണ്ടായിരുന്ന 30,000-ത്തോളം പട്ടാളക്കാരടങ്ങിയ ഒരു സൈന്യം ചൂതെ, ചൗ എൻ-ലായ്, ഹൊലുങ്, യെതിങ് എന്നിവരുടെ നേതൃത്വത്തിൽ കിയാങ്ങ്സി സം

സ്ഥാനത്തിലെ നാൻചങ്ങ് എന്ന സ്ഥലത്തു് ഒരു കലാപ മുണ്ടാക്കി. ഇതിൽ ചൂ-തേയുടെ കീഴിലുണ്ടായിരുന്ന 9-ാംപടയും ഹൊ-ലുങ്ങിൻെറ കീഴിലുണ്ടായിരുന്ന 2-ാം പടയും യെ-തിങ്ങിൻെറ കീഴിലുണ്ടായിരുന്ന 11-ാംപട യും 4-ാംപടയുടെ ഒരു വിഭാഗവും ഉൾപ്പെട്ടിരുന്നു. പി ന്നീടു് ജാപ്പുവിരോധയുദ്ധകാലത്തെ 8-ാം റൂട്ട്സേനയു ടേയും ഇന്നത്തെ ജനകീയസേനയുടേയും ബീജം ഇതാ ണെന്നു പറയാം. ഈ സേന, കിയാങ്ങ്സിയിലെ കഷ കപ്രക്ഷോഭവുമായി കൂടിച്ചേരുന്നതിന്നുപകരം, ശത്രു വോടെതിരിടുവാൻ തെക്കോട്ടു യാത്രചെയ്തു. ചിയാങ്ങി ൻെറ പിന്തിരിപ്പൻ പട്ടാളവുമായി കപാങ്ങ്സിയുടെ കി ഴക്കുഭാഗങ്ങളിൽ വെച്ചുണ്ടായ യുദ്ധത്തിൽ ഈ സൈന്യ ത്തിൻെറ ഭൂരിഭാഗവും അടിച്ചമർക്കപ്പെട്ടു. ശേഷിച്ച സൈന്യം തെക്കൻഹുനാനിലേയ്ക്കു പിൻമാറി.

1927-ൻെറ ഉത്തരാർദ്ധത്തിൽതന്നെ മാവോസെ-തുങ്ങ് ഹുനാൻ, കിയാങ്ങ്സി അതിർത്തിപ്രദേശങ്ങളിൽ 'തൊഴിലാളികളുടേയും കൃഷിക്കാരുടേയും ആത്മരക്ഷാ സൈന്യം' രൂപീകരിച്ചിരുന്നു. ഹുനാനിലെ കൃഷിക്കാർ, ഹാന്യാങ്ങ് ഖനിത്തൊഴിലാളികൾ, കോമിന്താങ്ങിൽനി ന്നു് വേറിട്ടവരോ, പിരിച്ചുവിടപ്പെട്ടവരോ ആയ പട്ടാ ളക്കാർ, ഈ മൂന്നു വിഭാഗങ്ങളായിരുന്നു ഇതിലെ പ്രധാ നഘടകങ്ങൾ. ക്രമിന്താങ്ങിൽ ചിയാങ്ങിൻെറ കൂട്ടാളി യായ വാങ്ങ്പിങ്ങ്-വീയുമായി കലഹിച്ചുപിരിഞ്ഞവ രും ഇതിൽ ഉൾപ്പെട്ടിരുന്നു. മാവോവിൻെറ നേതൃത്വ ത്തിലുള്ള ഈ വിപ്ലവസൈന്യത്തിനെ ഒന്നാംപടയെന്നു്

വിളിച്ചു. ഇതിന്നുപുറമെ മററുചില സ്ഥലങ്ങളിലും കൃഷിക്കാരുടെ സമരങ്ങളിലൂടെ ചെറുചെറു സൈന്യവിഭാഗങ്ങൾ പൊന്തിവന്നിരുന്നു.

1927-ൻെറ അവസാനത്തിലും 1928 ആദ്യത്തിലും തെക്കൻചൈനയിൽ പലഭാഗത്തും കൃഷിക്കാരുടെ സായുധപ്രക്ഷോഭങ്ങൾ നടന്നു. കിഴക്കൻഹുപ്പെ, തെക്കൻഹുനാൻ കിഴക്കൻക്വാങ്ങ്ടങ്ങ്, ഹായ്നാൻദ്വീപ്, പടിഞ്ഞാറൻ ക്വാങ്ങ്സി എന്നീ സ്ഥലങ്ങളിൽ കലാപങ്ങളുണ്ടായി. ഈ കർഷകകലാപങ്ങൾ കൂടുതൽ വിപുലമായ കർഷകപ്രസ്ഥാനത്തിന്നും, കൃഷിക്കാരുടെ സായുധസംഘടനയ്ക്കും അടിത്തറയിട്ടു. ചൈനയുടെ ചരിത്രത്തിൽ ആദ്യമായി സോവിയററുകൾ—പ്രാദേശികഭരണസമിതികൾ-ആരംഭിച്ചതു് ഈ കാലഘട്ടത്തിലാണു്.

ഇക്കാലത്തുണ്ടായ സായുധപ്രക്ഷോഭങ്ങളിൽവെച്ചേററവും പ്രാധാന്യമർഹിക്കുന്ന ഒന്നാമത്തെ പ്രക്ഷോഭം കാൻടണിലാണു് നടന്നതു്. ഇതാണു് പിന്നീടു "കാൻടൺ കമ്മ്യൂൺ" എന്ന പേരിൽപ്രസിദ്ധിനേടിയതു്. കാൻടൺപട്ടണത്തിൽ കമ്യൂണിസ്ററുകാർ 3 ദിവസത്തോളം അധികാരം നടത്തി. ഇവിടെയാണു് ചൈനയിലാദ്യമായി ഒരു തൊഴിലാളിഗവണ്മെൻറു് സ്ഥാപിക്കപ്പെട്ടതു്. പക്ഷെ 3 ദിവസങ്ങൾക്കുശേഷം തൊഴിലാളികളുടെ രക്തപ്രവാഹത്തിൽ ഈ ഗവണ്മെൻറു് അന്തർദ്ധാനം ചെയ്തു. പക്ഷെ അല്പായുസ്സായ ഈ കാൻടൺ കമ്മ്യൂൺ കൈക്കൊണ്ട നയവും പരിപാടിയുമാണു് അതിന്നുശേഷം കോടിക്കണക്കിലുള്ള തൊഴിലാളികർഷക

ബഹുജനങ്ങളേ കമ്യൂണിസ്ററുപാർട്ടിയുടെ വിപ്ളവ പതാകയിൻകീഴിൽ സംഘടിപ്പിച്ചതു്.

മാവൊസെ-തുങ്ങിൻെറ നേതൃത്വത്തിലുണ്ടായിരുന്ന ഒന്നാംപട ഹുനാനിൽനിന്നു് തെക്കോട്ടുനീങ്ങി ചിങ്ങ് കാങ്ങ് പർവ്വതതാഴ്വരയിൽ താവളമുറപ്പിച്ചു. 1927 നവംബറിൽ അവിടെ ചൈനയിലെ ആദ്യത്തെ സോവിയററായ ചാലിൻ സോവിയററ് രൂപീകൃതമായി. അതിൻെറ ചെയർമാൻ താവോ സുങ്-പിങ്ങ് ആയിരുന്നു. ഈ ഭരണകൂടം ഒരു ജനാധിപത്യപരിപാടിയുടെ അടിസ്ഥാനത്തിൽ കാർഷികപരിഷ്ക്കാരങ്ങൾ നടപ്പിൽ വരുത്താൻ തുടങ്ങി.

1928-ലെ വസന്തകാലത്തു്, മാവോവിൻെറ ചുകപ്പുസേനയും, ചൂതെ, ചൌ എൻ-ലായ്, ഹൊലുങ്ങ് എന്നിവരുടെ നേതൃത്വത്തിലുണ്ടായിരുന്ന, നാൻചങ്ങ് കലാപത്തിൽ അവശേഷിച്ച, സേനാവിഭാഗങ്ങളും ഒന്നിച്ചുചേൻ. ഈ സംയോജനം ചൈനീസ് ജനകീയ വിമോചനസേനയുടെ ചരിത്രത്തിൽ പുതിയൊരദ്ധ്യായം കുറിച്ചു. നാൻചങ്ങ് കലാപസേന 1925-27-ലെ വിപ്ലവത്തിൽ പങ്കെടുത്തു്, പട്ടാളപരമായ തഴക്കവും പഴക്കവുമുള്ളതായിരുന്നു. ഈ സംയുക്തസേനയ്ക്കു് നാട്ടുകാരുടെ വിശ്വാസവും സ്നേഹാദരങ്ങളും സമ്പാദിക്കാൻ വിഷമമുണ്ടായില്ല. മാവൊസെ-തുങ്ങിൻെറ നേതൃത്വത്തിൽ ഈ സേന ബഹുജനങ്ങളുമായി ഒത്തുയോജിച്ചുകൊണ്ടു്, സമരം മുന്നോട്ടുകൊണ്ടുപോകത്തക്കവിധം പുതിയ അടവുകളും തന്ത്രങ്ങളും അംഗീകരിച്ചു.

അധികം താമസിയാതെ, ഹൂനാൻ, ഹൂപ്പെ കപാങ്ങ്, ഫൂക്കിൻ, ആൻവെയ്, ഹൊനാൻ മുതലായ പല സംസ്ഥാനങ്ങളിലും കർഷകസമരങ്ങൾ നടന്നു. കിഴക്കൻ ഹൂനാനിൽ കൃഷിക്കാർ പിങ്ക്യാങ്ങ്, ലിയുവാങ്ങ്, ലിലിങ്ങ്ചൂച്ചോ എന്നീ പ്രധാനപട്ടണങ്ങൾ പിടച്ചടക്കി. കപാങ്ങങ്ങിലെ കൃഷിക്കാർ 10000 പേരടങ്ങിയ ഒരു കർഷകത്തൊഴിലാളിസേനയുണ്ടാക്കി. ഇങ്ങനെ പല ഭാഗങ്ങളിലായി രൂപീകരിക്കപ്പെട്ടിരുന്ന ചെറുചെറു സേനാവിഭാഗങ്ങളേയും മുൻപറഞ്ഞ സംയുക്തസേനയോടുകൂട്ടിച്ചേർക്കുകയും, ഇവയെ ആകമാനം "നാലാംചുകപ്പുപട" എന്ന പേരിൽ പുനഃസ്സംഘടിപ്പിക്കുകയും ചെയ്തു. ചൂതെ അതിൻെറ കമാണ്ടറായി. പിന്നീട് പെങ്ങ്തെഹ്വായ്, തെങ്ങ്പിങ്ങ്, ഹ്വാങ്ങ്കോന്ത എന്നിവരുടെ നേതൃത്വത്തിൽ, കോമിന്താങ്ങ് പട്ടാളത്തിൽനിന്നും കലഹിച്ചുപോന്ന വ്യത്യസ്തവിഭാഗങ്ങൾ "നാലാംചുവപ്പുപട"യിൽ ചേർന്നു.

1928-ൽ പുനഃസംഘടിപ്പിക്കപ്പെട്ട നാലാം പട, പുതിയ പുതിയ ചുവപ്പുസേനാവിഭാഗങ്ങൾ രൂപമെടുത്തുകൊണ്ടിരുന്ന സ്ഥലങ്ങളിലെല്ലാം പുതിയ സോവിയററുകൾ സ്ഥാപിച്ചു. ഇങ്ങനെ ടുങ്ങ്കു, യുങ്ങ്ടിങ്ങ്,ഷാങ്ങ്ഷെങ്ങ്, ലുങ്ങ്യെ എന്നിവിടങ്ങളിലെല്ലാം പുതിയ സോവിയററു ഭരണകൂടങ്ങൾ നിലവിൽ വന്നു. 1929-ൽ മാവോസെ-തുങ്ങിൻേറയും ചൂതെയുടെയും നേതൃത്വത്തിൽ ചുവപ്പുപട തെക്കൻകിയാങ്ങ്സിയിലേയ്ക്കും പടിഞ്ഞാറൻ ഫൂക്കീനിലേക്കും നീങ്ങി ജൂചിൻ എന്ന സ്ഥലത്തെ തങ്ങളുടെ കേന്ദ്രമാക്കി. എല്ലാ സോവി

യററുകളുടേയും ചുകപ്പുസേനാതാവളങ്ങളുടേയും തല സ്ഥാനം ഇതായിത്തീൎന്നു.

**സോവിയററുകളുടെ വളർച്ച**

ജൂയ്ചീൻകേന്ദ്രമാക്കിക്കൊണ്ടു് ക്യാങ്ങ്സിസംസ്ഥാനത്തിലും കാൻടണിലും ആരംഭിച്ച സോവിയററു ഭരണവ്യവസ്ഥ അയൽപ്രദേശങ്ങളിലെ വിപ്ലവശക്തികൾക്കു് പ്രചോദനവും മാതൃകയുമായിരുന്നു. അധികം താമസിയാതെ ഫൂക്കീൻ, ഹൂപ്പെ, കപാങ്ങ്സി, ഷെപ്വാൻ, കവീച്ചൌ, ചെക്കിയാങ്ങ്, ക്യാൻസി, അൻവി, ഹൊനാൻ എന്നീ സംസ്ഥാനങ്ങളിലെല്ലാം സോവിയററുകൾ രൂപീകരിക്കപ്പെട്ടു. മഞ്ചൂറിയായിലെ കിരൺസംസ്ഥാനംവരെ സോവിയററുകളുടെ അധികാരശക്തി വ്യാപിച്ചു.

ഡോക്ടർ വെല്ലിങ്ങ്ടൺ ക്രൂ, ലിററൺ കമ്മീഷനു സമർപ്പിച്ച റിപ്പോർട്ടിൽ 1930-ൽ ചൈനയുടെ ഉൾപ്രദേശങ്ങളിൽ 181 ജില്ലകളിൽ സോവിയററുഭരണം നിലവിലുണ്ടായിരുന്നുവെന്നു പറയുന്നു. 1930 ആയപ്പോഴേക്കും ഈ സോവിയററുകൾക്കെല്ലാംകൂടി ഒരു കേന്ദ്രീകൃത ഭരണകൂടമുണ്ടായിരുന്നു.

1931-ഡിസംബറിൽ സോവിയററുകളുടെ ഒന്നാം കോൺഗ്രസ്സ്കൂടി. അതിൽവെച്ചു് എല്ലാ സോവിയററുകളുടേയും ചെയർമാനായി മാവോസെ-തുങ്ങ് തെരഞ്ഞെടുക്കപ്പെട്ടു. 1934-ജനവരിയിൽ നടന്ന രണ്ടാം അഖിലചൈനാസോവിയററുസമ്മേളനത്തിൽ 90 ലക്ഷം സോവിയററുപൌരന്മാരുടെ പ്രതിനിധികൾ പങ്കെടുത്തു

മാവോസെ-തുങ്ങിന്റെ കണക്കുപ്രകാരം ഇക്കാലത്ത് സോവിയററുകളുടെ കീഴിലുള്ള ജനസംഖ്യ താഴെ പറയുംപ്രകാരമായിരുന്നു:—

| | | |
|---|---|---|
| 1. ഹുപ്പെ—ആൻവായ്-ഹൊനാൻ സോവിയററ് | 20 | ലക്ഷം |
| 2. കിയാങ്ങ്സി സോവിയററ് | 30 | ലക്ഷം |
| 3. ഹുനാൻ കിയാങ്ങ്സിഹുപ്പെ സോവിയററ് | 10 | ലക്ഷം |
| 4. ക്യാങ്ങ്സി-ഹുനാൻസോവിയററ് | 10 | ലക്ഷം |
| 5. ചെക്കിയാങ്ങ്-ഫൂക്കീൻ സോവിയററ് | 10 | ലക്ഷം |
| 6. ഹുനാൻ-ഹുപ്പെ സോവിയററ് | 10 | ലക്ഷം |
| ആകെ | 90 | ലക്ഷം |

ചിയാങ്ങ് ഭരണത്തിൻകീഴിൽ ആകെ ജനസംഖ്യയുടെ പത്തുശതമാനംപോലും വരാത്ത വൻകിട ജന്മികളും ധനികകൃഷിക്കാരുമാണ് ആകെ കൃഷിഭൂമിയുടെ 75%വും കൈവശം വെച്ചിരുന്നതു്. ബഹുഭൂരിപക്ഷം വരുന്ന സാധാരണക്കാർ ഭൂമിയില്ലാത്ത കർഷകന്മാരായിരുന്നു. എന്നാൽ സോവിയററുഭരണത്തിൻകീഴിൽ സ്ഥിതി തീരെ വ്യത്യസ്ഥമായിരുന്നു. വൻകിടജന്മികൾക്കും ധനികകൃഷിക്കാർക്കും തങ്ങളുടെ ജീവിതാവശ്യത്തിനുള്ള ഭൂമിയൊഴിച്ച് മററെല്ലാം നഷ്ടപ്പെട്ടു. ഭൂമിയില്ലാത്ത കൃഷിക്കാർക്കിടയിൽ ഭൂമിവിതരണം ചെയ്യപ്പെട്ടു.

വ്യവസായങ്ങൾ തീരെ ഇല്ലാതിരുന്ന പ്രദേശങ്ങളിൽ പരസ്പരസഹായാടിസ്ഥാനത്തിലുള്ള വ്യാവസായി

കസ്ഥാപനങ്ങൾ ഉയൎന്നുവന്നു. 1936-ൽ ചൈന സന്ദശിച്ച എഡ്ഗാർസ്നോ എന്ന അമേരിക്കൻ ഗ്രന്ഥകാരൻ ഇങ്ങനെ പറയുന്നു:

"നവീനരീതിയിലുള്ള വമ്പിച്ച വ്യവസായതാവളങ്ങളുമായി യാതൊരു ബന്ധവുമുണ്ടാക്കാൻ നിവൃത്തിയില്ലാത്തവിധം ശത്രുക്കളുടെ വമ്പിച്ച ഉപരോധമുണ്ടായിട്ടും, ഒരു കടൽത്തീരത്തുറമുഖത്തിന്റെ സഹായസാദ്ധ്യതകൾ യാതൊന്നുമില്ലാതിരുന്നിട്ടും, കിയാങ്ങ്സിയിൽ കമ്യൂണിസ്ററുകാർ പല വൻകിടവ്യവസായങ്ങളും വളത്തിക്കൊണ്ടുവന്നു. അവരുടെ ടങ്ങ്സ്റ്റൺഖനികൾ കൊല്ലംതോറും 10 ലക്ഷം റാത്തലിലധികം ടങ്ങ്സ്റ്റൺ ഉല്പാദിപ്പിച്ചിരുന്നു. അവ ചൈനയിൽവെച്ചേററവും വലിയ ടങ്ങ്സ്റ്റൺ ഖനികളായിരുന്നു. ഇങ്ങനെ ഉല്പാദിപ്പിക്കപ്പെട്ട ടങ്ങ്സ്റ്റൺ മുഴവനും അവർ രഹസ്യമായി കപാൻടങ്ങിൽ ചിടാങ്ങിന്റെ ടങ്ങ്സ്റ്റൻ കുത്തകക്കമ്പനിക്ക് വില്ക്കുകയായിരുന്നു. 80/30

"കിയാങ്ങ്സിയിലുള്ള കേന്ദ്രസോവിയററ് അച്ചടിശാലയിൽ 800 തൊഴിലാളികൾ പണിയെടുത്തിരുന്നു. 'റഡ്ചൈനാ ഡെയിലിന്യൂസ്' എന്ന ദേശീയപത്രത്തിന്നുപുറമെ നിരവധി പുസ്തകങ്ങളും മാസികകളും ഇവിടെനിന്നു് അടിച്ചുപുറത്തിറക്കിയിരുന്നു. ഇവയ്ക്കു പുറമെ, ക്യാങ്ങ്സിയിൽ നെയ്ത്തുശാലകൾ, തുണിമില്ലുകൾ, യന്ത്രശാലകൾ എന്നിവയുമുണ്ടായിരുന്നു. അതാതു പ്രദേശങ്ങളിൽ ഏററവും മിതമായ ആവശ്യങ്ങൾ നിറവേററത്തക്കവണ്ണം സാധനങ്ങൾ ഉൽപ്പാദിപ്പിയ്ക്കുന്ന ചെറുകിടവ്യവസായശാലകൾ ഉണ്ടായിരുന്നു,

"1933-ൽ തങ്ങാം 120 ലക്ഷം ഡോളർ വിലവരുന്ന സാധനങ്ങാം വിദേശങ്ങളിലേക്ക് (ക്വമിന്താങ്ങ് പ്രദേശങ്ങളിലേക്ക്) കയററുമതി ചെയ്തിരുന്നതായി കമ്യൂണിസ്ററുകാർ അവകാശപ്പെടുന്നുണ്ട്. ക്വമിന്താങ്ങ് ഉപരോധത്തെ കബളിപ്പിച്ച് സഞ്ചരിച്ചിരുന്ന സാഹസികരായ തെക്കൻകച്ചവടക്കാരാണ് ഈ കച്ചവടം നടത്തിയിരുന്നത്. ഉല്പാദനത്തിൻെറ ഭൂരിഭാഗവും നടന്നിരുന്നത് കൈവേലക്കാർവഴിയായും കുടിൽവ്യവസായങ്ങാം വഴിയുമാണ്. ഇങ്ങനെ ഉൽപ്പാദിപ്പിക്കപ്പെട്ട സാധനങ്ങാം സഹകരണസംഘങ്ങാംവഴിവിററഴിക്കപ്പെടുകയും ചെയ്യും.

"മാവോസെ–തുങ്ങിൻെറ അഭിപ്രായത്തിൽ1933–ൽ കിയാങ്ങ്സിയിൽ ജനങ്ങളാൽ നടത്തപ്പെട്ട 1433 ഉല്പാദനവിതരണസംഘങ്ങളുണ്ടായിരുന്നു. സ്വന്തം നിലനില്പിന്നുവേണ്ടി സമരംചെയ്തുകൊണ്ടിരുന്നപ്പോഠംത്തന്നെ കമ്യൂണിസ്ററുകാർ ഈ മാതിരി സഹകരണസ്ഥാപനങ്ങളിൽ വിജയംവരിച്ചിരുന്നുവെന്നതിന്ന് ലീഗ് ഓഫ് നേഷൻസിൻെറ പരിശോധകന്മാർ നിസ്സംശയമായ തെളിവുതരുന്നുണ്ട്......"

സോവിയററുപ്രദേശങ്ങാം ക്വമിന്താങ്ങ് പ്രദേശങ്ങളിൽനിന്നും എല്ലാത്തരത്തിലും തീരെ വ്യത്യസ്തമായിരുന്നു. കൃഷിക്കാർ ഭൂമിയെല്ലാം പിടിച്ചെടുത്ത് സ്വയം വീതിച്ചു കൃഷിനടത്തുകയും ഉല്പാദകന്മാരുടേയും ഉപഭോക്താക്കളുടേയും കോ ഓപ്പറേററീവുകളുടെ സഹായത്തോടുകൂടി ആവശ്യമുള്ള സാധനങ്ങാം അന്യോന്യം വിനിമയം ചെയ്കയും ചെയ്തുവന്നു. ക്വമിന്താങ്ങ ഭരണത്തിൻ

കീഴിൽ അവർ വിളവിൻെറ 50%ത്തിലധികം ജന്മിക്കു പാട്ടമായും (ചിലപ്പോഠം വിളവിൻെറ 75%പോലും) ബാക്കി ഗവമ്മെണ്ടിലേയ്ക്കു് വമ്പിച്ച നികുതിയായും മററും കൊടുക്കേണ്ടിയിരുന്നു. ഇപ്പോളാസ്ഥിതി മാറി. വിളവിൻെറ 20% നികുതി കഴിച്ചു ബാക്കി അവക്ക് സ്വയം അനുഭവിയ്ക്കാമെന്നായി. ക്രമിന്താങ്ങ് നികുതി പിരിവുദ്യോഗസ്ഥന്മാരുടെ നിഴൽപോലും അവിടങ്ങളിൽ പ്രവേശിക്കാൻ ധൈര്യപ്പെട്ടില്ല.

സോവിയററ പ്രദേശങ്ങളിലെ ജനങ്ങഠക്ക് സ്വന്തം ആവശ്യത്തിന്നു് മതിയാകുന്ന ജലസേചന ഏപ്പാടുകളും, സൌജന്യമായ വിദ്യാഭ്യാസസ്ഥാപനങ്ങളും ആരോഗ്യകേന്ദ്രങ്ങളും കോപ്പറേററീവു ബാങ്കുകളും വിശ്രമകേന്ദ്രങ്ങളും മററുമുണ്ടായിരുന്നു. അവിടെ പതിനാറു വയസ്സു കഴിഞ്ഞ ഏവക്കും വോട്ടധികാരവും ജനങ്ങളുടെ പ്രതിനിധിയായി നിയമസഭയിൽപോകുവാനുള്ള അധികാരവുമുണ്ടായിരുന്നു. അക്കാര്യത്തിൽ സ്ത്രീപുരുഷവ്യത്യാസമുണ്ടായിരുന്നില്ല.

അനേകനൂററാണ്ടുകളോളമായി അടിമത്തത്തിൻേറയും മർദ്ദനത്തിൻേറയും മററു നൂറായിരം മർദ്ദനത്തിൻേറയും കയ്പുനീരുമാത്രം അനുഭവിച്ചറിഞ്ഞിരുന്ന ചൈനീസു സ്ത്രീകഠ ആദ്യമായിസ്വാതന്ത്ര്യത്തിൻേറയുംസ്വായധികാരത്തിൻേറയും മധുരിമയറിഞ്ഞതു് സോവിയററു ചൈനാപ്രദേശങ്ങളിലാണു്.

സോവിയററുഗവമ്മേണ്ടു് തൊഴിലാളികഠക്ക് 8 മണിക്കൂർ പ്രവത്തനസമയവും, വിശ്രമവും വദ്ധിച്ചകൂലിയും വൈദ്യശുശ്രൂഷാസൌകര്യങ്ങളും മററും അനുവദിയ്ക്കുന്ന പുതിയ തൊഴിൽ നിയമങ്ങഠ നടപ്പിലാക്കി.

അവിടെ ഹുണ്ടികക്കാരനും കൊള്ളലാഭമുതലാളിയും കരിഞ്ചന്തജന്മിയുമുണ്ടായിരുന്നില്ല. അവിടെ കുറച്ചു കാലത്തിന്നുള്ളിൽ ഭിക്ഷുക്കളും അലഞ്ഞുതെണ്ടുന്ന രോഗികളുമില്ലാതായി.

ചുററുപാടുമുള്ള ക്രുമിന്താങ്ങ് പ്രദേശങ്ങളുടെ പ്രബലമായ സാമ്പത്തികോപരോധമുണ്ടായിട്ടും ഈ സോവിയററുകൾ ദിനംപ്രതി പ്രബലപ്പെട്ടുവന്നു.

### ചുവപ്പുസേനയിലെ അച്ചടക്കം

1930-ൽ സോവിയററുകളുടെ ഭാവിയെപ്പററി പര്യാലോചിക്കുവാൻ ചേന്ന സമ്മേളനം ചുകപ്പുസേനയുടെ അച്ചടക്കം, പെരുമാററം, ജീവിതം എന്നിവയെയെല്ലാം ബാധിക്കുന്ന ചില പുതിയ നിയമങ്ങളും നിബന്ധനകളും സ്വീകരിച്ചു. ഇതനുസരിച്ച് തുടക്കത്തിൽത്തന്നെ ചുവപ്പുപടയാളികൾ മൂന്നു നിയമങ്ങൾക്ക് വിധേയരായിരുന്നു. കല്പനകൾ കൃത്യമായി അനുസരിയ്ക്കുക, ദരിദ്രകൃഷിക്കാരുടെ ഭൂമി പിടിച്ചെടുക്കാതിരിക്കുക, വൻകിട ജന്മിമാരുടെ ഭൂമി പിടിച്ചെടുത്ത ഉടനെ, അതോടു കൂടിയുള്ള സാധനങ്ങളടക്കം, എല്ലാം വിതരണത്തിന്നായി ഗവമ്മെണ്ടിനെ ഏല്പിയ്ക്കുക. എന്നിവയായിരുന്നു അവ.

ഈ സമ്മേളനത്തിന്നുശേഷം,പല പുതിയ ചിട്ടകൾ കൂടി ചുവപ്പുപടയാളികൾ അനുസരിക്കേണ്ടതായിവന്നു. ചുവപ്പുപടപ്രവേശിച്ച സ്ഥലങ്ങളിലെല്ലാം താമസത്തിന്നു കസ്റ്റശമാക്കിയ വീടുകൾ കേടുപാടുകൾകൂടാതെ തിരിച്ചേല്പിക്കുക, കിടക്കാനുപയോഗിച്ച വൈക്കോൽ ഉടമ

സ്ഥനം തിരിച്ചുകൊടുക്കുക, ജനങ്ങളോടു് മര്യാദയായി പെരുമാറുക, അവരെ സഹായിയ്ക്കുക, കടം വാങ്ങിയവ തിരിച്ചുകൊടുക്കുക, നശിപ്പിച്ചവയ്ക്കു് പ്രതിഫലംകൊടുക്കുക, വാങ്ങിയവയ്ക്കു് വിലകൊടുക്കുക, കൃഷിക്കാരുമായുള്ള ഇടപാടുകളിൽ സത്യസന്ധത പാലിയ്ക്കുക, ശുചിയായിരിക്കുക എന്നിവയായിരുന്നു അവയിൽ പ്രധാനമായവ. ഈ നിയമങ്ങളെല്ലാം ചുവപ്പുപടയുടെ മാർച്ചിങ് ഗാനത്തിലുണ്ടു്. ഇന്നും അവർ അതു് പാടിവരുന്നു.

ചുവപ്പുപടയാളികൾക്കു് ഏററവും പ്രധാനമായ മൂന്നു ഘടകങ്ങളുണ്ടു്. 1. മരണംവരെ പോരാടുക; 2. ബഹുജനങ്ങളെ സായുധരാക്കുക; 3. സമരത്തെ സഹായിയ്ക്കാനുള്ള പണമുണ്ടാക്കുക.

ചുവപ്പുപടയിൽ 90 ശതമാനം തൊഴിലാളികൎഷകബഹുജനങ്ങളും ബാക്കിഭാഗം വിപ്ലവകാരികളായ ബുദ്ധിജീവികളുമായിരുന്നു. ഉയന്ന നിലവാരത്തിലുള്ള രാഷ്ട്രീയവിജ്ഞാനവും തികഞ്ഞ വൎഗ്ഗബോധവും അവൎക്കുണ്ടായിരുന്നു. ചൈനീസ് ജനതയുടെ മുഴുവൻ ഭാവിയും തങ്ങളുടെ പ്രവൎത്തനത്തെ ആസ്പദിച്ചാണു് നിലകൊള്ളുന്നതെന്നു് അവൎക്കു തികഞ്ഞ ബോധമുണ്ടായിരുന്നു. കോമിന്താങ്ങ് പിൻതിരിപ്പന്മാരുടെ ചോററുപട്ടാളവും ചുവപ്പുസേനയും തമ്മിലുള്ള അടിസ്ഥാനപരമായ വ്യത്യാസം ഇതായിരുന്നു. കോമിന്താങ്ങ് പട്ടാളം രാഷ്ട്രീയമോ സാമൂഹ്യമോ ആയ യാതൊരറിവും ചിന്തയുമില്ലാതെ മിക്കപ്പോഴും സ്വന്തം മനസ്സാക്ഷിക്കെതിരായി, ബഹുജനങ്ങളുടെമേൽ കയ്യേറാൻ നിർബ്ബന്ധിതരായിക്കൊണ്ടി

രുന്നപ്പോൾ, ചുവപ്പുസേന ഭ്രമിയ്ക്കും നാട്ടുവാഴിത്തമർദ്ദനത്തിൽനിന്നു് രക്ഷനേടുന്നതിനുമുള്ള കൃഷിക്കാരുടെ സമരങ്ങളെ സഹായിക്കുകയാണു് ചെയ്തതു്.

ചുവപ്പുസേനയിൽ പരിപൂർണ്ണമായ ജനാധിപത്യമുണ്ടായിരുന്നു. ഓഫീസറും സാധാരണപടയാളിയും ഒരേഭക്ഷണം കഴിക്കും; ഒരേനിലത്തു് കിടന്നുറങ്ങും. ഒരാൾക്കും പ്രത്യേക സൌകര്യങ്ങൾ അനുവദിക്കപ്പെട്ടിരുന്നില്ല. കല്പനകൾ അയയ്ക്കുന്നേടത്തും അനുസരിക്കുന്നേടത്തും മാത്രമെ ഓഫീസർ, പടയാളി എന്ന വ്യത്യാസമുണ്ടായിരുന്നുള്ളു.

പടയാളികൾക്കു് ഒരു പാർട്ടിഫ്രണ്ടു്കമ്മിററി ഉണ്ടായിരുന്നു. പാർട്ടിയുടെ നയപരിപാടികൾക്കനുസരിച്ചു് സൈന്യത്തിന്റെ പ്രവത്തനങ്ങളേയും പടയാളികളുടെ അഭിപ്രായഗതികൾക്കനുസരിച്ചു് പാർട്ടിയുടെ നയപരിപാടികളിൽ വരുത്തേണ്ടുന്ന ഭേദഗതികളേയും രൂപീകരിക്കേണ്ടതു് ഈ പാർട്ടിഫ്രണ്ടുകമ്മററിയാണു്. മാവോസെ–തുങ്ങ് ഇതിന്റെ ചെയർമാനായിരുന്നു.

തങ്ങളേക്കാൾ പത്തും ഇരുപതും ഇരട്ടിവരുന്ന ക്രൂമിന്താങ്ങ്–സാമ്രാജ്യത്വപട്ടാളത്തോടാണു് ചുവപ്പുപടയാളികൾക്കു് നേരിടേണ്ടിയിരുന്നതു്. മാത്രമല്ല, ശത്രുക്കൾക്കു് മികച്ച ആയുധസന്നാഹങ്ങളും വേണ്ടുവോളം ഭക്ഷണപദാത്ഥങ്ങളുമുണ്ടായിരുന്നു. പട്ടിണിയും ആയുധദൌർല്ലഭ്യവും കണക്കിലേറെ സഹിച്ചുകൊണ്ടാണു ചുവപ്പുസേനയ്ക്കു പൊരുതേണ്ടിയിരുന്നതു്. ശത്രുക്കളുമായി അപ്പപ്പോഴുണ്ടാകുന്ന ഏററുമുട്ടലുകളിൽ തങ്ങൾ പിടിച്ചടക്കിയ ആയുധസാമഗ്രികൾ മാത്രമായിരുന്നു അവ

ക്കുണ്ടായിരുന്നത്. തീരെ തുല്യതയില്ലാത്ത ഈ ഏററു മുട്ടലുകളിൽ ചുവപ്പുപടയുടെ ഭാഗത്ത് അസാമാന്യമായ നൈപുണ്യവും യുദ്ധസംബന്ധമായ അടവുകളും ആവശ്യമായിരുന്നു. മാവോസെ-തുങ്ങ് പറയുന്നു:-

"പ്രസ്ഥാനത്തിൻെറ രാഷ്ട്രീയമായ അടിസ്ഥാനത്തിന്നപ്പുറമെ അതിൻെറ പട്ടാളപരമായ വിജയങ്ങൾക്ക് മറെറാരു പ്രധാനകാരണം അതിൻെറ അടവുകളാണ്. ചിങ്ങ്കാങ്ങിൽ വെച്ച് നാലു മുദ്രാവാക്യങ്ങൾ അംഗീകരിക്കപ്പെട്ടു. ചുവപ്പുപടയുടെ വളർച്ചയ്ക്കടിസ്ഥാനമായ ഗൊറില്ലാ യുദ്ധസമ്പ്രദായത്തിൻെറ മാർഗ്ഗങ്ങൾ ഇവയായിരുന്നു: (1)ശത്രു മുന്നേറുമ്പോൾ നാം പിൻവാങ്ങുക. (2)ശത്രു താവളമടിച്ചു വിശ്രമിക്കുമ്പോൾ അവരെ ബുദ്ധിമുട്ടിയ്ക്കുക. (3)അവർ യുദ്ധം കൂടാതെ കഴിയ്ക്കാൻ ശ്രമിയ്ക്കുമ്പോൾ നാം അങ്ങോട്ട് ആക്രമിയ്ക്കുക. (4) അവർ പിൻവാങ്ങുമ്പോൾ നാം അവരെ പിന്തുടരുക."

ശത്രുവെ അങ്ങോട്ടാക്രമിയ്ക്കേണ്ട അവസരങ്ങളിൽ ചുവപ്പുസേന ഒന്നിച്ചുചേൎന്ന് ഒററക്കെട്ടായിനിന്നാക്രമിയ്ക്കും. പിൻവാങ്ങേണ്ട സന്ദർഭം വന്നാൽ പടയാളികൾ ഗ്രൂപ്പുകളായി വേർപിരിയും. അങ്ങനെ ചുവപ്പുപടയെ കൂട്ടമായെതൃക്കാൻ ശത്രുക്കൾക്കു വിഷമമാവും. മിയ്ക്കവാറും ഇങ്ങോട്ടാക്രമിക്കാൻ ചുവപ്പുപട്ടാളത്തെ തിരിഞ്ഞുപിടിക്കാൻ തന്നെ ശത്രുക്കൾക്ക് സാദ്ധ്യമല്ലാതെവരും. ഈ വിധമുള്ള കൌശലങ്ങളും, ഗറില്ലാരീതിയിലുള്ള യുദ്ധസമ്പ്രദായങ്ങളും, ദുരിതമനുഭവിയ്ക്കുന്ന ബഹുഭൂരിപക്ഷം നാട്ടുകാരുടെ പിൻതുണയുമാണ് ചുവപ്പുപടയെ വിജയത്തിൽ നിന്ന് വിജയത്തിലേയ്ക്ക് ഉയർത്തിക്കൊണ്ടിരുന്നത്.

1930 ആയപ്പോഴേയ്ക്കും ചുവപ്പുപടയാളികളുടെ എണ്ണം 60,000 നും 70,000നുമിടയിലായി വൎദ്ധിച്ചു. ഇതിൽ 30,000വും തലസ്ഥാനമായ തെക്കൻക്യാങ്ങ്സി യിലായിരുന്നു. ഹൂപ്പെ, ഹൂനാൻ, കൌാങ്ങ്സി, ആൻവെയ്, ഹൊനാൻഷാൻസി എന്നീ സംസ്ഥാനങ്ങളിലെ 15 താവളങ്ങളിലായി ബാക്കിയും. സാധാരണ സമയങ്ങളിൽ അവർ കൃഷിക്കാരെ സഹായിച്ചുകൊണ്ട് അവരെ സംഘടിപ്പിക്കുന്നതിൽ ഏൎപ്പെട്ടുകൊണ്ടിരുന്നു.

8

## ഉന്മൂലനസംഹാരയുദ്ധങ്ങളും ജാപ്പാക്രമണവും

ചിയാങ്ങ്കായിഷേക്ക് ഒരു കേന്ദ്രഗവണ്മെൻറ് സ്ഥാപിച്ചുവെങ്കിലും അതിന്ന് പട്ടണപ്രദേശങ്ങളിലല്ലാതെ ഉൾപ്രദേശജില്ലകളിൽ തീരെ സ്വാധീനശക്തിയില്ലായിരുന്നുവെന്ന് മുമ്പു പറഞ്ഞുവല്ലോ. കോമിന്താങ്ങ് ഭരണത്തിന്ന്, ചൈനയിലെ ഒരൊററ ദേശീയപ്രശ്നത്തിന്നെങ്കിലും പരിഹാരം കാണാൻ സാദ്ധ്യമായില്ല. നാട്ടിലെ കുഴപ്പങ്ങൾ തീക്കാൻ വഴികാണാതെ ചിയാങ്ങ് അധികമധികം വിദേശസാമ്രാജ്യശക്തികളുടെ കയ്യിൽ, പ്രത്യേകിച്ചും അമേരിക്കയുടെ കയ്യിൽ, പാവകളിക്കാൻ തുടങ്ങി. ചിയാങ്ങിനെ കൂടുതൽ വഴിപ്പെടുത്തുന്നതിന്നായി അവർ അയാൾക്ക് ചില വിട്ടുവീഴ്ചകൾ ചെയ്തുകൊടുത്തു. കോൺസൽമാരെ നിശ്ചയിക്കുന്നതിലും, ചുങ്കനിയമത്തിലും തങ്ങൾക്കുണ്ടായിരുന്ന ചില പ്രത്യേകാവകാശങ്ങൾ അവർ ഉപേക്ഷിച്ചു. അതു വിട്ടുകൊടുക്കുന്നതുകൊണ്ട് തങ്ങൾക്ക യാതൊന്നും നഷ്ടപ്പെടാനില്ലെന്നും, നേരെമറിച്ച്, ചിയാങ്ങ് തങ്ങൾക്ക കൂടുതൽ അടിമപ്പെടുകയേ ഉള്ളുവെന്നും അവർ കണ്ടു. ഇങ്ങനെ വിദേശശക്തികൾ സാമ്പത്തികമായും രാഷ്ട്രീയമായും ചൈനയിൽ കൂടുതൽ സ്വാധീനത ചെലുത്താൻ തുടങ്ങി.

രാജ്യത്തിൽ അഭ്യന്തരമായ കുഴപ്പങ്ങൾക്ക് യാതൊരു ശാന്തിയുമുണ്ടായില്ല. പട്ടണങ്ങളിൽ കോമിന്താങ്ങ്

ഭരണം പഴയ യുദ്ധപ്രഭുക്കളുടേതിനേക്കാൾ നിർദ്ദയമായ മർദ്ദനങ്ങൾ അഴിച്ചുവിട്ടു: കോമിന്താങ്ങ്, സാമ്രാജ്യത്വത്തിന്റെയും പുതിയ ഉദ്യോഗസ്ഥമേധാവിത്വമൂലധനത്തിന്റെയും അടിമയായതോടുകൂടി ദേശീയബൂർഷ്വാസി കൂടി ചിയാങ്ങിനെ വെറുക്കാൻ തുടങ്ങി. കോമിന്താങ്ങിനുള്ളിൽത്തന്നെയുള്ള യുദ്ധപ്രഭുക്കൾ വിടാതെ കടിപിടി കൂടിക്കൊണ്ടിരുന്നതു് അയാൾക്കു് എന്നൊന്നും മാറാത്ത ഒരു തലവേദനയായിത്തീൎന്നു. മർദ്ദനം! കൂടുതൽ മൃഗീയമായ മർദ്ദനം! ഇതായിരുന്നു അയാൾ കണ്ട ഒരേ ഒരു പരിഹാരം!

എന്നിട്ടും തെക്കൻസംസ്ഥാനങ്ങളിലെ സംഭവവികാസങ്ങളെ നിയന്ത്രിക്കുവാൻ ചിയാങ്ങ്കായ്ഷേക്കിന്നു് കഴിഞ്ഞില്ല. ചുവപ്പുപടയുടെ അസാമാന്യമായ വളർച്ചയും, തുടർച്ചയായി പുതിയ സോവിയററുകളുടെ ആവിർഭാവവും, അവയുടെ നേതൃത്വംവഹിച്ച കമ്യൂണിസ്ററു പാർട്ടിയുടെ വദ്ധിച്ചുവന്ന സ്വാധീനശക്തിയും കോമിന്താങ്ങ് പിന്തിരിപ്പന്മാരെ സാമാന്യത്തിലധികം വിറളിപിടിപ്പിച്ചു. ദിനംപ്രതി വളൎന്നുവന്ന ഈ വിപ്ലവശക്തിയെ ഉടനടി അടിച്ചമത്താത്തപക്ഷം തങ്ങളുടെ നില അപകടത്തിലാവുമെന്നവർ കണ്ടു.

### ഉന്മൂലസംഹാരയുദ്ധങ്ങൾ

1930 അവസാനത്തിൽ കാർഷികവിപ്ലവത്തെ തച്ചുമക്കാനും ചുവപ്പുപടയേ ഒന്നോടെ നശിപ്പിച്ചുകളയാനും വേണ്ടി ചിയാങ്ങ്കായ്ഷേക്ക് ഒരുലക്ഷംപേരടങ്ങി

യ ഏഴഡിവിഷൻ പട്ടാളങ്ങളെ അയച്ചു. ലുതി-പിങ്ങിൻെറ നേതൃത്വത്തിൽ ഈ സൈന്യം ക്യാങ്ങ്സികേന്ദ്രസോവിയററിനെ ആക്രമിച്ചു. ശത്രുക്കളേ സോവിയററുപ്രദേശങ്ങളിൽ നിർബ്ബാധം കടക്കാനനുവദിച്ചശേഷം ചുവപ്പുപട മിന്നൽപിണർപോലെ ശത്രുക്കളുടെമേൽ ചാടിവീഴുകയാണുണ്ടായതു്. എണ്ണത്തിൽ 30,000മാത്രം വരുന്ന ചുവപ്പുപട ചിയാങ്ങ്പട്ടാളങ്ങളെ അമ്പേ തോല്പിച്ചു. ഒന്നരഡിവിഷൻ ക്വമിന്താങ്ങുപട തീരെ നശിച്ചുപോയെന്നുമാത്രമല്ല, അവരുടെ കമാണ്ടർ തടവിലാക്കപ്പെടുകയും ചെയ്തു. 1931 ജനുവരിയോടുകൂടി ചിയാങ്ങിൻെറ ഒന്നാം ഉന്മൂലസംഹാരയുദ്ധം പൊളിഞ്ഞു പാളീസ്സായി.

പരാജയം പിന്തിരിപ്പന്മാരെ കൂടുതൽ വിറളിപിടിപ്പിച്ചു. 1931 ഫെബ്രുവരിയിൽ ചിയാങ്ങ്കായ്-ഷെക്ക് തൻെറ രണ്ടാം ഉന്മൂലസംഹാരയുദ്ധം ആരംഭിച്ചു. ഇക്കുറി വിപ്ലവകാരികളേയും അവരുടെ സോവിയററുകളേയും നിശ്ശേഷം തകൎത്തുകളയണമെന്നു് ഉറപ്പിച്ചുകൊണ്ടുതന്നെ ഹൊയിൻ-ചിൻെറ നേതൃത്വത്തിൽ രണ്ടുലക്ഷം വരുന്ന ഒരു ക്രൂരൻ സൈന്യത്തെയാണയാൾ അയച്ചതു്. കോമിന്താങ്ങ്പടയുടെ പകുതിയോളമെങ്കിലും സംഖ്യാബലമോ ആയുധസന്നാഹങ്ങളോ ചുവപ്പുപടയ്ക്കില്ലായിരുന്നു. എന്നിട്ടും പിന്തിരിപ്പന്മാർ തോറേറാടാൻ നിർബ്ബന്ധിതരായി. അവരുടെ 30,000-ത്തിലധികം പട്ടാളക്കാരെ ചുവപ്പുപട തടവുകാരായി പിടിച്ചു. 20,000-ത്തിലധികം ചെറുകിടയുദ്ധസാമഗ്രികൾ പിടിച്ചെടുത്തു.

എന്നാൽ, ഇതുകൊണ്ടും ചിയാങ്ങ്കായ്ഷേക്ക് അടങ്ങിയില്ല. തെക്കൻ കിയാങ്ങ്സിയെ ആകെ ചുററിവളഞ്ഞു് സംഹരിക്കാനുള്ള അയാളുടെ മൂന്നാമത്തെ പരിശ്രമം ജൂലായിലാണ് ആരംഭിച്ചതു്. ഇക്കുറി സൈന്യത്തെ നിയന്ത്രിച്ചതു് താൻതന്നെയാണ്. ഏററവും പ്രാപ്തരായ മൂന്നു് അസിസ്റ്റാണ്ടു് കമാണ്ടർമാക്കു പുറമേ, ബ്രിട്ടീഷുകാരും ജാപ്പാൻകാരും, ജമ്മൻകാരുമായ വിദഗ്ദ്ധ പട്ടാളോപദേഷ്ടാക്കളേയും 3 ലക്ഷംപട്ടാളക്കാരേയുംകൊണ്ടാണ് ചിയാങ്ങ് പുറപ്പെട്ടതു്. മൂന്നുഭാഗത്തുകൂടി സൈന്യം കേന്ദ്രസോവിയററിന്റെ ഉള്ളിലോട്ടു് പ്രവേശിച്ചു. ചരിത്രത്തിൽ മുമ്പു കേട്ടിട്ടില്ലാത്തത്ര നാണംകെട്ട ഒരു തോൽവിയുടെ നാന്ദിയായിരുന്നു ഈ തിരപ്പുറപ്പാട്ടു്. എണ്ണത്തിൽ വെറും 30,000 മാത്രമുണ്ടായിരുന്ന ചുവപ്പുപട്ടാളത്തിന്റെ മുമ്പിൽ ചിയാങ്ങിന്റെ ദിഗ്വിജയസേന തോററു തുന്നംപാടി. ചുവപ്പുപടയുടെ നെഞ്ഞൂക്കിന്റെയും തന്ത്രപരമായ വൈദഗ്ദ്ധ്യത്തിന്റേയും നശിക്കാത്ത ആത്മവിശ്വാസത്തിന്റേയും മുമ്പിൽ വിദേശീയരുടെ വിദഗ്ദ്ധോപദേശങ്ങളും ഒട്ടേറെ വിലപിടിച്ച ആയുധസന്നാഹങ്ങളും നിഷ്ഫലമായി. അരനിമിഷം കൊണ്ടു് ചുവപ്പുപടയെ ഭസ്മാവശേഷമാക്കുമെന്നു് വീമ്പിളക്കിപ്പുറപ്പെട്ട ചിയാങ്ങ്, മോസ്കോ കണ്ടുമടങ്ങിയ നെപ്പോളിയനേപ്പോലെ, എണ്ണമററ പട്ടാളവും പടക്കോപ്പുകളും നഷ്ടപ്പെട്ടശേഷം ഇളിഭ്യനായി മടങ്ങി.

ഇതേഘട്ടത്തിൽത്തന്നെ, സൂ-സിയാങ്ങ്-ചീനിന്റെയും, ഹൊലുങ്ങിന്റെയും നേതൃത്വത്തിൽ വടക്കൻ സെച്വാനിലും പടിഞ്ഞാറൻ ഹൂനാനിലുമുള്ള താവളങ്ങളിലെ ചുവ

പ്പടകഠം പലപ്രധാന വിജയങ്ങഠം നേടി തങ്ങളുടെ കീഴിലുള്ള സോവിയററുകളുടെ വിസ്തൃതി വർദ്ധിപ്പിക്കുകയുമുണ്ടായി.

ഈ മൂന്ന് ഉന്മൂലസംഹാരയുദ്ധങ്ങളിൽ ചുവപ്പുപട നേടിയ വമ്പിച്ച വിജയങ്ങഠം ക്വമിന്താങ്ങ് പട്ടാളക്കാരുടെ ഇടയിൽ ഇളക്കമുണ്ടാക്കിത്തീർത്തു. ചുവപ്പുപടയെ ആക്രമിക്കാനയച്ച ക്വമിന്താങ്ങിൻെറ 26-ാം റൂട്ട് പട്ടാളത്തിലെ 10,000 പേർ 1931 ഡിസമ്പറിൽ, ചാവോ-പോ-ഷെങ്ങിൻെയും തുങ് ചെൻ-താങ്ങിൻേറയും മററും നേതൃത്വത്തിൽ, കിയാങ്സിയിലെ നിങ്ട്ടു എന്ന സ്ഥലത്തു കോമിന്താങ്ങുമായി കലഹിച്ച്, ചുവപ്പുപടയിൽ ചേന്നു. ഇങ്ങനെ നാനാമുഖേനയും ചിയാങ്ങിൻെറ സംഹാരപരിപാടികഠം ചുവപ്പുപടയുടെ എണ്ണവും ശക്തിയും മനക്കരുത്തും വർദ്ധിപ്പിക്കുന്നതിന്നാണ് ഉപകരിച്ചത്.

"മുക്ക്ഡൻസംഭവം"

1931 സെപ്റ്റമ്പറിലാണ് 'മുക്ക്ഡൻസംഭവ'മുണ്ടായത്. 1894-95-ലെ ചൈനാജാപ്പാൻ യുദ്ധത്തിലെ വിജയത്തിന്നുശേഷം, സീമാതീതമായ ശക്തിനേടിക്കഴിഞ്ഞ ജാപ്പാൻ യാതൊരു വ്യവസ്ഥാപിതഭരണവുമില്ലാതെ തകൎന്നുകിടന്നിരുന്ന ചൈനയെ കൊത്തിപ്പറിക്കാൻ കിട്ടിയ ഓരോ അവസരവും വേണ്ടവിധം ഉപയോഗപ്പെടുത്തി. 1900-ലെ ബോക്സർ യുദ്ധത്തിലും 1905-ൽ പോർട്ട്ആർതറും ഡാരിയനും പിടിച്ച ഘട്ടത്തിലും,

1915-ൽ ചൈനയെ ഒരു തികഞ്ഞ ജാപ്പകോളനിയാക്കാനുള്ള ഉദ്ദേശത്തോടെ ചൈനീസ് ഗവണ്മെൻറിൻെറ മുമ്പിൽ '21 ആവശ്യങ്ങൾ' വെച്ച അവസരത്തിലും എല്ലാം ഈ നയം വ്യക്തമായി കാണാമായിരുന്നു. 1927-ലെ ജാപ്പാൻെറ പ്രസിദ്ധമായ 'താനകാറിപ്പോർട്ടി'ൽ ലോകത്തെ മുഴുവൻ ആക്രമിച്ചടക്കുന്നതിൻെറ പ്രാരംഭമായി ചൈനയെയാകെ കയ്യടക്കേണ്ടതെങ്ങനെയെന്ന് വിശദമാക്കിയിരുന്നു. 1929-ലെ സാമ്പത്തികത്തകർച്ച കാരണമായി ചൈനയുടെമേൽ അമേരിക്കയ്ക്കും ബ്രിട്ടന്നുമുണ്ടായിരുന്ന പിടി അല്പം അയഞ്ഞുപോയ സന്ദർഭമായിരുന്നു അത്. മാത്രമല്ല, ചൈനയ്ക്കുള്ളിൽത്തന്നെ എതുവിപ്ലവശക്തികൾക്കിടയിൽ അധികാരവടംവലികളും നാട്ടിലാകെ അഭ്യന്തരക്കുഴപ്പങ്ങളും നടമാടുകയായിരുന്നു. ചിയാങ്ങ് സ്വന്തം നിലനില്പിന്നുവേണ്ടി ബ്രിട്ടീഷ്-അമേരിക്കൻ സാമ്രാജ്യശക്തികളെ തികച്ചും അഭയം പ്രാപിച്ചുകഴിഞ്ഞിരുന്നു. ഇത്തരമൊരു സന്ദർഭത്തിൽ തൻെറ ആക്രമണത്തെ തടയാൻ ഒരിക്കലും അയാൾക്ക് കരുത്തോ ധൈര്യമോ ഉണ്ടാവില്ലെന്ന് ജാപ്പാന്നു നല്ലപോലെ അറിയാമായിരുന്നു.

അങ്ങനെ, ജാപ്പാൻ ചൈനയെ ആക്രമിച്ചടക്കാൻ ഒരു 'മുക്കഡെൻസംഭവ'മുണ്ടാക്കി. 1931 സെപ്റ്റമ്പർ 18-ാംനു- രാത്രി മഞ്ചൂറിയയിലെ പ്രധാന തീവണ്ടിജങ്ക്ഷനായ മുക്ക്ഡനിൽ ഒരു പൊട്ടിത്തെറിയുണ്ടായത്രെ! ജാപ്പുടമയിലായിരുന്ന തെക്കൻമഞ്ചൂറിയൻറെയിൽവേയുടെ ഒരു ഭാഗം ചൈനീസ് പട്ടാളം തകർത്തുകളഞ്ഞുവെന്ന് ടോക്കിയോഗവണ്മെൻറ് പ്രഖ്യാപിച്ചു. മുൻകൂട്ടി

തെയ്യാറാക്കിയിരുന്ന പ്ലാനനുസരിച്ച് നൊടിക്കിടയിൽ മഞ്ചൂറിയയിലുണ്ടായിരുന്നതും, ഈ ആവശ്യത്തിന്നായി കൊറിയയിൽനിന്ന് കൊണ്ടുവന്നു നിർത്തിയിരുന്നതുമായ ജാപ്പുപട്ടാളമാകെ, അതേ രാത്രിതന്നെ തെക്കൻ മഞ്ചൂറിയയുടെ നാനാഭാഗങ്ങളിലേയ്ക്കും, അതേ 'തകന്ന' റെയിൽവേപാതമേൽക്കൂടെത്തന്നെ, ദ്രുതഗതിയിൽ ഒഴുകാൻ തുടങ്ങി. ചില സൈന്യവിഭാഗങ്ങൾ പൊട്ടിത്തെറിയുണ്ടായെന്നു പറയുന്നതിൻെറ മുമ്പുതന്നെ ബറാക്സുകളിൽനിന്ന് പുറപ്പെട്ടുകഴിഞ്ഞിരുന്നു! വാസ്തവത്തിൽ, ഇത്തരം യാതൊരു സംഭവവുമുണ്ടായിട്ടില്ലെന്ന് പിന്നീട് മഞ്ചൂറിയയിൽ വന്നന്വേഷണം കഴിച്ച അന്നത്തെ സർവ്വരാജ്യസഭയുടെ വസ്തു നിരീക്ഷണക്കമ്മീഷൻ രേഖപ്പെടുത്തുകയുണ്ടായി.

1931 അവസാനത്തോടുകൂടി മഞ്ചൂറിയ മുഴുവൻ ജാപ്പാന്നധീനമായി. 1932-ൽ അവർ ഷാങ്ഹായ് ആക്രമിച്ചു. 1933-ൽ ജെഹോൾസംസ്ഥാനവും ചഹാറിൻെറ വടക്കുഭാഗവും അവർ പിടിച്ചടക്കി. 1933-ൽ തന്നെ ഹോപ്പീസംസ്ഥാനത്തിൻെറ കിഴക്കുഭാഗവും അവർ കൈവശപ്പെടുത്തി. ഇങ്ങനെ അഞ്ചുലക്ഷത്തിലധികം ചതുരശ്രനാഴിക വിസ്താരമുള്ളതും 3½ കോടി ജനങ്ങൾ അധിവസിച്ചിരുന്നതുമായ ഒരു വലിയ ഭൂവിഭാഗം ജാപ്പാൻെറ അധീനതയിലായി. ജാപ്പുപട്ടാളത്തിൻെറ അധീനത്തിൽ അവർ അവിടെ ഒരു പാവഗവണ്മെൻറിനെ സ്ഥാപിക്കുകയും, ആ പ്രദേശത്തിന്ന് മഞ്ചുക്കോ എന്നു പേരിട്ട്, അതിൻെറ അധിപനായി, പഴയ മഞ്ചുരാ

ജവംശത്തിലെ സ്ഥാനഭ്രഷ്ടനാക്കപ്പെട്ട അവസാനത്തെ ചക്രവത്തിയായിരുന്ന പൂ യീ യെ വാഴിക്കുകയും ചെയ്തു.

ചൈനയിലെ ഈ സംഭവവികാസങ്ങൾ ഒരു നേരിയ പ്രതിഷേധത്തിൽ കവിഞ്ഞ യാതൊരു വികാരവും ചിയാങ്ങ്കായ്ഷേക്കിൽ ഉണ്ടാക്കിത്തീത്തില്ല. ചൈന കഷ്ണം കഷ്ണമായി ജാപ്പാൻെറ വായിൽചെന്നു വീഴുന്നതിനെ തടയുന്നതിലല്ല, കമ്യൂണിസ്ററുകാരെ അടിച്ചമത്തുന്നതിലായിരുന്നു അയാൾ മുഴുവൻ ശ്രദ്ധയും കേന്ദ്രീകരിച്ചതു്. ജപ്പാനെയല്ല, ചൈനയിലെ വിപ്ലവശക്തികളെയായിരുന്നു അയാൾ പ്രധാനശത്രുവായി ഗണിച്ചതു്.

### ജാപ്പുവിരോധപ്രക്ഷോഭങ്ങൾ

ജാപ്പാക്രമണം ചൈനയുടെ വിപ്ലവത്തിൻെറ സ്വഭാവത്തിൽതന്നെ സാരമായ മാററങ്ങൾ വരുത്തി. സ്വന്തം ദേശീയസ്വാതന്ത്ര്യംതന്നെ അപകടത്തിലായ ആ ഘട്ടത്തിൽ, അന്യോന്യം തമ്മിൽതല്ലി തലപൊളിക്കുന്നതിനുപകരം, എല്ലാവരും യോജിച്ചു് ജാപ്പാക്രമണത്തെ ചെറുത്തു നാടിനെ രക്ഷിക്കുകയെന്നതു് ചൈനയിലെ രാഷ്ട്രീയകക്ഷികളുടെ അടിയന്തിരകടമയായിത്തീന്നു.

തൊഴിലാളികൾ, കൃഷിക്കാർ, വിദ്യാത്ഥികൾ എന്നിവരുടെ ജാപ്പ്വിരോധപ്രക്ഷോഭങ്ങൾ നാടാകെ അലയടിച്ചു. 1927-ൽ വിപ്ലവഃച്ചേരിയിൽനിന്നു പിന്മാറിയ ദേശീയബൂഷ്വാസിയും പെററിബൂഷ്വാസിയിലെ ഉയന്നവിഭാഗവും ചിയാങ്ങിൻെറ നയത്തിൽ വമ്പിച്ച പ്രതിഷേധശബ്ദമുയത്തി. 1932 ജനവരിയിൽ ഷാങ്ങ്ഹായ് ആക്രമിച്ച ജാപ്പുപട്ടാളങ്ങളെ കോമിന്താങ്ങിൻെറ

19-ാംരൂട്ട്പട്ടാളം, ഷാങ്ങ്ഹായ് ജനതയോടൊപ്പം സു ധീരം ചെറുത്തുനിന്നു. 1933 നവമ്പറിൽ ഈ സൈന്യ ത്തിലെ നേതാക്കന്മാരും, ചിയാങ്ങിന്റെ ജാപ്പപ്രീണന നയത്തിൽ അതൃപ്തിജനിച്ച കോമിന്താങ്ങിലെ ഒരു വിഭാ ഗവുംചേന്ന്, ഫൂക്കീൻസംസ്ഥാനത്തിൽ ഒരു ജനകീയഗ വമ്മെണ്ടു് രൂപീകരിച്ചു. അവർ കമ്യൂണിസ്ററുകാരുമാ യി യോജിക്കാൻ സന്നദ്ധരായി. 1933 മെയിൽ ഫെങ്ങ് യൂ-സിയാങ്ങ് കമ്യൂണിസ്ററുകാരുമായി യോജിച്ചു് ച ഹാർസംസ്ഥാനത്തിലെ കാൽഗനിൽ ഒരു ജാപ്പവിരോ ധജനകീയസഖ്യസൈന്യം സംഘടിപ്പിച്ചു.

ചൈനീസ് കമ്യൂണിസ്റ്റ്പാർട്ടി ഈ ഘട്ടത്തിന്റെ ഗൌരവം തികച്ചും മനസ്സിലാക്കി. അവർ ജാപ്പാക്രമി കളെ സായുധരായി ചെറുത്തുനില്ക്കാൻ ചൈനീസ്ജനത യ്ക്കു് ആഹ്വാനം നൽകി. 1932-ൽ, ജാപ്പാനെ ചെ റുക്കുന്നതിനെസ്സംബന്ധിച്ചേടത്തോളം ക്രമിന്താങ്ങുമായി സഹകരിക്കാനുള്ള ഒരു പരിപാടി അവർ മുമ്പോട്ടുകൊ ണ്ടുവന്നു. വടക്കുകിഴക്കൻ ചൈനയിലെ ജനങ്ങൾക്കു് ജാ പ്പവിരോധഗൊറില്ലാസമരങ്ങൾ നടത്തുന്നതിലും പ്ര ക്ഷോഭങ്ങൾ സംഘടിപ്പിക്കുന്നതിലും അവർ നേതൃത്വം നൽകി. ചുവപ്പുസേനയുടെ നേരെയുള്ള ആക്രമണങ്ങൾ നിർത്തുക, ജനതയുടെ ജനാധിപത്യാവകാശങ്ങൾ സംര ക്ഷിക്കുക, ജനങ്ങൾക്കു് ആയുധം നൽകുക—ഈ മൂന്നു വ്യവസ്ഥകളിന്മേൽ കോമിന്താങ്ങ് സൈന്യങ്ങളുമായി ജാ പ്പാക്രമണത്തെ ചെറുക്കുന്നതിൽ തങ്ങൾ സഹകരിക്കാൻ തയ്യാറാണെന്നു് ചുവപ്പുസേന പ്രഖ്യാപിച്ചു. 1932-ൽ തന്നെ സോവിയററുജില്ലകൾ ജാപ്പാനെതിരായി യുദ്ധം

പ്രഖ്യാപിച്ചിരുന്നു. കോമിന്താങ്ങ് സഹകരിയ്ക്കുയാണെങ്കിൽ, "ഒരു ജാപ്പുവിരുദ്ധദേശീയൈക്യമുന്നണി"യ്ക്കുവേണ്ടി, ചുവപ്പുപടയും സോവിയററു ജില്ലകളും കോമിന്താങ്ങിൻെറ പരമാധികാരം സ്വീകരിക്കാൻപോലും തയ്യാറാവുമെന്ന് കമ്യൂണിസ്ററുപാർട്ടി പ്രഖ്യാപിച്ചു. ദേശീയൈക്യമുന്നണിക്കു പുറമെ, അമേരിയ്ക്ക, ബ്രിട്ടൻ, റഷ്യ, ഫ്രാൻസ് തുടങ്ങിയ രാഷ്ട്രങ്ങളുമായിയോജിച്ച് ഒരു സാർവ്വദേശീയ ഐക്യമുന്നണികൂടി രൂപീകരിക്കാൻ കമ്യൂണിസ്ററുകാർ തയ്യാറായി. മാവോസെ-തുങ്ങിൻെറ വാക്കുകളിൽ, "ജാപ്പുസാമ്രാജ്യത്വം ചൈനയുടെ മാത്രം ശത്രുവല്ല. അതു ശാന്തസമുദ്രത്തിൽ കച്ചവടതാല്പര്യങ്ങളുള്ള ജനതയുടെ മുഴുവൻ (അതായത്, ബ്രിട്ടൻ, അമേരിക്ക, റഷ്യ, ഫ്രാൻസ്) ശത്രുവാണ്. ജാപ്പാൻെറ വെട്ടിപ്പിടിക്കൽനയം ചൈനയ്ക്കു മാത്രമല്ല, ഈ രാജ്യങ്ങൾക്കെല്ലാംതന്നെയും എതിരാണ്."

എന്നാൽ ചിയാങ്ങിൻെറ നാങ്കിങ്ങ് ഭരണകൂടത്തിന്ന് ഇതുകൊണ്ടൊന്നും യാതൊരു കുലുക്കവുമുണ്ടായില്ല. തങ്ങളുടെ അണികളിൽത്തന്നെ വന്നുകൊണ്ടിരുന്ന പിളപ്പ് അവർ നിസ്സാരമാക്കി. കമ്യൂണിസ്ററുകാർക്കെതിരായ തൻെറ സമരപരിപാടികൾ ചിയാങ്ങ് നിർവിഘ്നം തുടർന്നുപോന്നു.

### വീണ്ടും ഉന്മൂലസംഹാരയുദ്ധങ്ങൾ

ജനങ്ങളുടെ ജാപ്പുവിരോധപ്രക്ഷോഭണം നാടാകെ ഇരമ്പിക്കയറിക്കൊണ്ടിരുന്ന ഈ അവസരത്തിൽ ഷാങ്ഹായ് നഗരത്തെ ജാപ്പാക്രമണത്തിന്ന് നിർബ്ബാധം തുറന്നുകൊടുത്തുകൊണ്ട് ചിയാങ്ങ് കായ്-ഷക്ക് തൻെറ

നാലാം സംഹാരയുദ്ധത്തിന്നൊരുക്കക്കൂട്ടുകയായിരുന്നു. അഞ്ചുലക്ഷം സൈന്യങ്ങളടങ്ങിയ 90 ഡിവിഷൻ പട്ടാളങ്ങളോടുകൂടി 1932 ജൂണിൽ ആരംഭിച്ച ഈ യുദ്ധം 1933 ഫെബ്രുവരിയിൽ ചിയാങ്ങിൻെറ പരിപൂർണ്ണമായ പരാജയത്തോടുകൂടി പര്യവസാനിച്ചു. ഇക്കുറി തൻെറ ജർമ്മൻ ഉപദേശകന്മാരുടെ നിർദ്ദേശപ്രകാരം ചിയാങ്ങ് പതിവുപ്രകാരമല്ലാതെ പുതിയതരം യുദ്ധതന്ത്രങ്ങൾ പ്രയോഗിച്ചു നോക്കുകയുണ്ടായി. ചുവപ്പുഭടന്മാക്കാകട്ടെ, ക്വമിന്താങ്ങ് ഭടന്മാരോടൊപ്പം ജാപ്പുഫാഷിസ്ററുകളേയും ഒരേസമയത്ത് ചെറുക്കേണ്ടിവന്നു. എന്നിട്ടും, 13,000-ൽ അധികം ക്വമിന്താങ്ങ് ഭടന്മാർ തടവുകാരായി പിടിക്കപ്പെട്ടു. നിരവധി ആയുധങ്ങളും ചുവപ്പുപടയുടെ കയ്വശം വന്നു. ചിയാങ്ങ്കായ്ഷേക്കിൻെറ ഫീൽഡ്കമാണ്ടറായ ചെൻചെങ്ങ്, ചുവപ്പു... യുമായുള്ള യുദ്ധം ഒരു ജീവകാലത്തേക്കു മുഴുവനുമുള്ള ...ധാനമാണെന്നും, അതൊരു ജീവപര്യന്തശിക്ഷയാ... ന്നും പറയുകയുണ്ടായി. ഇക്കാരണത്താൽ അയ... ലിയിൽനിന്നു തരംതാഴ്ത്തപ്പെട്ടു.

THE KOTTAYAM PUBLIC LIBR
KOTTAYAM.
TRAVANCORE.

## ദീർഘയാത്ര

1933 ഒക്ടോബറിൽ ചിയാങ്ങ് തൻെറ അഞ്ചാമത്തെ സംഹാരയുദ്ധമാരംഭിച്ചു. ഈ പ്രാവശ്യം അയാൾ 10 ലക്ഷം സൈന്യങ്ങൾക്കു പുറമെ ബോമ്പേറുവിമാനങ്ങൾകൂടി ഉപയോഗപ്പെടുത്തി. കിയാങ്ങ്സിയിലെ ചുവപ്പുസേനാകേന്ദ്രത്തിൻെറനേരേ മാത്രം അഞ്ചുലക്ഷം സൈന്യങ്ങൾ വിനിയോഗിയ്ക്കപ്പെട്ടു. ഇപ്രാവശ്യം എതിർത്തുനില്ക്കാനുള്ള കഴിവു് ചുവപ്പുസേനയ്ക്കുണ്ടായില്ല. കഴിഞ്ഞ നാലാക്രമണങ്ങളിൽനിന്നും പാഠം പഠിച്ച ചിയാങ്ങ്, ഇക്കുറി സോവിയററുകളെ ചുററിവളഞ്ഞശേഷം സാമ്പത്തികനിരോധം നടപ്പിലാക്കാനാണു് ഒരുങ്ങിയതു്. ദീർഘകാലത്തെ സാമ്പത്തികോപരോധംകൊണ്ടു മാത്രമേ ചുവപ്പുഭടന്മാരെ കുഴപ്പത്തിലാക്കാൻ കഴിയൂ എന്നയാൾ കണ്ടു. സോവിയററു പ്രദേശങ്ങളെ ചുററിയിരുന്ന പട്ടാളവലയം ദിനംപ്രതി ചുരുക്കിക്കൊണ്ടു വരാനും അങ്ങനെ ചുവപ്പുപടയെയാകമാനം കെണിയിൽ കുടുക്കി തകർത്തുകളയാനുമായിരുന്നു ചിയാങ്ങ് ഉദ്ദേശിച്ചതു്. ഇതിന്നു് സഹായകമായി അയാൾക്കു് സാമ്രാജ്യശക്തികൾ നൽകിയ നാന്നൂറു് യുദ്ധവിമാനങ്ങളുമുണ്ടായിരുന്നു. നിത്യേനയെന്നോണം ആയിരക്കണക്കിലുള്ള കർഷകർ ബോമ്പുകൾക്കും ആകാശത്തുനിന്നുള്ള വെടിയുണ്ടകൾക്കും ഇരയായി മരിച്ചുകൊണ്ടിരുന്നു. ചൌ എൻ-ലായുടെ കണക്കുപ്രകാരം 60,000-ൽ അധികംപേർ ഇതുകൊ

ണ്ടുമാത്രം മരണമടഞ്ഞു. സാധാരണ ജനങ്ങൾ മരിച്ചതു് കണക്കാക്കുവാൻതന്നെ സാദ്ധ്യമായില്ല. കോമിന്താങ്ങ്പട്ടാളം കിയാങ്ങ്സി പിടിച്ചതിനുശേഷവും അവിടെനിന്നു് ജനങ്ങളെ നാടുകടത്തിക്കൊണ്ടിരുന്നു. ജനബഹുലമായിരുന്ന വളരെ പ്രദേശങ്ങൾ തീരെ ജനശൂന്യങ്ങളായിത്തീർന്നു. സോവിയററ് കിയാങ്ങ്സി വീണ്ടെടുക്കുന്ന പ്രവർത്തനത്തിൽ 10 ലക്ഷത്തിലധികംപേർ കൊലചെയ്യപ്പെട്ടിട്ടുണ്ടെന്നു് ക്രമിന്താങ്ങ്തന്നെ സമ്മതിക്കുകയുണ്ടായി.

ഈ കൊന്നൊടുക്കൽപരിപാടി തുടൎന്നതോടുകൂടി ചുവപ്പുപടയ്ക്കു് തെക്കൻചൈനയിൽ തീരെ നില്ക്കക്കള്ളിയില്ലാതായി. ക്രമിന്താങ്ങ് ആക്രമണത്തെ ചെറുത്തുനില്ക്കണമെങ്കിൽ, കൂടുതൽ സുരക്ഷിതമായ ഒരു താവളം കണ്ടുപിടിച്ചേ തീരൂ എന്ന നിലവന്നു. 1934 ഒക്ടോബറിൽ ചരിത്രത്തിലിതുവരെ ഉണ്ടായിട്ടില്ലാത്ത അത്ര വമ്പിച്ചൊരു സാഹസോദ്യമത്തിന്നു് ചുവപ്പുപട തെയ്യാറായി. അവർ കിയാങ്ങ്സിതാവളം വിട്ടു വടക്കോട്ടുള്ള തങ്ങളുടെ ദീർഘയാത്രയാരംഭിച്ചു. തെക്കൻചൈനയിലും മദ്ധ്യചൈനയിലും അവിടവിടെയുണ്ടായിരുന്ന ചുവപ്പുസേനാ വിഭാഗങ്ങൾ സ്വന്തം താവളങ്ങൾ ഉപേക്ഷിച്ചു് ഈ യാത്രയിൽ പങ്കുചേർന്നു.

യാത്രതുടങ്ങി വളരെ ദിവസങ്ങൾക്കുശേഷം മാത്രമാണു് ചിയാങ്ങിൻെറ പട്ടാളക്കാർ ഈ സംഗതി ഗ്രഹിച്ചതു്. അവർ വേട്ടനായ്ക്കളെപ്പോലെ പിന്നാലെ പാഞ്ഞെത്തി. പിന്തുടൎന്നുവന്ന വമ്പിച്ച സൈന്യത്തിന്നു പുറമെ അതാതു് സംസ്ഥാനങ്ങളിലുണ്ടായിരുന്ന ക്രമിന്താങ്ങ്പട്ടാ

ളങ്ങളോടും ഇടതടവില്ലാതെ പൊരുതിക്കൊണ്ടാണ് ചുവപ്പുഭടന്മാർ മുന്നോട്ടു നീങ്ങിയതു്. സോവിയററുപ്രദേശങ്ങളിലെ സാധാരണ കർഷകരും സ്ത്രീകളും കുട്ടികളുമെല്ലാം ഈ യാത്രയിൽ പങ്കുകൊണ്ടു. ഗ്രാമീണർ കഴിയുന്നത്ര വീട്ടുസാമാനങ്ങളേയും കന്നുകാലികളേയും കൂടെക്കൊണ്ടുപോയി. അങ്ങനെ തുടക്കത്തിൽ പടക്കോപ്പുകളും ഭക്ഷണസാധനങ്ങളും മൃഗങ്ങളും മനുഷ്യരുമടങ്ങിയ ഒരു വമ്പിച്ച പ്രവാഹമായിരുന്നു അതു്. പക്ഷേ, പിന്നീട് ഈ മാറാപ്പുകൾ മിയ്ക്കവാറും വഴിയിൽ ഉപേക്ഷിക്കേണ്ടിവന്നു. ക്ഷമിന്താങ്ങ് ഭടന്മാരുമായി വഴിക്കുവച്ചുണ്ടായ അനേകം കൂട്ടിമുട്ടലുകളിൽ വളരെപ്പേർ മൃതിയടഞ്ഞു.

ചുവപ്പുപടയിലെ 3 ലക്ഷംപട്ടാളക്കാരിൽ 90,000 പേർ മാത്രമേ ചിയാങ്ങിൻെറ സൈനികവലയം ഭേദിച്ചു പുറത്തുകടക്കാൻ കഴിഞ്ഞുള്ളു. ഈ തൊണ്ണൂറായിരം പട്ടാളക്കാരാണ് മാവോസേതുങ്ങിൻേറയും ചൂതേയുടേയും നേതൃത്വത്തിൽ ചരിത്രപ്രസിദ്ധമായ ദീർഘയാത്രയാരംഭിച്ചതു്. യാത്രയവസാനിച്ചപ്പോൾ അവരിൽ 30,000 ത്തിന്നും 40,000 ത്തിന്നും ഇടയിലുള്ള പട്ടാളക്കാർ മാത്രമേ ശേഷിച്ചുള്ളു.

1935 ആദ്യത്തിൽ ദീർഘയാത്രയ്ക്കിടക്ക് പാർട്ടി കേന്ദ്രക്കമ്മററിയുടെ പൊളിററിക്കൽ ബ്യൂറോവിൻെറ ഒരു യോഗം കൂചിച്ചൌവിലെ 'സിന്ദയി' എന്ന സ്ഥലത്തു വെച്ചു കൂടുകയുണ്ടായി. അതിൽവെച്ചാണ് മാവോസേതുങ്ങ് ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടിയുടെ ജനറൽസിക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ടതു്.

ദീർഘയാത്ര—ഒററ നോട്ടത്തിൽ

ചൈനീസ്‌വിപ്ലവചരിത്രത്തിൽ ഏററവും പ്രാധാന്യം വഹിക്കുന്ന ഈ ദീർഘയാത്രയെക്കുറിച്ചു് എഡ്ഗാർസ്നൊ തൻെറ "റഡ്സ്റ്റാർ ഓവർ ചൈനാ" എന്ന പുസ്തകത്തിൽ ചില സ്ഥിതിവിവരക്കണക്കുകൾ തരുന്നുണ്ടു്. അതിപ്രകാരമാണു്:—

"ചുവപ്പുസേന ആകെ യാത്രചെയ്ത ദൂരം 25000 ലീ (8000 നാഴിക)—അതായതു് അമേരിക്കൻ വൻകരയുടെ കിഴക്കുപടിഞ്ഞാറുള്ള വീതിയുടെ ഇരട്ടി.

—368 ദിവസങ്ങൾ യാത്രചെയ്തു.

—ഇതിൽ ദിവസത്തിൽ ഒരു പ്രാവശ്യംവീതം നാങ്കിങ്ങ്പട്ടാളവുമായി ഏററുമുട്ടൽ.

—എല്ലാംക്കൂടി പതിനഞ്ചു ദിവസത്തോളം നീണ്ടുനിന്ന വൻകിടയുദ്ധങ്ങൾ.

—235 ദിവസം പകൽ യാത്ര.

— 18 ദിവസം രാത്രി യാത്ര.

—വഴിയിൽ ആകെ 100ദിവസത്തെതാമസത്തിൽ 56 ദിവസം വടക്കുപടിഞ്ഞാറൻ ഷെച്ചുവാനിൽ.

—5000 ത്തോളം നാഴിക യാത്രയ്ക്കിടയിൽ 44 ദിവസത്തെ വിശ്രമം. അതായതു് ശരാശരി 114 നാഴികയ്ക്കു് ഒരു ദിവസം വിശ്രമം.

—ദിവസത്തിൽ ശരാശരി മാർച്ചുചെയ്ത ദൂരം 24 നാഴിക.

—18 പർവ്വതപ്രദേശങ്ങൾ—ഇവയിൽ അഞ്ചെണ്ണം മഞ്ഞുമൂടിയവ—24 നദികൾ, 12 സംസ്ഥാനങ്ങൾ എന്നിവ തരണംചെയ്തു.

—62 പട്ടണങ്ങൾ ആക്രമിച്ചു.

—പത്തു വിവിധയുദ്ധപ്രഭുക്കളുടെ പ്രാദേശികസൈന്യങ്ങൾക്കു പുറമെ നാങ്കിങ്ങ് സൈന്യങ്ങളേയും എതിർത്തു തോല്പിച്ചു."

ഈ യാത്രയ്ക്കിടയിൽ ചുവപ്പുപട അനുഭവിച്ച നരകയാതനകളുടെ ഏതാണ്ടൊരു ചിത്രം ഈ കണക്കുകൾ കാണിച്ചുതരുന്നുണ്ട്. എന്നാൽ അതുമാത്രമല്ല. ചുവപ്പുപടയുടെ വമ്പിച്ച പരീക്ഷണഘട്ടത്തിൽപോലുമുള്ള നിശ്ചയദാർഢ്യവും വിപ്ലവത്തിലുള്ള അചഞ്ചലമായ വിശ്വാസവുംകൂടെ അതു് കാണിച്ചുതരുന്നു.

### അടിയന്തരഫലങ്ങൾ

ആദ്യത്തെ ഉന്മൂലസംഹാരയുദ്ധക്കാലത്തു് 60000 ഭടന്മാർ മാത്രമുണ്ടായിരുന്ന ചുവപ്പുപട അഞ്ചാംസംഹാരയുദ്ധമായപ്പോഴേയ്ക്കു് മൂന്നുലക്ഷമായി വർദ്ധിച്ചിട്ടുണ്ടായിരുന്നു. ദീർഘയാത്രയ്ക്കുശേഷം വടക്കൻഷെൻസിയിലെത്തിയപ്പോൾ ഇതു് വെറും 30,000 മായി കുറഞ്ഞിരുന്നു. ചുവപ്പുപടയുടെഏററവുംമികച്ച പ്രാപ്തരും പാർട്ടിയിൽ ഏററവുമധികം വളർന്നവരുമായ ഈ സഖാക്കൾ ചൈനീസ്‌വിപ്ലവത്തിൻെറ നട്ടെല്ലായിരുന്നു.

ഈ ദീർഘയാത്ര ചൈനീസ് കമ്യൂണിസ്ററുപാർട്ടിയുടെ എന്നല്ല ലോകത്തിലെ മുഴുവൻ കമ്യൂണിസ്ററു പാർട്ടികളുടേയും വിപ്ലവചരിത്രത്തിലെ ഏററവും ധീരവും ത്യാഗപൂർണ്ണവുമായ ഒരു സംഭവമാണു്. അതു് ചൈനീസ് വിപ്ലവത്തെ അന്ത്യനാശത്തിൽനിന്നു് രക്ഷിച്ചു. ചൈനീസ്‌ജനതയ്ക്കു് വിപ്ലവത്തിൻെറ അന്തിമവിജയത്തിലും ജാപ്പുവിരുദ്ധപ്രസ്ഥാനത്തിലും വിശ്വാസമുളവാക്കി,

കമ്യൂണിസ്ററു പാർട്ടിയുടെ അജയ്യമായ ആത്മീയ ശക്തി ഇതോടുകൂടി ബാഹ്യലോകം മനസ്സിലാക്കി. ജാപ്പസാമ്രാജ്യത്വത്തെ ചെറുക്കുന്നതിന്നു് ചൈനയ്ക്കു് ചുവപ്പുപടയുടെ സഹായം അനിവാര്യമാണെന്നു് ഇതു തെളിയിച്ചു. ജാപ്പാനെ തുരത്തണമെങ്കിൽ ചുവപ്പുപടയുമായുള്ള യുദ്ധം നിർത്തിയേ തീരു എന്നു് കൂടുതൽ കൂടുതൽ ചൈനാക്കാർ—പെററി ബൂഷ്വാസികളും ദേശീയബൂഷ്വാസികളുമായ ചൈനക്കാർ—മനസ്സിലാക്കാൻ തുടങ്ങി.

ഒരു പ്രചരണയാത്ര എന്ന നിലയിലും ഈ ദീർഘയാത്ര ചുവപ്പുസേനയ്ക്കു് വളരെയധികം നേട്ടങ്ങളുണ്ടാക്കി. ചുവപ്പുപട, പോയവഴിക്കെല്ലാം അതാതു സ്ഥലത്തെ വൻകിടജന്മികളുടേയും ധനികരുടേയും വീടുകളിൽ കയറി തങ്ങൾക്കുവേണ്ട ഭക്ഷണസാധനങ്ങൾ കരസ്ഥമാക്കി. സ്വന്തം ആവശ്യംകഴിച്ചു ബാക്കിയുണ്ടെങ്കിൽ അവിടങ്ങളിലെ ദരിദ്രർക്കു് പങ്കിട്ടുകൊടുത്തു. വലിയ ജന്മികളുടെ ഭൂമി പിടിച്ചെടുത്തു് കൃഷിക്കാർക്കു വീതിച്ചു. ചുവപ്പുസേനയുടെ പ്രവർത്തനങ്ങളേയും ഉദ്ദേശങ്ങളേയും നേട്ടങ്ങളേയുംകുറിച്ചു് പ്രചരണയോഗങ്ങളും കലാപ്രകടനങ്ങളും നടത്തി. ചുവപ്പുപടയിലേക്കും റെഡ്ഗാർഡിലേക്കും നിരവധി കർഷകയുവാക്കളെ ചേർത്തു. കൃഷിക്കാർക്കു് ആത്മരക്ഷയ്ക്കു് ആയുധങ്ങൾ നൽകി. കോമിന്താങ്ങ് പട്ടാളങ്ങളിൽനിന്നു് അപ്പഴപ്പോൾ പിടിച്ചെടുത്ത ആയുധങ്ങൾ അധികവും ഇങ്ങനെ വിതരണംചെയ്യപ്പെട്ടു. ഭക്ഷണം സുഭിക്ഷമായി കരിഞ്ചന്തചെയ്യത്തക്കവണ്ണം സൂക്ഷിപ്പുള്ള കൂററൻ ജന്മിമാരില്ലാത്ത സ്ഥലങ്ങളിൽമാത്രം അവർ നാട്ടുകാരിൽനിന്നു് മര്യാദവിലയ്ക്കു് ഭക്ഷണം വാങ്ങിക്കഴിച്ചു.

ഈവക പ്രവൃത്തികൾമൂലം ചുവപ്പുപട ചെന്നെത്തിയ മിക്ക സ്ഥലങ്ങളിലും ബഹുഭൂരിപക്ഷക്കാരായ മർദ്ദിത ജനവിഭാഗങ്ങൾ ചുവപ്പുപടയെ തങ്ങളുടെ ബന്ധുവായിക്കരുതി. അവരെപ്പററിയുള്ള ക്രമിന്താങ്ങ നുണകൾ വിഴുങ്ങിക്കഴിഞ്ഞിരുന്ന നാട്ടുകാർക്ക് നേരിട്ടുള്ള സമ്പർക്കംമൂലം ആവക തെററിദ്ധാരണകളും ഭയങ്ങളുമെല്ലാം നീങ്ങി. ഇങ്ങനെ ദീർഘയാത്രകഴിഞ്ഞു ചുവപ്പുപട വടക്കൻ ഷെൻസിയിൽ പ്രവത്തനമാരംഭിച്ചപ്പോൾ കിയാങ്ങ്സിമുതൽ ഷെൻസിവരെ ദീർഘയാത്രയുടെ വഴിയിലുള്ള എല്ലാ സംസ്ഥാനങ്ങളിലും കമ്യൂണിസ്ററുപാർട്ടിയുടേയും ചുവപ്പുപടയുടേയും സുശക്തമായ യൂനിററുകൾ ഉണ്ടായിത്തീൻ. വിമോചനപ്രസ്ഥാനത്തിന്നും സോവിയററ്ഭരണക്രമത്തിന്നും പററിയ അസ്ഥിവാരങ്ങളായിരുന്നു അവ.

ദീർഘയാത്രയ്ക്കുശേഷം മംഗോളിയൻ മരുഭൂമിപ്രദേശങ്ങൾക്കടുത്തുള്ള വടക്കൻ ഷെൻസിയിലെത്തിയ ഉടനെ ചുവപ്പുസേന അവിടെയും ഒരു സോവിയററുഭരണം സ്ഥാപിച്ചു. ഇതിൻെറ തലസ്ഥാനമാണു് "യെനാൻ." ഈ സോവിയററുപ്രദേശവും അതിൻെറ രാജധാനിയായ യെനാൻ പട്ടണവുമാണു് പിന്നീട് 10 കൊല്ലക്കാലം ജാപ്പുസാമ്രാജ്യവാദികൾക്കും ചിയാങ്ങിന്നുമെതിരായ ചൈനീസുജനതയുടെ വിമോചനസമരത്തിൻെറ കേന്ദ്രമായി വത്തിച്ചതു്.

# 10

## ജാപ്പുവിരോധദേശീയൈക്യമുന്നണി

ജാപ്പാക്രമണത്തോടുകൂടി ചൈനീസ് വിപ്ലവകാരികളുടെ ഉത്തരവാദിത്വം ഇരട്ടിച്ചിരുന്നു. സാമ്രാജ്യത്വത്തിൻേറയും നാടുവാഴിത്തത്തിൻേറയും പിടിയിൽനിന്ന് സ്വന്തം നാടിനെ മോചിപ്പിക്കുക എന്നതിന്നു പുറമെ ലോകത്തിൻെറ—വിശേഷിച്ചും ഏഷ്യയുടെ—മുഴുവൻ ഭദ്രതയെയും അപകടത്തിലാക്കിയ ജാപ്പുപട്ടാളഭരണത്തെ തകൎത്തു നശിപ്പിക്കുന്നതു് തങ്ങളുടെ പ്രാഥമിക കടമയായി ചൈനീസ്‌വിപ്ലവകാരികൾ കരുതി.

1932-ലും1933-ലും കമ്യൂണിസ്ററുകാർ ജാപ്പാനെതിരായ ഒരു 'ദേശീയൈക്യമുന്നണിയുടെ പരിപാടി മുന്നോട്ടുവയ്ക്കുകയുണ്ടായി. പക്ഷെ, കോമിന്താങ്ങുകാൎക്ക് ജാപ്പുവിരോധമുന്നണിയേക്കാൾ ഒരു കമ്യൂണിസ്ററുവിരോധമുന്നണിയായിരുന്നു കൂടുതൽ ആവശ്യം. ദീർഘയാത്രയ്ക്കിടയിൽതന്നെ കമ്യൂണിസ്ററുപാർട്ടി വീണ്ടും ഈ മുദ്രാവാക്യം ഉന്നയിച്ചു. കമ്യൂണിസ്റ്റ് ഇൻറർനാഷനലിൻെറ "ഫാഷിസത്തിന്നെതിരായ ഐക്യമുന്നണി" എന്ന മുദ്രാവാക്യവും ഇതേഘട്ടത്തിലാണു് പുറത്തുവന്നതു്. യൂറോപ്യൻ ഫാഷിസത്തിൻെറ ഏഷ്യൻപതിപ്പായ ജാപ്പുപട്ടാളസാമ്രാജ്യത്വത്തെ ഏഷ്യയിൽനിന്നു തുരത്തുകയെന്നതു് ഏഷ്യൻജനതയുടെ അടിയന്തരകടമയാ

യിത്തീൎന്നു. 1935 ആഗസ്റ്റ് 1-ാംനു- ഒരു ജാപ്പവിരുദ്ധ ഐക്യമുന്നണിയിലേക്ക് കോമിന്താങ്ങുകാരടക്കമുള്ള എല്ലാ ജനാധിപത്യവാദികളേയും ക്ഷണിച്ചുകൊണ്ട് കമ്യൂണിസ്റ്റ്പാർട്ടി ഒരു പ്രഖ്യാപനം പുറപ്പെടുവിച്ചു.

ഈ ഐക്യമുന്നണിപരിപാടിയെ സ്വീകരിക്കാതെ, കമ്യൂണിസ്റ്റ്‌വിരുദ്ധപരിപാടികളുമായി മുന്നേറുന്ന ക്രമിന്താങ്ങ് നേതാക്കളെപ്പററി മാവോസെ-തുങ്ങ് ഇങ്ങനെ എഴുതുകയുണ്ടായി.

"കോമിന്താങ്ങുകാരുടെ 1927 മുതൽ 31 വരെയുള്ള നാലുകൊല്ലത്തെ കൊന്നൊടുക്കൽപ്രസ്ഥാനം കൊണ്ട് ഒരു മഞ്ചൂക്കൊ ഉണ്ടായി. പിന്നീട് ഒരാറുകൊല്ലത്തെ കമ്യൂണിസ്റ്റ് വിരോധപ്രസ്ഥാനങ്ങൾ ജാപ്പാക്രമികളെ ചൈനയുടെ ഉള്ളിലേയ്ക്കു ക്ഷണിച്ചുവരുത്തി. ഇനിയും ഒരു പത്തുകൊല്ലം ഒരു പുതിയ കൊന്നൊടുക്കൽ തുടങ്ങാൻ ആരെങ്കിലും തീരുമാനിക്കുന്നപക്ഷം പഴയതരം കമ്യൂണിസ്ററു വിരോധത്തിൽനിന്ന് പല കാൎയ്യങ്ങളിലും വ്യത്യസ്തനായ ഒരു പുതിയതരം കമ്യൂണിസ്ററു വിരോധിയാവണം."

### ജാപ്പവിരുദ്ധ ജനകീയ പ്രക്ഷോഭങ്ങൾ

1935-ൽ കമ്യൂണിസ്ററുപാർട്ടി മുന്നോട്ടു വെച്ച ഐക്യമുന്നണിക്ക് ബഹുജനങ്ങൾ വമ്പിച്ച സ്വീകരണമാണു നൽകിയതു്. സാധാരണ കോമിന്താങ്ങ്മെമ്പർമാരും പെററിബൂൎഷ്വാവൎഗ്ഗത്തിലെ ഒരു നല്ല വിഭാഗവുമടക്കം ഭൂരിപക്ഷം ജനങ്ങളും ഈ ഐക്യമുന്നണിപ്രസ്ഥാനത്തിന്ന് പിന്നിൽ അണിനിരന്നു. 1935 ഡിസ

മ്പർ 9-ാംതീയതി പെക്കിങ്ങിലെ വിദ്യാത്ഥികൾ ഒരു വമ്പിച്ച ജാപ്പുവിരുദ്ധപ്രകടനം നടത്തി. തെരുവുകൾതോറും വിദ്യാത്ഥികളുടെ ജാഥകൾ ഒഴുകിക്കൊണ്ടിരുന്നു. "ആഭ്യന്തരയുദ്ധം നിത്തണം; ജാപ്പാക്രമികളെ ചെറുക്കണം! ജാപ്പുഫാഷിസം നശിക്കട്ടെ?" എന്നീ മുദ്രാവാക്യങ്ങൾ പട്ടണമാകെ അലച്ചു. പെക്കിങ്ങിലെ വിദ്യാത്ഥികളുടെ മാത്രമല്ല, ചൈനയിലെ മുഴുവൻ ജനങ്ങളുടേയും ഹൃദയങ്ങളിൽ നിന്നുയർന്ന മുദ്രാവാക്യങ്ങളായിരുന്നു അവ.

KOTTAYAM PUBLIC LIBRARY KOTTAYAM

1935 ഡിസംബർ 25-ാംനു ചൈന കമ്യൂണിസ്ററു പാർട്ടി കേന്ദ്രകമ്മിററിയുടെ പൊളിററ് ബ്യൂറോവിൻെറ യോഗം, ഐക്യമുന്നണിയുടെ ആവശ്യകതയെ ഊന്നിപ്രസ്താവിച്ചുകൊണ്ട് ഒരു പ്രമേയം പാസാക്കി. അതേയോഗത്തിൽ മാവോസെ-തൂങ്ങ് സമപ്പിച്ച റിപ്പോർട്ടിൽ ജാപ്പാനെ തുരത്തേണ്ടതിന്ന് ചൈനീസ്ജനത എടുക്കേണ്ട നയം വ്യക്തമായി പ്രതിപാദിക്കുകയും, 1924-27 കാലത്തെ ഐക്യമുന്നണിയും ജാപ്പുവിരോധഐക്യമുന്നണിയും തമ്മിലുള്ള വ്യത്യാസം ചൂണ്ടിക്കാണിക്കയും ചെയ്തു. മാത്രമല്ല, ദേശീയബൂഷ്വാസിയടക്കം ജാപ്പുവിരോധികളായ എല്ലാ ജനവിഭാഗത്തിൻേറയും ഒരു ഐക്യമുന്നണിയായിരിക്കണം അതെന്നും, അദ്ദേഹം വ്യക്തമാക്കി. 1936 ഫെബ്രുവരിയിൽ ചുവപ്പുസേന കിഴക്കോട്ട്, ഷാൻസിസംസ്ഥാനത്തിലേയ്ക്കു് പ്രവേശിച്ചശേഷം മെയ്മാസത്തിൽ കമ്യൂണിസ്ററുപാർട്ടി കോമിന്താങ്ങിന്ന് ഒരു തുറന്ന സന്ദേശം അയയ്ക്കുകയുണ്ടായി. എല്ലാ വിരോധനടപടികളും അവസാനിപ്പിക്കുക; സ

മാധാനസംഭാഷണങ്ങൾ ആരംഭിക്കുക; ജാപ്പസാമ്രാജ്യത്വത്തിനെതിരായി സംഘടിതമായ നടപടികൾ ആരംഭിക്കുക; എന്നിവയായിരുന്നു പാർട്ടിയുടെ പരിപാടി.

കോമിന്താങ്ങിൽ പിളർപ്പ്

ഇതിനിടയ്ക്കു് ജാപ്പാൻകാർ, തങ്ങൾ കീഴടക്കിയ ചൈനീസ് കൂലിപ്പട്ടാളത്തിന്റെ സഹായത്തോടുകൂടി സ്യൂയുവാന്റെ നേരെ ആക്രമണം തുടങ്ങി. ഇക്കാലമാവുമ്പോഴേയ്ക്കു് ചൈനയുടെ നാലിലൊരുഭാഗം ജാപ്പാന്റെ വായിലായിക്കഴിഞ്ഞിരുന്നു. ചൈനയിലെ പ്രധാന റെയിൽവേകളുടെ പകുതിഭാഗം, പ്രധാനപ്പെട്ട കൽക്കരി ഖനികൾ, ഇരുമ്പുഖനികൾ, നെയ്ത്തുവ്യവസായകേന്ദ്രങ്ങളിൽ മുക്കാൽ ഭാഗം ഇവയെല്ലാം ജാപ്പാന്റെ കയ്യിലായിക്കഴിഞ്ഞിരുന്നു. മഞ്ചൂറിയ നഷ്ടപ്പെട്ടിരുന്നതുകൊണ്ടു് ചൈനയുടെ ഒരേ ഒരു ദേശീയമാക്കററു് ജാപ്പാന്നധീനമായിരുന്നു. ജാപ്പാന്റെ വ്യവസായപരമായ വളർച്ചയ്ക്കും ചൈനീസ് വൻകരയെ മുഴുവൻ ആക്രമിച്ചു പിടിക്കാനുള്ള ജാപ്പാന്റെ ചിരകാലമോഹത്തിന്റെ പരിപൂർത്തിക്കും ഏററവും സഹായകമായ ഒരു താവളം—അതായിരുന്നു മഞ്ചുക്വോ!

ചുവപ്പുപടയെ ആക്രമിച്ചു തുരത്താൻ നിയുക്തരായ കുമിന്താങ്ങ് സേനാപതികളിൽ ചിലർ തങ്ങളുടെ പ്രവൎത്തനത്തിന്റെ സാഫല്യത്തെക്കുറിച്ചു സംശയിക്കാൻ തുടങ്ങി. നാട്ടിന്റെ രക്ഷയ്ക്കുവേണ്ടി എന്തും സഹിച്ച് ഒത്തൊരുമിക്കേണ്ട ഒരപകടഘട്ടത്തിൽ കമ്യൂണിസ്ററു വിദ്വേഷത്തിന്റെ പേരിൽ നാട്ടുകാരിൽ നല്ലൊരു വി

ഭാഗത്തെ കൊന്നൊടുക്കുന്ന ഈ ഭ്രാന്തൻകശാപ്പുവേല നിർത്തണമെന്നും ഉടനടി തങ്ങളെ ജാപ്പാൻകാർക്കെതിരായ സമരത്തിന്ന് നിയോഗിക്കണമെന്നും കമ്യൂണിസ്ററു പാർട്ടിയുടെ ഐക്യമുന്നണിപരിപാടിസ്വീകരിക്കണമെന്നും അവർ ചിയാങ്ങിനോടാവശ്യപ്പെട്ടു. പക്ഷേ യോജിപ്പിന്നുവേണ്ടി വാദിച്ചവരെല്ലാം വഞ്ചകരെന്ന മുദ്രകുത്തപ്പെടുകയാണുണ്ടായത്ത്.

വടക്കുപടിഞ്ഞാറൻപ്രദേശങ്ങളെ സംബന്ധിച്ചേടത്തോളം ജാപ്പാക്രമണം നിർണ്ണായകമായ ഒരു ഘട്ടത്തിലായിരുന്നു. പിന്നിൽനിന്ന് സുയിയുവാനിലൂടെ ജാപ്പാൻകാർ തങ്ങളുടെ നേർക്ക് പുരോഗമിക്കുമ്പോൾ, മുന്നിലുള്ള സമാധാനപ്രിയരായ നാട്ടുകാരെ കൊന്നൊടുക്കുകയോ, അതോ അവരുമായി യോജിച്ച് വിദേശശത്രുവിനെ തിരിഞ്ഞെതിർക്കുകയോ തങ്ങൾ ചെയ്യേണ്ടതെന്നായിരുന്നു വടക്കൻ ഷെൻസിയിലെ ക്രമിന്താങ്ങ് പട്ടാളമായ ടങ്ങ് പീസേനയുടെ മുമ്പിലുണ്ടായിരുന്ന വിഷമപ്രശ്നം.

സോവിയററുപ്രദേശങ്ങളുടെ പരിസരങ്ങളിൽ കുറച്ചുകാലം കഴിച്ചുകൂട്ടിയതിൽനിന്നും കമ്യൂണിസ്ററുഭരണത്തിൻകീഴിൽ നാട്ടുകാർക്ക് നാശത്തിന്നുപകരം ക്ഷേമവും സുഭിക്ഷതയും വർദ്ധിക്കുകയാണെന്ന് അവർക്കനുഭവപ്പെട്ടിരുന്നു. കമ്യൂണിസ്ററുകാരുമായുള്ള കടിപിടി, ഗുണത്തിന്നുപകരം നാശത്തിനാണ് വഴിവെയ്ക്കുന്നതെന്ന്, അവരുടെ ഐക്യമുന്നണിപരിപാടിയെ ബലഹീനതയുടെ ലക്ഷണമായിക്കരുതി അവർക്കെതിരായി മുന്നേറിയ നാങ്കിങ്ങ്‌വിദഗ്ധനായ ജനറൽഹുവിൻെറ നാശത്തിൽനിന്നും അവർക്ക് മനസ്സിലായി. കമ്യൂണിസ്ററുകാരുടെ ഉറ

ച്ച ജാപ്പുവിരോധവും യോജിപ്പിന്നുള്ള അവരുടെ ആത്മാത്ഥമായ പരിശ്രമവും ടങ്ങ്പീസേനാവിഭാഗത്തിന്നിടയിൽ സാരമായ ചില ഇളക്കങ്ങളുണ്ടാക്കി. വടക്കപടിഞ്ഞാറൻ പ്രദേശങ്ങളിലെ മററൊരു കോമിന്താങ്ങ് സേനാവിഭാഗമായ സീപ്പിസേനയുടെ ഇടയിലും ഈ ഇളക്കം ദൃശ്യമായി.

കമ്യൂണിസ്ററുകാക്കെതിരായ സ്വന്തം കശാപ്പുനയത്തിൽ മാററം വരുത്താനും തങ്ങളെ ജാപ്പുവിരുദ്ധയുദ്ധത്തിലേയ്ക്കു് നയിക്കാനും ടങ്ങ്പീ, സീപ്പിസേനകളുടെ നേതാക്കളായ മാർഷൽ ചാങ്ങ് സൂ എ-ലിയാങ്ങും ജനറൽ യാങ്ങ്ഹു-ചെങ്ങും ചിയാങ്ങിനോടാവശ്യപ്പെട്ടു. ഉടനടി വിദേശാക്രമണത്തെ ചെറുക്കാത്തപക്ഷം ചൈനയുടെ ഏകീകൃതമായ നിലനില്പുതന്നെ അപകടത്തിലാവുമെന്നും നിലവിലുള്ള ഭരണകൂടംതന്നെ പൊളിഞ്ഞുപോകുമെന്നും മാർഷൽ ചാങ്ങ് താക്കീതുനല്കി.

നാങ്കിങ്ങ് പണക്കുമ്പകൾ മാർഷൽചാങ്ങിനെ കമ്യൂണിസ്ററ് ഒററുകാരനായി മുദ്രകുത്തി. അയാൾ ചിയാങ്ങ്കായ്-ഷേക്കിൻെറ ഡെപ്യൂട്ടിസവ്വസൈന്യാധിപനാണെന്ന വസ്തുതതന്നെ കാര്യത്തിൻെറ ഗൌരവം വദ്ധിപ്പിച്ചു. പക്ഷേ, ചിയാങ്ങ് കുലുങ്ങിയില്ല. ചൈനയിൽ ഒരൊററ കമ്യൂണിസ്ററുകാരൻപോലും അവശേഷിക്കാത്തവിധം കമ്യൂണിസത്തെയും ചുവപ്പുപടയേയും തുടച്ചുനീക്കിയല്ലാതെ ജാപ്പാൻെറനേരെ തിരിഞ്ഞുനോക്കുകയില്ലെന്നു് അയാൾ ഉറപ്പിച്ചുപറഞ്ഞു.

ചുവപ്പുഭടന്മാരെ നേരിടുന്നതിൽ മാർഷൽചാങ്ങ് തന്നെ കബളിപ്പിക്കുമെന്ന ശങ്കകൊണ്ടു്, ഒരു ആറാം

ഉന്മൂലസംഹാരയുദ്ധത്തിന്നുള്ള ഒരുക്കങ്ങളോടുകൂടി 1936-ഒക്ടോബറിൽ ചിയാങ്ങ്തന്നെ വടക്കുപടിഞ്ഞാറോട്ടു പുറപ്പെട്ടു. ബോംബർവിമാനങ്ങളും വിഷവാതകംപോലും ഒരുക്കിയിട്ടാണയാൾ പോയതു്.

"സിയാൻസംഭവം"

ഷെൻസിസംസ്ഥാനത്തിൻെറ തലസ്ഥാനമായ സിയാനിലെത്തിയ ജനറലിസ്സിമോ ചിയാങ്ങ്കായ്ഷേക്കിൻെറ മുമ്പിൽ മാഷൽ ചാങ്ങ്, കമ്യൂണിസ്ററുകാരുമായി ഐക്യമുന്നണി രൂപീകരിച്ചു് ജാപ്പുഫാഷിസത്തെ തുരത്താനുള്ള പരിപാടികൾ സമപ്പിക്കുകയാണുണ്ടായതു്. ടങ്ങ്പീ, സീപ്പി സേനാവിഭാഗങ്ങൾ മുഴുവൻ ഈ പരിപാടികൾക്കു പിന്നിൽ അണിനിരന്നിരുന്നു. മാത്രമല്ല, മാർഷൽ ചാങ്ങും ജനറൽയാങ്ങും ഈ അടിസ്ഥാനത്തിൽ ചുവപ്പുപടയുമായി ഒരു താല്ക്കാലികസഖ്യത്തിൽ ഏപ്പെട്ടുകഴിഞ്ഞിരുന്നു. ഈ പരിപാടിക്കു് തീരെ ചെവികൊടുക്കുകപോലും ചെയ്യാതെ ചിയാങ്ങ്കായ്-ഷെക്ക് കമ്യൂണിസ്ററുകാരുടെ നേരെ മറെറാരു ഉന്മൂലസംഹാരയുദ്ധത്തിനൊരുമ്പെട്ടു. അതോടുകൂടി മാർഷൽ ചാങ്ങിനേയും ജനറൽ യാങ്ങ്ഹു-ചെങ്ങിനേയും അവരുടെ കീഴിലുള്ള വലിയൊരു വിഭാഗം പട്ടാളഉദ്യോഗസ്ഥന്മാരേയും ചുവപ്പുകക്ഷിക്കാരെന്ന പേരിൽ ഉടനടി അറസ്ററുചെയ്യാനും ചിയാങ്ങ് പ്ലാനിട്ടു.

1936 ഡിസമ്പർ 11-ാംനു- രാത്രി ടങ്ങ്പീ-സീപ്പീ സേനകളുടെ കമാണ്ടർമാർ ഒരു രഹസ്യയോഗം കൂടി. അഭ്യന്തരയുദ്ധം ഏതുവിധവും നിത്തണമെന്നും ഐക്യമു

ന്നണി പ്രായോഗികമാക്കണമെന്നും അവരുറച്ചു. പിറേറന്ന് പുലരെ ഒരു വിഭാഗം ടങ്ങ്പീസേന യുവാവായ ക്യാപ്ററൻസൺമിങ്ങ്-ചൂവിൻെറ നേതൃത്വത്തിൽ ചിയാങ്ങിൻെറ ലിൻട്ടങ്ങിലുള്ള വസതി കയ്യേറി. ചിയാങ്ങിൻെറ അംഗരക്ഷകന്മാക്ക് കീഴടങ്ങുകയല്ലാതെ ഗത്യന്തരമില്ലായിരുന്നു. ചിയാങ്ങ് ഓടി രക്ഷപ്പെടുവാൻ ശ്രമിച്ചുവെങ്കിലും ക്യാപ്ററൻ സൺ അടുത്ത കാട്ടിൽവെച്ച് അയാളെ പിടിച്ചു.

സ്വന്തം പട്ടാളക്കാരുടെ തടവുകാരനെന്ന നിലയിൽ ധിക്കാരിയായ ചിയാങ്ങിനെ സിയാനിലെ പട്ടാളക്യാമ്പിൽ കൊണ്ടുവന്നു പാർപ്പിച്ചു. സിയാൻസംഭവമെന്ന പേരിൽ അറിയപ്പെടുന്ന ഈ സംഭവമാണ് ചിയാങ്ങിൻെറ പിന്നീടുള്ള നയമാററത്തിന്ന് വഴിതെളിയിച്ചത്.

ചിയാങ്ങ്കായ്-ഷെക്കിനെ തടവിൽവച്ചുകൊണ്ടു മാഷൽചാങ്ങ് താഴെ പറയുന്ന പരിപാടി പ്രസിദ്ധീകരിച്ചു.

—നാങ്കിങ്ങ്ഭരണകൂടത്തെ പുനസ്സംഘടിപ്പിക്കുക; എല്ലാ രാഷ്ട്രീയകക്ഷികൾക്കും അതിൽ പങ്കു നല്കുക.

—അഭ്യന്തരയുദ്ധം അവസാനിപ്പിച്ച് ജാപ്പാനെതിരായ ദേശീയൈക്യമുന്നണി രൂപീകരിക്കുക.

—എല്ലാ രാഷ്ട്രീയതടവുകാക്കും മോചനം നല്കുക.
—എല്ലാ പൌരസ്വാതന്ത്ര്യങ്ങളും അനുവദിക്കുക;
—ഡോക്ടർ സൺയാത്-സെൻെറ ആദർശങ്ങൾ നടപ്പിൽ വരുത്തുക.

ഐക്യമുന്നണി രൂപീകരിക്കാൻവേണ്ടി മാഷൽ ചാങ്ങ് ചുവപ്പുനേതാക്കളെ ക്ഷണിച്ചു. രാഷ്ട്രീയതടവുകാരെല്ലാം വിമോചിപ്പിക്കപ്പെട്ടു. 5000-ൽ അധികം നാങ്കിങ്ങ്പട്ടാളക്കാർ ടങ്ങ്പീ—സിപ്പീസേനകളുടെ കീഴിൽ തടവുകാരായി. ചുവപ്പുപട്ടാളവുമായി യോജിച്ചുകൊണ്ട് ഷെൻസിയിൽ ഒരു ജാപ്പുവിരുദ്ധസേന രൂപീകരിക്കപ്പെട്ടു.

ഐക്യമുന്നണിയും നാങ്കിങ്ങും തമ്മിൽ യുദ്ധമുണ്ടാവുന്നപക്ഷം നാങ്കിങ്ങിന്നു ചുററുമായുള്ള അഞ്ചാറു സംസ്ഥാനങ്ങളിലൊഴിച്ച്, മററൊരു സംസ്ഥാനത്തിലുമുള്ള പട്ടാളരാഷ്ട്രീയനേതാക്കൾ നാങ്കിങ്ങുമായി സഹകരിക്കയില്ലെന്നതു തീർച്ചയായിരുന്നു. ടങ്ങ്പീ-സിപ്പിസേനകളിൽ ഒരു വമ്പിച്ച വിഭാഗം ചിയാങ്ങിനെ വിചാരണ ചെയ്തു് ശിക്ഷിക്കണമെന്നഭിപ്രായപ്പെട്ടു. കാര്യം വലിയൊരു കുഴപ്പത്തിൻെറ വക്കത്തെത്തി. ചിയാങ്ങിന്നൊന്തെങ്കിലും സംഭവിക്കുന്നപക്ഷം, അഭ്യന്തരയുദ്ധം വീണ്ടും ആവത്തിക്കുമെന്നതു് തീർച്ചയായിരുന്നു. അപ്പോഴേയ്ക്കും ചുവപ്പുസേനാനേതാക്കൾ ഇടപെട്ടു. ചിയാങ്ങ്കായ്-ഷേക്കുമായി നേരിട്ടു പരിചയമുണ്ടായിരുന്ന ചൌ എൻ-ലായ്‌യുടെ മാദ്ധ്യസ്ഥതയിൽ ചിയാങ്ങ് ഐക്യമുന്നണിയുടെ പരിപാടി അംഗീകരിക്കുകയും മാർഷൽചാങ്ങ്, ചിയാങ്ങിനെ വിട്ടു്, അയാളുടെ കീഴിൽ പഴയപോലെ ഒരു സൈന്യാധിപനായിരിക്കുവാൻ സമ്മതിക്കയും ചെയ്തു. അതുപ്രകാരം ചിയാങ്ങ് വിമോചിതനായി. കമ്യൂണിസ്ററുകാർ ഇടപെട്ടിരുന്നില്ലെങ്കിൽ, ഒരു വലിയ അഭ്യന്തരയുദ്ധം ചൈനയിലാകമാനം പൊട്ടിപ്പുറപ്പെട്ട

മായിരുന്നു! ചിയാങ്ങ്കായ്-ഷേക്ക് വധിക്കപ്പെട്ടുമായിരുന്നു! ജാപ്പഫാഷിസ്ററുകാൎക്ക് ഇടപെടാൻ ഇതിലും നല്ലൊരവസരം വേറെ കിട്ടാനുണ്ടാവില്ല.

ഈ സംഭവം ചൈനയിലെ ജാപ്പവിരോധികളായ എല്ലാ ജനവിഭാഗത്തിന്റേയും കണ്ണു തുറപ്പിച്ചു. ചിയാങ്ങിന്നുപോലും ജാപ്പവിരോധത്തെ സംബന്ധിച്ചുള്ള കമ്യൂണിസ്ററുകാരുടെ ആത്മാൎത്ഥതയിൽ വിശ്വാസം ജനിച്ചു. തലസ്ഥാനനഗരിയിൽ തിരിച്ചെത്തിയ ഉടനെ ചിയാങ്ങ് കമ്യൂണിസ്ററുകാരുമായുള്ള അഭ്യന്തരയുദ്ധം അവസാനിപ്പിച്ചുകൊണ്ടും എല്ലാ രാഷ്ട്രീയതടവുകാരേയും വിട്ടയച്ചുകൊണ്ടും ഒരു വിളംബരം പുറപ്പെടുവിച്ചു.

### ഐക്യമുന്നണിയുടെ പ്രവൎത്തനം

സിയാൻസംഭവത്തിന്ന് ഒരുകൊല്ലംമുമ്പാണ്, കമ്യൂണിസ്ററുപാൎട്ടി കേന്ദ്രക്കമ്മെററിയുടെ പൊളിററിക്കൽ ബ്യൂറോവിന്റെ പ്രമേയവും മാവോസെ-തുങ്ങിന്റെ റിപ്പോൎട്ടുംപുറത്തു വന്നതു്. ഇതിലെ തീരുമാനങ്ങൾ പ്രകാരം കമ്യൂണിസ്ററുപാൎട്ടിയുടെ രാഷ്ട്രീയ-സാമൂഹ്യ-സാമ്പത്തികപരിപാടികളിൽ ദൂരവ്യാപകമായ മാററങ്ങളാണ് ഉണ്ടായിത്തീൎന്നതു്. സൺയാത്-സെന്റെ മൂന്നു ജനകീയതത്വങ്ങൾക്കുവേണ്ടി പോരാടുക; കോമിന്താങ്ങ്ഭരണത്തിന്നെതിരായ സമരം നിൎത്തിവയ്ക്കുക; സോവിയററുരീതിയിലുള്ള ഭരണസമ്പ്രദായവും, ജന്മിമാരുടെ ഭൂമി പിടിച്ചെടുക്കലും നിൎത്തലാക്കുക; സോവിയററ്എന്ന പേർ മാററി, ആ പ്രദേശങ്ങളെ കോമിന്താങ്ങ് കേന്ദ്രഗവൺമെന്റിന്റെ കീഴിൽ സ്വയംഭരണാവ

കാശമുള്ള പ്രദേശങ്ങളാക്കിത്തീക്കുകയും അവയെ സ്പെ ഷൽബോർഡർ റീജിയൻസ് (പ്രത്യേക അതിത്തിപ്രദേ ശങ്ങൾ) എന്നു വിളിക്കുകയും ചെയ്യുക; ഓരോ പ്രദേശ ത്തെയും തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ ഭരിക്കു ക; ചുകപ്പുപടയുടെ പേർ മാററുക—ഇവയെല്ലാമായി രുന്നു ആ തീരുമാനങ്ങളുടെ അടിയന്തരമായ പ്രത്യാഘാ തങ്ങൾ. കോമിന്താങ്ങിന്നെതിരായ എല്ലാ പ്രചാരവേ ലകളും അവസാനിപ്പിക്കുകയും അവരുമായി യോജിച്ചു കൊണ്ട് പൊതുശത്രുവായ ജാപ്പു ഫാഷിസത്തിന്നെതിരാ യ സമരത്തിന്ന് ജനങ്ങൾക്കിടയിൽ പ്രചാരവേല ആരം ഭിക്കുകയും ചെയ്തു. ജന്മിമാരുടെ ഭൂമി പിടിച്ചെടുക്കുന്ന തു് നിത്തിവെച്ചു. വിതരണം ചെയ്തുകഴിഞ്ഞ ഭൂമികളെ സംബന്ധിച്ച് മാററമൊന്നും വരുത്തുകയുണ്ടായില്ല. മാന മായ നിലയിൽ ജീവിക്കാനാവശ്യമായ ഭൂമി പഴയ ജ ന്മികൾക്ക് അനുവദിച്ചുകൊടുത്തു. ന്യായമായ തോതിൽ പാട്ടം പലിശ മുതലായവ പിരിക്കുവാനും ജന്മിമാക്കു വാദം നല്കി.

ചുവപ്പുസേനയുടെ പേർ “എട്ടാം റൂട്ട്പട്ടാളം” എ ന്നാക്കി മാററി. എല്ലാററിൻേറയും സവ്വസൈന്യാധി പൻ ചിയാങ്ങ്കായ്-ഷേക്കായിരുന്നു. യെനാനിലെ ചു വപ്പുസൈനിക അക്കാഡമിക്ക് ജാപ്പുവിരോധ അക്കാഡ മി എന്ന പേർ കൊടുത്തു.

സോവിയററുരീതിയിലുള്ള ഭരണരൂപം തല്ക്കാലം വേണ്ടെന്നുവെയ്ക്കാനുള്ള കാരണം വിശദീകരിച്ചുകൊണ്ട് മാവോസെ-തുങ്ങ് ഇങ്ങനെ പറഞ്ഞു:

"അതു വേണ്ടെന്നുവെയ്ക്കാൻ കാരണം അതു് ഉപയുക്തമല്ലെന്നു കണ്ടതുകൊണ്ടല്ല, നേരേമറിച്ചു് ജാപ്പാക്രമണം നാട്ടിലെ വർഗ്ഗബന്ധങ്ങളിൽത്തന്നെ ചില മാററങ്ങൾ വരുത്തിത്തീർത്തുകൊണ്ടും ജാപ്പുസാമ്രാജ്യത്വത്തെ നേരിടാൻ നാടൊന്നാകെ യോജിച്ചു് മുന്നോറേണ്ടതുകൊണ്ടുമാണു്." (മാവോ: "ചൈനീസ് ജനത വിജയികളാണു്.")

1924-ലെ ഐക്യമുന്നണിയും ഈ ഐക്യമുന്നണിയും തമ്മിലുള്ള വ്യത്യാസത്തെ പരാമർശിച്ചുകൊണ്ടു് മാവോ പറകയുണ്ടായി:—

"കാൻടൺ ഘട്ടത്തിലേതിൽ (1924 ലെ ഐക്യമുന്നണിയുടെ ഘട്ടം) നിന്നും വിഭിന്നമായ രീതിയിൽ ഈ ഐക്യമുന്നണിയിൽ സുശക്തമായ ഒരു കമ്യൂണിസ്ററു പാർട്ടിയും ചുവപ്പുസേനയും പങ്കെടുക്കുന്നുണ്ടു്. മാത്രമല്ല, വിപ്ലവസേനയ്ക്കു് സ്വന്തം താവളങ്ങളുണ്ടു്. ജാപ്പുവിരുദ്ധദേശീയമുന്നണി ആരംഭിച്ചുവെച്ച ഈ താവളങ്ങൾ ഭാവിയിലെ ജാപ്പുവിരുദ്ധഗവമ്മെണ്ടിനേയും പട്ടാളത്തേയും സഹായിക്കുന്ന ശക്തിയുള്ള നെടുംതൂണുകളായിരിക്കും. അങ്ങനെ ദേശീയൈക്യമുന്നണിയെ പൊളിയ്ക്കാനും നമ്മുടെ ഇടയിൽ പരാജയമനോഭാവം വളത്താനുമുള്ള ജാപ്പാൻകാരുടേയും ചിയാങ്ങ് കയ്ഷേക്കിൻെറ തന്ത്രങ്ങളുടെ അന്ത്യപരാജയത്തെ അതു ഉറപ്പിക്കുകയും ചെയ്യും."

1924—27-ലെ ഐക്യമുന്നണിയുടേതിനേക്കാൾ കൂടുതൽ ഉയന്ന നിലവാരത്തിലുള്ളതായിരുന്ന ഈ ഐ

ക്യമുന്നണി. സാമ്രാജ്യത്വവിരുദ്ധസമരത്തിന്ന് പുറമെ നാട്ടിൽ ജനാധിപത്യം സ്ഥാപിക്കുവാനും അദ്ധ്വാനിക്കുന്ന ബഹുജനങ്ങളുടെ ജീവിതനിലവാരം നന്നാക്കാനുമുള്ള പരിപാടികൾ ഐക്യമുന്നണി മുമ്പോട്ടുവച്ചു.

ക്യമിന്താങ്ങുമായുള്ള സഹകരണത്തിന്റെ അടിസ്ഥാനത്തിൽ സ്വന്തം പ്രവർത്തനങ്ങളേയും നയത്തേയും രൂപീകരിക്കുന്നതിൽ ചുവപ്പുഭടന്മാരും കമ്യൂണിസ്റ്റുപാർട്ടിയും മാർക്സിസത്തിൽ തികച്ചും അടിയുറച്ച ഒരു നിലപാടാണ് കൈക്കൊണ്ടതു്. അതൊരിക്കലും മിതവാദിത്വപരമായ ഒരു നയമായിരുന്നില്ല. സോഷ്യലിസം സ്ഥാപിയ്ക്കൽ അടിയന്തിരകടമയായി അതംഗീകരിച്ചിരുന്നില്ലെന്നതു വാസ്തവമാണ്. അതിന്ന് മാവോസെ-തുങ്ങിന്റെ സമാധാനമിതാണ്: "നമുക്ക് സോഷ്യലിസത്തെപ്പററി ഉച്ചരിക്കാൻപോലും കഴികയില്ല, അതു നടപ്പാക്കേണ്ട രാജ്യംതന്നെ നമ്മളിൽനിന്ന് കവർച്ചചെയ്യപ്പെട്ടുമ്പോൾ—"

ഐക്യമുന്നണിയുടെ പരിപാടി കോമിന്താങ്ങ് അംഗീകരിച്ചതോടുകൂടി, നാങ്കിങ്ങ് ഗവമ്മെണ്ടും യെനാൻ ഗവമ്മെണ്ടുംതമ്മിൽ പല കൂടിയാലോചനകളും നടന്നു. അഭ്യന്തരസമരം അവസാനിച്ചു. കോമിന്താങ്ങ്-കമ്യൂണിസ്റ്റുപ്രദേശങ്ങൾതമ്മിൽ തപാൽകമ്പിയേപ്പാടുകളും സ്വതന്ത്രമായ കച്ചവടവും ആരംഭിച്ചു. സോവിയററുപ്രദേശങ്ങളുടെ നേരെ ചിയാങ്ങ് തുടൻവന്നിരുന്ന സാമ്പത്തികനിരോധം നിർത്തലാക്കി. അതിത്തിപ്രദേശങ്ങളിൽ കോമിന്താങ്ങ് കമ്യൂണിസ്റ്റുകൊടികൾ (വെള്ളസൂര്യനും ചുവപ്പുനക്ഷത്രവും) ഒന്നിച്ചുപാറിക്ക

ളിച്ചു. കമ്യൂണിസ്ററുപാർട്ടിക്ക് നാട്ടിലെല്ലാടവും കൂടുതൽ പ്രവൎത്തനസ്വാതന്ത്ര്യം അനുവദിക്കപ്പെട്ടു.

### ചിയാങ്ങും ഐക്യമുന്നണിയും

ചിയാങ്ങ് ഐക്യമുന്നണിയ്ക്കു തയ്യാറായതിൻെറ പിന്നിൽ പല പ്രധാന കാരണങ്ങളുമുണ്ട്. ഒന്നാമതായി ശക്തിയേറിയ ജനകീയപ്രക്ഷോഭം അയാളെ അതിന്നു നിർബ്ബന്ധിച്ചു. കോമിന്താങ്ങിൽതന്നെ ഒരു വിഭാഗം ഐക്യഅണിയ്ക്കുവേണ്ടി ചിയാങ്ങിനെ നിർബ്ബന്ധിച്ചിരുന്നു. ജാപ്പാന്നെതിരായ ഈ ശക്തികൾക്കു വഴങ്ങാത്തപക്ഷം തന്നെക്കൂടാതെതന്നെ ജനങ്ങൾ സ്വയം ശക്തിമത്തായ ഒരു ജാപ്പ്വിരുദ്ധയുദ്ധമാരംഭിക്കുമെന്നും അതു തൻെറ നേതൃത്വത്തിന്നും പരമാധികാരത്തിന്നും ഒരിടിവായിരിക്കുമെന്നും അയാൾ കണ്ടു. ജാപ്പാക്രമണം സ്വന്തം ബൂഷ്വാ-നാടുവാഴിത്ത താല്പൎയ്യങ്ങളെ ബാധിയ്ക്കാൻ തുടങ്ങിയതു് മറെറാരു കാരണമായിരുന്നു. ചൈനയെ മുഴുവൻ അക്രമിച്ചടക്കണമെന്ന ജാപ്പാൻെറ ഉദ്ദേശം തൻെറ ഭരണാധികാരത്തിൻേറയും താൻ പ്രതിനിധീകരിക്കുന്ന ജന്മി-ബൂഷ്വാ-വൎഗ്ഗങ്ങളുടെ സ്വത്തുക്കളുടേയും നേരേയുള്ള ഒരു വെല്ലുവിളിയായിരുന്നു.

ജാപ്പാൻെറ ആക്രമണം ബ്രിട്ടീഷമേരിക്കൻ സാമ്രാജ്യവാദികൾക്ക് ചൈനയിലും ശാന്തസമുദ്രത്തിലുമുള്ള താല്പൎയ്യങ്ങളെ ഭീഷണിപ്പെടുത്തി. അതുകൊണ്ട് സ്വയം യുദ്ധത്തിലിറങ്ങാൻ തയ്യാറില്ലെങ്കിലും ചൈനയെക്കൊണ്ട് ജാപ്പാനെ തല്ലിക്കേണ്ടതു് അവരുടെ താല്പൎയ്യമായിരുന്നു. അതുകൊണ്ട് യജമാനന്മാരായ ബ്രിട്ടീഷമേരിക്കൻസാമ്രാ

ജ്യവാദികളുടെ പ്രേരണയും, ചിയാങ്ങ് യുദ്ധത്തിലിറ ങ്ങുന്നതിന്ന് വഴിതെളിച്ചു.

ഏഷ്യയുടെ നേക്കുള്ള ജാപ്പാന്റെ ആക്രമണനയ ത്തിൽ ബ്രിട്ടീഷമേരിയ്ക്കൻ സാമ്രാജ്യവാദികൾക്ക് തൃപ്തി കരമായ മറെറാരു ഭാഗംക്കൂടിയുണ്ടായിരുന്നു. ചൈന യെ ആക്രമിക്കുന്നതോടൊപ്പം സോവിയററു യൂണിയനെ ക്കൂടി ആക്രമിക്കുവാൻ ജാപ്പാനുണ്ടായിരുന്ന പ്ലാൻ–സോ വിയററ് അതൃത്തികളിലേക്ക് ഇടയ്ക്കിടെ ജാപ്പവിമാന ങ്ങൾ എത്തിനോക്കിയിരുന്നത് ഇതിന്നുതെളിവാണ്— ബ്രിട്ടീഷമേരിക്കൻ ശക്തികളെ സന്തുഷ്ടരാക്കി. സോവി യററു യൂണിയന്റെ അഭൂതപൂർവ്വമായ വളർച്ചയും അ ഭിവൃദ്ധിയും ചതുർത്ഥീചന്ദ്രനെപ്പോലെ വെറുത്തിരുന്ന ഈ സാമ്രാജ്യവാദികൾക്ക് ജാപ്പാനും സോവിയററുയൂ ണിയനുംതമ്മിൽ ഒരടി നടക്കുന്നത് ഏററവും ഹൃദ്യമാ യ ഒരു സംഗതിയായിരുന്നു. അങ്ങനെ, കിഴക്കൻ ഏ ഷ്യയിൽ ജാപ്പാക്രമണത്തിൽനിന്ന് തങ്ങളുടെ താല്പര്യ ങ്ങളെ രക്ഷിക്കാൻ ചൈനയെ ഒരായുധമാക്കുക! അതേ സമയത്ത് ജാപ്പാനെ സോവിയററുയൂണിയന്നെതിരായി കുത്തിപ്പൊന്തിയ്ക്കുക! ഇങ്ങനെ ഇരുപുറം കൊട്ടുന്ന ഒരു നയമാണ് അവർ അംഗീകരിച്ചത്. അധികം താമസി യാതെ അവരെക്കൂടി പൂർണ്ണയുദ്ധത്തിലേക്കു വലിച്ചിറക്കാ മെന്നായിരുന്നു ചിയാങ്ങിന്റെ ആശ. പക്ഷേ ഈ ആ ശ 1941 അവസാനത്തിൽ മാത്രമെ സഫലമായുള്ളു.

ഏതാണ്ടിതേപോലെത്തന്നെയുള്ള ഒരു നയമാണ് ചിയാങ്ങ്കമ്യൂണിസ്ററുകാരുടെ നേരെയും എടുത്തത്. കമ്യൂണിസ്ററുകാർ ശക്തിപ്പെടുന്നത് അയാൾ തീരെ

ഇഷ്ടപ്പെട്ടില്ല. എങ്കിലും ജാപ്പാക്രമത്തെ ചെറുക്കണമെന്ന് അയാൾ ആത്മാർത്ഥമായി ആഗ്രഹിച്ചു. യുദ്ധരംഗങ്ങളിലേക്ക് അധികമധികം കമ്യൂണിസ്ററുകാരെ തള്ളിവിട്ട് ഇരുവരേയുംഒരേസമയത്ത് നശിപ്പിക്കാമെന്നയാൾ കണ്ടു.

### സോവിയററു പ്രദേശങ്ങളിലെ വ്യവസായാഭിവൃദ്ധി

1936-37 കാലങ്ങളിൽ പുതുതായി സ്ഥാപിതമായ വടക്കുപടിഞ്ഞാററൻ സോവിയററു പ്രദേശങ്ങളിൽ കൃഷി, വ്യവസായം എന്നീ തുറകളിൽ വമ്പിച്ച പുരോഗതിയാണുണ്ടായത്. ചുവപ്പുപടവന്ന് സോവിയററുഭരണം സ്ഥാപിച്ചതോടുകൂടി ആ പ്രദേശങ്ങളിലെ ജനസംഖ്യ സീമാതീതമായി വർദ്ധിച്ചു. സ്വതവേതന്നെകൃഷിയും ജനതയുടെ ജീവിതത്തോതും മോശമായ ആ മലംപ്രദേശത്ത് ജനങ്ങൾ പട്ടിണിയിലാണ്ടുപോവുക എന്ന ഘട്ടത്തിലെത്തി. 1930-34 കാലങ്ങളിൽ തെക്കൻചൈനയിൽ നടപ്പാക്കിയ രീതിയിലുള്ള കാർഷികപരിഷ്കാരങ്ങൾകൊണ്ട് ഈ വിടവുനികത്താൻ കുറെയെല്ലാം സാധിച്ചുവെങ്കിലും, കൂടുതൽ ഉല്പാദനം അത്യാവശ്യമായിത്തീർന്നു. പുതുതായി ഒട്ടധികം സ്ഥലങ്ങൾ കൃഷിക്കുപയോഗപ്പെട്ടുത്താൻ തുടങ്ങി. ചുവപ്പുസേനയോടൊപ്പം മറെറല്ലാതരത്തിലുംപെട്ട ജനവിഭാഗങ്ങൾ ഉല്പാദനരംഗത്തിൽ കൃഷിക്കാരെ സഹായിച്ചു. കമ്യൂണിസ്ററുകാരുടേയും ചുവപ്പുപടയുടെയും അത്യദ്ധ്വാനം ഇതു മറെറാരു മാതൃകയും പ്രചോദനവുമായിരുന്നു. അധികം താമസിയാതെ ഈ പ്രദേശങ്ങൾക്ക് സ്വന്തം കാലിന്മേൽ നില്ക്കുവാനുള്ള കഴിവുണ്ടായിത്തീർന്നു.

വ്യാവസായികരംഗത്തിൽ സോവിയററുകൾ നേടിയ അഭിവൃദ്ധി ഇതിലുമധികം ആവേശജനകമായിരുന്നു. ഇതിനെസ്സംബന്ധിച്ച് എഡ്ഗാർസ്സ്നോ എഴുതിയതി പ്രകാരമാണ്.

"സോവിയററുചൈനയിൽ പാ ഓ ആനിലേയും കാൻസുവിൽ ഹോദീൻഹാനിലേയും നെയ്ത്തുഫാക്ടറികൾ, യൂനിഫോറംഫാക്റ്ററികൾ, ഷൂഫാക്റ്ററികൾ, കടലാസ്സ്ഫാക്ടറികൾ, ടങ്ങ്പീനിലെ റഗ്ഫാക്ടറികൾ, ചൈനയിൽവെച്ച് ഏററവും ആദായകരമായ കല്ക്കരിയുല്പാദിപ്പിക്കുന്ന യുങ്ങ്പിങ്ങ് കല്ക്കരിഖനികൾ, വിവിധജില്ലകളിലെ കമ്പിളി-പരുത്തിനെയ്ത്തുശാലകൾ, ഇവയെല്ലാം ഞാൻ സന്ദർശിച്ചു. ഇവയെല്ലാംതന്നെ ചുവപ്പുഷെൻസിയിലേയും കാൻസുവിലേയും 400 സഹകരണസംഘങ്ങൾക്ക് സൂക്ഷിക്കാൻ സാധിക്കുന്നത്രസാധനങ്ങൾ ഉൽപാദിപ്പിക്കുവാനുള്ള പ്ലാനുകളുണ്ടായിരുന്നു.

"ഷെൻസിയിലെ ഉപ്പുശുദ്ധീകരണശാല, നിങ്ങ്സിയാ അതിർത്തിയിലെ വലിയഉപ്പുതടാകങ്ങൾ, യുങ്ങ്പിങ്ങിലേയും യെൻചാങ്ങിലേയും എണ്ണഖനികൾ എന്നിവയാണ് 1937-ൽ സോവിയററു സ്റ്റേയിററുടമയിലുണ്ടായിരുന്ന വൻകിടവ്യവസായസ്ഥാപനങ്ങൾ. ഷെൻസിയിലെ ഉപ്പ്, ചൈനയിൽ വെച്ചേററവും മികച്ചതരം ഉപ്പായിരുന്നു. സോവിയററു പ്രദേശങ്ങളിൽ കോമിന്താങ്ങ് പ്രദേശങ്ങളിലേതുപോലെ നികുതിയില്ലാതിരുന്നതിനാൽ അവിടങ്ങളിൽ ഉപ്പു വളരെ ആദായകരമായിരുന്നു. മാത്രമല്ല, കോമിന്താങ്ങ് ഭരണകാലത്തെ കുത്തകനയത്തിന്നെതിരായി സോവിയററു ഗവമ്മെണ്ട് ആ

വശ്യത്തിലധികമുള്ള ഉപ്പ് ആദായവിലയ്ക്ക് മങ്കോളിയക്ക് വിററിരുന്നു..........

“ചൈനയിൽ ആകപ്പാടെയുണ്ടായിരുന്ന എണ്ണഖനികളും വടക്കൻഷെൻസിയിലായിരുന്നു! ചുവപ്പുസേന വടക്കൻഷെൻസി പിടിച്ചശേഷം അവരവിടെ രണ്ടു് എണ്ണഖനികൾകൂടി കുഴിച്ചു. ഇതു് എണ്ണയുല്പാദനത്തെ 40 ശതമാനംകണ്ടു് വൎദ്ധിപ്പിച്ചു. ഈ എണ്ണക്കിണറുകളിൽനിന്നു് പെട്രോൾ, പാരഫിൻ, വാസ്‌ലെയിൻ മുതലായ പലതും ഉല്പാദിപ്പിക്കപ്പെട്ടിരുന്നു. കോമിന്താങ്ങ് ഭരണകാലത്തു് ഈ എണ്ണ ഉല്പാദനം മുഴുവൻ അമേരിക്കൻ കമ്പനിക്കാൎക്കു് തീരെഴുതിക്കൊടുത്തിരിക്കയായിരുന്നു. സോവിയററു ഭരണത്തിൻകീഴിൽ ഇതു് ആദായനിരക്കിൽ നാട്ടുകാരുടെ ആവശ്യത്തിന്നുതന്നെ ഉപയോഗിക്കപ്പെട്ടു.

“സോവിയററുഗവൎമ്മേണ്ടു് പരുത്തികൃഷി അഭിവൃദ്ധിപ്പെടുത്താനുള്ള പരിശ്രമങ്ങൾ ചെയ്തുവരികയാണു്. അവർ ആൻടിങ്ങ് എന്ന സ്ഥലത്തു് ഒരു നൂൽനൂല്പു പരിശീലനവിദ്യാലയം തുറന്നിരുന്നു. 1937-ൽ ഇതിലെ വിദ്യാൎത്ഥികളിൽ നൂറുപേർ സ്ത്രീകളായിരുന്നു. ഇവിടെ പരിശീലനം കഴിച്ച് വിദ്യാൎത്ഥികൾ പിന്നീടു് ഓരോ ജില്ലയിലേക്കും അയയ്ക്കപ്പെടുന്നു. അവരവിടെ പുതിയ നെയ്ത്തുശാലകൾ തുറക്കുന്നു......

“ഒന്നോ രണ്ടോ കൊല്ലങ്ങൾക്കുള്ളിൽ അതായതു് 1938 ആവുമ്പോഴേയ്ക്കും ഷെൻസിയിലെ മുഴുവൻ ജനങ്ങൾക്കും വേണ്ടതുവസ്ത്രം അവിടെത്തന്നെ നിൎമ്മിക്കാൻ കഴിയുമെന്നാണു് അവരുടെ പ്രതീക്ഷ.”

## 10

### യുദ്ധഗതി

1931 മുതൽ ആരംഭിച്ച ജാപ്പാൻെറ ആക്രമണം ഇടതടവില്ലാത്ത ഒരു യുദ്ധത്തിൻെറ ഘട്ടത്തിലേക്ക കടന്നതു് 1937 ജൂലായ് 7-ാംനു-യിലെ ആക്രമണംമുതൽക്കാണു്. അന്നു രാത്രി ലൃക്കോപ്യാവോ എന്ന സ്ഥലത്തു് പെക്കിങ്ങിൽനിന്നു് 12 നാഴിക തെക്കുള്ള മാക്കോപോളോ പാലത്തിന്മേൽവെച്ചു് ജാപ്പാൻെറ ആദ്യത്തെ വെടിപൊട്ടി. അവിടെയുണ്ടായിരുന്ന ചൈനീസ് ഗാരിസൻെറ നേരെ അവരാക്രമണമാരംഭിച്ചു. ക്രമിന്താങ്ങകാരും കമ്യൂണിസ്ററുകാരുമടങ്ങിയ ചൈനീസ്പട്ടാളം സുധീരം ചെറുത്തുനിന്നു. ജൂലായ് 13-ാംനു-ജാപ്പാൻ വീണ്ടും ഷാങ്ങ്ഹായ് ആക്രമിച്ചു. അവിടെയും വളരെ ശക്തിയായ എതിർപ്പാണവക്കനുഭവപ്പെട്ടതു്. ജാപ്പാനിൽനിന്നും അനേകായിരം പട്ടാളക്കാർ ചൈനീസ് വൻകരയിൽ തുരുതുരെ ഇറക്കുമതി ചെയ്യപ്പെട്ടു. ജൂലായി 28-ാം നു- ജാപ്പുരാക്ഷസന്മാർ കൂട്ടത്തോടെ പെക്കിങ്ങ് ആക്രമിച്ചതോടെ, ഈ യുദ്ധം പഴയപോലെ ഇടയ്ക്കിടയ്ക്കുള്ള ഒരാക്രമണമല്ലെന്നും തുടർച്ചയായ ഒരാക്രമണംതന്നെയാണെന്നും വ്യക്തമായി.

ഇതോടുകൂടി ചൈന മുമ്പു കണ്ടിട്ടില്ലാത്തതരത്തിലുള്ള ജനകീയരോഷത്തിൻെറ വമ്പിച്ച ഒരലയടി രാജ്യത്തിൻെറ എല്ലാ മുക്കിലും മൂലയിലും പ്രത്യക്ഷമായി. രാ

ജ്യത്തിലെ മുഴുവൻ ജനസാമാന്യവും ഒരൊററ കെട്ടായിനി ന്നു പൊരുതാൻ തുടങ്ങി. "പിൻതിരിഞ്ഞു നോക്കലി ല്ല; അവസാനംവരെ പൊരുതുക!" ചിയാങ്ങ്പോലും ആഹ്വാനം നൽകി.

ആഗസ്റ്റ് 13-ാംനു- ഷാങ്ങ്ഹായിൽ ആരംഭിച്ച കട്ട ത്തയുദ്ധം മൂന്നുമാസക്കാലംനീണ്ടുനിന്നു. 1905-ലെ റഷ്യാ- ജാപ്പാൻ യുദ്ധത്തിന്നുശേഷം ഒരിക്കലും ജാപ്പാന്നു സഹി ക്കേണ്ടി വന്നിട്ടില്ലാത്തത്ര ഭീമമായ ആൾനാശമാണു് അവൎക്കു് അക്കാലത്തുണ്ടായതു്. അവസാനം ഷാങ്ങ്ഹാ യ് ജാപ്പാൻെറ കയ്യിലായി. ഷാങ്ങ്ഹായിലെ ധീരോ ദാത്തമായ ചെറുത്തുനില്പിൽനിന്നു് പാഠംപഠിച്ച ജാ പ്പാൻ ഏററവും വമ്പിച്ച സൈനികവിമാനബലത്തോടു കൂടിയാണു് ഡിസമ്പർമാസത്തിൽ നാങ്കിങ്ങിൻെറ നേരെ അടുത്തതു്. ചൈനയുടെ തലസ്ഥാനം 1000 നാഴികപ ടിഞ്ഞാറുള്ള ചുങ്കിങ്ങിലേയ്ക്കു മാററി. നാങ്കിങ്ങ് പിടി ക്കുന്നതിനു മുമ്പു് ചില സന്ധിസംഭാഷണങ്ങൾക്കു് ജാ പ്പാൻ പരിശ്രമിച്ചുനോക്കി. വലിയ യുദ്ധങ്ങളൊന്നുംകൂ ടാതെ ചൈനയെയാകമാനം ഒരു വിശാല'മഞ്ചുക്കോ'ആ ക്കി മാററാനന്നവർ ആശിച്ചു. പക്ഷേ, ആ ശ്രമം ഫലി ച്ചില്ല.

1938 ഒക്ടോബർ ആയപ്പോഴേക്കും കാൻടണും ഹാങ്കോവും വീണു. അങ്ങനെ ചൈനയിലെ ഏററവും വലിയ പട്ടണങ്ങളും തുറമുഖങ്ങളുമായ പെക്കിങ്ങ്, ടീൻ സീൻ, ഷാങ്ങ്ഹായ്, നാങ്കിങ്ങ്, കാൻടൻ, ഹാങ്കൊ, എ ന്നിവ ജാപ്പാൻെറ കൈവശം വന്നു. ചൈനയിലാകെ യുള്ള റെയിൽവെയുടെ 80 ശതമാനത്തിലധികവും, അ

തിലുമധികം വ്യവസായശാലകളും അവക്കധീനമായി. കടൽതീരപ്രദേശങ്ങളുമായി ചൈനീസുഗവമ്മേണ്ടിന്നുള്ള എല്ലാ ബന്ധങ്ങളും മുറിഞ്ഞുപോയി.

ചെറുത്തുനില്പുയുദ്ധം

ചിയാങ്ങ് ഐക്യമുന്നണിയിൽ ചേൎന്നശേഷം ചൈനീസ്ജനത ജാപ്പാന്നെതിരായി നടത്തിയ ഐതിഹാസികമായ പോരാട്ടത്തെ ചെറുത്തുനില്പുയുദ്ധം എന്നാണ് വിളിച്ചുവരുന്നതു്. അജയ്യമായ പോർവീൎയ്യവും അക്ഷയമായ ആത്മീയശക്തിയുമാണ് ചൈനീസ്ജനത അക്കാലത്തു പ്രദർശിപ്പിച്ചതു്.

കമ്യൂണിസ്ററുപാർട്ടി, എട്ടാംപട (പഴയ ചുവപ്പുപട)യുക്കു പുറമെ, തെക്കൻസംസ്ഥാനങ്ങളിൽനിന്ന് ഒഴിച്ചുപോന്നപ്പോൾ അവിടെ അവശേഷിച്ചിരുന്ന ഗൊറില്ലാ യൂണിററുകളെ കൂട്ടിച്ചേൎത്തു് മറെറാരു സേനയെ സംഘടിപ്പിച്ചു. ഇതാണ് പുതിയ 4-ാംപട എന്ന പേരിൽ അറിയപ്പെട്ടതു്. 8-ാംപടവടക്കൻചൈനയിലുംനാലാംപട കിഴക്കൻചൈനയിലും ചെറുത്തുനില്പുയുദ്ധത്തിലേപ്പെട്ടു.

ചിയാങ്ങ്കായ്-ഷെക്കിന്ന് പഴയ രീതിയിലുള്ള, വെറും സൈനികശക്തിയെ മാത്രം ആശ്രയിച്ചുകൊണ്ടുള്ള യുദ്ധതന്ത്രമാണുണ്ടായിരുന്നതു്. ജനസാമാന്യത്തിന്നിടയിൽ ജാപ്പുവിരോധമനസ്ഥിതി വളൎത്തി, അവരെ കൂട്ടായി ചെറുത്തുനില്പിന്നുപയോഗിക്കുക എന്നതിൽ അയാൾ വിശ്വസിച്ചിരുന്നില്ല. ജനങ്ങളുടെ ഗൊറില്ലാപ്രവൎത്തനംകൊണ്ടുള്ള നേട്ടങ്ങളെപ്പററി അയാൾക്കു് തീരെ മതിപ്പുണ്ടായിരുന്നില്ല. മാത്രമല്ല, എല്ലാ ജനവിഭാഗത്തിലുംപെട്ടവരെ ഉൾക്കൊള്ളിച്ചുകൊണ്ടു് തൻെറ ഭര

ണക്കൂടംതന്നെ ഒന്നടച്ചുവാക്കണമെന്ന അഭിപ്രായം പുറപ്പെട്ടപ്പോറം അയാറം അതിനെ പുച്ഛരസത്തിൽ തള്ളിക്കളഞ്ഞു. ജനങ്ങളെ ഭരണത്തിൽ പങ്കെടുപ്പിക്കുക എന്നതു് അയാറംക്കു പുത്തരിയായിരുന്നു. "ജനങ്ങറം ഭരിക്കുകയാണെങ്കിൽ, ഞാനെങ്ങനെ ഭരണം നടത്തും?" എന്നയാറം ചോദിക്കുകയുണ്ടായി.

എങ്കിലും കമ്യൂണിസ്ററുപാർട്ടി തങ്ങളുടെ മുഴുവൻ കഴിവുമുപയോഗിച്ചു് ജനങ്ങളെ ചെറുത്തുനില്പിന്നു സന്നദ്ധരാക്കി. പ്രധാനപട്ടണങ്ങളും ഗതാഗതമാഗ്ഗങ്ങളും അല്ലാതും അയൽപ്രദേശങ്ങളുമല്ലാതെ ഉറംപ്രദേശങ്ങളൊന്നുംതന്നെ ജാപ്പാന്നു് സ്വാധീനമായിരുന്നില്ല. എട്ടാം പടയും നാലാം പടയും ജാപ്പണികളുടെ പിന്നിലേക്കു ചെറുചെറുസംഘങ്ങളായി നുഴഞ്ഞുകയറി. അവിടങ്ങളിൽ ജനങ്ങളെ സംഘടിപ്പിച്ചു്, ഗൊറില്ലാപ്രവത്തനങ്ങളിലേപ്പെട്ടു. ശത്രുസൈന്യങ്ങളുടെ വണ്ടി മറിച്ചിടുക; ആയുധങ്ങറം കേററിപ്പോകുന്ന വണ്ടികറം തടഞ്ഞുനിറുത്തി, അവയാകെ കൊള്ളചെയ്യുക; ശത്രുക്കറം താവളമടിച്ചുകൂട്ടുമ്പോറം പെട്ടെന്നുചെന്നു് ആക്രമിക്കുക എന്നിവയായിരുന്നു അവരുടെ പ്രധാന പ്രവത്തികറം. നേരിട്ടുള്ള ഒരു യുദ്ധത്തിന്നുള്ള കഴിവു് അവക്കു് മിക്കപ്പോഴും ഉണ്ടായിരുന്നില്ല. ശത്രുക്കളുടെ വമ്പിച്ച സംഖ്യാബലത്തിന്റേയും ഭാരിച്ച ആയുധസാമഗ്രികളുടേയും മുമ്പിൽ, അത്തരം യുദ്ധങ്ങറം തങ്ങറംക്കു നാശകരമായേ പരിണമിക്കുകയുള്ളു എന്നവർ മനസ്സിലാക്കി. എങ്കിലും ഈ ഗൊറില്ലാപ്രവത്തനം കൊണ്ടു് ശത്രുക്കറംക്കു് ബഹുവിധമായ നാശനഷ്ടങ്ങറം വരുത്തിത്തീക്കുവാനും അവരുടെ എല്ലാ യുദ്ധപരിപാടികളെയും പൊളിക്കുവാനും സാധിച്ചു.

ക്രമത്തിൽ 8-ാം പടയുടേയും പുതിയ നാലാം പടയുടേയും ശക്തി വളരെയധികം വദ്ധിച്ചു. നാട്ടിൻപുറത്തെ കൃഷിക്കാരായ ജനസാമാന്യമാകെ ചെറുത്തുനില്പ യുദ്ധത്തിൽ അവരുടെ കൂട്ടുകാരായി. കൃഷിക്കാക്കിടയിൽ നിന്ന് ഒട്ടധികം ഗൊറില്ലാ സംഘങ്ങൾ പൊന്തിവന്നു. ശത്രുവിൻെറ എല്ലാ ആക്രമണപരിപാടികളെയും പൊളിച്ച് അവരെ ഗതിമുട്ടിയ്ക്കുവാൻ ഈ ഗൊറില്ലാസംഘടനകൾ എത്രയും പ്രയോജനപ്പെട്ടു. കുറെക്കഴിഞ്ഞപ്പോൾ മുന്നണിയിലെ യുദ്ധത്തേക്കാളേറെ പ്രധാനമായതു് പിന്നണിയിലെ ഒളിപ്രവത്തനത്തെ തടയുക എന്നതിനാണെന്ന് ജാപ്പാൻ മനസ്സിലാക്കി. ശത്രുക്കൾ കേറിയാക്രമിക്കുമ്പോൾ ഈ ഗൊറില്ലകൾ നാട്ടുകാക്കിടയിൽ കലന്നു ശത്രുക്കളെ ആകെ അമ്പരപ്പിക്കും. ഈ ഒളിഭടന്മാക്കു മുമ്പിൽ ജാപ്പുഫാഷിസ്ററുകൾ ഗതികെട്ടു.

ഈ പ്രവത്തനത്തിനിടയിൽ ചുവപ്പുപടയുടെ എണ്ണം വളരെയധികം വദ്ധിച്ചുവെന്നുമാത്രമല്ല, അവക്ക് ജനതയ്ക്കിടയിലുണ്ടായിരുന്ന സ്വാധീനശക്തി മുമ്പൊരിയ്ക്കലുമുണ്ടായിട്ടില്ലാത്തവിധം വളരുകയും ചെയ്തു. ഇതു് ചിയാങ്ങ് കയ്-ഷേക്ക് ഇഷ്ടപ്പെട്ടില്ലെന്നു പറയേണ്ടതില്ലല്ലൊ. അയാളുടെ പ്രതീക്ഷപോലെ ജാപ്പാനുമായുള്ള ഏററുമുട്ടലുകളിൽ കമ്യൂണിസ്ററുപാർട്ടിയൊ ചുവപ്പുസേനയൊ തകൎന്നുതരിപ്പണമാവുകയല്ല, നേരേമറിച്ചു വിജയങ്ങൾക്കുമേൽ വിജയങ്ങൾ വരിച്ചുകൊണ്ടു് മുന്നേറുകയാണു് ചെയ്തതു്. തൻെറ കൂലിപ്പട്ടാളം പലേടത്തും ജാപ്പാനുമായുള്ള കൂട്ടിമുട്ടലിൽ തോററു പിന്തിരിഞ്ഞോ

ടിക്കൊണ്ടിരുന്നപ്പോഴം, കമ്യൂണിസ്റ്റുകാർ ശക്തിപ്പെട്ടുവന്നതു് അയാൾക്കു സഹിക്കാൻ കഴിഞ്ഞില്ല. അയാഠം ക്രമേണ ജാപ്പാനുമായുള്ള കൂട്ടിമുട്ടലുകഠം കുറയ്ക്കുകയും അപകടകരമായ യുദ്ധമുന്നണികളിലേക്കു് കമ്യൂണിസ്റ്റുകാരെ വിടുകയും—അയാഠം, സർവ്വസൈന്യാധിപനെന്ന നിലയിൽ എല്ലാ സൈന്യങ്ങളുടേയും തലവനായിരുന്നു—ചെയ്തു. കമ്യൂണിസ്റ്റുകാർ ചിയാങ്ങിൻെറ കല്പനകഠംക്കു വിധേയമായിത്തന്നെ പ്രവർത്തിച്ചു. പലപ്പോഴും ഈ കല്പനകഠം തങ്ങഠംക്കു് ഗണ്യമായ നാശനഷ്ടങ്ങളുണ്ടാക്കിത്തീർത്തുവെങ്കിലും, അവർ ഐക്യമുന്നണിയുടെ ലക്ഷ്യത്തെ തകരാറാക്കുന്ന യാതൊരു നടപടിയിലും ഏർപ്പെട്ടില്ല.

### ഐക്യമുന്നണിയുടെ വളഞ്ഞുതിരിഞ്ഞ പുരോഗതി

ചിയാങ്ങ് കായ്-ഷേക്കിൻെറ അർദ്ധമനസ്സോടുകൂടിയ ഐക്യമുന്നണിനയം ചെറുത്തുനില്പുയുദ്ധത്തിന്നു പല കോട്ടങ്ങളുമുണ്ടാക്കി. ഭരണത്തെ ജനകീയാടിസ്ഥാനത്തിൽ പുനസ്സംഘടിപ്പിക്കാമെന്നു് ഐക്യമുന്നണിയിൽ ചേർന്ന ഘട്ടത്തിൽ ചിയാങ്ങ് സമ്മതിച്ചിരുന്നു. എങ്കിലും, അവ നടപ്പിൽ വരുത്തുവാൻ അയാഠം തയ്യാറായില്ല. തടവുകാരെ വിട്ടയച്ചുകൊണ്ടു് അയാഠം വിളംബരം പ്രസിദ്ധീകരിച്ചുവെങ്കിലും അതു നടപ്പിൽ വരുത്തുകയുണ്ടായില്ല. നിയമപരമായി കമ്യൂണിസ്റ്റുപാർട്ടിയുടെ മേലുള്ള നിരോധം എടുത്തുകളഞ്ഞിരുന്നുവെങ്കിലും ഭരണകൂടത്തിൻെറ വിക്രിയകഠം അതിൻെറ നിയമവിധേയപ്രവർത്തനങ്ങളെ തീരെ അസാദ്ധ്യമാക്കിത്തീർത്തു. ഷെൻസി-

കാൻസു- നിങ്ങ്സാ അതിർത്തിപ്രദേശം സ്വയംഭരണമുള്ള—(കോമിന്താങ്ങ് ഭരണത്തിന്റെ കീഴിലാണെങ്കിലും) പ്രദേശമായിരുന്നിട്ടും അതിന്ന് അത്തരത്തിലുള്ള യാതൊരു നിയമസാധുതയുമുണ്ടായിരുന്നില്ല. പുതിയ ജനകീയരാഷ്ട്രീയ കൌൺസിലിൽ മാവോസെ-തുങ്ങും മററു ചില ജനകീയനേതാക്കളും അംഗങ്ങളായിരുന്നെങ്കിലും ഈ കൌൺസിലിന്ന് ഭരണത്തിൽ യാതൊരു സ്ഥാനവുമുണ്ടായിരുന്നില്ല. കമ്മ്യൂണിസ്ററുപാർട്ടിയുടെ പ്രതിനിധിയായി ചൌ എൻ-ലായ് തലസ്ഥാനനഗരിയിലുണ്ടായിരുന്നുവെങ്കിലും അദ്ദേഹം അവിടെ ഒരു തടവുകാരനെപ്പോലെയായിരുന്നു. കോമിന്താങ്ങ് ചാരന്മാരിൽനിന്ന് ഒരു നിമിഷംപോലും അദ്ദേഹത്തിന്നു രക്ഷയുണ്ടായില്ല. കമ്മ്യൂണിസ്ററുകാരായ വ്യക്തികളെ കൊലപ്പെടുത്തലും, അവരുടെ പത്രമാഫീസുംമററും കയ്യേറലും അപൂർവ്വമല്ലായിരുന്നു. ഇത്തരം കയ്യേററങ്ങളെസ്സംബന്ധിച്ച് എത്രതന്നെ ആക്ഷേപിച്ചിട്ടും ഫലമുണ്ടായിരുന്നില്ല. 1933-നുശേഷം കോമിന്താങ്ങ് ചൈനയിൽ യാതൊരു തിരഞ്ഞെടുപ്പുകളും നടത്തപ്പെട്ടില്ല. അന്നു തിരഞ്ഞെടുക്കപ്പെട്ടവരിൽത്തന്നെ ഒട്ടനേകംപേർ ജാപ്പനു ക്ലലികളായിരുന്നു. പുതുതായി നിശ്ചയിക്കപ്പെട്ട 220 പേരടങ്ങിയ ജനകീയരാഷ്ട്രീയകൌൺസിലാകട്ടെ വെറും ഒരു ഉപദേശകസമിതി മാത്രമായിരുന്നു. ഇങ്ങനെ കേന്ദ്രത്തിലെ ഭരണത്തിൽ യഥാർത്ഥത്തിൽ യാതൊരു മാററവുമുണ്ടായില്ല; കമ്മ്യൂണിസ്ററുവിരോധം പുതിയ രൂപത്തിൽ നിർബ്ബാധം നടന്നുവന്നു. 1937-38 കാലത്ത് ലഭിച്ച തുച്ഛമായ ചില പ്രവർത്തനസ്വാതന്ത്ര്യങ്ങൾപോലും പിന്നീട് ഇല്ലാതായി.

മാത്രമല്ല, കമ്മ്യൂണിസ്ററുകാരുടെ നാനാതരം പ്രവൎത്തനങ്ങളേയും കഴിയുന്നേടത്തോളം നിയന്ത്രിക്കാൻ ചിയാങ്ങിൻെറ പട്ടാള ഉപദേശകർ ശ്രമിച്ചു. അവർ ചുവപ്പുസേനയ്ക്കു് നീങ്ങിപ്രവൃത്തിക്കാവുന്ന ചില ചെറിയ പ്രദേശങ്ങൾ നിൎണ്ണയിച്ചു. ചുവപ്പധീനത്തിലുള്ള പട്ടാളബലത്തെ അവർ നിയന്ത്രിച്ചു. അതിലധികം പട്ടാളശക്തി സംഘടിപ്പിക്കാനോ, കൂടുതൽ പ്രദേശങ്ങളിലേക്കു വ്യാപിക്കാനോ അവർ ചുവപ്പ് അധീനത്തിലുള്ള ജാപ്പുവിരുദ്ധസേനയെ അനുവദിച്ചില്ല. ഈ പ്രദേശങ്ങൾ തന്നെ വാസ്തവത്തിൽ ജാപ്പുമുന്നണിയ്ക്കു പിന്നിലായിരുന്നു. എന്നാൽ ചുവപ്പുപട കല്പന അനുസരിക്കുകയെന്ന വെറും സാങ്കേതികതത്വത്തേക്കാളധികം, ചെറുത്തുനില്പു യുദ്ധത്തിൻെറ വിജയത്തെയാണു് ഉന്നം വെച്ചതു്. ശത്രുക്കൾ നീങ്ങുന്നതിനനുസരിച്ചു് ഗൊറില്ലാപ്രവൎത്തനം വിപുലമാക്കുകയും, ശത്രുക്കളുടെ ശക്തിക്കനുസരിച്ചു് ഗൊറില്ലാസംഘടന ശക്തിപ്പെടുത്തുകയും ചെയ്യേണ്ടതു് അവരുടെ ആവശ്യമായിരുന്നു.

ഇതിന്നും പുറമെ ചുവപ്പുസേനകൾക്കു് കൂമിന്താങ്ങിൽനിന്നും പണംകൊണ്ടോ ആയുധങ്ങൾകൊണ്ടോ യാതൊരു സഹായവുമുണ്ടായിരുന്നില്ല. എട്ടാം പടയിൽ 45,000 പേൎക്കും, നാലാംപടയിൽ അതിലും കുറച്ചുപേൎക്കും ശമ്പളംകൊടുക്കാൻ കേന്ദ്രഗവൎമ്മേണ്ടു് ഏററിരുന്നുവെങ്കിലും ആദ്യം കുറച്ചുമാസംമാത്രമെ അതു നൽകുകയുണ്ടായുള്ളു. ആയുധങ്ങൾ തീരെ നൽകുകയുണ്ടായില്ല. തങ്ങൾതന്നെ നിൎമ്മിച്ച നിസ്സാരമായ ആയുധങ്ങളോ ശത്രുക്കളുടെ പക്കൽനിന്നു് പിടിച്ചെടുത്തതോ ഒഴികെ മ

ററായുധങ്ങളൊന്നും അവക്കില്ലായിരുന്നു. എന്നിട്ടും 1940-ൽ ചുവപ്പുസേന അഞ്ചുലക്ഷത്തോളമായി വളന്നിരുന്നു. ഗൊറില്ലാസംഘങ്ങൾക്ക പുറമെയായിരുന്നു ഇതു്. ജാപ്പധീനപ്രദേശങ്ങളിലെ അഞ്ചിൽ നാലുഭാഗം യുദ്ധങ്ങളും നടത്തിയിരുന്നതു് ഇവരായിരുന്നു. മഞ്ചൂറിയയിൽ വളന്നുവന്ന ഒരുലക്ഷത്തോളം ഗൊറില്ലാസൈന്യങ്ങളും 8-ാം പടയുടെ കീഴിലായിരുന്നു. ഭക്ഷണത്തിന്നുപോലും അവർ വളരെയധികം ക്ലേശിച്ചു. ജാപ്പുവിരോധപ്രവത്തനത്തിൻെറ ആവേശം നാടൻകൃഷിക്കാരിൽ കുത്തിച്ചെലുത്തിയശേഷം അവർ സസന്തോഷം നൽകിയ സഹായത്തിന്മേലാണു് ഇത്രയും വലിയ ഒരു സേന നിലനിന്നുവന്നതു്. എട്ടാംപട ജാപ്പധീനത്തിലായിരുന്ന ഷാൻടങ്ങ്സംസ്ഥാനത്തിലെ ചീഫൂതുറമുഖം അല്പകാലത്തേക്കു് കൈവശമാക്കി അവിടെ ചുങ്കപ്പിരിവു നടത്തിയപ്പോൾ, ആ സംസ്ഥാനത്തെ ജാപ്പുഫാഷിസ്ററുകാക്കു വിട്ടുകൊടുത്തു് ഓടിപ്പോയ പഴയ ഗവണ്ണർ—ഒരു കോമിന്താങ്ങ് യുദ്ധപ്രഭു—ആ പണവും ചുവപ്പുസേന കൈവശമാക്കിയ ശത്രുക്കളുടെ ആയുധങ്ങളും തന്നൊ ഏല്പിക്കാനാവശ്യപ്പെട്ടു. ചുവപ്പുസേന ഇതനുസരിക്കാതിരുന്നപ്പോൾ, കോമിന്താങ്ങ്ഭരണം അവരുടെപേരിൽ അച്ചടക്കലംഘനമെന്ന കുററം ആരോപിച്ചു.

ഇങ്ങനെ നാനാമുഖങ്ങളായ പ്രതിബന്ധങ്ങളെ നേരിട്ടുകൊണ്ടാണു് ചുവപ്പുപട ജാപ്പധീനപ്രദേശങ്ങളിൽ അധികമധികം വ്യാപിച്ചുകൊണ്ടു്, ശത്രുക്കളെ ഗതിമുട്ടിച്ചതു്.

വീണ്ടും ഏററുമുട്ടലുകൾ

1939 ആയപ്പോഴേക്കും ചിയാങ്ങിൻെറ ചുങ്കിങ്ങ് ഗവമ്മെണ്ടിൻെറ നയത്തിൽ ചില മാററങ്ങൾ കണ്ടുതുടങ്ങി. അവർ യുദ്ധനടപടികളിൽ കാൎയ്യമായ യാതൊരു പങ്കുംവഹിക്കാതായി. കോമിന്താങ്ങ് സേനകൾ ചൈനയുടെ വടക്കുപടിഞ്ഞാറും തെക്കുപടിഞ്ഞാറും ഭാഗങ്ങളിലേക്കു പിൻവലിഞ്ഞു. അവർ ചെറുക്കൽ പ്രസ്ഥാനം വെറും ഒരാചാരമെന്ന നിലയ്ക്കും കമ്യൂണിസ്ററുകാൎക്കെതിരായ മർദ്ദനപ്രസ്ഥാനം ഒരടിയന്തരാവശ്യമെന്ന നിലയ്ക്കും നടത്താൻ തുടങ്ങി.

ഇക്കാലത്തു കമ്യൂണിസ്ററുപാർട്ടിയുടെ ഉത്തരവാദിത്വവും കഷ്ടപ്പാടുകളും ഇരട്ടിച്ചു. ജാപ്പണികൾക്കു പിന്നിലുള്ള അട്ടിമറിപ്രവൎത്തനങ്ങൾക്കും ഗൊറില്ലായുദ്ധങ്ങൾക്കും പുറമെ ചെറുത്തുനില്പിനെസംബന്ധിച്ചേടത്തോളം ചിയാങ്ങ് അംഗീകരിച്ച പിൻതിരിപ്പൻനയത്തിന്നെതിരായി,ഐക്യമുന്നണിയ്ക്കുള്ളിൽനിന്നുകൊണ്ടുതന്നെ ശക്തിയായ സമരം നടത്തുകയെന്നതും അവരുടെ കടമയായിരുന്നു. ചൈനയുടെ ജാപ്പുവിരുദ്ധയുദ്ധത്തിൻെറ സ്ഥിതിഗതികളെ വിവരിച്ചുകൊണ്ടു് മാവോസെ-തുങ്ങ് ഇങ്ങനെ പറയുകയുണ്ടായി:—

"ചൈനയുടെ ജാപ്പുവിരുദ്ധയുദ്ധത്തിന്നു് രണ്ടു വ്യത്യസ്തമാൎഗ്ഗങ്ങളുണ്ടു്. ജനതയെ മർദ്ദിക്കുകയും ജാപ്പുവിരുദ്ധ യുദ്ധത്തിൽനിന്നു് കഴിയുന്നതും ഒഴിഞ്ഞുമാറുകയും ചെയ്യുന്ന കോമിന്താങ്ങ് ഗവമ്മെണ്ടിൻെറ മാൎഗ്ഗമാണൊന്നു്. മറേറതു് ഈ യുദ്ധം സുശക്തമായരീതിയിൽ മുന്നോ

ട്ടുകൊണ്ടുപോവാൻവേണ്ടി ഉണന്നു സംഘടിച്ചുകഴിഞ്ഞിട്ടുള്ള ചൈനീസ് ജനതയുടെ മാൎഗ്ഗമാണു്."

ജാപ്പാന്നെതിരായ യുദ്ധം ചിയാങ്ങിൻെറ മാത്രം നേതൃത്വത്തിലുള്ള കോമിന്താങ്ങ് പട്ടാളത്തിൻെറ കുത്തകയാകുകയെന്ന മാൎഗ്ഗം തോൽവിക്കുള്ള മാൎഗ്ഗമായിരുന്നു. ജനങ്ങളെ മുഴുവൻ ജനാധിപത്യപരമായ രീതിയിൽ സംഘടിപ്പിച്ചും പരിശീലിപ്പിച്ചും അവരിൽ ദേശാഭിമാനവും രാഷ്ട്രീയബോധവും വളൎത്തിയും അവൎക്ക് ആയുധങ്ങൾ നൽകിയും അങ്ങനെ ഒരു രാഷ്ട്രത്തിൻെറ മുഴുവൻ രക്തവും മാംസവും ഓജസ്സും ജാപ്പാന്നെതിരായി ഉപയോഗിക്കുകയും, അതോടുകൂടി സംഘടനാപരമായും രാഷ്ട്രീയമായും ജനതയെ മുഴുവൻ കൂടുതൽ ഉയൎന്ന ഒരു നിലവാരത്തിലേക്കുയൎത്തുകയും ചെയ്യുക എന്ന ജനകീയമാർഗ്ഗം മാത്രമായിരുന്നു വിജയത്തിലേക്കുള്ള മാർഗ്ഗം."

മുമ്പിൽനിന്നും പിന്നിൽനിന്നുമുള്ള ചൈനീസ്ഗറില്ലകളുടേയും ചുവപ്പുസേനകളുടേയും ഇടതടവില്ലാത്ത എതിൎപ്പും കീഴടക്കിയ പ്രദേശങ്ങളിലെ നാട്ടുകാരുടെ നിസ്സഹകരണവുംകൊണ്ടു് കൂടുതൽ മുന്നോട്ടു തള്ളുകയെന്നതു് ജാപ്പുഫാഷിസ്ററുകാൎക്ക് അത്ര എളുപ്പമല്ലെന്നായി. എന്നാൽ കോമിന്താങ്ങിൻെറ കമ്യൂണിസ്ററുവിരോധം അവൎക്കു തികച്ചും അനുകൂലമായിരുന്നു. ശത്രുപക്ഷത്തിലെ ഈ പിളൎപ്പിനെ സൂത്രത്തിൽ ഉപയോഗിക്കാൻ അവർ തീർച്ചയാക്കി. ചിയാങ്ങിനെ കീഴടങ്ങുവാൻ പ്രേരിപ്പിക്കുന്നതിന്ന് അവർ പല രാഷ്ട്രീയതന്ത്രങ്ങളും പ്രയോഗിച്ചു. ഈ ഘട്ടത്തിലാണു് യൂറോപ്പിൽ യുദ്ധം പൊട്ടിയതു്. ജൎമ്മനിയും ജാപ്പാനും തങ്ങൾക്കെതിരായി യോജി

ക്കാതെ കഴിക്കാൻ ചൈനയെ ബലികഴിച്ചെങ്കിലും ജാപ്പാനുമായി ഒരു സന്ധിയിലെത്തിച്ചേരണമെന്ന് ബ്രിട്ടനും അമേരിക്കയും ഫ്രാൻസും ആഗ്രഹിച്ചു. അവർ ചിയാങ്ങിനെ ഒരു സന്ധിക്കു് നിർബ്ബന്ധിക്കാൻ തുടങ്ങി.

ഈ ഘട്ടത്തിൽ കമ്യൂണിസ്റ്റുപാർട്ടി കീഴടങ്ങലിനെ സർവ്വശക്തികളുമുപയോഗിച്ചെതിർത്തു. "ചെറുത്തുനില്പു യുദ്ധത്തിൽ ഉറച്ചുനില്ക്കുക—കീഴടങ്ങലിനെ എതിർക്കുക; ഐക്യത്തിൽ ഉറച്ചുനില്ക്കുക—ഭിന്നിപ്പുകളെ എതിർക്കുക". എന്നീമുദ്രാവാക്യങ്ങൾ രാജ്യമെങ്ങും മാറെറാലിക്കൊണ്ടു. ചിയാങ്ങിൻെറ പിന്തിരിപ്പൻനയത്തിന്നെതിരായി വമ്പിച്ച പ്രക്ഷോഭം വളർന്നുവന്നതു് അയാളെ അരിശംപിടിപ്പിച്ചു.

1939 അവസാനത്തിലാണു് ക്യമിന്താങ്ങ്-കമ്യൂണിസ്റ്റുശക്തികൾ തമ്മിൽ ആദ്യത്തെ തുറന്ന സംഘട്ടനമുണ്ടായതു്. ഷെൻസി-കാൻസൂ-നിങ്ങ്സിയാ അതൃത്തിപ്രദേശത്തെ കേന്ദ്രഗവണ്മെൻറ് അംഗീകരിച്ചിരുന്നില്ലെന്നു് മുമ്പു പറഞ്ഞുവല്ലോ. ഷെൻസിയിലെ 'ഗവർണ്ണ'റും, സിയാൻ തലസ്ഥാനമായുള്ള കോമിന്താങ്ങ് പട്ടാളത്തിൻെറ കമാണ്ടറുമായ ഹുസങ്ങ്-നാൻ, ഈ അതൃത്തിപ്രദേശം തൻേറതാണെന്നു പറഞ്ഞുകൊണ്ടു്, അതിനെ കീഴൊതുക്കുവാൻ സൈന്യങ്ങളെ അയച്ചു. കാൽസുവിലെ മററു ജനറൽമാരും ഇതിനോടു സഹകരിച്ചു. അവർ അഞ്ചു് ഉൾനാടൻപട്ടണങ്ങൾ പിടിച്ചു. ഒരു നേരിട്ടു യുദ്ധം കൂടാതെ കഴിക്കുവാൻ അവിടെയുണ്ടായിരുന്ന എട്ടാം റൂട്ട്പട്ടാളവിഭാഗങ്ങൾ പിൻവലിക്കപ്പെട്ടു.

ഇതിനെസ്സംബന്ധിച്ചു കമ്യൂണിസ്റ്റുനേതാക്കൾ ചിയാങ്ങ്കായ്-ഷേക്കിന്നു പ്രതിഷേധങ്ങൾ അയച്ചുവെങ്കിലും അവയ്യൊന്നും യാതൊരു ഫലവുമുണ്ടായില്ല. ഹൂസങ്ങ്-നാനിന്റെ പട്ടാളാക്രമണം തുടൎന്നുപോന്നു. അവസാനം നിവൃത്തിയില്ലാതെ കമ്യൂന്നിസ്റ്റുകാർ, മഞ്ഞനദിക്കപ്പുറം ഷാൻസിസംസ്ഥാനത്തിൽ നിന്നിരുന്ന പട്ടാളവിഭാഗത്തെ ഷെൻസിയിലേയ്ക്കു വിളിച്ചു. ഉടനേതന്നെ കോമിന്താങ്ങ് സൈന്യാധിപന്മാർ തങ്ങളുടെ പരിപാടികൾ നിൎത്തിവെച്ചു മടങ്ങി. ഇതിന്നുശേഷമാണു് ചിയാങ്ങ് കാൎയ്യം ഗ്രഹിച്ചതായി നടിച്ചതു്. അയാൾ ഹൂസങ്ങ്-നാനിന്നു 'താക്കീതു' നല്കി. പക്ഷേ, ആ സ്ഥലങ്ങൾ തിരിച്ചുകൊടുക്കുകയുണ്ടായില്ല.

ഷാൻസിസംസ്ഥാനത്തിലും ഈ കാലത്തുതന്നെ ചില സംഘട്ടനങ്ങളുണ്ടായി. പടിഞ്ഞാറൻ ഷാൻസിയിലുണ്ടായിരുന്ന "മരണസന്നദ്ധസംഘ"ത്തെയും തെക്കുകിഴക്കൻ ഷാൻസിയിലുണ്ടായിരുന്ന എട്ടാംപടയുടെ വിഭാഗത്തേയും ക്രമിന്താങ്ങപട്ടാളക്കാർ ആക്രമിച്ചു. ജാപ്പുകാരോടു് എതിരിട്ടുകൊണ്ടിരിക്കെത്തന്നെ എട്ടാംപട ഈ ആക്രമണങ്ങളെ നിഷ്പ്രയാസം തോല്പിച്ചോടിച്ചു.

കോമിന്താങ്ങ് പ്രത്യേക അതിൎത്തിപ്രദേശത്തിന്നു ചുറ്റും സ്വന്തം പട്ടാളങ്ങളെ നിൎത്തി കമ്യൂന്നിസ്റ്റുകാൎക്കെതിരായ ഒരു ഉപരോധംതന്നെ നടപ്പാക്കി.

ഹോപ്പീ, ഷൻടങ്ങ്, ആൻവീ, കിയാങ്ങ്സൂ, ചെക്കിയാങ്ങ് എന്നീ വിവിധസംസ്ഥാനങ്ങളിൽ ചില്ലറ സംഘട്ടനങ്ങൾ നടന്നുകൊണ്ടിരുന്നു. കമ്യൂണിസ്റ്റുകാരു

ടെ ഒട്ടധികം ആക്ഷേപങ്ങൾക്ക് ചുങ്കിങ്ങ് യാതൊരു നട പടിയും എടുക്കുകയുണ്ടായില്ല.

കമ്യൂണിസ്ററുകാരെ ആക്ഷേപിച്ചുകൊണ്ടുള്ള ലഘുലേഖകൾ ലക്ഷക്കണക്കിൽ വിതരണം ചെയ്യപ്പെട്ടു. ജാപ്പാൻകാർ ചൈനയുടെ ശരീരത്തിലുള്ള മുട്ടകൾ മാത്രമാണ്; കമ്യൂണിസം ഹൃദയത്തിലെ ഒരു രോഗമാണ്, ഇതായിരുന്നു പ്രചാരവേലയുടെ ഗതി. പട്ടാളക്കാർക്കിടയിൽ ഉദ്യോഗസ്ഥന്മാർ, കമ്യൂണിസ്ററുകാരെ നാമാവശേഷമാക്കുവാൻ ഒരുങ്ങിക്കൊള്ളുവാൻ പലപ്പോഴും പ്രസംഗം ചെയ്തുവന്നു. ഇതെല്ലാം നടന്നിരുന്നതു് മിക്കവാറും യുദ്ധമന്ത്രി ഹൊയിങ്ങ്-ചിൻെറ കല്പനപ്രകാരമാണ്. ചിയാങ്ങ് ഇതെല്ലാം അറിഞ്ഞിട്ടും അറിഞ്ഞില്ലെന്നു നടിച്ചു.

ഉള്ളിൽക്കൂടെ ഒട്ടധികം കുത്തിത്തിരുപ്പുകൾ നടന്നുകൊണ്ടിരുന്നുവെങ്കിലും, ജാപ്പാക്രമണത്തിൻെറ താങ്ങാൻ വയ്യാത്ത മർദ്ദനം ചിയാങ്ങ്കായി-ഷേക്കിനെ ഐക്യമുന്നണിനയത്തിൽ വിടാതെ പിടിച്ചുനിർത്തി. കമ്യൂണിസ്ററുകാരില്ലായിരുന്നുവെങ്കിൽ അധികം താമസിയാതെ അയാൾ ചുങ്കിങ്ങിൽനിന്നും ഓടേണ്ടിവരുമായിരുന്നു എന്നതാണു വാസ്തവം.

'തെക്കൻഅൻവീസംഭവം'

കമ്യൂണിസ്ററുപാർട്ടിയും കോമിന്താങ്ങും തമ്മിലുള്ള വിടവു് അതിൻെറ പാരമ്യത്തിലെത്തിയതു് 1941 ജനുവരിയിൽ നടന്ന 'തെക്കൻ അൻവീസംഭവ'ത്തിൻെറ

കാലത്താണ്. കമ്യൂണിസ്റ്റുകാരുടെ സൈനികശക്തിയെ തകർക്കാൻ ചുങ്കിങ്ങ്ഭരണാധികാരികൾ വെച്ച ഒരു കെണിയായിരുന്നു അത്.

പുതിയ നാലാംപടയുടെ പ്രവൎത്തനപരിധി യാങ്ങ്ട്സിനദിയുടെ തെക്കും വടക്കും ഭാഗങ്ങളായിരുന്നു. അതു് ചിയാങ്ങ്കായ്-ഷേക്കുതന്നെ അംഗീകരിച്ച പരിധിയായിരുന്നു. ജാപ്പാൻെറ ഒരു വമ്പിച്ച സേന ഈ ഭാഗങ്ങളിലായിരുന്നു നിലകൊണ്ടിരുന്നതു്. ഈ നാലാംപട ശത്രുക്കൾക്ക് വരുത്തിത്തീൎത്ത ദുരിതങ്ങൾക്ക് അവസാനമില്ലായിരുന്നു. ഈ സേനയുടെ ധീരകൃത്യങ്ങൾകാരണം അവരെ "ദൈവത്തിൻെറ പട്ടാളക്കാർ" എന്നും മററും അന്നാട്ടുകാർ വിളിച്ചുവന്നു. 1940-ൽ പലപ്പോഴും ഈ സൈന്യത്തിന്ന് കോമിന്താങ്ങ്പട്ടാളക്കാരുമായി ഏററുമുട്ടലിൽ ഏൎപ്പെടേണ്ടിവന്നിട്ടുണ്ട്. ഈ സൈന്യത്തിന്നു ചുററുമുണ്ടായിരുന്ന കോമിന്താങ്ങിൻെറ ഉപരോധസേനയുടെ നായകൻ ക്രൂ ചൂ-ടാങ്ങ് ആയിരുന്നു.

1940 ജൂലായിൽ യുദ്ധമന്ത്രി ജനറൽഹോ, പുതിയ നാലാംസേനയുടെ തെക്കുള്ള വിഭാഗങ്ങളോടു് യാങ്ങ്ട്സീ കടന്നു് എട്ടാംപടയോടു ചേരണമെന്നഭിപ്രായപ്പെട്ടു. ഒക്ടോബർ 19-ാംനു- ഈ അഭിപ്രായം ഒരു കല്പനയുടെ രൂപത്തിലാണു പുറത്തുവന്നതു്. വാസ്തവത്തിൽ അതു് നാലാംപടയോടു 'ഹരകിരി' നടത്തുവാനുള്ള ഒരു കല്പനയായിരുന്നു. നാലാംപടയുടെ അധീനത്തിലായിരുന്ന അപ്രദേശങ്ങൾ ജാപ്പാന്നു വിട്ടുകൊടുത്തു്, അവരെ എല്ലാ ബുദ്ധിമുട്ടുകളിൽനിന്നു രക്ഷിക്കുകയും, അതുവഴി അപ്രദേശത്തെ ശത്രുസേനയ്ക്കു് പുതിയ പ്രദേശങ്ങൾ

ആക്രമിച്ചടക്കുവാനുള്ള സൗകര്യം നല്കുകയുമായിരുന്നു. അതിൻെറ ഫലം മറെറാന്ന്, വിശാലമായ പ്രദേശത്ത് അവിടവിടെ പരന്നുകിടന്നിരുന്ന സേനയെല്ലാം വടക്കോട്ടു നീങ്ങി, ഒരു ചെറിയ ഭാഗത്തു കേന്ദ്രീകരിക്കുന്നപക്ഷം, ശത്രുക്കൾക്ക് അവരുടെ "ചീകിവാരൽപ്രവൎത്തനം" എത്രയും വിജയപ്രദമാംവണ്ണം നടത്താനും അങ്ങനെ ചുവപ്പുസേനയിലെ ഗണ്യമായ ഒരു വിഭാഗത്തെ എളുപ്പത്തിൽ നശിപ്പിക്കുവാനും സാധിക്കും. ശത്രുക്കൾക്ക് ഇത്രയും സ്വീകാര്യമായ മറെറാരു പരിപാടിയില്ല. എന്നിട്ടും ജനറൽഹൊവിൻെറ കല്പന, 'സൈനികാ'ച്ചടക്കത്തിൻെറ പേരിൽ ചിയാങ്ങ് ശരിവെച്ചു.

മാത്രമല്ല, ഈ കല്പന അനുസരിക്കുവാൻ പല പ്രായോഗികബുദ്ധിമുട്ടുകളുമുണ്ടായിരുന്നു. പുതിയ നാലാംസേനയിലെ ഒട്ടധികം പടയാളികളും തദ്ദേശീയരായ കൃഷിക്കാരായിരുന്നു. അവരവിടെ നില്ക്കുന്നതുമാത്രമായിരുന്നു അവരുടെ കുടുംബങ്ങൾക്ക് ശത്രുക്കളിൽനിന്നുള്ള രക്ഷ. അവർ അവിടെനിന്നു വിട്ടുപോവുക എന്നുവെച്ചാൽ ആ ഭാഗത്തെ മുഴുവൻ സ്ത്രീകളേയും കുട്ടികളേയും ചുട്ടെരിക്കാൻ ശത്രുക്കളെ അനുവദിക്കുക എന്നാണ്. മാത്രമല്ല, അവൎക്ക് പോകേണ്ടതു മുഴുവൻ വലിയ ജാപ്പുസങ്കേതങ്ങളിൽക്കൂടെയായിരുന്നു.

പുതിയ നാലാംപട കല്പന അനുസരിക്കുന്നില്ലെങ്കിൽ, അതിനെ ആക്രമിക്കാനും അങ്ങനെ മറെറാരു അഭ്യന്തരയുദ്ധം ഉൽഘാടനം ചെയ്യാനുംവേണ്ടി, 27 ഡിവിഷൻ സൈന്യത്തോടും എല്ലാ മുന്നൊരുക്കങ്ങളോടും ക്രു

ടിയായിരുന്ന ചിയാങ്ങിന്റെ പുറപ്പാടെന്ന് പിന്നീടാ ണു മനസ്സിലായതു്.

ജനറൽ യെ ടിങ്ങിന്റെ നേതൃത്വത്തിലായിരുന്ന നാലാംപട വടക്കോട്ടു നീങ്ങുവാൻതന്നെ തീർച്ചയാക്കി. അവസാനത്തെ വിഭാഗമൊഴിച്ച് മറെറല്ലാം വലിയ കുഴ പ്പങ്ങളൊന്നുംകൂടാതെ പുഴകടന്ന്, വടക്കോട്ടു യാത്രതുട ന്നു. അവസാനവിഭാഗത്തിൽ 4000 പട്ടാളക്കാരും മററു പല പ്രവൃത്തിയിലും ഏർപ്പെട്ട പുരുഷന്മാരും സ്ത്രീകളും കുട്ടികളും അടങ്ങിയ നിരായുധരായ 6000 പേരുമുണ്ടായി രുന്നു. അവർ വടക്കോട്ടുള്ള യാത്രയിൽ 1941 ജനുവരി 6-ാംതീയതി മാവോലിൻ എന്ന സ്ഥലത്തിന്നടുത്തുള്ള ഒരിടുങ്ങിയ മലയിടുക്കിലെത്തിയപ്പോൾ, മുൻകൂട്ടി തയ്യാ റായിനിന്നിരുന്ന 80,000 കോമിന്താങ്ങുഭടന്മാർ പെട്ടെ ന്ന് അവരുടെമേൽ ചാടിവീണു. സ്ത്രീകളുടേയും കുട്ടിക ളുടേയുംമേൽ യാതൊരു വ്യത്യാസവുമില്ലാതെ വെടിതുട ങ്ങി. ചുവപ്പുഭടന്മാർ തങ്ങളാലാവുംവിധം പൊരുതി. ഒരാഴ്ചയോളം ഈ പോരാട്ടം നീണ്ടുനിന്നപ്പോഴേയ്ക്കും ചു വപ്പുസേനയുടെ മുഴുവൻ വെടിക്കോപ്പുകളും ഭക്ഷണവും അവസാനിച്ചുപോയി. അവർ കീഴടങ്ങി. യുദ്ധം നിർത്തി ക്കുവാൻ യെനാൻ ചെയ്ത എല്ലാ ശ്രമങ്ങളും വൃഥാ വിലായി. ആകെയുള്ള 10000 പേരിൽ 2000 പേർ മരിച്ചുപോയി. നാലായിരംപേൎക്കു മുറിവേററു. ജനറൽ യെ ടിങ്ങ് തടവുകാരനായി പിടിക്കപ്പെട്ടു. അദ്ദേഹ ത്തെപ്പററി പിന്നീട് യാതൊന്നും കേൾക്കുകയുണ്ടായിട്ടി ല്ല. അധികദിവസം കഴിയുന്നതിന്നുമുമ്പ് പുതിയ നാ

ലാംപടയാകെ പിരിച്ചുവിടുവാൻ ചിയാങ്ങ് കല്പന കൊടുത്തു.

കമ്യൂണിസ്ററുപാർട്ടിയുടെ റവല്യൂഷനറി മിലിററി ക്കമ്മെററി, ഉടൻതന്നെ നാലാംപടയെ പിരിച്ചുവിടാതെ, ചെൻയിയുടെ നായകത്വത്തിൽ പുനസ്സംഘടിപ്പിക്കുവാൻ കല്പനകൊടുത്തു. തെക്കൻ ആൻവീസംഭവത്തിന്ന് കാരണം അന്വേഷിച്ചുകൊണ്ട് കമ്യൂണിസ്ററുസൈന്യാധിപൻ ചൂടെ തന്നെ ചിയാങ്ങിന്ന് നേരിട്ടു കമ്പിയടിച്ചതിന്നും യാതൊരു മറുപടിയുമില്ലെന്നു കണ്ടപ്പോൾ മേലിൽ നാലാംപടയെ തൊട്ടാൽ ഉടൻ എട്ടാംപട അതിൻെറ രക്ഷയ്ക്കു് ഓടിയെത്തുമെന്ന് കോമിന്താങ്ങ്മേധാവികൾക്കു കൎശനമായി താക്കീതുനല്കി. നാലാംപടയെ തകൎത്തു നശിപ്പിക്കുന്നതിന്ന് ജാപ്പുസൈനികമേധാവികളുമായി നടത്തപ്പെട്ടിരുന്ന പല ഗൂഢാലോചനകളുടേയും രഹസ്യങ്ങൾ കമ്മിററി പുറത്തിട്ടു.

എന്തായാലും കോമിന്താങ്ങ് ഭരണമേധാവികൾക്ക് തല്ക്കാലത്തേയ്ക്കെങ്കിലും നല്ലബുദ്ധി തോന്നി. കുറച്ചുമാസക്കാലത്തേയ്ക്കു് ഇരുകക്ഷികളും തമ്മിൽ പറയത്തക്ക കൂട്ടിമുട്ടലുകളൊന്നും നടക്കുകയുണ്ടായില്ല.

തകൎച്ചയുടെ വക്കത്തെത്തിയ ഐക്യമുന്നണി തല്ക്കാലത്തേയ്ക്കു രക്ഷപ്പെട്ടു. ജനസാമാന്യത്തിന്നിടയിൽ കമ്യൂണിസ്ററുപാർട്ടിക്കു കിട്ടിക്കഴിഞ്ഞിരുന്ന സ്വാധീനശക്തിയാണു് വാസ്തവത്തിൽ ഇതിന്നുത്തരവാദിത്വം വഹിക്കുന്നതു്. തെക്കൻ ആൻവീസംഭവം കോമിന്താങ്ങിനെ ജനങ്ങളിൽനിന്ന് കൂടുതൽ ഒററപ്പെടുത്തുകയാണു് ചെയ്തതു്.

### അതിർത്തിപ്രദേശങ്ങളിലെ അഭിവൃദ്ധി

ജാപ്പാനുമായി ഇടതടവില്ലാതെ യുദ്ധം നടത്തുകയും ചിയാങ്ങിൻെറ പിന്തിരിപ്പൻ നയത്തിന്നെതിരായി സമരം ചെയ്യുകയും ചെയ്തുകൊണ്ടിരുന്നപ്പോൾതന്നെ, കമ്യൂണിസ്ററുപാർട്ടി പ്രത്യേകാതൃത്തിപ്രദേശങ്ങളിൽ ഭരണപരമായും സാമൂഹ്യമായും പല പരിഷ്ക്കാരങ്ങളും നടപ്പിൽ വരുത്തിക്കൊണ്ടിരുന്നു. ഭരണപരമായ പ്രധാന പരിഷ്ക്കാരം "മൂന്ന്—മൂന്ന് സമ്പ്രദായ"മായിരുന്നു. തൊഴിലാളികൃഷക വിഭാഗങ്ങളെ പ്രതിനിധീകരിച്ചുകൊണ്ട് കമ്യൂണിസ്ററുപാർട്ടിയും ജാപ്പുവിരോധികളായ ദേശീയബൂർഷ്വാസിയേയും മററ് ഇടത്തരം വിഭാഗങ്ങളേയും പ്രതിനിധീകരിച്ചുകൊണ്ട് കോമിന്താങ്ങും മററു പെററിബൂർഷ്വാവിഭാഗങ്ങളും പുരോഗമനവാദികളും ഗവണ്മെൻറിൻെറ എല്ലാ ഭരണഘടകങ്ങളിലും തുല്യമായ അധികാരപദവികളും സ്ഥാനങ്ങളും അംഗീകരിച്ചു. ഇതു മുഖേന, പുരോഗമനവാദികളായ ഒട്ടധികം കോമിന്താങ്ങ് പക്ഷക്കാർ—അവക്ക് കമ്യൂണിസവുമായി യാതൊരു ബന്ധവുമില്ലായിരുന്നു—ഉത്തരവാദപ്പെട്ട ഉദ്യോഗങ്ങളിൽ നിയമിതരായി. വില്ലേജുകൾ, ജില്ലകൾ എന്നിവയ്ക്കു വെവ്വേറെ ഭരണസമിതികൾ തെരഞ്ഞെടുക്കപ്പെട്ടു. എല്ലാററിന്നും ഉപരിയായി "ജനകീയരാഷ്ട്രീയകൌൺസി"ലും. 1941-ൽ ഇന്ത്യയിൽനിന്നു പോയ വൈദ്യസഹായസംഘത്തിലെ അംഗമായിരുന്ന ഡോക്ടർ ബി. കെ. ബാസു, പൂർവ്വരാജ്യങ്ങളിലെ ഫാഷിസ്റ്റ്‌വിരുദ്ധലീഗിൻെറ

പ്രതിനിധിയെന്ന നിലയ്ക്കു് ഈ കൗൺസിലിലേയ്ക്കു തെരഞ്ഞെടുക്കപ്പെടുകയുണ്ടായി.

ഒരു പുതിയ നികുതിസമ്പ്രദായം നടപ്പിൽ വന്നു. ദരിദ്രകൃഷിക്കാരൊഴിച്ചു് മററെല്ലാവക്കും അവരവരുടെ വരുമാനത്തിൻെറ തോതിൽ നികുതി കൊടുക്കേണ്ടി വന്നു. കൈത്തൊഴിൽ വാണിജ്യം വ്യവസായം എന്നിവയെല്ലാം സഹകരണാടിസ്ഥാനത്തിൽ നടത്തപ്പെട്ടു. വ്യവസായം ഒട്ടുമുക്കാലും ഒരു ഗൊറില്ലാരീതിയിലായിരുന്നു നടത്തിയിരുന്നതെന്നുവേണം പറവാൻ. ചെറിയ ചെറിയ ഉൽപാദനകേന്ദ്രങ്ങൾ ചിലപ്പോഴെല്ലാം ശത്രുവിൻെറ ആക്രമണത്തിൽനിന്നും ബോമ്പുവർഷത്തിൽനിന്നും പൊരുതി കിട്ടുവാൻവേണ്ടി സ്ഥലംമാററം ചെയ്യപ്പെട്ടുകൊണ്ടിരുന്നു.

നാട്ടുകാരുടെ എല്ലാ ദൈനംദിനകാൎയ്യങ്ങളിലും വിമോചനസേന പങ്കുകൊണ്ടു. ഗ്രാമങ്ങളെ സ്വയം സമ്പൂൎണ്ണമാക്കിത്തീൎക്കുന്നതിന്നും ഇടയ്ക്കിടയ്ക്കുണ്ടായിക്കൊണ്ടിരുന്ന ക്ഷാമം പരിഹരിക്കുന്നതിന്നും അവർ കൃഷിക്കാരെ സഹായിച്ചു. ജാപ്പവിരോധയുദ്ധത്തിൽ വിജയം നേടണമെങ്കിൽ സ്വയം സമ്പൂൎണ്ണതനേടുക എന്നതു് അത്യാവശ്യമാണെന്നു് അവർ ജനങ്ങളെ പഠിപ്പിക്കുകയും, വിമോചനസേനാനികൾ മാത്രമല്ല, ഉദ്യോഗസ്ഥന്മാർ വിദ്യാൎത്ഥികൾ എന്നിവരെല്ലാം കൊയ്ത്തുകാലങ്ങളിലും മററും വയലിലിറങ്ങി കൃഷിക്കാരോടൊപ്പം വേലചെയ്കയും ചെയ്തു. ഇതു് കൃഷിക്കാരിൽ കൂടുതൽ ഉത്സാഹവും ആവേശവുമുളവാക്കി. ജനങ്ങളുടെ ജീവിതഭാരം കുറയ്ക്കുവാൻ

വേണ്ടിപലിശ പാട്ടം മുതലായവ വെട്ടിക്കുറച്ചുകിട്ടുവാൻ പ്രക്ഷോഭണങ്ങൾ സംഘടിപ്പിക്കപ്പെട്ടു. നാനാപ്രദേശങ്ങളിലും രൂപീകരിക്കപ്പെട്ട ജനകീയസംഘങ്ങളും സഹകരണസംഘങ്ങളും നാട്ടുകാക്കും വിമോചനപ്പടയ്ക്കുമാവശ്യമായ എല്ലാ സാധനങ്ങളും ഉല്പാദിപ്പിക്കുന്നതിലും വിതരണം ചെയ്യുന്നതിലും പ്രത്യേകം ശ്രദ്ധ ചെലുത്തിയിരുന്നു.

ജനങ്ങൾക്ക് എല്ലാത്തരം മൌലികാവകാശങ്ങളും പൌരസ്വാതന്ത്ര്യങ്ങളും അനുവദിക്കപ്പെട്ടു. ഭൂവുടമാവകാശം, സ്വകാര്യവ്യവസായങ്ങളും വ്യാപാരങ്ങളും നടത്താനുള്ള അവകാശം എന്നിവ മുമ്പത്തെപ്പോലെ തടയപ്പെട്ടില്ല. ജാപ്പുവിരോധികളായ എല്ലാ രാഷ്ട്രീയസംഘടനകൾക്കും, പ്രസംഗം, പത്രപ്രചരണം, സമ്മേളനം എന്നിവയ്ക്കെല്ലാം തുല്യമായ അവസരവും അവകാശവും നല്കപ്പെട്ടു.

വ്യാവസായികമായിനോക്കിയാൽ ഷെൻസി-കാൻസു-നിങ്ങ്സിയാ അതൃത്തിപ്രദേശം തികച്ചും സ്വയംസമ്പൂൎണ്ണമായിരുന്നുവെന്നുമാത്രമല്ല, ജാപ്പാനുമായിടപെട്ടുകൊണ്ടിരുന്ന സമരസഖാക്കൾക്ക് അത്യാവശ്യമായ ഉടുപ്പുകൾ, യുദ്ധോപകരണങ്ങൾ എന്നിവയുല്പാദിപ്പിക്കുവാൻകൂടി അവിടുത്തെ തൊഴിലാളികൾക്കു സാധിച്ചിരുന്നു.

എല്ലാ ഉല്പാദനവും ജാപ്പുപിശാചുക്കളെ നശിപ്പിക്കാൻ—എല്ലാ അദ്ധ്വാനവും യുദ്ധത്തെ വിജയിപ്പിക്കാൻ—ഇതായിരുന്നു എല്ലാ കാർഷികവ്യാവസായിക ഉല്പാദനങ്ങളുടെയും കേന്ദ്രമുദ്രാവാക്യം.

എന്നാൽ കോമിന്താങ്ങ് ഭരണകൂടവും അതിൻെറ പിന്തിരിപ്പൻ പട്ടാളപ്രഭുക്കളും ഈ പുരോഗതിക്കു തങ്ങളാൽ കഴിയുന്ന എല്ലാ പ്രതിബന്ധങ്ങളും വലിച്ചിട്ടു. പുതിയ വ്യാവസായികപദ്ധതികൾ നടപ്പിൽ വരുത്തുവാൻ അത്യാവശ്യമായ മൂലധനം ഗവണ്മെൻറിൻെറ പക്കലില്ലായിരുന്നു. കോമിന്താങ്ങിനോടു പലതവണ ആവശ്യപ്പെട്ടിട്ടും അവർ യാതൊരു സഹായവും ചെയ്തില്ലെന്നു പോകട്ടെ; ഏററവും ദുർഘടമേറിയ പരിതസ്ഥിതിയിൽ സമ്പാദിച്ച പല യന്ത്രോപകരണങ്ങളും അതിർത്തിപ്രദേശത്തേയ്ക്കു വിടാതെ അവർ പിടിച്ചടക്കുകകൂടിച്ചെയ്തിരുന്നു. കോമിന്താങ്ങ് അധീനപ്രദേശങ്ങളിൽ ഒന്നിനുശേഷം മറെറാന്നായി ഫാക്കറികൾ പൂട്ടിക്കൊണ്ടിരുന്നപ്പോൾ അതിർത്തിപ്രദേശങ്ങളിലെ ഈ അഭിവൃദ്ധി അവരെ കണക്കിലേറെ ശുണ്ഠിപിടിപ്പിച്ചു. വിമോചനപ്പടയുടെകൈകൊണ്ടുള്ള ജാപ്പപരാജയംപോലും കമ്യൂണിസത്തിൻെറ അഭിവൃദ്ധിയായി കണക്കാക്കിയിരുന്ന അവർ അതിർത്തിപ്രദേശങ്ങളുടെ നാനാമുഖങ്ങളായ അഭിവൃദ്ധികണ്ടു് അസൂയപ്പെട്ടതിൽ അതിശയമില്ലല്ലോ.

ചെറുത്തുനില്പുയുദ്ധത്തിലെ ആദ്യത്തെ നാലു കൊല്ലത്തിനുള്ളിൽ കമ്യൂണിസ്ററുപാർട്ടിയുടെ കീഴിൽ വിമോചനസേനയും ജനങ്ങളും വമ്പിച്ച നേട്ടങ്ങൾ നേടി. ചുവപ്പുപട ജാപ്പാൻെറ പക്കൽനിന്നു് 150-ഓളം ഉൾനാടൻപട്ടണങ്ങൾ മടക്കിപ്പിടിച്ചു. വിമോചിതപ്രദേശങ്ങളിലെ ആകെ ജനസംഖ്യ പത്തുകോടിയായി വൎദ്ധിച്ചു. 1937-ൽ വെറും 40000 പേർ മാത്രമടങ്ങിയിരു

ന്നു വിമോചനസേന 1940 ആയപ്പോഴേയ്ക്കും അഞ്ചുലക്ഷമായി വളൎന്നു. ലിയോണിങ്ങ്, ജെഹോൾ, ചഹാർ, സുയിയുവാൻ തുടങ്ങി യാങ്ങ്ട്സിനദിവരെ വടക്കും കിഴക്കുമുള്ള സംസ്ഥാനങ്ങളിലും തെക്കൻസംസ്ഥാനത്തിൽ ചിലയിടങ്ങളിലും സുശക്തമായ ഗൊറില്ലാസംഘങ്ങൾ നിലവിൽവന്നു. ചെറുത്തുനില്പുയുദ്ധം ഒരു മഹത്തായ ദേശീയവിപ്ലവത്തിന്റെ പതനത്തിലേയ്ക്കുയൎന്നു.

---

# 11

## കോമിന്താങ്ങിൻെറ തകർച്ച

ചൈനയിൽ തങ്ങളുടെ സാമ്രാജ്യത്വവികസനപദ്ധതിയുടെ യഥാർത്ഥ ശത്രുക്കൾ കോമിന്താങ്ങല്ലെന്നും, നേരെമറിച്ച്, അവിടുത്തെ ജനകീയാഭിലാഷങ്ങൾക്ക് രൂപംകൊടുക്കുന്ന കമ്യൂണിസ്ററുപാർട്ടിയും അതിൻെറ നേതൃത്വത്തിലുള്ള പട്ടാളവുമാണെന്നും ജാപ്പാന്ന് ബോദ്ധ്യമായി. നാങ്കിങ്ങിൽ രാജ്യദ്രോഹിയായ വാങ്ങ്ചിങ്ങ്-വൈയുടെ നേതൃത്വത്തിൽ ഒരു പാവഗവമ്മെണ്ടിനെ ജാപ്പാൻ സൃഷ്ടിച്ചുവെങ്കിലും അതിന്ന് ചൈനീസ്ജനതയെ സ്വാധീനിക്കാൻ തീരെ കഴിഞ്ഞിരുന്നില്ല. ഇതിന്ന പ്രധാനകാരണം കമ്യൂണിസ്ററുപാർട്ടിയുടെ യുദ്ധതന്ത്രമാണെന്ന മനസ്സിലാക്കിയ ജാപ്പുചെന്നായ്ക്കൾ അവരുടെ പീരങ്കികളേയും ബോമ്പേറുവിമാനങ്ങളേയും വിമോചിതപ്രദേശങ്ങളുടെനേക്ക തിരിച്ചു. 1941 നുശേഷം ജാപ്പുസൈന്യത്തിൻെറ 60 ശതമാനവും വിമോചിതപ്രദേശങ്ങളെ ഉന്നംവെച്ചുകൊണ്ട് ആക്രമണം തുടങ്ങി.

ചിലചില ഭാഗങ്ങളിൽ ജാപ്പാന്ന് കീഴടങ്ങിക്കൊള്ളാനും അവരുടെകൂടെനിന്ന് എട്ടാംപടയേയും പുതിയ നാലാംപടയേയും തകക്കാനും കോമിന്താങ്ങിൻെറ പട്ടാളപ്രഭുക്കന്മാർ ചില പട്ടാളവിഭാഗങ്ങൾക്ക, കല്പനകൊടുത്തു. അവ എതിർപ്പില്ലാതെ ജാപ്പാന്ന കീഴടങ്ങി ജാപ്പുപാവസേനയിൽചേന്നു. ഇങ്ങനെ പലപ്പോഴായി ജാപ്പാ

ന്നു കീഴടങ്ങിയ ചൈനീസ്പട്ടാളക്കാരിൽ 90 ശതമാനവും വിമോചിതപ്രദേശങ്ങളെ ആക്രമിക്കുന്നതിലാണ് നിയുക്തരായത്. പക്ഷേ, വിമോചനപ്പടയ്ക്ക് ഇതൊരനുഗ്രഹമായിത്തീരുകയാണുണ്ടായത്. അവരെ കീഴടക്കാനോ, പുനർവിദ്യാഭ്യാസം നൽകി, തങ്ങളുടെ അണികളിൽ കൂട്ടിച്ചേർക്കാനോ തീരെ പ്രയാസമില്ലായിരുന്നു. എങ്കിലും ഭീമമായ ആയുധസാമഗ്രികളോടുകൂടിയുള്ള ജാപ്പാക്രമണങ്ങൾ വിമോചനസേനയ്ക്ക് വമ്പിച്ച നാശനഷ്ടങ്ങളുണ്ടാക്കാതിരുന്നില്ല. ചൈനീസു ഗ്രാമങ്ങളിൽ കണ്ടമാനം കൊള്ളയും കൊലയും തീവെപ്പും ബലാൽസംഗങ്ങളും നടത്തിക്കൊണ്ട് ജാപ്പുപിശാചുക്കൾ വിമോചിത പ്രദേശങ്ങളെ ശ്മശാനങ്ങളാക്കി മാററുവാൻ ശ്രമിച്ചു. ഈ പൈശാചികനടപടികൾക്കു മുമ്പിൽ നാട്ടുകാർ വശംകെട്ടപ്പോഴും ചിയാങ്ങ് തന്റെ പട്ടാളങ്ങളെ ജാപ്പുയുദ്ധത്തിൽനിന്ന് കഴിയുന്നത്ര ഒഴിച്ചുനിർത്തി. വിമോചനസേനയുടെ ചില വിഭാഗങ്ങൾ തകർന്നുപോയി. ചിലയിടങ്ങളിൽ വിമോചിതപ്രദേശങ്ങളുടെ വിസ്തൃതിയും ജനസംഖ്യയും ചുരുങ്ങി.

ജനകീയ ജാപ്പുവിരുദ്ധശക്തികൾ തീവ്രമായ ഒരഗ്നിപരീക്ഷയെ നേരിടുന്ന ഘട്ടമായിരുന്നു അത്. ഈ ഘട്ടത്തിൽ ജനതയുടെ ആത്മവിശ്വാസവും വീര്യം നിലനിർത്തിപ്പോരേണ്ടതത്യാവശ്യമായിരുന്നു. ജനങ്ങൾ ഉറച്ചുനിന്നാൽ ജാപ്പുഫാഷിസം തീർച്ചയായും തോല്പിയ്ക്കപ്പെടുമെന്നും മർദ്ദനങ്ങളെയെല്ലാം അതിജീവിച്ച് അവസാനം ജനകീയശക്തികൾ വിജയം കൈവരിക്കുമെന്നും ജനങ്ങളെ ബോദ്ധ്യപ്പെടുത്താനും, അവരെ സംഘടനാപര

മായും രാഷ്ട്രീയമായും കൂടുതൽ വളത്താനുംവേണ്ടി കമ്യൂണിസ്ററുകാർ നാടൊട്ടുക്കും കലാപ്രകടനങ്ങൾ, പ്രസംഗങ്ങൾ സ്റ്റഡിക്ലാസ്സുകൾ മുതലായവ നടത്തി വമ്പിച്ച തോതിലുള്ള പ്രചാരവേലയാരംഭിച്ചു. നാട്ടുകാരുടെ കഷ്ടപ്പാടുകളിൽ സ്വയം പങ്കുകൊണ്ടും അവയെ പരിഹരിക്കുന്നതിൽ അവരെ സഹായിച്ചുകൊണ്ടും വിമോചനസേന ജനങ്ങൾക്കിടയിൽ വിപ്ലവപ്രബുദ്ധതയും ആവേശവും വളത്തിക്കൊണ്ടുവന്നു.

### ജാപ്പുവിരോധയുദ്ധം—ലോകഫാഷിസ്റ്റ് വിരോധയുദ്ധത്തിൻെറ ഒരു ഭാഗം

1941 ജൂണിൽ ഫാഷിസ്ററു ജമ്മനി സോവിയററു യൂനിയനെ ആക്രമിച്ചു. ഇതിനെത്തുടൻതന്നെ ഡിസമ്പർ 7-ാംനു- ജാപ്പാൻ ബ്രിട്ടൻെറയും അമേരിക്കയുടേയും നേരെ യുദ്ധമാരംഭിച്ചു. ഇതോടുകൂടി ലോകഫാഷിസത്തിന്നെതിരായി ജനകീയചേരിയിലെ എല്ലാ കണ്ണികളുംകൂട്ടി സംയോജിപ്പിക്കപ്പെട്ടു. അതേവരെ ചൈനീസ് ജനത ജാപ്പുസാമ്രാജ്യത്തിനെതിരായി നടത്തിയിരുന്ന ജനകീയയുദ്ധംപ്രവത്തനത്തിൽത്തന്നെ, ലോകജനതയുടെ ഫാഷിസ്ററു വിരോധയുദ്ധത്തിൻെറ ഒരു ഭാഗമായിത്തീൻ.

ഈ ഘട്ടത്തിൽ ജാപ്പാൻെറ ശ്രദ്ധമുഴുവനും എന്നുതന്നെ പറയാം, തെക്കുകിഴക്കൻ ഏഷ്യയെ കീഴടക്കുന്നതിലും ബ്രിട്ടനും അമേരിക്കയുമായുള്ള സംഘട്ടനങ്ങളിലുമായിരുന്നു. ഇന്തോചൈന ഇതിന്നു മുമ്പുതന്നെ അവർ കൈവശപ്പെടുത്തിയിരുന്നു. ബമ്മയടക്കം തെക്കുകിഴക്കൻഏഷ്യമുഴുവൻ അവരുടെഅധീനത്തിലായതോടുകൂടി

ചൈനയ്ക്കു് ബാഹ്യലോകവുമായുണ്ടായിരുന്ന എല്ലാ ബന്ധങ്ങളും അററുപോയി. ബർമ്മാ റോഡ്വഴിയ്ക്കുകിട്ടിയിരുന്ന സഹായങ്ങൾ നിലച്ചു. സോവിയററു യൂനിയനിൽനിന്നു കിട്ടിയിരുന്ന ചില്ലറ സഹായങ്ങൾ മാത്രമെ അവക്കു് ആശ്രയമുണ്ടായിരുന്നുള്ളു.

എന്നാൽ ഇതിന്നുശേഷമുള്ള ഏതാനുംകാലം ചൈനയ്ക്കുള്ളിൽ ജാപ്പാൻ വൻതോതിലുള്ള ആക്രമണങ്ങളിൽ എർപ്പെട്ടില്ല. തങ്ങളുടെ കയ്യിൽ കിട്ടിയതിനെ നിലനിത്താൻതന്നെ അവസാനകാലമായപ്പോഴേയ്ക്കു് ജാപ്പാൻ ബുദ്ധിമുട്ടി. വാസ്തവത്തിൽ തങ്ങളാൽ വിഴുങ്ങാനാവാത്തഒന്നിന്മേലായിരുന്നു അവർ ചെന്നുപിടികൂടിയതു്.

ഇക്കാലമത്രയും വിമോചനസേന തങ്ങൾക്കു കീഴിൽവന്ന പ്രദേശങ്ങൾ എല്ലാ ആക്രമികളിൽനിന്നും കാത്തുരക്ഷിയ്ക്കുന്നതിന്നു പുറമെ ശത്രുക്കളിൽനിന്നു് പുതിയ പ്രദേശങ്ങൾ പിടിച്ചടക്കുന്നതിലും പ്രത്യേകം ശ്രദ്ധ പതിപ്പിച്ചു. 1937-ൽ കമ്യൂണിസ്ററുകാരുടെ അധീനത്തിൽ ഒരു ലക്ഷത്തോളം ചതുരശ്ര കിലോമീററർ വിസ്തൃതിയും 15 ലക്ഷംജനസംഖ്യയുമുള്ള ഷെൻസി-കാൻസു-നിങ്ങ് സിയാ അതിത്തിപ്രദേശം മാത്രമായിരുന്നു ഉണ്ടായിരുന്നതു്. 1944 ആയപ്പോഴേയ്ക്കു് 859000 ച. കിലോമീററർ വിസ്താരവും 10 കോടിയോളം ജനസംഖ്യയുമുള്ള 15 പ്രദേശങ്ങൾ ഇങ്ങനെ വിമോചിക്കപ്പെട്ടുകഴിഞ്ഞിരുന്നു. ഇടക്കാലത്തു് നഷ്ടപ്പെട്ട ചില സ്ഥലങ്ങൾ അവർ വീണ്ടെടുത്തു. ഇവയിലെല്ലാംതന്നെ വടക്കുപടിഞ്ഞാറൻ അതിത്തിപ്രദേശങ്ങളിൽ അംഗീകരിയ്ക്കപ്പെട്ട ഭരണപരിഷ്കാരങ്ങളുംകാർഷികപരിഷ്കാരങ്ങളും നടപ്പാക്കിക്കൊണ്ടു് പ്രത്യേക അതിത്തിപ്രദേശങ്ങളായി സംഘ

ടിപ്പിക്കപ്പെട്ടു. 1944 അവസാനത്തിൽ ചൈനയിലെ ജാപ്പധീനപ്രദേശങ്ങളിൽ വലിയ നഗരങ്ങളും റെയിൽവെ ലൈനുകളുമൊഴിച്ച് ബാക്കി ഉൾപ്രദേശങ്ങൾ മുഴുവൻതന്നെ വിമോചനസേനയുടെ കയ്യിലായിത്തീൻ.

**കോമിന്താങ്ങ്ഭരണം തകരുന്നു**

ജാപ്പാൻ തെക്കുകിഴക്കൻ ഏഷ്യയിൽ അടിക്കടി വിജയം നേടിക്കൊണ്ട് കുതിച്ചു കേറിക്കൊണ്ടിരുന്നപ്പോൾ, ചൈനീസ്ജനതയെ നേരിട്ട മറെറാരു ഭീഷണി ചിയാങ്ങിൻെറ കീഴടങ്ങാനുള്ള പരിശ്രമമായിരുന്നു. അതേഘട്ടത്തിൽതന്നെ ഫാഷിസ്റ്റ് ജർമ്മനി മോസ്കോവിൻെറനേരെ തള്ളിക്കയറുകയായിരുന്നു. ഈ ആഗോളയുദ്ധത്തിൽ അച്ചുതണ്ടുശക്തികൾ തീർച്ചയായും വിജയം വരിയ്ക്കുമെന്ന് തീർച്ചയാക്കിയ ചിയാങ്ങ് രഹസ്യമായി ജാപ്പാന്ന് കീഴടങ്ങുമെന്ന ഘട്ടത്തിലെത്തി. എങ്കിലും, കീഴടങ്ങലിന്നെതിരായി ജനകീയപ്രക്ഷോഭം ദ്രുതഗതിയിൽ ഇരമ്പിക്കയറിയപ്പോൾ ചിയാങ്ങിന്ന് പിൻവാങ്ങേണ്ടിവന്നു. ബ്രിട്ടീഷമേരിക്കൻ ശക്തികളും ചിയാങ്ങിനെ കീഴടങ്ങാതിരിക്കാൻ പ്രേരിപ്പിച്ചു. ഈ ഘട്ടത്തിൽ ചുങ്കിങ്ങിനെ നിലനിർത്താൻവേണ്ടി അമേരിക്ക ഒരു വലിയ സംഖ്യ ചിയാങ്ങിന്ന് കാഴ്ചവെച്ചു.

ഈ കാലമെല്ലാം കോമിന്താങ്ങിൻെറ പിന്തിരിപ്പൻസേന, ശത്രുക്കളുമായി യാതൊരുതരം ഏററുമുട്ടലിന്നും പണിപ്പെടാതെ കമ്യൂണിസ്ററുകാരുടെ നടപടികൾ വീക്ഷിച്ചും, അവരുടെമേൽ 'അച്ചടക്കം' പാലിക്കാൻ ശ്രമിച്ചും കഴിഞ്ഞുകൂടി. തങ്ങളുടെ സേനയെ ഭാവിയിൽകമ്യൂണിസ്ററുകാരുമായുണ്ടാകാൻപോകുന്ന വമ്പിച്ച അഭ്യ

ന്തരയുദ്ധത്തിന്ന് അവർ കരുതിവെച്ചു. ജാപ്പാനെ പരാജയപ്പെടുത്തേണ്ട ജോലി ചിയാങ്ങ് ബ്രിട്ടീഷമേരിക്കൻ സാമ്രാജ്യവാദികളെ ഏല്പിച്ചു.

കമ്യൂണിസ്ററുപാർട്ടിയും വിമോചനപ്രസ്ഥാനവും സ്വയം ശിക്ഷിതമായി വളൎന്നുകൊണ്ടിരിയ്ക്കേ, കോമിന്താങ്ങ് കൂട്ടാളികൾ നാട്ടിൽ ക്ഷാമവും അരാജകത്വവും സൃഷ്ടിച്ചുകൊണ്ട് സ്വയം കൊഴുത്തുതടിക്കുകയായിരുന്നു. അവർ ചൈനയുടെ വ്യവസായങ്ങളെയും കൃഷി കച്ചവടം തുടങ്ങിയവയേയും മാത്രമല്ല, നാട്ടിൻെറ സാമ്പത്തിക വ്യവസ്ഥയെയാകെ ആംഗ്ലോ അമേരിക്കൻ മേധാവികളുടെ മുമ്പിൽ അടിയറവെച്ചു. വിദേശികൾക്ക് നട്ടുകാരെ കൊള്ളയടിക്കാൻ വഴിതുറന്നുവെച്ചുകൊണ്ട്, കൊള്ളലാഭത്തിൽ അവരും പങ്കുചേൎന്നു. കൈക്കൂലി, പക്ഷപാതിത്വം, അധികാരപ്രമത്തത എന്നിവ ഭരണവ്യവസ്ഥയെയാകെ ഇടിച്ചുതകൎക്കാൻ തുടങ്ങി. നാണയപ്പെരുപ്പവും സാമ്പത്തികത്തകർച്ചയും യുദ്ധപരിശ്രമത്തെപ്പോലും സാരമായി ബാധിച്ചുതുടങ്ങി.

ചുരുക്കത്തിൽ, ഇക്കാലത്ത് ചൈനയിൽ നാടുവാഴിത്തവും സാമ്രാജ്യശക്തികളുമായി കൂട്ടുചേൎന്നുള്ള കുത്തക മുതലാളിത്തവും കൂട്ടുചേൎന്നുണ്ടായ "ഉദ്യോഗസ്ഥമേധാവിത്വമൂലധനം" വ്യക്തവും പ്രത്യക്ഷവുമായ ചൂഷണസമ്പ്രദായങ്ങൾ അംഗീകരിച്ചു. ഈ പുതിയ മുതലാളിത്തത്തിൻെറ നായകന്മാരായ 'നാലു കുടുംബക്കാർ' (ചിയാങ്ങ്കായ് ഷേക്ക്, ടി. വി. സൂങ്ങ്, എച്ച്. എച്ച്; കുങ്ങ്, ചെൻലി-ഫൂ എന്നിവർ) കണക്കിലധികം ധനം വാരിവലിച്ചുകൂട്ടി. അമേരിക്ക യുദ്ധനടത്തിപ്പിന്നായി നൽകി

യ വമ്പിച്ച തുകകൾ ഒട്ടുമുക്കാലും ഭരണത്തിൻെറ ചരട പിടിച്ചിരുന്ന ഇക്കൂട്ടർ തങ്ങളുടെ മുതൽക്കൂട്ടു വർദ്ധിപ്പിക്കാനുപയോഗിച്ചു. ഈ പുതിയ മുതലാളിത്തത്തിൻെറമർദ്ദനത്തിന്ന് വിധേയരായ സാധുകൃഷിക്കാർ, തൊഴിലാളികൾ, ചെറുമുതലാളികൾ എന്നിവരും ദേശീയ ബൂർഷ്വാസിപോലും ചിയാങ്ങിന്ന് പൊറുതികൊടുത്തില്ല. പലഭാഗത്തും ലഹളകളുണ്ടായി. കോമിന്താങ്ങ് അധീനപ്രദേശങ്ങളിൽ നടന്ന ഈ കലക്കങ്ങൾക്ക് ചിയാങ്ങ് കമ്മ്യൂണിസ്ററു പാർട്ടിയെ കുററപ്പെടുത്തി.

കോമിന്താങ്ങ് പ്രദേശങ്ങളിൽനടന്ന ജനകീയപ്രക്ഷോഭത്തിൻെറ പേരിൽ കോമിന്താങ്ങ് മേധാവികൾ 1943-ൽ വിമോചിതപ്രദേശങ്ങളുടെ നേരെ മററൊരാക്രമണം നടത്തി. ഷെൻസി-കാൻസു-നിങ്ങ്സിയാ അതിർത്തിപ്രദേശത്തിൻെറനേരെ ഒരു വമ്പിച്ച സേന മുന്നോട്ടുകേറി. ഐക്യമുന്നണി നിലവിൽ വന്ന ശേഷമുള്ള ചിയാങ്ങിൻെറ മൂന്നാമത്തെ നടപടിയായിരുന്നു അതു്. ഉടൻ എട്ടാംപട അതിർത്തിപ്രദേശത്തിൻെറ സഹായത്തിന്നെത്തി. വലിയ നാശനഷ്ടങ്ങൾ ഉണ്ടാക്കിത്തീക്കാതെ കോമിന്താങ്ങ് കൂട്ടാളികൾ മടങ്ങിപ്പോയി. കമ്മ്യൂണിസ്ററുപാർട്ടി ഇതു മുൻകൂട്ടി കണ്ടു് വേണ്ട എല്ലാ മുൻകരുതൽ നടപടികളും എടുത്തിരുന്നു.

### കൂട്ടുഗവമ്മെണ്ടിന്നുള്ള പ്രക്ഷോഭം

1944 മാർച്ചിൽ ജാപ്പാൻ പുതിയൊരാക്രമണം അഴിച്ചുവിട്ടപ്പോൾ, ചുങ്കിങ്ങ് ഗവമ്മെണ്ടിൻെറ എല്ലാ പാപ്പരത്തങ്ങളുടേയും ഉൗക്കേറിയ ഒരു പ്രവാഹമാണുണ്ടായ

ത്തു്. പസിഫിക്കിൽ ജാപ്പാൻെറനാവികശക്തി അമേരിക്കയുടെ പ്രഹരങ്ങളേററ് ഏതാണ്ടു തകൎന്നിരുന്നതിനാൽ തെക്കുകിഴക്കൻ ഏഷ്യയിലേക്ക് മഞ്ചൂറിയയിൽനിന്നുള്ള ഗതാഗതത്തെ സുരക്ഷിതമാക്കുവാൻ ജാപ്പാൻ പണിപ്പെട്ടു. പെക്കിങ്ങിൽനിന്നു് കാൻടണിലേയ്ക്കും അവിടെനിന്നു് നാങ്കിങ്ങിലേയ്ക്കുമുള്ള റെയിൽവെ ഗതാഗതം ശരിപ്പെടുത്തുന്നതിന്നായി അവർ ഒരു വമ്പിച്ച ആക്രമണമാരംഭിച്ചു. കോമിന്താങ്ങ്സേന യാതൊരെതിൎപ്പിന്നും നില്ക്കാതെ തിരിഞ്ഞു് വാൽപൊക്കിയോടി. എട്ടുമാസക്കാലം നിലനിന്ന ആക്രമണത്തിൻെറ അവസാനത്തോടുകൂടി ഹൊനാൻ, ഹുനാൻ, ക്വാങ്ങ്സി, ക്വാങ്ങ്ടങ്ങ്, ഫൂക്കീൻ എന്നീ സംസ്ഥാനങ്ങളുടെ സിംഹഭാഗവും ക്വീച്ചോ സംസ്ഥാനത്തിൻെറ കുറച്ചുഭാഗവും ജാപ്പാൻെറ കൈവശം വന്നു. വിമോചനസേനയുടെ പ്രവൎത്തനം കുറഞ്ഞ ഭാഗങ്ങളാണു് ഇവയധികവും. കോമിന്താങ്ങിൻെറ ഭരണത്തിൻകീഴിൽത്തന്നെ തകൎന്നുകഴിഞ്ഞിരുന്ന ജനങ്ങൾക്ക് അതിലും ഭീമമായ ജാപ്പുമർദ്ദനം കൂടി താങ്ങേണ്ടിവന്നു.

ലോകത്തിലാകമാനം ഫാഷിസത്തെ തട്ടിത്തകൎത്തുകൊണ്ടു് വിപ്ലവശക്തികൾ മുന്നേറിക്കൊണ്ടിരുന്നപ്പോൾ, ചൈനയിലെ ഈ പരാജയം ഉൽബുദ്ധരായ ചൈനീസ് ജനങ്ങളുടെ കണ്ണു തുറപ്പിച്ചു. കോമിന്താങ്ങ് നേതൃത്വത്തിൽ നാട്ടുകാൎക്ക് അവശേഷിച്ചിരുന്ന വ്യാമോഹവും നശിച്ചു.

1944–45 കാലത്തു് ചൈനയിലെ വിമോചിതപ്രദേശങ്ങൾക്കെതിരായി ആക്രമണം നടത്തിയിരുന്ന എട്ടു

ലക്ഷം ചൈനീസുപട്ടാളങ്ങൾ മുഴുവനുമോ, ഭൂരിപക്ഷമോതന്നെ, കോമിന്താങ്ങിൽനിന്ന് വേറിട്ട് ജാപ്പുപക്ഷത്തുചേൎന്ന ഓഫീസർമാരുടെകൂടെ പോയവരോ, അവരാൽ സംഘടിപ്പിക്കപ്പെട്ടവരോ ആണെന്ന് സഖാവ് മാവോസെ-തുങ്ങ് പറയുന്നു.

സോവിയററു യൂനിയൻെറയും ചൈനയിലെ വിമോചനസേനയുടേയും വിജയങ്ങളാൽ ആവേശഭരിതരായ ചൈനീസ്ജനത കോമിന്താങ്ങ് ഭരണകൂടത്തിൻെറ ഏകാധിപത്യവാഴ്ചയോടുള്ള തങ്ങളുടെ വെറുപ്പിന്ന് പ്രത്യക്ഷരൂപം നൽകി. രാജ്യത്തിൻെറ എല്ലാ ഭാഗത്തും, ഏകാധിപത്യഭരണമവസാനിപ്പിച്ച് ജനകീയശക്തികൾക്കു പങ്കുള്ള തികഞ്ഞ ജനാധിപത്യാടിസ്ഥാനത്തിലുള്ള ഒരു ഗവമ്മേണ്ട് രൂപീകരിക്കാൻ അവരാവശ്യപ്പെട്ടു. ഈപ്രക്ഷോഭത്തിൽ കമ്യൂണിസ്ററുപാർട്ടി മാത്രമല്ല, മററനേകം ജനാധിപത്യ സംഘടനകളും പങ്കെടുത്തു.

എന്നാൽ അടി പുഴങ്ങിത്തുടങ്ങിയ കോമിന്താങ്ങ്ഭരണത്തെ ഉറപ്പിച്ചുനിൎത്തുവാൻ അമേരിക്കൻ സാമ്രാജ്യത്വം അതിൻെറ സൎവ്വകഴിവുകളും പ്രയോഗിച്ചു. ജാപ്പുയുദ്ധാവസാനത്തോടുകൂടി, ചൈനയിൽജാപ്പാൻെറപിടിഅഴയുന്നേടത്തെല്ലാം തങ്ങളുടെപിടിമുറുക്കുവാനും അങ്ങനെ അവിടുത്തെ സാമ്പത്തികവും രാഷ്ട്രീയവുമായ എല്ലാ രംഗങ്ങളിലുംആധിപത്യംസ്ഥാപിച്ച് ചൈനയെസ്വന്തംകോളണിയാക്കി മാററാനുമാണ് അമേരിക്കപ്ലാനിട്ടത്. 1941 ലെയുദ്ധത്തിന്നുമുമ്പ്ചൈനയെനഷ്ടപ്പെടുത്തിക്കൊണ്ട്ജാപ്പാനുമായി സന്ധിയാകുവാൻ പ്രയത്നിച്ചുകൊണ്ടിരുന്ന അവർ ഇപ്പോൾ ചൈനയിൽ തങ്ങളുടെ സ്വാധീനശ

ക്തി വൎദ്ധിപ്പിക്കുന്നതിന് ചെറുത്തുനില്പ്പ്യുദ്ധത്തെ ഒരായുധമാക്കുവാനും, ചുങ്കിങ്ങിലെ പിന്തിരിപ്പൻ ഭരണകൂടത്തെ പ്രോത്സാഹിപ്പിയ്ക്കാനും തുടങ്ങി. ഈ ഉദ്ദേശം സഫലമാവണമെങ്കിൽ ചൈനയിൽ ബഹുജനപിൻബലമുള്ള സാമ്രാജ്യത്വവിരുദ്ധ ശക്തികൾക്ക്—വിശേഷിച്ചും കമ്യൂണിസ്ററുപാർട്ടിക്ക്-യാതൊരുവിധം രാഷ്ട്രീയപ്രാബല്യവും സ്വാധീനശക്തിയുമുണ്ടാകാതെ കഴിക്കണമെന്ന് അവക്കറിയാമായിരുന്നു. അതിന്നുവേണ്ടി അമേരിക്ക കോമിന്താങ്ങിന്റെ പട്ടാളത്തെ പരിശീലിപ്പിച്ച് സജ്ജമാക്കുന്നതിന്നും ഭരണം 'കാൎയ്യക്ഷമമാക്കുന്നതിന്നുമായി കുറെയധികം ഉദ്യോഗസ്ഥന്മാരെയയച്ചു. ഇതോടൊപ്പംതന്നെ ചിയാങ്ങിന്റേറയും കമ്യൂണിസ്ററുപാർട്ടിയുടേയും ഇടയിൽ 'മദ്ധ്യസ്ഥത' വഹിക്കുക എന്ന ഭാവത്തിൽ അവർ കോമിന്താങ്ങിന്റെ പരിപാടികളെ-ചിയാങ്ങിന്റെ സൎവ്വാധിപത്യം തുടൎന്നുപോകാനുള്ള പരിപാടികളെ-കമ്യൂണിസ്ററുകാരെക്കൊണ്ട് അംഗീകരിപ്പിക്കാൻ ശ്രമിച്ചു. പുതിയ കൂട്ടുഗവമ്മെണ്ടിന്നുള്ള ദേശവ്യാപകമായ ആവശ്യത്തെ തൃപ്തിപ്പെടുത്തുവാൻ അവർ കണ്ടുപിടിച്ച മാൎഗ്ഗം ചില കമ്യൂണിസ്ററുകാരെ ചിയാങ്ങിന്റെ ഭരണത്തിൽ പങ്കെടുക്കുവാൻ 'ക്ഷണിക്ക'ലായിരുന്നു. കോമിന്താങ്ങിന്റെ അധികാരത്തിലോ, ഭരണവ്യവസ്ഥയിലോ മൌലികമായ യാതൊരു മാററവും വരുത്തുവാൻ അവർ തയ്യാറായിരുന്നില്ല. അടിസ്ഥാനപരമായിത്തന്നെ ഭരണകൂടത്തെ തികച്ചും ജനാധിപത്യപരമാക്കുകയാണെങ്കിലല്ലാതെ, കോമിന്താങ്ങ് സർവ്വാധിപത്യത്തിന്റെ കല്പനകൾകേട്ടു പ്രവൃത്തിക്കുവാൻ മാത്ര

മായി തങ്ങൾ ഭരണത്തിൽ പങ്കെടുക്കുന്നില്ലെന്നു് ക മ്യൂണിസ്ററുകാർ പറഞ്ഞു. വിമോചനസേനയെ അ മേരിക്കൻ 'ഉപദേശക'ന്മാരുടെ ചൊല്പടിയിൽ കൊണ്ടു വരാനുള്ള ഒരു പരിപാടിയും ഇതിൽ ഉൾക്കൊണ്ടിരു ന്നു. ഈ നിർദ്ദേശങ്ങൾ നിരസിക്കപ്പെട്ടപ്പോൾ, വി മോചിതപ്രദേശങ്ങളിലെ പട്ടാളത്തെ 'പുനസ്സംഘടിപ്പി ക്കുവാൻ ഒരു മൂന്നംഗക്കമ്മിററി-അതിലൊരാൾ അമേ രിക്കൻ പ്രതിനിധിയായിരിക്കണം-രൂപീകരിക്കണമെ ന്നുപോലും അവരാവശ്യപ്പെട്ടു. ഇതനുസരിക്കുന്നില്ലെ ങ്കിൽ അമേരിക്ക കോമിന്താങ്ങിനോടു മാത്രമെ മേലിൽ സഹകരിക്കയുള്ളുവെന്നു് അമേരിക്കൻ പ്രതിനിധി ഖ ണ്ഡിതമായിപ്പറഞ്ഞു. ഗൂഢമായ തുരപ്പൻപണിക്കു പ കരം മേലിൽ പരസ്യമായിത്തന്നെ തുരപ്പൻപണി തുട രും എന്നായിരുന്നു ഈ താക്കീതിൻെറ പച്ച ഭാഷയിലു ള്ള അർത്ഥം. പക്ഷെ, കമ്യൂണിസ്ററുപാർട്ടിയോ മററു ജനാധിപത്യപാർട്ടികളോ കുലുങ്ങിയില്ല.

കമ്യൂണിസ്ററുകാരെ സംബന്ധിച്ചിടത്തോളം ജാ പ്പുവിരുദ്ധയുദ്ധം ദേശീയവിമോചനത്തിന്നുമാത്രം വേ ണ്ടിയുള്ള യുദ്ധമായിരുന്നില്ല. അതു ജനാധിപത്യാവകാ ശങ്ങൾക്കുവേണ്ടിയുള്ള സമരംകൂടിയായിരുന്നു—പൌര സ്വാതന്ത്ര്യങ്ങൾ നേടുവാനും ജനങ്ങളുടെ ജീവിതനില വാരം നന്നാക്കാനും വേണ്ടിയുള്ള സമരംകൂടിയായിരുന്നു.

വിമോചിതപ്രദേശങ്ങളിൽ നടപ്പാക്കപ്പെട്ടഭരണ പരിഷ്ക്കാരങ്ങൾ ഇതിന്നു മതിയായ തെളിവാണു്. നാട്ടി ൻെറ സാമ്പത്തികവിഷമതകളെ ജനാധിപത്യരീതി യിൽ പരിഹരിക്കുന്നതിൽ വിമോചിതപ്രദേശങ്ങളും

കോമിന്താങ്ങപ്രദേശങ്ങളും തമ്മിലുള്ള അന്തരത്തെക്കുറിച്ചുവടക്കപടിഞ്ഞാറൻ സാമ്പത്തികബ്യൂറോവിൻെറ വൈസ്ഗവർണ്ണരായ ചെൻയുൻ 1945-ൽ പറകയുണ്ടായി:-

"കോമിന്താങ്ങ് ചൈനയിൽ അതു് (സാമ്പത്തിക വിഷമതകൾ) പരിഹരിക്കപ്പെടുന്നതു് ജനങ്ങളുടെ ജീവിതഭാരത്തെ വദ്ധിപ്പിച്ചുകൊണ്ടും സാധാരണക്കാരെ തികച്ചും നിദ്ധനരാക്കിക്കൊണ്ടും ദേശത്തിൻെറ സാമ്പത്തിക ഉറവിടത്തെത്തന്നെ വററിച്ചുകൊണ്ടുമാണെങ്കിൽ ജനാധിപത്യചൈനയിൽ (വിമോചിതപ്രദേശങ്ങളിൽ) അതു് പരിഹരിക്കപ്പെടുന്നതു് എല്ലാത്തരത്തിലുമുള്ള ഉല്പാദനത്തേയും കൂട്ടായ പ്രവത്തനംകൊണ്ട് വളത്തിക്കൊണ്ടും സാധാരണ ജനതയ്ക്കു് ഭക്ഷണവും വസ്ത്രവും ആവശ്യംപോലെ കിട്ടാറാക്കിക്കൊണ്ടുമാണു്. ഈ രണ്ടു മാർഗ്ഗങ്ങളിൽ ഏതാണു നല്ലതെന്നും ഏതാണു ചീത്തയെന്നും, ഏതാണു വേണ്ടതെന്നും ഏതാണു വേണ്ടാത്തതെന്നും തിരിച്ചറിയാൻ ചൈനീസ്ജനതയ്ക്കു കഴിവുണ്ടു്."

ഇതാണു് കമ്യൂണിസ്ററപാർട്ടിയുടേയും അതിൻെറ ജാപ്പവിരുദ്ധഐക്യമുന്നണിയുടേയും കീഴിൽ ബഹുഭൂരിപക്ഷം നാട്ടുകാർ അണിനിരന്നതിൻെറ അടിസ്ഥാനം; കോമിന്താങ്ങിൻേറയും അമേരിക്കൻ സാമ്രാജ്യമോഹികളുടേയും എതിർപ്പുകളും അട്ടിമറികളുമെല്ലാമുണ്ടായിട്ടും ഈ ജാപ്പവിരുദ്ധമുന്നണി വമ്പിച്ച വിജയങ്ങൾ നേടിയതിൻെറ അടിസ്ഥാനം.

ജാപ്പുവിരുദ്ധസേനയുടെ നേട്ടങ്ങൾ

1937 മുതൽ 1944 വരെ ചുവപ്പുപട ജാപ്പാൻകാക്കെതിരായി 115000 ചെറുതും വലുതുമായ യുദ്ധങ്ങളോ ഏററുമുട്ടലുകളോ നടത്തിയിട്ടുണ്ട്. ഇവയിൽ മരിച്ചവരും മുറിയേററവരുമായി പത്തുലക്ഷത്തിൽ താഴെ ജാപ്പാൻകാർ വരും. ജാപ്പാൻകാരും ജാപ്പുപക്ഷത്തിൽ ചേന്നവരുമായ മൂന്നുലക്ഷത്തോളം പട്ടാളക്കാരെ തടവുകാരാക്കി. ഒരു ലക്ഷത്തിലധികംപേർ വിമോചനസേനയ്ക്കു കീഴടങ്ങുകയും പുനർവിദ്യാഭ്യാസാനന്തരം അതിലെ പട്ടാളക്കാരായിത്തീരുകയും ചെയ്തു. 1937-ൽ 40000 മാത്രമുണ്ടായിരുന്ന ചുവപ്പുസേന 1945 ആയപ്പോഴേയ്ക്ക് ഒമ്പതുലക്ഷമായിത്തീൻു. മററു ജാപ്പുവിരുദ്ധപ്രവത്തനങ്ങളിലും ഉല്പാദനത്തിലും ഏർപ്പെട്ട ജനകീയസേന 22 ലക്ഷംപേർ വേറെയുമുണ്ടായിരുന്നു. 1945 കാലത്തും ഈ സംഖ്യകൾ ദിനംപ്രതി വധിച്ചുകൊണ്ടേയിരുന്നു. ചൈനയിലെ പല പ്രധാനപട്ടണങ്ങളും ഏതാനുംഭാഗം ഗതാഗതമാഗ്ഗങ്ങളും വിമോചനസേന കൈവശപ്പെടുത്തിയിരുന്നു.

ജനകീയസേനയ്ക്കു് കോമിന്താങ്ങ്സഹായം കൂടാതെ ഒററയ്ക്കു നിന്നുകൊണ്ടുതന്നെ ജാപ്പാൻകാരെ തുരത്തിയോടിക്കാൻ കഴിയുമെന്ന് ഇവ തെളിയിച്ചു—വിദേശികളും സ്വദേശികളുമായ പിന്തിരിപ്പന്മാർ വിമോചനസേനയുടെ പ്രവത്തനത്തെ അസാദ്ധ്യമാക്കിത്തീക്കുകയും തകിടം മറിക്കുകയും ചെയ്തുകൊണ്ടിരുന്നില്ലെങ്കിൽ!

ഇതേകാലഘട്ടത്തിൽത്തന്നെ കമ്യൂണിസ്ററുപാർട്ടിയിലെ മെമ്പർമാരുടെ എണ്ണം 12 ലക്ഷമായി വളർന്നുവെന്നതും സ്മരണീയമാണു്.

## ജാപ്പുവിരുദ്ധയുദ്ധത്തിൻെറ പര്യവസാനം

1945 ആദ്യംമുതല്ക്കു് വിമോചനസേന ചിലയിടങ്ങളിൽ എതിർമുന്നേററങ്ങൾ ആരംഭിച്ചു. ഏപ്രിൽമാസം മുതല്ക്കു് അതു് കൂടുതൽ വമ്പിച്ചതോതിലും വിസ്തൃതരംഗങ്ങളിലുമായിത്തീർന്നു. ജർമ്മനിയുടെ കീഴടങ്ങലിന്നുള്ള ദിവസങ്ങൾ എണ്ണിക്കൊണ്ടിരിക്കയും പസിഫിക്കിലും തെക്കുകിഴക്കൻ ഏഷ്യയിലും ജാപ്പാൻ നില തെററുകയും ചെയ്ത കാലഘട്ടമായിരുന്നു അതു്. വിമോചനസേന പലരംഗങ്ങളിലും വമ്പിച്ച വിജയങ്ങൾ വരിച്ചുകൊണ്ടു് അടിച്ചുകേറി. ജർമ്മനി കീഴടങ്ങിയശേഷം ആഗസ്റ്റ് 8-ാംതീയതി സോവിയററുയൂനിയൻ ജാപ്പാന്നെതിരായി യുദ്ധം പ്രഖ്യാപിച്ചു. പസിഫിക്ക്രംഗത്തിൽ സോവിയററുയൂനിയൻെറ ആവിർഭാവത്തോടുകൂടി സ്ഥിതിഗതികൾ പാടെ മാറിമറിഞ്ഞു. സോവിയററുപട്ടാളവും വിമോചനസേനയും, മങ്കോളിയൻപട്ടാളത്തിൻെറ ഊർജ്ജിതമായ സഹായസഹകരണങ്ങളോടെ കപാൻട്ടുങ്ങിലെ ജാപ്പുസൈന്യത്തെ ആക്രമിച്ചു. ചുരുക്കം ദിവസങ്ങൾകൊണ്ടു് വടക്കുകിഴക്കൻചൈന മുഴുവൻ വിമോചിപ്പിക്കപ്പെട്ടു. നിരവധി പട്ടണങ്ങൾക്കു പുറമെ ജാപ്പുപട്ടാളത്തിൻെറ ഒട്ടനേകം ആയുധസാമഗ്രികളും പിടിച്ചടക്കപ്പെട്ടു. ചൈനാസോവിയററുബന്ധത്തെ എന്നെന്നേയ്ക്കും അരക്കിട്ടുറപ്പിക്കുന്ന ഒരു സംഭവമായിരുന്നു അതു്.

സൺയാത്-സെൻ തൻെറ ജീവിതകാലത്തു് ആഗ്രഹിച്ചിരുന്നതുപോലെത്തന്നെ ചൈനയുടെ ആപൽഘട്ടത്തിൽ അതിനെ കൈകൊടുത്തു് കരകേററുവാനും അതിൻെറ വിജയത്തിൽ ഒപ്പം നിന്നനുമോദിക്കാനും സോവിയററുയൂനിയൻ മുന്നോട്ടുവന്നു. പക്ഷേ, ആ സഹായവും ആ അനുമോദനവും അർഹിക്കുന്ന—അതിനെ സന്തോഷപൂർവ്വം ആത്മാർത്ഥമായി സ്വാഗതം ചെയ്യുന്ന—ഒരു കോമിന്താങ്ങ്-സൺയാത്-സെൻെറ ഭാവനയിലുണ്ടായിരുന്ന കോമിന്താങ്ങ്-അന്നു് ചൈനയിലുണ്ടായിരുന്നില്ലെന്നു മാത്രം.

1945 ആഗസ്റ്റ് 14-ാംനു- ജാപ്പുഗവൺമെൻ്റ് നിരുപാധികമായി കീഴടങ്ങി. എന്നാൽ കിഴക്കൻചൈനയിലോ വടക്കൻചൈനയിലോ കോമിന്താങ്ങ്പട്ടാളം തീരെ ഇല്ലായിരുന്നു. തങ്ങളുടെ സൈന്യങ്ങൾ എത്തുന്നതുവരെ മററാക്കും കീഴടങ്ങരുതെന്നും, തങ്ങൾക്കധീനമായ സ്ഥലങ്ങളിൽ 'സമാധാനം' പുലത്തുകയും ജനകീയവിമോചനസേനയെ ചെറുത്തുനില്ക്കുകയും ചെയ്യണമെന്നും ചിയാങ്ങും അയാളുടെ അമേരിക്കൻകൂട്ടാളികളും ജാപ്പാന്നു കല്പനകൊടുത്തു. സാമ്രാജ്യവാദികളുടെ ഈ നയം, എല്ലാ മുൻകൈയുകളും നശിച്ചിരുന്ന കോമിന്താങ്ങിനെ വീണ്ടും ചൈനയിൽ ആധിപത്യം നേടുവാൻ സഹായിച്ചു.

തൊഴിലാളികഷകവർഗ്ഗത്തിൻെറ നേതൃത്വത്തിൽ കൃഷിക്കാർ, ഇടത്തരക്കാർ, ദേശീയമുതലാളികൾ എന്നിവർ ചേൻറുള്ള ഒരൈക്യമുന്നണിയുണ്ടാവുകയാണെങ്കിൽ മാത്രമേ വിദേശാക്രമത്തിൽനിന്നു് രക്ഷനേടാൻ കഴിയൂ

എന്നുള്ളതാണ് ചൈനയിലെ ചെറുത്തുനില്പുയുദ്ധം നമുക്കു നല്കുന്ന പാഠം. മാത്രമല്ല, സാമ്രാജ്യശക്തികൾക്കെതിരായ ഒരു യുദ്ധത്തിന്ന് മുഴുവൻ ജനസാമാന്യത്തിന്റേയും ബോധപൂർവ്വമായ പ്രവർത്തനവും സഹകരണവും അത്യാവശ്യമാണെന്നും ജനങ്ങളെക്കാണാതെ, വെറും പട്ടാളശക്തിയെ മാത്രം കണ്ടുകൊണ്ടുള്ള ബ്യൂഷ്പായുദ്ധതന്ത്രം ഫലപ്രദമല്ലെന്നും അതു് തെളിയിക്കുന്നു. ആംഗ്ലോ അമേരിക്കൻ ശക്തികൾ കൊളോണിയലും അർദ്ധകൊളോണിയലുമായ രാജ്യങ്ങളിലെ ജനങ്ങളുടെ വിമോചനസമരങ്ങളെ ഒരിക്കലും സഹായിക്കുകയില്ലെന്നും, സോവിയറ്റുയൂനിയൻ മാത്രമാണ് അവരുടെ ബന്ധുവെന്നും അതു കാണിച്ചുതരുന്നു.

---

## 12

### ആഭ്യന്തരവിപ്ലവം

ജാപ്പ്ഫാഷിസ്ററുകൾ ചൈനീസ്ഗ്രാമങ്ങളെ കണ്ടമാനം കൊള്ളചെയ്തുകൊണ്ടിരുന്നപ്പോൾ, വിളകളും വീടുകളും ഒന്നടക്കം ചുട്ടുകരിച്ചപ്പോൾ, ചൈനീസ് സ്ത്രീകളെ നിർദ്ദയം ബലാൽസംഗം ചെയ്തപ്പോൾ, അങ്ങനെ ശാന്തിയുടെ വിളനിലമായ ചൈനയെ പിശാചുക്കളുടെ നൃത്തരംഗമായ ശ്മശാനമാക്കി മാററിയപ്പോൾ ആത്മാഭിമാനത്തിൻേറയും ദേശാഭിമാനത്തിൻേറയും കണികപോലുമില്ലാതെ, ചൈനയിലെ ധീരയുവാക്കളെ ശത്രുവിന്നു കാഴ്ചവെച്ചുകൊണ്ട് മിണ്ടാതിരുന്ന ചിയാങ്ങ്, തങ്ങളുടെ രക്തം ചൊരിഞ്ഞുകൊണ്ടു ചൈനീസ്ജനത നേടിയ വിജയത്തിൻെറ ഫലമനുഭവിക്കേണ്ട ഘട്ടം വന്നപ്പോൾ, താനാണതിൻെറ യഥാർത്ഥാവകാശിയെന്നു പ്രഖ്യാപിച്ചുകൊണ്ട് ഓടിയെത്തി.

പെരുത്തുനില്പുയുദ്ധകാലം മുഴുവൻ ചിയാങ്ങ്കായ്-ഷേക്ക് നിഷ്ക്രിയതാപരമായ ഒരു നയമാണ് കൈക്കൊണ്ടതു്. നേരെമറിച്ച്, കമ്യൂണിസ്ററുപാർട്ടിയുടെ ശക്തി ക്ഷയിപ്പിക്കുന്നതിന്നുവേണ്ടി അയാൾ സർവ്വശക്തികളുമുപയോഗിക്കയും ചെയ്തു. ചൈനീസ്ജനതയും സോവിയററുയൂനിയനും ബ്രിട്ടീഷമേരിക്കൻ ശക്തികളും കൂടിച്ചേർന്ന് ജാപ്പാനെത്തോല്പിച്ചാൽ അമേരിക്കയുടെ

വാലിൽ പററിത്തൂങ്ങി വിജയത്തിൻെറ നേട്ടങ്ങളെ മുഴു വൻ കരസ്ഥമാക്കാമെന്നായിരുന്നു അയാളുടെ ഉദ്ദേശം. അതിന്നുശേഷം അമേരിക്കയുടെ സഹായത്തോടുകൂടിത്ത ന്നെ കമ്യൂണിസ്ററുപാർട്ടിയേയും വിമോചനസേനയേ യും നിശ്ശേഷം നശിപ്പിക്കാമെന്നയാൾ കരുതി. അതി ന്നുവേണ്ടിയായിരുന്നു കോമിന്താങ്ങിൻെറ വമ്പിച്ച സൈ ന്യത്തെ പറയത്തക്ക കേടുപാടുകളൊന്നുമില്ലാതെ, സർവ്വ വിധ സജ്ജീകരണങ്ങളോടുംകൂടി സൂക്ഷിച്ചു വെച്ചുകൊ ണ്ടിരുന്നത്.

യുദ്ധാനന്തരസംഭവവികാസങ്ങൾ

എന്നാൽ ജാപ്പാൻ കീഴടങ്ങിയ സമയത്ത് ആ ഭാ ഗങ്ങളിലൊന്നുംതന്നെ കോമിന്താങ്ങ്പട്ടാളം തീരെ ഉണ്ടായിരുന്നില്ല. അമേരിക്കയുടെ എല്ലാ കപ്പലുകളും വിമാനങ്ങളും കോമിന്താങ്ങ്സൈന്യങ്ങളെ ചൈനയുടെ വടക്കും കിഴക്കും ഭാഗങ്ങളിൽ എത്തിക്കുന്നതിൽ വ്യാപൃ തമായി. ചിലയിടങ്ങളിൽ അമേരിക്കൻസൈന്യങ്ങൾ തന്നെ ജാപ്പാൻെറ കീഴടങ്ങൽ സ്വീകരിച്ച് എല്ലാ ആ യുധസാമഗ്രികളേയും കോമിന്താങ്ങിനെ ഏല്പിച്ചു.

അമേരിക്കയ്ക്കു ചൈനയെ തങ്ങളുടെ ഒരു കോള ണിയാക്കി മാറേറണമെങ്കിൽ ചിയാങ്ങിനെ അധികാര ത്തിൽ സ്ഥാപിക്കുകയും, കമ്യൂണിസ്ററുകാരെ നശിപ്പി ക്കുകയും വേണം. ചിയാങ്ങിന്നാവട്ടെ തൻെറ സർവ്വാധി പത്യം നിലനിർത്തണമെങ്കിൽ, അതിന്നു പ്രതിബന്ധം നി ന്നിരുന്ന പ്രധാനശക്തിയായ കമ്യൂണിസ്ററുപാർട്ടിയേ

യും ജനങ്ങളുടെ രാഷ്ട്രീയ ഉൽബുദ്ധതയേയും നശിപ്പിക്കണം. ഈ പൊതുതാല്പര്യത്തിന്മേൽ രണ്ടു പിന്തിരിപ്പൻ കൂട്ടാളികളും കൂടുതൽ യോജിച്ച്, രാജ്യത്തെ മറെറാരു അഭ്യന്തരയുദ്ധത്തിൽ ആഴ്ത്തുവാൻ സന്നദ്ധരായി.

പക്ഷെ, ജനങ്ങളുടെ അടിയന്തിരാവശ്യം സമാധാനമായിരുന്നു. സമാധാനം വേണമെങ്കിൽ കോമിന്താങ്ങിൻേറയും കമ്യൂണിസ്ററുപാർട്ടിയുടേയും യോജിപ്പ് ഒഴിച്ചുകൂടാത്തതായിരുന്നു. എന്നാൽ കോമിന്താങ്ങിൻെറ എല്ലാ നടപടികളും ഇതിന്നെതിരായിരുന്നു.

അമേരിക്കയുടെ പിൻബലത്തോടുകൂടി ചിയാങ്ങ് യുദ്ധസന്നാഹം കൂട്ടുന്നതിന് സമയം കിട്ടാൻവേണ്ടി ഒരൊത്തുതീർപ്പിന്നുള്ള കപടനാട്യം അഭിനയിക്കുകയുണ്ടായി. ജനങ്ങളുടെ സമാധാനവാഞ്ഛയെ അനുഭവസിദ്ധമാക്കുവാനായി കമ്യൂണിസ്ററുപാർട്ടി ആഗസ്റ്റ് അവസാനത്തിൽ ഒരു പ്രഖ്യാപനം പുറപ്പെടുവിച്ചു. ഇതിനെ ത്തുടൎന്ന്, മറെറാരു അഭ്യന്തരയുദ്ധംകൂടാതെ കഴിക്കുവാൻ സഖാവ് മാവോസെ-തുങ്ങ് ചുങ്കിങ്ങിലേയ്ക്കുപോയി. ഒരു മാസത്തെ തീവ്രമായ കൂടിയാലോചനയ്ക്കുശേഷം ചില യോജിപ്പുകളുണ്ടായി. ഇങ്ങനെ ഒരു യോജിപ്പുണ്ടാകുന്നപക്ഷം കമ്യൂണിസ്ററുകാർ തങ്ങളുടെ ശ്രദ്ധയും മുൻകരുതലും അഴിച്ചുവിടുമെന്നും ആ അവസരത്തിൽ അവരുടെമേൽ പാഞ്ഞുകയറി ആകെ തകൎക്കാമെന്നുമായിരുന്നു ചിയാങ്ങ് ഉദ്ദേശിച്ചത്. പക്ഷേ, ചിയാങ്ങിൻെറ ചതിക്കെണികൾ ധാരാളം കണ്ടറിവുള്ള കമ്യൂണിസ്ററുപാർട്ടിക്ക് ഈ അബദ്ധം പററിയില്ല. ഈ യോജിപ്പുണ്ടായി അധികം താമസിക്കുന്നതിന്നുമുമ്പുതന്നെ

ന്നെ ചിയാങ്ങ് വിമോചിതപ്രദേശങ്ങളുടെ മേൽ ആദ്യത്തെ ആക്രമണമാരംഭിച്ചു. വിമോചനസേന ജാഗ്രതയോടുകൂടിയിരുന്നതുകൊണ്ട്, ഈ ആക്രമണംകൊണ്ടു ചിയാങ്ങിന്നു കുറേയേറെ നാശനഷ്ടങ്ങളുണ്ടായതല്ലാതെ യാതൊരു നേട്ടവുമുണ്ടായില്ല. തങ്ങൾ വിചാരിച്ചപോലെ അത്ര എളുപ്പത്തിൽ കമ്യൂണിസത്തെ നശിപ്പിക്കുവാൻ സാദ്ധ്യമല്ലെന്ന് ചിയാങ്ങിന്നു ബോദ്ധ്യമായി. കൂടുതൽ ഒരുക്കങ്ങൾക്ക് അയാൾ അമേരിക്കയെ സമീപിച്ചു.

ഇങ്ങനെ ജാപ്പാൻെറ പരാജയത്തിന്നുശേഷം, ചൈനയിലെ സാമ്രാജ്യത്വക്കൂട്ടുകെട്ടിൽപെട്ട പിന്തിരിപ്പന്മാരും ജനകീയശക്തികളും തമ്മിലുള്ള ശത്രുത, മേലിലൊരിക്കലും സന്ധിയാവാൻ വയ്യാത്തവിധം അത്രയും മൂർഛിച്ച ഒരു പരിതസ്ഥിതിയാണു വന്നുചേൎന്നതു്.

ചൈനയിലെ വൻകിട മുതലാളിത്തം അമേരിക്കൻ മൂലധനത്തിൻെറ കൂട്ടുപിടിച്ചുകൊണ്ട് സാമ്പത്തികാധഃപതനത്തെ ഉച്ചകോടിയിലെത്തിച്ചു. സാധനങ്ങളുടെ വില വാണംപോലെ കയറി. വ്യവസായങ്ങൾ മിക്കവെയും പൂട്ടിക്കൊണ്ട് തൊഴിലാളികളെ തെരിവുതെണ്ടിച്ചു. സാമ്പത്തികക്കുഴപ്പം പരിഹരിക്കാൻ ഗവണ്മെൻറു നികുതികൾ വൎദ്ധിപ്പിച്ചു. ഈ വൎദ്ധിച്ച നികുതിയും സാധനവിലയും താങ്ങാനാവാതെ സാമാന്യജനങ്ങൾ നരകിച്ചു.

ജന്മികളാണെങ്കിൽ, ജാപ്പുവിരുദ്ധയുദ്ധകാലത്ത് വിമോചനസേനയുടെ നേതൃത്വത്തിൽ കൃഷിക്കാൎക്കിടയിൽ വീതിക്കപ്പെട്ട തങ്ങളുടെ ഭൂമി തിരിച്ചുപിടിക്കുവാ

നം കൃഷിക്കാരിൽനിന്ന് വമ്പിച്ച തോതിൽ പാട്ടങ്ങൾ പിരിക്കാനും തുടങ്ങി. ഇതിന്നു കീഴ്വഴങ്ങാത്തവർ മൃഗീയമായ മർദ്ദനങ്ങൾക്കു വിധേയരാക്കപ്പെട്ടു. കോമിന്താങ്ങ് ഭരണം ഈ അക്രമങ്ങൾക്കു അരുനിന്നു. കമ്യൂണിസ്ററുകാരെന്ന പേരിൽ നാട്ടുകാർ കൂട്ടത്തോടെ അറസ്ററുചെയ്യപ്പെട്ടു. അനവധിപേർ തോക്കിന്നും തൂക്കിന്നും ഇരയായി. ശേഷിച്ചവർ തല്ലും ചവിട്ടുമേററ് ജയിൽമുറികൾക്കുള്ളിലും!

1937–ലെ ക്ഷാമകാലത്ത് പാപ്പരായിത്തീർന്ന സാധാരണക്കാരൻെറ ഭൂമികൾ മുഴുവൻ ഏതാനും ജന്മികളുടെ കയ്യിൽ കേന്ദ്രീകരിച്ചിരുന്നു. ജാപ്പുവിരുദ്ധയുദ്ധകാലത്ത് അവർ ഈ ഭൂമിയെല്ലാം വിട്ടെറിഞ്ഞു് സ്വന്തം തടികാത്തു് ഓടിപ്പോയി. വിമോചനസേനയുടെ നേതൃത്വത്തിൽ അവ പിന്നീട് പഴയ ഉടമസ്ഥന്മാക്കും, കൃഷിചെയ്യാൻ തയ്യാറുള്ള മററു സാധാരണക്കാർക്കുമിടയിൽ വിതരണം ചെയ്യപ്പെട്ടിരുന്നു. വിമോചിതപ്രദേശങ്ങളിൽ കൃഷിക്കാർ ഈ ഭൂമികളിൽ സ്വതന്ത്രമായി ഉല്പാദനം നടത്തിപ്പോന്നു. ഈ ഉല്പന്നങ്ങൾ നാട്ടുകാരുടെ പൊതു ആവശ്യത്തിന്നുപയോഗിച്ചു. ജനാധിപത്യരീതിയിലുള്ള ഈ ഉല്പാദന വിതരണരീതിയാണ് വിമോചിതപ്രദേശങ്ങളെ സ്വയം പര്യാപ്തങ്ങളാക്കിയതു്. ജാപ്പുഫാഷിസ്ററുകളെ ദീർഘകാലം ചെറുത്തുനില്ക്കാനുള്ള കെല്പ് അവയ്ക്കുണ്ടാവാനുള്ള കാരണം ഇതായിരുന്നു.

ജാപ്പാക്രമികളിൽനിന്ന് സ്വയംരക്ഷനേടാനും; അതാതുസ്ഥലത്തെ കാർഷികപ്രവർത്തനങ്ങളും മററും നിർബ്ബാധം

തുടൻ പോവാനുംവേണ്ടി വിമോചനസേന ഓരോ ഗ്രാമത്തിലും നാട്ടുകാരുടേതായ വില്ലേജുഗാർഡുകളും ഗറില്ലായൂനിററുകളും രൂപീകരിച്ചിരുന്നു. വിമോചന സേനയുടേയും കമ്യൂണിസ്ററുപാർട്ടിയുടേയും പരിശ്രമ ഫലമായി നിരക്ഷരകുക്ഷികളായ ഭൂരിപക്ഷം നാട്ടുകാർ അക്ഷരാഭ്യാസമുള്ളവരും വർഗ്ഗബോധമുള്ളവരുമായിത്തീ ന്നിരുന്നു. വിമോചനസേന ഇവരെ സംഘടിതരീതി യിൽ പ്രവൃത്തിയ്ക്കേണ്ടതെങ്ങനെയെന്നു ശീലിപ്പിച്ചിരു ന്നു. താന്താങ്ങളുടെ അവശതകൾക്കെതിരായി സമരം ചെയ്യാൻ തൊഴിലാളിയൂനിയനുകൾ, കൃഷകസംഘടന കൾ, വിദ്യാർത്ഥിപ്രസ്ഥാനങ്ങൾ, മഹിളാസമിതികൾ എന്നീ ബഹുജനസംഘടനകൾ വിമോചിതപ്രദേശത്തെ ഓരോ ഗ്രാമങ്ങളിലും വളൻവന്നിരുന്നു.

ജാപ്പപിശാചുക്കൾ വിട്ടൊഴിഞ്ഞുപോയതോടെ കോമിന്താങ്ങ് പട്ടാളങ്ങളുടെ അകമ്പടിയോടുകൂടി ജന്മി കൾ സ്വദേശത്തു തിരിച്ചുവന്ന് സ്വന്തം അധികാരാവ കാശങ്ങൾ-ഭൂരിപക്ഷക്കാരായ കൃഷിക്കാരുടെ അദ്ധ്വാന ഫലത്തിന്മേൽ സ്വയം കൊഴുത്തുതടിക്കാനും അദ്ധ്വാ നിക്കുന്ന വർഗ്ഗത്തിൻെറമേൽ നിർബ്ബാധം കുതിരകയറാ നുമുള്ള തങ്ങളുടെ അവകാശങ്ങൾ-സ്ഥാപിയ്ക്കാൻ പാട്ട പെട്ടു തുടങ്ങി.

ജാക്ക്ബെൽഡൻ എന്ന അമേരിക്കൻ ഗ്രന്ഥകാ രൻ തൻെറ "ചൈന ലോകത്തെ കുലുക്കിമറിയ്ക്കുന്നു" (ചൈനാ ഷേക്ക്സ് ദി വേൾഡ്) എന്ന പുസ്തകത്തിൽ ഈ സ്ഥിതിഗതികളെ വ്യക്തമായി വിവരിച്ചിട്ടുണ്ട്. യു ദ്ധകാലത്ത് വിമോചനസേനയുമായി ഏതെങ്കിലും തര ത്തിൽ സഹകരിച്ചുവെന്ന കുററത്തിന്ന് ജന്മികൾ സ്ത്രീ കളും കുട്ടികളുമടക്കം പലരേയും ജീവനോടെ കുഴിച്ചുമൂട്ട

കയുണ്ടായെന്ന് അദ്ദേഹം പറയുന്നു. അൻയാങ്ങ് പ്രദേശത്തുമാത്രം 423 ഗ്രാമങ്ങളിലായി ഏതാനും മാസങ്ങൾക്കുള്ളിൽ ഇങ്ങനെ 400 ൽ അധികം പേരെ ജീവനോടെ കുഴിച്ചു മൂടുകയുണ്ടായത്രെ! "നിങ്ങൾക്കത്ഭുതം തോന്നുന്നുണ്ടാവും. പക്ഷേ, അവിടെ നടന്ന സംഭവങ്ങൾ പിശാചുക്കളെപ്പോലും ഞെട്ടിക്കത്തക്കവയായിരുന്നു."

ഈ ക്രൂരകൊലകൾക്കു പുറമെ അവർ നാട്ടുകാരിൽനിന്നു ഭാരിച്ച പാട്ടവും പിഴകളും പററുകയും ചെയ്തു.

**"സന്ധി പരിശ്രമങ്ങൾ"**

ചൈനയിൽ അഭ്യന്തരസ്ഥിതി ഇനിയും ശാന്തമാകാത്തതിനെപ്പററി ലോകത്തിന്റെ പല ഭാഗങ്ങളിൽനിന്നും ആക്ഷേപസ്വരങ്ങൾ പുറപ്പെട്ടു. അമേരിക്ക ഇക്കാര്യത്തിൽ അനുവർത്തിച്ച നയത്തെസ്സംബന്ധിച്ച് അമേരിക്കയിലേയും ഇംഗ്ലണ്ടിലേയും പത്രങ്ങളും പൊതുജനങ്ങളും ശക്തിയായി പ്രതിഷേധംപുറപ്പെടുവിച്ചു. മററു ചില യൂറോപ്യൻ രാഷ്ട്രങ്ങളിലേയ്ക്കും ഇതേ അഭിപ്രായഗതി പ്രചരിക്കാൻ തുടങ്ങി.

ഇതിനെത്തുടർന്നാണ് 1945 ഡിസമ്പറിലെ മോസ്ക്കോസമ്മേളനമുണ്ടായത്. ചൈനയിൽ എല്ലാ ജനാധിപത്യ ഗ്രൂപ്പുകളുമുൾക്കൊള്ളുന്ന ഒരു ജനാധിപത്യഭരണക്രമം നിലവിൽവരുത്താനാവശ്യപ്പെട്ടുകൊണ്ടും ചൈനയിലെ അഭ്യന്തരകാര്യങ്ങളിൽ മററു വിദേശവൻശക്തികൾ ഇടപെടരുതെന്ന് തീരുമാനിച്ചുകൊണ്ടും, അവിടെ ചേർന്ന പഞ്ചമഹൽശക്തികളുടെ വിദേശമന്ത്രിമാർ ഒരു പ്രഖ്യാപനത്തിൽ ഒപ്പിട്ടു.

എന്നാൽ ഈ തീരുമാനംകൊണ്ട്, അമേരിക്ക ചൈനയുടെ അഭ്യന്തരകാര്യങ്ങളിൽനിന്ന് പിൻമാറാനുദ്ദേശി

ച്ചു എന്നു ധരിക്കേണ്ടതില്ല. ചൈനയിലെ വിരുദ്ധശക്തികളെ യോജിപ്പിലെത്തിക്കാനെന്ന വ്യാജേന ചൈനയിലവർ അവരുടെ കുത്തിത്തിരുപ്പുകൾ തുടൻറുപോന്നു.

1945 ഒക്ടോബറിൽ ചിയാങ്ങിന്നു പററിയ പരാജയത്തിന്നുശേഷം, സമയം ലഭിക്കുവാനായി അയാൾ മററു ചില തന്ത്രങ്ങളെടുത്തു. 1946 ജനുവരിയിൽ അയാൾ കമ്യൂണിസ്ററുകാരുടെ ആവശ്യങ്ങളെ പേരിന്നുവേണ്ടി അംഗീകരിച്ചശേഷം, ഒരു താല്ക്കാലികസന്ധി പ്രഖ്യാപിച്ചു. ഇതോടൊപ്പംതന്നെ എല്ലാ രാഷ്ട്രീയ പാർട്ടികളേയും ഗ്രൂപ്പുകളേയും പ്രതിനിധീകരിച്ചുകൊണ്ടുള്ള ഒരു രാഷ്ട്രീയക്കൂടിയാലോചനാസമ്മേളനത്തിന്ന് അഭ്യർത്ഥന പുറപ്പെടുവിക്കുകയും ചെയ്യുകയുണ്ടായി. അമേരിക്കയിലും ബാഹ്യമായി ഇതേ നയംതന്നെ കൈക്കൊണ്ടു. സംഭാഷണത്തിൽ 'മദ്ധ്യസ്ഥത' വഹിക്കുവാൻ ജോർജ്ജ് മാർഷൽ വന്നു. എന്നാൽസന്ധികല്പനപുറപ്പെടുവിച്ച് അധികംകാലംതാമസിക്കേണ്ടിവന്നില്ല, പുതിയആക്രമണംതുടങ്ങാൻ.

ചിയാങ്ങിൻെറ ആക്രമണത്തെ തടയാൻ സന്നദ്ധരായിക്കൊണ്ടിരുന്ന അതേകാലത്തുതന്നെ കമ്യൂണിസ്ററുപാർട്ടി ജനങ്ങൾക്കിടയിൽ ചിയാങ്ങിനേയും അമേരിക്കൻ സാമ്രാജ്യത്വത്തേയും സംബന്ധിച്ച് നിലനിന്നിരുന്ന ചില വ്യാമോഹങ്ങൾ തീർക്കുന്നതിന്ന് ഫലപ്രദമായ രാഷ്ട്രീയപ്രചാരവേല നടത്തി. സാധാരണ ജനങ്ങൾക്കു മാത്രമല്ല, ഇടത്തരക്കാരും ദേശീയമുതലാളികളുമായ എല്ലാ വിഭാഗക്കാർക്കും, ചിയാങ്ങിനേയും അമേരിക്കൻ സാമ്രാജ്യത്വത്തേയും ചൈനയുടെ രാഷ്ട്രീയമണ്ഡലത്തിൽനിന്ന് തുരത്തിയാലല്ലാതെ രക്ഷയില്ലെന്ന് കമ്യൂണിസ്ററുപാർട്ടി അവരെ ബോദ്ധ്യപ്പെടുത്തി.

തികഞ്ഞ അഭ്യന്തരയുദ്ധത്തിലേക്ക്

അമേരിക്കൻ കപ്പലുകളുടേയും വിമാനങ്ങളുടേയും ഊർജ്ജിതമായ പരിശ്രമഫലമായി പത്തുലക്ഷത്തിലധികം കോമിന്താങ്ങ് പട്ടാളക്കാർ വടക്കും വടക്കുകിഴക്കും കിഴക്കുമുള്ള ചൈനയിലെ പല സ്ഥലങ്ങളിലും ചുരുങ്ങിയ കാലംകൊണ്ടുവന്നിറങ്ങി. അവർ മഞ്ചൂറയയിൽ ഉള്ളോട്ടു പ്രവേശിച്ചു, അവിടെയുണ്ടായിരുന്നവിമോചനസേനയെ കീഴടക്കി.അമേരിക്കൻ സാങ്കേതിക സഹായങ്ങളുടേയും വൻതോതിലുള്ള ആയുധസജ്ജീകരണങ്ങളുടേയും നൂറുകണക്കിൽ വിമാനങ്ങളുടേയും സഹായത്തോടുകൂടി, ആ പ്രദേശത്തുണ്ടായിരുന്ന വിമോചനസേനയുടെ നാലിരട്ടിയോളം വന്നിരുന്ന ഒരു വമ്പിച്ച സേനയോടായിരുന്നു ആ ധീരയോദ്ധാക്കൾക്കിടപെടേണ്ടിവന്നതു്. അവർ പിൻവാങ്ങി. അധികം താമസിയാതെ ചാങ്ങ് ചുൻ-കിറീൻ റെയിൽമാർഗ്ഗത്തിന്നു തെക്കുഭാഗത്തായി, പടിഞ്ഞാറു് ചെങ്ങ്ടെവരെയും തെക്ക് ആർട്ടുങ്ങ് വരെയും നീണ്ടുകിടക്കുന്ന നിരവധി വലിയ ജില്ലകൾ കോമിന്താങ്ങിൻെറ കയ്യിലായി. 1946 ജൂലായ് മാസത്തോടുകൂടി ചിയാങ്ങ്കായ്-ഷേക്ക് വിമോചിതപ്രദേശങ്ങളെ ആകമാനം വളഞ്ഞു് വമ്പിച്ച തോതിലുള്ള ഒരാക്രമണംതന്നെ തുടങ്ങി. സന്ധിരേഖകളും കൂടിയാലോചനാസമ്മേളനത്തിലെ തീരുമാനങ്ങളും കാററിൽ പറന്നു.

ഇതോടെ ചൈനീസ് ജനതയുടെ മൂന്നാംവിപ്ലവാഭ്യന്തരയുദ്ധം ആരംഭിച്ചു.

**മൂന്നാം അഭ്യന്തരവിപ്ലവം**

ഇനിയങ്ങോട്ടുള്ള ചൈനയുടെ വിപ്ലവചരിത്രം നാടുവാഴികൊളോണിയൻ വ്യവസ്ഥയ്ക്കും സാമ്രാജ്യാധിപത്യത്തിന്നുമെതിരായ ചൈനീസ് ജനതയുടെ അന്തിമയുദ്ധത്തിന്റെ ചരിത്രമാണ്.

തന്റെ വമ്പിച്ച പട്ടാളത്തിന്റേയും അമേരിക്കയിൽനിന്ന് കിട്ടിയിട്ടുള്ള മേത്തരവും പരിഷ്കൃതവുമായ വിമാനങ്ങൾ, ടാങ്കുകൾ, ആർട്ടിലറി സാമാനങ്ങൾ തുടങ്ങിയ സൈനികസാമഗ്രികളുടെയും സഹായത്തോടുകൂടി താരതമ്യേന എണ്ണത്തിലും യുദ്ധസന്നാഹങ്ങളിലും കുറവായ വിമോചനപ്പടയെ നിശ്ശേഷം മാച്ചുകളയാമെന്നാണ് ദുർമ്മോഹിയായ ചിയാങ്ങ് കരുതിയത്. അയാളുടെ അമേരിക്കൻ യജമാനന്മാരും ഇതേ വ്യാമോഹക്കാരായിരുന്നു.

ജാപ്പാക്രമണം അവസാനിച്ചകാലത്ത് വിമോചനസേനയിൽ 10 ലക്ഷം പട്ടാളക്കാരാണുണ്ടായിരുന്നത്. 10 കോടിയിലധികം ജനസംഖ്യയുള്ള പ്രദേശങ്ങൾ മാത്രമേ അവരുടെ സ്വാധീനതയിലുണ്ടായിരുന്നുള്ളു. ചിയാങ്ങിന്റെ കീഴിലുള്ള പട്ടാളം 43 ലക്ഷമായിരുന്നു! അതിന്നുപുറമെ 600 കോടി ഡോളർ വിലവരുന്ന അമേരിക്കയുടെ നവീനരീതിയിൽ നിർമ്മിതങ്ങളായ യുദ്ധസാമഗ്രികളും!

30 കോടിയിലധികം ജനങ്ങൾ അധിവസിക്കുന്ന വിസ്തൃതപ്രദേശങ്ങൾ, ചൈനയിലെ വലിയ പട്ടണങ്ങൾ, വ്യാവസായിക പ്രദേശങ്ങൾ, മററു കേന്ദ്രസ്ഥാനങ്ങൾ തു

ടങ്ങിയവയെല്ലാം കോമിന്താങ്ങിൻെറ കയ്യിലായിരുന്നു. വിമോചിതപ്രദേശങ്ങളെ പെട്ടെന്ന് വളഞ്ഞുകൊണ്ട് അവയുടെമേൽ ഒന്നാകെ ശക്തിയേറിയ ഒരാക്രമണം നടത്തി വിമോചനസേനയെ ഞൊടിക്കുള്ളിൽ പറപ്പിച്ചുകളയാമെന്ന് ചിയാങ്ങ് പ്ലാനിട്ടു. ഇതിന്നായാൾ വടക്കുകിഴക്കൻ ചൈനയിലും കിഴക്കൻചൈനയിലും വടക്കൻ മദ്ധ്യചൈനയിലും പരന്നുകിടന്നിരുന്ന വിമോചിതപ്രദേശങ്ങളുടെനേരെ 18 ലക്ഷംവരുന്ന ഒരു സൈന്യം പരിപൂർണ്ണ യുദ്ധസന്നാഹങ്ങളോടുകൂടി അയയ്ക്കുകയും ചെയ്തു.

യുദ്ധത്തിൻെറ ആദ്യഘട്ടത്തിൽ നേടിയ ബാഹ്യമായ വിജയങ്ങൾകൊണ്ട് തലയ്ക്കു ലഹരികയറിയ ചിയാങ്ങ്കായ്-ഷേക്ക് കമ്യൂണിസ്ററുപാർട്ടി ചെയ്ത എല്ലാ സന്ധിപരിശ്രമങ്ങളേയും തട്ടിനീക്കി മുന്നോട്ടുകയറി. പക്ഷേ, അയാൾ ഒരു വലിയ രാഷ്ട്രീയക്കുഴപ്പത്തിലേയ്ക്കു തലകുത്തിമറിയുകയായിരുന്നു. 1946 ഒക്ടോബർ 11-ാംനു- വടക്കൻചൈനയിലെ ഒരു പ്രധാന നഗരമായ കാൽഗൻ പിടിക്കപ്പെട്ടു. അന്നുതന്നെ ചിയാങ്ങ് "രാഷ്ട്രീയകൂടിയാലോചനാസമ്മേളന"ത്തിലെ നിശ്ചയങ്ങളോരോന്നും പിച്ചിച്ചീന്തിക്കൊണ്ട് സ്വന്തം സിൽബന്തികളേയും അമേരിക്കൻ ചെരുപ്പുനക്കികളേയും കൂട്ടിച്ചേർത്ത് ഉള്ളു പൊള്ളയായ ഒരു "ദേശീയഅസംബ്ലി" വിളിച്ചുകൂട്ടാനുള്ള സർവ്വാധിപത്യപരമായ ഒരു കല്പന പുറപ്പെടുവിച്ചു. രാഷ്ട്രത്തെയാകമാനം കൂട്ടിയിണക്കിയിരുന്ന അവസാനത്തെ കണ്ണിയും അററുപോയി. നവമ്പർ 15-ാം നു- സമ്മേളിച്ച ഈ അസംബ്ലി ചിയാങ്ങിൻെറ സർവ്വാധിപത്യത്തെ ശാശ്വതമായി നിലനിർത്താനുപയുക്തമായ ഒരു

'ഭരണഘടന' അംഗീകരിച്ചു. അമേരിക്കയുടെ പ്രത്യേക പ്രതിനിധി മാർഷലും, സ്ഥിരം പ്രതിനിധി സ്ററുവാർട്ടും ഈ സംരംഭത്തെ ആശീർവ്വദിച്ചു. മാവോസേ-തുങ്ങ് പറഞ്ഞപോലെ, ചിയാങ്ങ് "തന്റെ കഴുത്തിന്നു തന്നെ കുടുക്കിട്ടുകയായിരുന്നു."

1947 മാർച്ചിൽ കോമിന്താങ്ങിന്റെ നിർബ്ബന്ധപ്രകാരം കമ്യൂണിസ്ററുപാർട്ടി, നാങ്കിങ്ങ് ഷാങ്ങ്ഹായ്, ചുങ്കിങ്ങ് എന്നീ സ്ഥലങ്ങളിലുണ്ടായിരുന്ന അതിന്റെ പ്രതിനിധിസംഘങ്ങളെ പിൻവലിച്ചു. ഇതിന്നുശേഷമാണ് ചിയാങ്ങ് യെനാന്റെ നേരെ ഒരു വമ്പിച്ച സൈന്യത്തെ അയച്ചതു്. യെനാൻ താല്ക്കാലികമായി കീഴടക്കപ്പെട്ടു.

യെനാന്റെ വീഴ്ച്ചയോടുകൂടി ചിയാങ്ങിന്നെതിരായി വമ്പിച്ച ശക്തികളാണ് ചൈനയിൽ ഉദയംചെയ്തതു്. വലതുപക്ഷദേശീയ ബൂർഷ്വാസിയുടെ "മൂന്നാംചേരി"വ്യാമോഹവും ഇതോടെ അവസാനിച്ചു. കോമിന്താങ്ങിൽത്തന്നെയുള്ള പുരോഗമനവാദികളുടെ ഗ്രൂപ്പുകളും,'ചൈനാജനാധിപത്യലീഗ്', 'ചൈനാദേശീയനിർമ്മാണസംഘം' തുടങ്ങിയ വിവിധ ജനാധിപത്യസംഘങ്ങളും കോമിന്താങ്ങുമായുള്ള എല്ലാ ബന്ധങ്ങളും വേർപ്പെടുത്തി, ജനകീയജനാധിപത്യ വിപ്ലവച്ചേരിയിൽ അണിനിരന്നു.

അഭ്യന്തരയുദ്ധത്തിന്നെതിരായി നാട്ടിലങ്ങോളമിങ്ങോളം ബഹുജനപ്രക്ഷോഭങ്ങൾ അലതല്ലി. തൊഴിലാളികൾ കൃഷിക്കാർ വിദ്യാർത്ഥികൾ എന്നിവർ മാത്രമല്ല, അദ്ധ്യാപകന്മാർ, ബുദ്ധിജീവികൾ, അഭിഭാഷകന്മാർ, ഡോക്ടർമാർ കോളേജ് പ്രൊഫസർമാർ–എല്ലാ

വരും ചിയാങ്ങിൻെറ യുദ്ധത്തിന്നെതിരായി പ്രകടനങ്ങൾ നടത്തി.

1936-ൽ ആയിരക്കണക്കിലുള്ള വിദ്യാർത്ഥികൾ പെക്കിങ്ങിലെ ഓരോ തെരുവിലൂടേയും "ജാപ്പുകളെ ചെറുക്കുക!" "ജാപ്പുഫാഷിസം നശിക്കട്ടെ" എന്നീ മുദ്രാവാക്യങ്ങൾ മുഴക്കിയിരുന്നു. 10 കൊല്ലത്തിന്നുശേഷം 1946-ൽ പെക്കിങ്ങിലെ അതേ തെരുവുകളിൽ വിദ്യാർത്ഥികളുടെ പുതിയൊരു തലമുറ "അമേരിക്കക്കാർ ചൈനവിടണം" "അമേരിയ്ക്കൻ സാമ്രാജ്യത്വം നശിക്കട്ടെ" എന്നീമുദ്രാവാക്യങ്ങൾ മുഴക്കി. 10 കൊല്ലക്കാലത്തെ അകൽച്ചയുള്ള ഈ രണ്ടു സംഭവങ്ങളും ചിയാങ്ങ് ഗവമ്മെണ്ടിൻെറ കണ്ണിൽ നിയമവിരുദ്ധമായിരുന്നു. ഇതിൻെറ രണ്ടിൻേറയും പിന്നിൽ സാമ്രാജ്യത്വനാടുവാഴിമേധാവിത്വത്തിന്നെതിരായ ചൈനയിലെ കോടാനകോടി ജനങ്ങളുടെ ആശകൾ അലയടിച്ചിരുന്നു.

---

## 13

### ജനകീയ ചൈന

വിമോചന സേനയെ സംബന്ധിച്ചേടത്തോളം പി ന്തിരിപ്പൻ ചിയാങ്ങ്ഭരണത്തേയും സാമ്രാജ്യാധിപത്യ ത്തേയും എതിക്കുകയെന്നതു് ചരിത്രപരമായ ഒരത്യാവ ശ്യകത മാത്രമല്ല, ചരിത്രപരമായ ഒരു സാദ്ധ്യതക്കൂടിയാ യിരുന്നു. കാരണം, ചിയാങ്ങിൻെറ പട്ടാളബലവും അയാൾ ക്കു കിട്ടിയ അമേരിയ്ക്കൻ സഹായങ്ങളും എത്ര തന്നെ വമ്പിച്ചതായിരുന്നാലും ശരി, മഹത്തായ ഒരാശയത്തി ൻെറ പിൻബലത്തോടുകൂടി എത്ര കാലമെങ്കിലും ചെറു ത്തുനില്ക്കാൻ തെയ്യാറുള്ള ഒരു വിമോചനസേനയും ത ങ്ങളെ എന്നെന്നേയ്ക്കുമായി പട്ടിണിയിലും വറുതിയിലും പൈശാചിക മർദ്ദനങ്ങളിലുമിട്ടു ഞെരിയ്ക്കുന്ന ഒരു വ്യ വസ്ഥയ്ക്കെതിരായി ജീവന്മരണപ്പോരാട്ടം നടത്തുന്ന വി മോചനസേനയെ ഏതു വിധത്തിലും വിജയത്തിലെത്തി യ്ക്കാൻ തെയ്യാറെടുത്തിട്ടുള്ള ബഹുജനങ്ങളും വിപ്ലവ ത്തിൻെറ മഹത്തായ സ്ഥിരം ശക്തികളാണു്. ഈ ശ ക്തി ദിവസേന വളൎന്നു വന്ന ഒന്നാണു താനും! ഈ മഹ ത്തായ ശക്തിയ്ക്കു മുമ്പിൽ കോമിന്താങ്ങിൻെറ പട്ടാള ബലത്തിന്നും അമേരിക്കയുടെ ക്രൂരറൻ സഹായങ്ങൾക്കു മെല്ലാം ദിനംപ്രതി ശോഷിയ്ക്കുകയും നശിയ്ക്കുകയുമല്ലാ തെ ഗത്യന്തരമില്ലായിരുന്നു.

ചിയാങ്ങിൻെറ ശക്തിയേറിയ ആക്രമണങ്ങളെ നേരിടുന്നതിന്നുവേണ്ടി വിമോചനസേന മുമ്പെത്തേതിൽ നിന്ന് ഏറെക്കുറെ വിഭിന്നമായ യുദ്ധതന്ത്രങ്ങളും നയപരിപാടികളും രൂപീകരിച്ചു. പട്ടണങ്ങളും കേന്ദ്രസ്ഥാനങ്ങളും തങ്ങളുടെ കൈവശം നിലനിത്താൻ പണിപ്പെടാതെ, പല മമ്മസ്ഥാനങ്ങളും വിട്ടുകൊടുത്തുകൊണ്ടുതന്നെ, കോമിന്താങ്ങ്പട്ടാളത്തെ ഓരോ ഭാഗംഭാഗമായി തകത്തുനശിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. ഈ ആദ്യഘട്ടത്തിൽ കോമിന്താങ്ങിൻെറ ആൾബലത്തെയാകെ തകക്കുക എന്നതു് പ്രധാനലക്ഷ്യമായി അവർ സ്വീകരിച്ചു. ഈ തന്ത്രത്തിന്നു് പ്രതീക്ഷിച്ചതിലധികം ഫലമുണ്ടായി. യാതൊരുതരം രാഷ്ട്രീയപ്രചോദനമോ, മനക്കരുത്തോ ഇല്ലാത്ത കോമിന്താങ്ങ്കൂലിപ്പട്ടാളക്കാർ തുരുതുരെ കീഴടങ്ങി. അവക്ക് പുനർവിദ്യാഭ്യാസംകൊടുത്തു് വിമോചനസേനയിലെ ധീരരായ സേനാനികളായി അംഗീകരിക്കപ്പെട്ടു. ഈ തന്ത്രംകൊണ്ടുണ്ടായ മറെറാരുനേട്ടം, കണക്കില്ലാത്ത ആയുധസാമഗ്രികൾകൂടി വിമോചനസേനയ്ക്കു കിട്ടി എന്നുള്ളതാണ്. ഇവ പിന്നീടുണ്ടായ ചിയാങ്ങിൻെറ കൂടുതൽ സുശക്തമായ ആക്രമണങ്ങളെ നേരിടാൻ വിമോചനസേനയെ പ്രാപ്തരാക്കി. ഇതിൻെറ ഫലമായി നാനാരംഗങ്ങളിലും ഒരേസമയത്തു് ആക്രമണം നടത്തുക എന്ന നയം ചിയാങ്ങ് ഉപേക്ഷിക്കയും ചിലയിടങ്ങളിൽ കേന്ദ്രീകരിച്ച് ആക്രമണം നടത്താൻ അയാൾ ശ്രമിക്കുകയും ചെയ്തു. പക്ഷേ, കൂടുതൽ സുശക്തമായ വിമോചനസേന എല്ലാസ്ഥലങ്ങളിലും ചെറുത്തുനിന്നു എന്നു മാത്രമല്ല, 1947 ജൂലായിൽ അവർ എ

തിർമുന്നേററമാരംഭിക്കുകതന്നെ ചെയ്തു. വടക്കൻ ചൈനയിലും വടക്കുകിഴക്കൻ ചൈനയിലും ചിയാങ്ങ് കൈവശമാക്കിയിരുന്ന ചില സ്ഥലങ്ങൾ ഇങ്ങനെ വിമോചനസേന വീണ്ടെടുത്തു. മഞ്ഞനദി കടന്ന് അവർ യാങ്ട്-സിയുടെ വടക്കേക്കരയിലേയ്ക്കു കുതിച്ചു.

യുദ്ധഗതിമാറുന്നു

ഇതോടുകൂടി ഇരുകക്ഷികളുടേയും പട്ടാളബലത്തിൻെറ അന്തരത്തിൽ സാരമായ മാററങ്ങൾ വന്നു. യുദ്ധഗതിതന്നെ ആകെയൊന്നു മാറി. ഇക്കാലംകൊണ്ട് വിമോചനസേന 12 ലക്ഷത്തോളം കോമിന്താങ്ങ് പട്ടാളക്കാരെ ഒന്നുകിൽ നശിപ്പിക്കുകയോ, അല്ലെങ്കിൽ തടവുകാരായി പിടിച്ചുശേഷം സ്വന്തം അണികളിൽ ചേർക്കുകയോ ചെയ്തു. വിമോചനസേനയുടെ ആൾബലം 20 ലക്ഷമായി വർദ്ധിച്ചു.

വിമോചനസേനയുടെ അണികളിൽത്തന്നെ കൂടുതൽ രാഷ്ട്രീയ ഉൽബുദ്ധതയും വീറും ഉണ്ടാക്കുന്നതിന്, തുടർച്ചയായ യോഗങ്ങൾ, സ്റ്റഡിക്ലാസുകൾ എന്നിവ നടത്തപ്പെട്ടു. പാർട്ടി അണികളിൽ കൂടുതൽ ചിട്ടയും ക്രമവും വരുത്തുവാനും തെററായ പ്രവത്തനരീതികളെ ദൂരീകരിയ്ക്കാനും വേണ്ട നടപടികൾ എടുക്കപ്പെട്ടു.

ഈ കാലത്തുതന്നെ, അതായത് 1947 ഒക്ടോബറിൽ കമ്യൂണിസ്ററുപാർട്ടി കാർഷികപരിഷ്കാരത്തെ സംബന്ധിച്ച് ഒരു പരിപാടി പ്രഖ്യാപിച്ചു. ചിരകാലമായി നിലനിന്നുവരുന്ന നാടുവാഴി-ജന്മിവ്യവസ്ഥയെ വേ

രോടെ തകർത്ത് കൃഷിക്കാർക്ക്. ഭൂമിനൽകിക്കൊണ്ട്, ചൈനയിലെ ഭൂവ്യവസ്ഥയിൽ കമ്യൂണിസ്ററുപാർട്ടി നടപ്പിൽവരുത്താനുദ്ദേശിക്കുന്ന മൗലിക നിയമമായിരുന്നു അത്. മിക്ക സ്ഥലത്തും കൃഷിക്കാർക്കിടയിൽ പുതിയ ആവേശം വളൻറു. വിമോചിതപ്രദേശങ്ങളും വിമോചനസേനയും കൂട്ടതൽ സുശക്തമായിത്തീൻറു.

രാജ്യത്തെ അവസാനവിജയത്തിന്ന് സന്നദ്ധമാക്കേണ്ടതിന്ന്, കമ്യൂണിസ്ററുപാർട്ടി 1947 ഡിസമ്പറിൽ ഒരു സമ്മേളനം വിളിച്ചുകൂട്ടി. ഈ സമ്മേളനത്തിൽ ഈ ഘട്ടത്തിൻെറ സവിശേഷതയെക്കുറിച്ച് മാവോസെ-തൂങ്ങ് ഇങ്ങനെ പറഞ്ഞു:--

"ചിയാങ്ങ് കായ്-ഷെക്കിൻെറ 20 കൊല്ലക്കാലത്തെ പിന്തിരിപ്പൻഭരണം അഭിവൃദ്ധിയിൽനിന്നും നാശത്തിലേക്കു തിരിയുന്ന ഘട്ടത്തെയാണിതു കുറിക്കുന്നത്. അതേസമയത്തുതന്നെ, 100 കൊല്ലത്തിലധികം കാലമായി ചൈനയിൽ വളൻറുവന്ന സാമ്രാജ്യത്വത്തിൻെറ അഭിവൃദ്ധി അതിൻെറ അന്ത്യനാശത്തിലേക്കു തിരിയുന്ന ഘട്ടത്തേയും അതു കുറിക്കുന്നു."

മാവോസെ-തൂങ്ങ് തൻെറ റിപ്പോർട്ടിൽ ചൈനയിലെ വിവിധജനവിഭാഗങ്ങളുമായി പുതിയ ജനാധിപത്യരാഷ്ട്രത്തിന്നുണ്ടായിരിക്കേണ്ട ബന്ധത്തെ ഒരിക്കൽക്കൂടി ആവിഷ്കരിച്ചു. "നാട്ടുവാഴിവർഗ്ഗത്തിൻെറ പക്കൽനിന്ന്, ഭൂമി പിടിച്ചെടുത്ത് കൃഷിക്കാർക്കു വിതരണം ചെയ്യുക; മുഴുവൻ ഉദ്യോഗസ്ഥമേധാവിത്വമൂലധനത്തേയും കണ്ടുകെട്ടി; ആ മൂലധനത്തെ പുതിയ ജനാധിപത്യരാ

ഷ്ട്രത്തിൻെറ മൂലധനമാക്കുക; എല്ലാ ദേശീയവ്യവസായത്തേയും വ്യാപാരത്തേയും സംരക്ഷിക്കുക; പിടിച്ചടക്കപ്പെട്ട ഉദ്യോഗസ്ഥമേധാവിത്വമൂലധനത്താൽ സൃഷ്ടിക്കപ്പെടുന്ന സോഷ്യലിസ്റ്റ് രീതിയിലുള്ള ഭീമമായ സാമ്പത്തികവ്യവസ്ഥ മുഴുവൻരാഷ്ട്രത്തിൻേറയും സാമ്പത്തികരക്തനാഡികളേയും നിയന്ത്രിക്കുന്നതും, നിർണ്ണായകമായ പ്രാധാന്യം വഹിക്കുന്നതുമായിരിക്കും. അതു് ജനകീയ ഭരണകൂടത്തിൻെറ സാമ്പത്തികജീവിതത്തിൽ ഏററവും പ്രധാനമായ പങ്കു വഹിക്കുന്നതുമാണു്. അതുകൊണ്ടു് മദ്ധ്യവർത്തി- പെററിബൂർഷ്വാസാമ്പത്തികവിഭാഗങ്ങൾ ആവശ്യമാണു്. അവരെ ഭയപ്പെടാൻ യാതൊരു കാരണവുമില്ല." ഈ സമ്മേളനത്തിലെ നയവിശദീകരണങ്ങളും പുതിയ പരിപാടികളും ചൈനയിലെ വിപ്ലവശക്തികൾ തമ്മിലുള്ള ബന്ധത്തേയും സഹകരണത്തേയും കൂടുതൽ ഉറപ്പിച്ചു.

1948 വമ്പിച്ച വിജയങ്ങളുടെ കാലമായിരുന്നു. ഈ ഘട്ടത്തിൽ എല്ലാരംഗങ്ങളിലും വിമോചനസേന അടിച്ചുകേറി. കോമിന്താങ്ങിൻെറ മർമ്മസ്ഥാനങ്ങളായ പല വലിയ പട്ടണങ്ങളും പിടിച്ചടക്കപ്പെട്ടു. സെപ്റ്റമ്പർ-ഒക്ടോബർ കാലത്തെ ലിയാവൊ-ഷെങ്ങ് യുദ്ധംകൊണ്ടു് മുക്ക്ഡൻ വീണതോടുകൂടി, മഞ്ചൂറിയ മുഴുവൻ വിമോചിപ്പിക്കപ്പെട്ടു. ഈ ഒരൊററ യുദ്ധനടപടികൊണ്ടു് 4,72,000 കോമിന്താങ്ങ് പട്ടാളക്കാരെ വിമോചനസേന തകർത്തുകളഞ്ഞു. ഇതിൽ ഒരു വിഭാഗം വിപ്ലവചേരിയിൽ ചേർന്നതോടുകൂടി, കോമിന്താങ്ങിൻെറ സേനാബലം, വിമോചനസേനയുടേതിനേക്കാൾ എത്രയോ കുറ

ഞ്ഞുപോയി. നവമ്പർ മുതൽ 1949 ജനവരിവരെ നീണ്ടുനിന്ന സുച്ചോയുദ്ധത്തിൽ കോമിന്താങ്ങിന്ന് 555000 പട്ടാളക്കാർ നഷ്ടപ്പെട്ടു. ഏതാണ്ടിതേകാലത്തുതന്നെ വടക്കൻ ചൈനയിൽ ശേഷിച്ചപ്രദേശങ്ങൾ കൈവശപ്പെടുത്തുന്നതിന് ഒരു പുതിയമുന്നേററമാരംഭിച്ചു. കാൽഗൻ, ടീൻസിൻ എന്നീ വലിയ പട്ടണങ്ങൾ പിടിക്കപ്പെട്ടു. പെക്കിങ്ങ് യുദ്ധംകൂടാതെതന്നെ കീഴടങ്ങി. ഈ യുദ്ധംകൊണ്ടും കോമിന്താങ്ങിന്ന് അഞ്ചുലക്ഷത്തിലധികം പട്ടാളക്കാർ നഷ്ടപ്പെട്ടു. ഇങ്ങനെ 1949 ആദ്യമായപ്പോഴേക്ക് കിഴക്കൻ ചൈനയിൽ യാങ്ങ്ട്സി നദിയുടെ വടക്കുഭാഗം മുഴുവൻ വിമോചിതമായി.

1949 മാർച്ചിൽചേന്ന കമ്യൂണിസ്ററുപാർട്ടിയുടെ കേന്ദ്രക്കമ്മെററിയോഗം ചില പ്രധാനതീരുമാനങ്ങൾ ചെയ്കയുണ്ടായി. 1927-മുതൽ ഗ്രാമങ്ങളെ അടിസ്ഥാനമാക്കിയുള്ള ഒരു പ്രവത്തനപരിപാടിയാണ് കമ്യൂണിസ്ററുപാർട്ടി അംഗീകരിച്ചതു്. പട്ടാളങ്ങളെല്ലാം കോമിന്താങ്ങ് പിന്തിരിപ്പന്മാരുടെ പട്ടാളശക്തിക്കു കീഴിലായിരുന്നു. അവ കീഴടക്കാൻ വേണ്ട സൈനികശക്തിയോ, അവയെ നിലനിത്താൻ ആവശ്യമായ സ്വയംപര്യാപ്തമായ പരിതസ്ഥിതിയോ കമ്യൂണിസ്ററുപാർട്ടിക്ക് അന്നുണ്ടായിരുന്നില്ല. 1949 ആയപ്പോഠം മാത്രമാണ് ഈ സ്ഥിതിഗതി ആകെ മാറിയതു്. യാങ്ങ്ട്സി നദിക്കു തെക്കുള്ളവയൊഴിച്ചുള്ള എല്ലാ പട്ടണങ്ങളും വിമോചനസേനയുടെ കീഴിലായിരുന്നു. ഈ മാറിയ പരിതസ്ഥിതിയിൽ പട്ടണങ്ങളെ കേന്ദ്രീകരിച്ചുകൊണ്ടുള്ള

പ്രവൎത്തനം സംഘടിപ്പിക്കേണ്ടിയിരുന്നു. ഇതായിരുന്നു ഈ സമ്മേളനം ചെയ്ത പ്രധാനപ്രവൎത്തി.

### പിന്തിരിപ്പന്മാരുടെ സംഭ്രമം

കമ്യൂണിസ്ററുപാർട്ടിയുടേയും വിമോചനസേനയുടേയും ഈ വിജയങ്ങൾ സാമ്രാജ്യത്വശക്തികളടക്കമുള്ള ലോകപിന്തിരിപ്പൻശക്തികളിൽ ആകമാനം വലിയ സംഭ്രമമുളവാക്കി. ചിയാങ്ങിന്ന് ഇനി ഒരിക്കലും വിമോചനസേനയെ തകൎത്ത് തൻെറ പഴയ നില കൈവരുത്തുന്നതിന്ന് സാദ്ധ്യമല്ല എന്നു മാത്രമല്ല, കമ്യൂണിസ്ററുപാർട്ടി അധികം താമസിക്കാതെ തെക്കോട്ടു കയറി മുഴുവൻ ചൈനയേയും കൈവശമാക്കുമെന്നും എല്ലാവൎക്കും ബോദ്ധ്യമായി. ചിയാങ്ങ് അങ്ങേയററം ഒററപ്പെട്ടുകഴിഞ്ഞു. രാജ്യമാസകലം സാമ്പത്തികമായി ഏററവുമധികം തകൎന്നു. അമേരിയ്ക്ക കോരിച്ചൊരിഞ്ഞ ഡോളറുകൾക്ക് എത്രതന്നെ ശ്രമിച്ചിട്ടും ആ തകൎച്ചയുടെ ഗതിവേഗത്തെ തടഞ്ഞുനിൎത്താൻ കഴിഞ്ഞില്ല. കമ്യൂണിസ്ററുകാരുമായുള്ള ഒരൊത്തുതീൎപ്പിലെത്തി, അവൎക്ക് ചില വിട്ടുവീഴ്ച ചെയ്തുകൊടുത്തെങ്കിലും തങ്ങൾക്കവിടെ പിടിച്ചുനിൽക്കാൻ സാധിക്കണമെന്നതായിത്തീൎന്നു അവസാനം അമേരിയ്ക്കയുടെ നില. അതിന്നുവേണ്ടി അവർ നാങ്കിങ്ങ് ഗവൎമ്മെണ്ടിനെ ശുദ്ധീകരിക്കുന്നതിൻെറ പേരിൽ, ചിയാങ്ങിൻെറ പ്രസിഡണ്ടുസ്ഥാനം രാജിവെപ്പിച്ച് അയാളെ ബാഹ്യമായി രാഷ്ട്രീയകാൎയ്യങ്ങളിൽ നിന്ന് ഒഴിവാക്കിനിൎത്തിച്ചു. പകരം പ്രസിഡണ്ടുസ്ഥാനത്തുവന്ന ലിസുങ്ങ്-ജെൻ ഒരു സമാധാനസന്ധി

യുടെ പരിപാടിയുമായി കമ്യൂണിസ്ററുപാർട്ടിയെ സമീപിച്ചു. ചൈനയിലെ കുഴപ്പം തീർച്ചയായും നീട്ടിക്കൊണ്ടുപോകണമെന്നു കമ്യൂണിസ്ററുകാക്ക് ഉദ്ദേശമില്ലായിരുന്നു. അവർ സന്ധിയ്ക്കു തയ്യാറായി. എന്നാൽ ചൈനയിൽ തികച്ചും ജനാധിപത്യപരവും ജനകീയവുമായ ഒരു ഭരണം നിലവിൽവരണമെന്ന് അവക്കാവശ്യമുണ്ടായിരുന്നു. അതിന്നു യോജിച്ച ചില വ്യവസ്ഥകൾ കമ്യൂണിസ്ററുപാർട്ടി മുന്നോട്ടുവെച്ചു. പക്ഷേ, അവ സാമ്രാജ്യതപതാല്പര്യങ്ങളെ തീരെ നശിപ്പിക്കുന്നവയായിരുന്നതുകൊണ്ട്, അമേരിക്കയുടെ ഉപദേശമനുസരിച്ച് ലിസുങ്ങ്-ജെൻ അവയെ തള്ളിക്കളഞ്ഞു. കോമിന്താങ്ങ് നടത്തിയ പ്രഹസനത്തിൻെറ കള്ളി പുറത്തായി.

1949 ഏപ്രിലിൽ വിമോചനസേന തെക്കോട്ടും വടക്കുപടിഞ്ഞാറോട്ടും നീങ്ങി. മൂന്നേമൂന്നു ദിവസത്തെ സമരം—22 കൊല്ലത്തെ കോമിന്താങ്ങ് ഭരണത്തിൻെറ തലയോട്ട് തകൻ്റു. ഏപ്രിൽ 23-ാംനു- നാങ്കിങ്ങ് വിമോചിപ്പിക്കപ്പെട്ടു. തുടന്ന് ഒന്നിന്നു പിറകെ മറെറാന്നായി തെയുവാൻ, ഹാങ്ങ്ചൊ, ഹാൻകൊ, സിയാൻ, ഷാങ്ങ്ഹായ്, ലാൻചൌ, കാൻടൺ, കവീയാങ്ങ്, കവീലിൻ, ചുങ്കിങ്ങ് തുടങ്ങിയ എല്ലാ പട്ടണങ്ങളും എല്ലാ ഉൾപ്രദേശജില്ലകളും വിമോചനസേന പിടിച്ചടക്കി. ഹുനാൻ, സൂയിയുവാൻ, സിക്കാങ്ങ്, യുനാൻ, സിങ്കിയാങ്ങ് മുതലായ സംസ്ഥാനങ്ങൾ പറയത്തക്ക എതിപ്പുകൂടാതെ തന്നെ കീഴടക്കപ്പെട്ടു.

ഇങ്ങനെ ചൈനാവൻകര മുഴുവനും വിമോചിപ്പിക്കപ്പെട്ടു. ബഹുജനങ്ങൾക്കെതിരായി കയ്യുയത്താൻ ധൈ

യ്യപ്പെടുന്ന ലോകത്തിലെ എല്ലാ പിന്തിരിപ്പൻ ശക്തികൾക്കും താക്കീതു നൽകിക്കൊണ്ട്, ചൈനയിലെ പിന്തിരിപ്പൻഭരണം എന്നെന്നേക്കുമായി പൊളിച്ചെറിയപ്പെട്ടു. ചിയാങ്ങ് കായ്-ഷേക്കും അയാളുടെ സിൽബന്തികളും തായ്‌വാനിൽ അമേരിക്കയുടെ പരിരക്ഷണത്തിൽ അഭയംപ്രാപിച്ചു.

1950-ൽ ഹായ്നാൻ, ചൌഷാൻ എന്നീ ദ്വീപുകളും വിമോചനസേന കൈവശപ്പെടുത്തി. 1950 ലാണ് തിബത്ത് വിമോചിപ്പിക്കുന്നതിന്നു വിമോചനസേന പുറപ്പെട്ടത്. എങ്കിലും യാതൊരു ഏററുമുട്ടലുംകൂടാതെ, 1951 മേയിൽ തിബത്തിലെ പ്രാദേശികഗവമ്മെണ്ടും ചൈനീസ് ജനകീയഗവമ്മെണ്ടും തമ്മിലുണ്ടായ ഒത്തുതീർപ്പുപ്രകാരം തിബത്തും വിമോചിതമായി. അങ്ങനെ അമേരിക്കൻ സാമ്രാജ്യത്വത്തിന്ന് അവസാന താവളവും വിട്ടോടേണ്ടിവന്നു.

### ജനകീയഗവമ്മെണ്ട് നിലവിൽവരുന്നു

ചൈനയിലെ വിവിധദേശീയവിഭാഗങ്ങൾ, ജനാധിപത്യപാർട്ടികൾ, ഗ്രൂപ്പുകൾ, ജനകീയ സംഘടനകൾ, വിമോചനസേന, ഈ സംഘടനകൾക്കു പുറമെ, രാഷ്ട്രീയജീവിതത്തിലെ പ്രമുഖ വ്യക്തികൾ, എല്ലാം അടങ്ങുന്ന 662പ്രതിനിധികൾ പങ്കെടുത്തുകൊണ്ട് പെക്കിങ്ങിൽ ചൈനീസ്ജനകീയരാഷ്ട്രീയകൂടിയാലോചനാസമ്മേളനം ചേന്നു. ഇതിൻെറ ആദ്യത്തെ നടപടി ചൈനീസ്ജനാധിപത്യ റിപ്പബ്ലിക്കിൻെറ പ്രഖ്യാപനമായിരുന്നു. സമ്മേളനം ഒരു കേന്ദ്രഗവമ്മെണ്ടിലെ അംഗങ്ങ

ളെ തിരഞ്ഞെടുത്തു. മാവോസെ-ത്തുങ്ങ് ചെയർമാനായും കൂതെ, ലിയുഷാവോ-ചി സൂങ്ങ്, ചിങ്ങ് ലിങ്ങ് മുതലായവരടങ്ങിയ ആറുപേർ വൈസ്ചെയർമാൻമാരായും തിരഞ്ഞെടുക്കപ്പെട്ടു. ഈ സമ്മേളനം ചൈനയുടെ പുതിയ ഭരണത്തിനുള്ള അടിത്തറയായി നിലകൊള്ളുന്ന പ്രധാന നിയമങ്ങളെല്ലാം അംഗീകരിച്ചു. അങ്ങനെ വിദേശീയസാമ്രാജ്യവാദികൾക്കും പിന്തിരിപ്പൻ നാടുവാഴികൾക്കുമെതിരായി ചൈനീസ്ജനത ഒരു നൂററാണ്ടുകാലം തുടർച്ചയായി നടത്തിപ്പോന്ന സമരങ്ങൾ വിജയത്തിലവസാനിച്ചു. പഴയ അർദ്ധകൊളോണിയൽ അർദ്ധനാടുവാഴി ചൈനയുടെ സ്ഥാനത്ത് പുതിയ സ്വതന്ത്രവും ഏകീകൃതവുമായ ജനാധിപത്യചൈനാ ഉയൎന്നുവന്നു.

## 14

### വിപ്ലവത്തിൻെറ സ്വഭാവം

നിലവിലുള്ള സാമൂഹ്യസാമ്പത്തിക ബന്ധങ്ങളാണ് ഏതൊരു രാജ്യത്തിൻേറയും വിപ്ലവത്തിൻെറ സ്വഭാവത്തെ നിർണ്ണയിക്കുന്നത്. ചൈനീസ് വിപ്ലവത്തിൻെറ സ്വഭാവം മനസ്സിലാക്കണമെങ്കിൽ പഴയ ചൈനയുടെ സാമ്പത്തികവ്യവസ്ഥയും വർഗ്ഗബന്ധങ്ങളും രാഷ്ട്രീയബന്ധങ്ങളും എന്തായിരുന്നുവെന്നു പരിശോധിക്കണം; ആ സാമ്പത്തിക-സാമൂഹ്യ-രാഷ്ട്രീയബന്ധങ്ങളിൽ വിദേശീയ മുതലാളികൾക്കും നാടൻ പിന്തിരിപ്പൻ വർഗ്ഗങ്ങൾക്കുമുണ്ടായിരുന്ന പങ്കെന്തായിരുന്നുവെന്നു മനസ്സിലാക്കണം.

### അർദ്ധകോളോണിയൽ അർദ്ധനാടുവാഴിവ്യവസ്ഥ

ച്യാങ്കായ്ഷേക്കിൻെറ ചൈനയിൽ ഒരു അർദ്ധകോളോണിയൽ-അർദ്ധനാടുവാഴിവ്യവസ്ഥയാണ് നിലനിന്നിരുന്നത്. ഈ വ്യവസ്ഥയിൽ ജനങ്ങൾക്കല്ല, വിദേശീയ മുതലാളികൾക്കും വൻകിട ജന്മികൾക്കും വൻകിടമുതലാളികൾക്കുമായിരുന്നു മേധാവിത്വം.

. വിദേശീയമേധാവിത്വം ചൈനയുടെ വ്യവസായാഭിവൃദ്ധിയെ ബലാൽക്കാരമായി തടഞ്ഞുനിർത്തുകയാണു ചെയ്തത്. രണ്ടാംലോകമഹായുദ്ധത്തിന്നുമുമ്പ് വ്യവസായോല്പാദനം ഒട്ടാകെയുള്ള ദേശീയവരുമാനത്തിൻെറ

10.7 ശതമാനം മാത്രമായിരുന്നു. കാർഷികോല്പന്നങ്ങളായിരുന്നു സുമാർ 77 ശതമാനം. കാർഷികരംഗത്തിൽ ത്തന്നെയും യാതൊരു പരിഷ്ക്കാരവുമുണ്ടായില്ല. വിദേശമൂലധനത്തിന്നാവശ്യമായ അസംസ്കൃതസാമഗ്രികൾ നൽകുകയെന്നതായിരുന്നു കൃഷിയുടെ പ്രധാനമായ പങ്ക്. വിദേശമുതലാളികളുടെ കൂട്ടാളികളായ നാട്ടുവാഴിപ്രഭുക്കളാണ് ഉൾനാട്ടുകളിലെങ്ങും മേധാവിത്വം വഹിച്ചിരുന്നത്.

രണ്ടാംലോകമഹായുദ്ധത്തിന്നുമുമ്പ് ചൈനയിൽ നിക്ഷേപിക്കപ്പെട്ട വിദേശമൂലധനം സുമാർ 320 കോടി അമേരിക്കൻ ഡോളറായിരുന്നു. യുദ്ധമാരംഭിച്ചതിന്നുശേഷം ചൈനയുടെമേൽ അമേരിക്കയുടെ പിടിമുറുകാൻ തുടങ്ങി. കടങ്ങൾ വഴിയായും ഉപദേഷ്ടാക്കൾ, വിദഗ്ദ്ധന്മാർ മുതലായവർ വഴിയായും അവസാനം നേരിട്ടുള്ള സൈനികസഹായങ്ങൾവഴിയായും അമേരിക്കൻ സാമ്രാജ്യമേധാവികൾ ചൈനയുടെ സാമ്പത്തികവും രാഷ്ട്രീയവുമായ ജീവിതത്തെയാകെ നിയന്ത്രിക്കാൻ തുടങ്ങി.

സാമ്രാജ്യാധിപത്യത്തിൻെറ കൂട്ടാളികളായ ഒരുപിടി വൻകിട മുതലാളികളും ചൈനയിലുണ്ടായിരുന്നു. പ്രധാനമായും ച്യാങ്കായ്ഷേക്ക്, എച്ച്. എച്ച്. കുങ്ങ്, ടി. വി. സൂങ്ങ്, ചെൻസഹോദരന്മാർ (ചെൻക്രുഫൂവും ചെൻലീഫൂവും) എന്നീ നാലു കുടുംബക്കാരാണ് ചൈനയുടെ സാമ്പത്തികസാമൂഹ്യജീവിതത്തെയാകെ നിയന്ത്രിച്ചിരുന്നത്. 1944-ലെ കണക്കുകൾ പ്രകാരം കോമിന്താങ്ങ്ചൈനയിലെ ഒട്ടാകെയുള്ള വ്യവസായമൂലധന

ത്തിൻെറ 70 ശതമാനവും ഈ നാലു കുടുംബക്കാരുടെ നിയന്ത്രണത്തിലായിരുന്നു. 1946-ൽ ഈ നാലുകുടുംബക്കാർക്കും കൂടി രണ്ടായിരംകോടി അമേരിക്കൻഡോളർ വിലപിടിച്ച സ്വത്തുക്കളുണ്ടായിരുന്നു.

ഇങ്ങനെ, വിദേശമുതലാളികളും നാടുവാഴി ജന്മികളും കുത്തകമുതലാളികളുംകൂടി ചൈനയിലെ തൊഴിലാളികളേയും കൃഷിക്കാരേയും മാത്രമല്ല, ദേശീയമുതലാളികളെപ്പോലും മർദ്ദിക്കുകയും ചൈനയുടെ സാമ്പത്തികവും സാമൂഹ്യവുമായ പുരോഗതിയെ തടഞ്ഞുനിർത്തുകയും ചെയ്തു. ഇതാണ് അർദ്ധകോളോണിയൽ അർദ്ധനാടുവാഴി വ്യവസ്ഥ എന്നതിന്നർത്ഥം. ഈ വ്യവസ്ഥയെ മാററുവാനുള്ള വിപ്ലവമാണ് ചൈനയിൽ നടന്നത്. സാമ്രാജ്യത്വത്തിൻെറ കുത്തകാവകാശങ്ങളെ തുടച്ചുനീക്കുക, വിദേശമൂലധനത്തിന്നു കീഴ്പെട്ടുകൊണ്ടുള്ള നാടുവാഴിമേധാവിത്വപരമായ ഉല്പാദനബന്ധങ്ങളെ മാററിമറിക്കുകയും ഉല്പാദനശക്തികളെ കെട്ടഴിച്ചുവിടുകയും ചെയ്യുക— ഇതൊക്കെയായിരുന്നു വിപ്ലവത്തിൻെറ ലക്ഷ്യം.

### സോഷ്യലിസ്റ്റ് വിപ്ലവമല്ല, ജനാധിപത്യവിപ്ലവം

കമ്യൂണിസ്ററുപാർട്ടിയുടെ നേതൃത്വത്തിലാണ് വിപ്ലവം നടന്നത്. എങ്കിലും അതൊരു കമ്യൂണിസ്റ്റ് വിപ്ലവമോ സോഷ്യലിസ്റ്റ് വിപ്ലവമോ ആയിരുന്നില്ല, ജനാധിപത്യവിപ്ലവമായിരുന്നു. എന്നുവെച്ചാൽ, മുതലാളിത്തസമ്പ്രദായത്തെയാകെ നശിപ്പിച്ച് സോഷ്യലിസ്റ്റ്സമുദായം കെട്ടിപ്പടുക്കാൻ വേണ്ടിയുള്ള വിപ്ലവമല്ല, വിദേശമേധാവിത്വത്തേയും നാടുവാഴി സ്വേച്ഛാധിപത്യ

ത്തേയും കുത്തകമുതലാളിത്തത്തേയും ഉന്മൂലനംചെയ്യാൻ വേണ്ടിയുള്ള ഒരു വിപ്ലവമാണ് ചൈനയിൽ നടന്നതു്.

തൊഴിലാളിവർഗ്ഗമാണ് വിപ്ലവത്തെ നയിച്ചതു്. എങ്കിലും അതു മുതലാളികൾക്കെതിരായ ഒരു വിപ്ലവമായിരുന്നില്ല. എന്നല്ല,നേരേമറിച്ചു് ദേശീയമുതലാളികളുടെ താല്പര്യങ്ങളെക്കൂടി സംരക്ഷിക്കാനാണതു സഹായിച്ചതു്. ചൈനയിലെ ദേശീയമുതലാളികൾ സാമ്രാജ്യാധിപത്യത്തിന്റെ മർദ്ദനങ്ങളനുഭവിക്കുന്ന ഒരു വർഗ്ഗമായിരുന്നു. സാമ്രാജ്യാധിപത്യത്തിന്റെ വാലിൽത്തൂങ്ങികളായ നാടുവാഴി മേധാവികൾ ചൈനയുടെ വ്യവസായാഭിവൃദ്ധിയെ ബലാൽക്കാരമായി തടഞ്ഞുനിർത്തിയിരുന്നു. അതിനാൽ, സാമ്രാജ്യഫ്യൂഡൽമേധാവികൾക്കെതിരായവിപ്ലവം മുതലാളികളെക്കൂടി ആകർഷിച്ചുവെങ്കിൽ അതിൽ അത്ഭുതപ്പെടാനില്ലല്ലൊ.

ചൈനീസ്‌വിപ്ലവത്തിന്റെ സ്വഭാവത്തെപ്പററി 1941-ൽ സഖാവ് മാവോസെതൂങ്ങ് ഇങ്ങനെ എഴുതുകയുണ്ടായി:—

“ഇന്നത്തെ ചൈനീസ്‌സമുദായത്തിന്റെ സ്വഭാവം അർദ്ധകോളണിയുടേയും അർദ്ധനാടുവാഴിരീതിയിലുള്ളതുമാണെങ്കിൽ അതുകൊണ്ടുതന്നെ ചൈനീസ്‌വിപ്ലവത്തിന്റെ പുരോഗതി രണ്ടു ഘട്ടങ്ങളിലൂടെയാവാനെ തരമുള്ളു. ആദ്യത്തെ പതനമാണ് ഈ അർദ്ധകോളണിയെ, ഈ അർദ്ധനാടുവാഴി സമുദായത്തെ, ഒരു സ്വതന്ത്രമായ ജനാധിപത്യസമുദായമാക്കി മാററുകയെന്നതു്. രണ്ടാമത്തെ പതനമായിരിക്കും ഒരു സോഷ്യലിസ്റ്റ് സമു

ദായം നിർമ്മിക്കുവാൻവേണ്ടി ഈ വിപ്ലവത്തെ വളർത്തുക എന്നതു്. ഇന്നത്തെ ചൈനീസ് വിപ്ലവകാലഘട്ടം ഒന്നാമത്തെ പതനത്തിലാണുൾപ്പെട്ടുകയെന്നു വ്യക്തമാണു്.

**വിപ്ലവത്തിന്റെ രണ്ടു ഘട്ടങ്ങൾ:**

അപ്പോൾ, വിപ്ലവം രണ്ടുഘട്ടങ്ങളിലൂടെയാണു് വളരുന്നതു്. 1. ജനാധിപത്യവിപ്ലവം; 2. സോഷ്യലിസ്റ്റ് വിപ്ലവം. ഈ രണ്ടു ഘട്ടങ്ങളേയും കൂട്ടിക്കുഴയ്ക്കാൻ പാടില്ല. രണ്ടു ഘട്ടങ്ങളും രണ്ടു തരത്തിലുള്ളവയാണു്. രണ്ടു ഘട്ടങ്ങളിലുമുള്ള വർഗ്ഗബന്ധങ്ങളും വിപ്ലവശക്തികളും വ്യത്യസ്തങ്ങളാണു്. ഉദാഹരണത്തിന്നു്, ഒന്നാംഘട്ടത്തിൽ മുതലാളികൾക്കുകൂടി പങ്കുണ്ടു്; രണ്ടാംഘട്ടത്തിലതില്ല. രണ്ടാം ഘട്ടത്തിലാണു് തൊഴിലാളിസർവ്വാധിപത്യത്തിന്റെ നേതൃത്വത്തിൽ സോഷ്യലിസം കെട്ടിപ്പടുക്കുന്നതു്. പക്ഷേ, ഒന്നാംഘട്ടത്തിന്റെ വിജയത്തിലൂടെ മാത്രമേ രണ്ടാം ഘട്ടത്തിലേക്കു പോകാൻ കഴിയൂ. അടിമത്തത്തിലും നാടുവാഴിമർദ്ദനത്തിലും കിടക്കുന്ന ഒരു രാജ്യത്തിന്നു് ഒററച്ചാട്ടംകൊണ്ടു സോഷ്യലിസത്തിലെത്താനാവില്ല. ആദ്യമായി നിലവിലുള്ള നാടുവാഴിക്രമത്തെ മാററിമറിക്കേണ്ടതുണ്ടു്; നാടുവാഴിത്തപരമായ ഭൂവുടമബന്ധങ്ങളിൽ സമൂലമായ മാററം വരുത്തി നിലമെല്ലാം സ്വതന്ത്രരായ കൃഷിക്കാരുടെ ഉടമസ്ഥതയിലാക്കിത്തീർക്കേണ്ടതുണ്ടു്;വ്യവസായത്തേയും കൃഷിയേയും അഭിവൃദ്ധിപ്പെടുത്തേണ്ടതുണ്ടു്; സോഷ്യലിസ്റ്റ്‌വ്യവസ്ഥ കെട്ടിപ്പടുക്കാനാവശ്യമായ ഭൗതികസാഹചര്യങ്ങൾ സൃഷ്ടിക്കേണ്ടതുണ്ടു്. ജനാധിപത്യവിപ്ലവത്തിന്റേതായ ഈ കട

മകഠം എത്രത്തോളം വേഗത്തിലാണോ നിർവ്വഹിക്കപ്പെടുക അത്രത്തോളം വേഗത്തിലാണ് സോഷ്യലിസ്റ്റ് വിപ്ലവമെന്ന രണ്ടാംഘട്ടത്തിലേക്ക് കടക്കാൻ കഴിയുക. ഒന്നാമത്തെ കടമ സാമ്രാജ്യാധിപത്യത്തിന്നും ഫ്യൂഡലിസത്തിന്നും എതിരായ സമരമാണ്; ഒരു സ്വതന്ത്രമായ ജനാധിപത്യ സമുദായത്തിന്നുവേണ്ടിയുള്ള സമരമാണ്. സഖാവ് സ്റ്റാലിൻ ചൂണ്ടിക്കാണിക്കുകയുണ്ടായി:—

"ഇന്നത്തെ ചൈനീസ് വിപ്ലവം വിപ്ലവപ്രസ്ഥാനങ്ങളുടെ രണ്ടൊഴുക്കുകളുടെ കൂടിച്ചേരലാണ്—ഫ്യൂഡൽ അവശിഷ്ടങ്ങഠംക്കെതിരായ പ്രസ്ഥാനവും സാമ്രാജ്യാധിപത്യത്തിന്നെതിരായ പ്രസ്ഥാനവും. ചൈനീസ് ബൂർഷ്വാ ജനാധിപത്യവിപ്ലവം ഫ്യൂഡൽ അവശിഷ്ടങ്ങഠംക്കെതിരായ സമരത്തിൻേറയും സാമ്രാജ്യാധിപത്യത്തിന്നെതിരായ സമരത്തിൻേറയും കൂടിച്ചേരലാണ്."

മാവോസെതൂങ്ങ് വിവരിക്കുന്നു:—

"നാമിന്നു വിഭാവനം ചെയ്യുന്ന വിപ്ലവത്തിൻെറ ഒന്നാംഘട്ടം ഒരുദിവസം അനിവാര്യമായി അതിൻെറ രണ്ടാംഘട്ടത്തിലേക്ക്— സോഷ്യലിസത്തിലേക്ക്— വളരുമെന്നു പറയേണ്ടതില്ല. സോഷ്യലിസത്തിൻെറ അടിസ്ഥാനത്തിൽമാത്രമെ ചൈനക്ക് സുഖസമൃദ്ധമാകാൻ കഴികയുള്ളൂ. പക്ഷേ, ഇന്ന് അതു പ്രയോഗിക്കാനുള്ള അവസരമല്ല. ഇന്നത്തെ വിപ്ലവ കടമകഠം—സാമ്രാജ്യാധിപത്യത്തിന്നും നാടുവാഴിമേധാവിത്വത്തിന്നും എതിരായ കടമകഠം—നിർവ്വഹിച്ചു കഴിയുംവരെ സോഷ്യലിസം അചിന്ത്യമത്രെ. ചൈനീസ് വിപ്ലവം രണ്ടു ഘട്ടങ്ങളാ

യിട്ടേ വിജയത്തിലെത്തുകയുള്ളൂ: 1. പുതിയ ജനാധിപത്യം; 2. സോഷ്യലിസം. എന്നല്ല, ഒന്നാംഘട്ടത്തിന്റെ കലാവധി കുറെ നീണ്ടതായിരിക്കുമെന്നുകൂടി ഞങ്ങൾ പ്രസ്താവിച്ചുകൊള്ളട്ടെ. ഞങ്ങൾ സ്വപ്നവാദികളല്ല. ആധുനിക യഥാർത്ഥജീവിതത്തിന്റെ ഉപാധികളിൽനിന്നു വിട്ടുനില്ക്കുവാൻ ഞങ്ങൾക്കു സാദ്ധ്യമല്ല."

"യഥാർത്ഥജീവിതത്തിന്റെ ഉപാധികളിൽ നിന്നു വിട്ടുനില്ക്കുന്ന ചില ഇടതുപക്ഷ പാർട്ടികൾ നമ്മുടെ നാട്ടിലുണ്ട്. ഒരു അർദ്ധകൊളോണിയൽ രാജ്യമായ ഇന്ത്യയ്ക്ക് ഒററച്ചാട്ടത്തിന്ന് സോഷ്യലിസത്തിലെത്താമെന്ന് അവർ സ്വപ്നം കാണുന്നു. ഇങ്ങനെ "ഒററയടിക്കു സോഷ്യലിസ്ററുവിപ്ലവം" നടത്താൻ കഴിയുമെന്നു സങ്കല്പിച്ച് രണ്ടു വ്യത്യസ്തവിപ്ലവഘട്ടങ്ങളേയും തമ്മിൽ കൂട്ടിക്കുഴയ്ക്കുവാൻ ശ്രമിച്ച ചിലർ ചൈനയിലുമുണ്ടായിരുന്നു. അവരെപ്പററി സഖാവ് മാവോ പറയുകയുണ്ടായി:—

"മറെറാരുതരം കൂട്ടരുണ്ട്. ഇവർക്ക് ദുരുദ്ദേശമില്ലായിരിക്കാം. പക്ഷേ, 'ഒററഘട്ടത്തിൽ വിപ്ലവ'മെന്ന സിദ്ധാന്തത്തിലും 'ഒരടിക്ക് സാമൂഹ്യവിപ്ലവവും രാഷ്ട്രീയവിപ്ലവവും നടത്തുക'യെന്ന അയഥാർത്ഥവാദത്തിലും ഇവർ മയങ്ങിപ്പോകുന്നു. വിപ്ലവത്തിന്റെ വളർച്ചയെ—അതായത്, ഒരു വിപ്ലവത്തിന്നും മറേറതിന്നും നടുവിൽ വേണ്ടതായ ഒരു പരിവർത്തനകാലഘട്ടത്തെ—ഇവർ തീരെ വിസ്മരിക്കുന്നു. എന്നിട്ട്, രാഷ്ട്രീയസാമൂഹ്യവിപ്ലവങ്ങൾ ഒരടിക്കു നിർവ്വഹിക്കണമെന്ന അസംബന്ധം പുലമ്പുന്നു. രണ്ടു വിപ്ലവഘട്ടങ്ങളേയും കൂട്ടിക്കുഴച്ചുകൊണ്ടുള്ള ഇത്തരം പ്രായാട്ടിത്തം ഇന്നത്തെ ഘട്ടത്തിൽ ചെയ്തുതീർക്കേണ്ടു

ജനാധിപത്യകടമകളുടെ പ്രാധാന്യം വെട്ടിച്ചുരുക്കുന്നതു കൊണ്ട്, വിപ്ലവപ്രസ്ഥാനത്തിന്നു ദ്രോഹമാണു ചെയ്യുന്നതു്......സോഷ്യലിസ്റ്റ്ഘട്ടത്തിൻേറയും ജനാധിപത്യഘട്ടത്തിൻേറയും കടമകൾ ഒരേസമയം നിർവ്വഹിക്കാൻ സാദ്ധ്യമല്ല. 'എല്ലാം ഒററയടിയ്ക്കു്' എന്ന സിദ്ധാന്തത്തിൻെറ തനിനിറം ഇതാണു്—അതു് വെറും സ്വപ്നവാദമത്രെ. അതല്ല ഒരു യഥാത്ഥ വിപ്ലവകാരിക്കു ചേന്ന ചിന്താരീതി."

**ബൂഷ്വാജനാധിപത്യവിപ്ലവവും**
**ജനകീയ ജനാധിപത്യവിപ്ലവവും**

എന്നാൽ, ഒരു കാര്യം ഇവിടെ വ്യക്തമാക്കേണ്ടതുണ്ടു്: പഴയ ജനാധിപത്യവിപ്ലവങ്ങൾക്കും ഇന്നത്തെ ജനാധിപത്യ വിപ്ലവങ്ങൾക്കും തമ്മിൽ അതിപ്രധാനമായ ചില വ്യത്യാസങ്ങൾ കാണാം. യൂറോപ്യൻ രാജ്യങ്ങളിൽ 1820-1920 നൂററാണ്ടുകളിലുണ്ടായ ജനാധിപത്യവിപ്ലവങ്ങൾ നാടുവാഴി ഭരണമവസാനിപ്പിച്ച് ബൂഷ്വാസിയുടെ ഭരണം സ്ഥാപിക്കാനുള്ള വിപ്ലവങ്ങളായിരുന്നു. ഇന്നു കോളനികളിൽ നടക്കുന്ന വിപ്ലവങ്ങളുടെ സ്വഭാവം വ്യത്യസ്തമാണു്. ഇന്നത്തെ ജനാധിപത്യവിപ്ലവങ്ങൾ നടക്കുന്നതു് ലോകത്തിൻെറ ആറിലൊരു ഭാഗത്തു് സോഷ്യലിസം പരിപൂണ്ണമായും വിജയിച്ചുകഴിഞ്ഞിട്ടുള്ള ഒരു കാലഘട്ടത്തിലാണു്, മുതലാളിത്തത്തിൻെറ പൊതുസാമ്പത്തികക്കുഴപ്പം ഏററവും മൂർച്ഛിച്ചിട്ടുള്ള ഒരു കാലഘട്ടത്തിലാണു്, രണ്ടു ലോകമഹായുദ്ധങ്ങളുടെ ഫലമായി സാമ്രാജ്യാധിപത്യത്തിൻെറ അടിത്തറയും കൊളോണിയൽ സാമ്പത്തികവ്യവസ്ഥയും തകൻകഴിഞ്ഞിട്ടുള്ള ഒരു കാലഘട്ടത്തിലാണു്, വളൻവരുന്ന ജന

കീയപ്രക്ഷോഭങ്ങൾകൊണ്ടു ബേജാറായ നാടൻ വൻകിടമുതലാളികൾ സാമ്രാജ്യാധിപത്യത്തിൻെറ കൂട്ടാളികളായി മാറിയ ഒരു കാലഘട്ടത്തിലാണ്, സർവ്വോപരി, തൊഴിലാളിവർഗ്ഗവും അതിൻെറ മുന്നണിവിഭാഗമായ കമ്യൂണിസ്റ്റ്പാർട്ടിയും ദേശീയവിമോചന സമരങ്ങളുടെ നേതൃത്വം വഹിക്കുന്ന ഒരു കാലഘട്ടത്തിലാണ്. അതുകൊണ്ട്, ഈ വിപ്ലവത്തിൻെറ സ്വഭാവത്തിലും വിപ്ലവത്തിലൂടെ രൂപവല്ക്കരിക്കപ്പെടുന്ന ഭരണവ്യവസ്ഥയുടെ സ്വഭാവത്തിലും ചില വിശേഷതകളുണ്ടായിരിക്കുമെന്ന തീർച്ചയാണ്. 'പുതിയ ജനാധിപത്യം' എന്ന തൻെറ പുസ്തകത്തിൽ സഖാവ് മാവോ ഇങ്ങനെ വിവരിക്കുന്നു:—

"കോളണികളിലും അർദ്ധകോളണികളിലുമുള്ള ഈ വിപ്ലവത്തിൻെറ ഒന്നാംഘട്ടം, അതിൻെറ സാമാന്യ സ്വഭാവം നോക്കുകയാണെങ്കിൽ, മൗലികമായി ഇപ്പോഴും ഒരു ബൂർഷ്വാ ജനാധിപത്യ വിപ്ലവം തന്നെയാണ്. മുതലാളിത്തപരമായ വളർച്ചക്കുള്ള വഴിവെട്ടിത്തെളിയിക്കലാണ് ഇപ്പോഴും അതിൻെറ അടിസ്ഥാനപരമായ യഥാർത്ഥാവശ്യം. പക്ഷേ, എങ്കിൽ കൂടി കേവലം മുതലാളി നേതൃത്വത്തിലുള്ളതും, ഒരു മുതലാളി സമുദായവും ബൂർഷ്വാ ജനാധിപത്യ ഭരണവും സ്ഥാപിക്കാനുള്ളതുമായ ആ പഴയ വിപ്ലവമല്ല ഈ വിപ്ലവം. നേരെമറിച്ച്, മുഴവനുമോ ഭാഗികമോ ആയി തൊഴിലാളിവർഗ്ഗത്താൽ നയിക്കപ്പെടുന്ന ഒരു പുതിയതരം വിപ്ലവമാണിത്. ഒരു പുതിയ ജനാധിപത്യസമുദായവും എല്ലാ വിപ്ലവവർഗ്ഗങ്ങളുടേയും കൂട്ടുസർവ്വാധിപത്യത്തിലുള്ള ഒരു ഭരണവും സ്ഥാപിക്കലാണ് ഇതിൻെറ ഒന്നാംഘട്ടത്തിൻെറ ലക്ഷ്യം.

ഈ വിപ്ലവത്തിൻെറ മൌലികസ്വഭാവം സോഷ്യലിസ്റ്റ് വിപ്ലവംവരെ മാറുന്നതല്ല."

അപ്പോൾ ഇതു് മുതലാളിത്തത്തിൻെറ സ്വേച്ഛാഭരണം കെട്ടിയുറപ്പിക്കാൻവേണ്ടിയുള്ള ഒരു വിപ്ലവമല്ല. പക്ഷെ അതേസമയത്തുതന്നെ ഇതു് മുതലാളിത്തത്തിന്നെതിരായ ഒരു വിപ്ലവവുമല്ല. വിപ്ലവംകൊണ്ടു് മുതലാളിത്തത്തെയല്ല, സാമ്രാജ്യാധിപത്യത്തേയും നാട്ടുവാഴിമേധാവിത്വത്തേയും മാത്രമാണു് നശിപ്പിക്കാനുദ്ദേശിക്കുന്നതു്. സാമ്രാജ്യമേധാവിത്വത്തോടൊപ്പം സാമ്രാജ്യമേധാവിത്വത്തിൻെറ കൂട്ടുപിടിക്കുന്നവരും രാജ്യദ്രോഹികളുമായ നാടൻകുത്തകമുതലാളി വിഭാഗങ്ങളും നീക്കംചെയ്യപ്പെട്ടുമെന്നു തീർച്ചയാണു്, പക്ഷെ, ദേശീയമുതലാളിത്തം പിന്നെയും നിലനില്ക്കും. എന്നല്ല ചില നിബന്ധനകൾക്കു വിധേയമായി അതു് പ്രോത്സാഹിക്കപ്പെട്ടുകപോലും ചെയ്യും. ഉല്പാദനത്തെ സർവ്വതോമുഖമായി വളർത്തുവാനും സോഷ്യലിസ്റ്റ് ഘട്ടത്തിന്നാവശ്യമായ സാഹചര്യങ്ങൾ സൃഷ്ടിക്കുവാനും അതാവശ്യമാണു്.

ഈ പുതിയ ജനാധിപത്യവിപ്ലവം ഒരുഭാഗത്തു് പഴയ ബൂർഷ്വാജനാധിപത്യ വിപ്ലവത്തിൽനിന്നു് വ്യത്യസ്ഥമാണെങ്കിൽ മറുഭാഗത്തു് കിഴക്കൻ യൂറോപ്പിലുംതെക്കുകിഴക്കൻ യൂറോപ്പിലുംപൊട്ടിപ്പുറപ്പെട്ട ജനാധിപത്യ വിപ്ലവങ്ങളിൽനിന്നും വ്യത്യസ്ഥമാണു്. ഫാഷിസത്തിന്നെതിരായ യുദ്ധത്തിലൂടെ കിഴക്കൻ യൂറോപ്പിലും തെക്കുകിഴക്കൻ യൂറോപ്പിലും ഉയൎന്നുവന്ന പുതിയ ജനാധിപത്യങ്ങളെപ്പററി 1947 സപ്തംബറിൽ എ. ഷസാനോവ് ഇങ്ങനെ പ്രസ്താവിക്കുകയുണ്ടായി:—

"യുഗോസ്ലാവ്യ, റുമാനിയ, പോളണ്ട്, ചെക്കോസ്ലോവാക്കിയ, ഹംഗറി, ആൽബാനിയ, ബൾഗേറിയ എന്നീ രാജ്യങ്ങളിലെ പുതിയ ജനാധിപത്യഗവമ്മെണ്ടുകാർ ബഹുജനങ്ങളുടെ പിൻബലത്തോടുകൂടി, ഏററവും ചുരുങ്ങിയ ഒരുകാലത്തിനിടക്കു ബൂർഷ്വാജനാധിപത്യങ്ങൾക്കിനിമേൽ ചെയ്യാൻ കഴിയാത്തതരത്തിലുള്ള പുരോഗമനപരവും ജനാധിപത്യപരങ്ങളുമായ പരിഷ്ക്കാരങ്ങൾ നടപ്പിൽവരുത്തി കാർഷികപരിഷ്ക്കാരങ്ങൾ, കൃഷിക്കാക്ക് നിലം നല്കുകയും ജന്മിവർഗ്ഗത്തിൻെറ ഉന്മൂലനാശത്തെ സഹായിക്കുകയും ചെയ്തു. വൻകിട വ്യവസായങ്ങളുടേയും ബേങ്കുകളുടേയും ദേശീയവൽകരണവും ജമ്മൻകാരുമായി കൂട്ടുകൂടിയ ദേശദ്രോഹവികളുടെ സ്വത്തുക്കൾ കണ്ടുകെട്ടലും ഈ രാജ്യങ്ങളിൽ കുത്തകമുതലാളിത്തത്തിനുള്ള സ്ഥാനത്തെ തീവ്രമാംവിധം അടി പുഴക്കുകയും ബഹുജനങ്ങളെ സാമ്രാജ്യനുകത്തിൽനിന്നു മോചിപ്പിക്കുകയും ചെയ്തു. ഇതോടൊപ്പം ഗവമ്മെണ്ടിൻെറ, അതായത് ദേശീയമായ ഉടമാവകാശത്തിന്നടിത്തറയിടുകയും പുതിയ തരത്തിലുള്ള ഒരു ഭരണകൂടം-ജനകീയറിപ്പബ്ലിക്ക്-സൃഷ്ടിക്കുകയും ചെയ്തു. ഈ ജനകീയ റിപ്പബ്ലിക്കിൽ അധികാരം ജനങ്ങളുടെ കയ്യിലാണ്, വൻകിട വ്യവസായങ്ങളും ഗതാഗതവും ബേങ്കുകളും സ്റ്റേററിൻെറ ഉടമയിലാണ്. തൊഴിലാളിവർഗ്ഗത്തിൻെറ നേതൃത്വത്തിൽ അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ ഒരു ബ്ലോക്കാണ് റിപ്പബ്ലിക്കിനെനയിക്കുന്ന ശക്തി. ഇതിൻെറയെല്ലാം ഫലമായി, ഈരാജ്യങ്ങളിലെ ജനങ്ങൾസാമ്രാജ്യാധിപത്യത്തിൻെറ പിടിയിൽനിന്ന് മോചനം നേടുക മാത്രമല്ല, സോ

ഷ്യലിസ്റ്റ് വളർച്ചയുടെ പാതയിൽ പ്രവേശിക്കാനുള്ള വഴിയൊരുക്കിവരുകയും ചെയ്തിരിക്കുന്നു.

ടിറേറാവിൻെറ നേതൃത്വത്തിലുള്ള യൂഗോസ്ലാവിയ പിന്നീട് അമേരിക്കൻ സാമ്രാജ്യാധിപത്യത്തിൻെറ ഒരു കൂട്ടാളിയായി മാറി. അതുകൊണ്ട് ആ രാജ്യത്തിൻെറ കാര്യംപോകട്ടെ. പോളണ്ട്, ചെക്കോസ്ലാവാക്കിയ, ബൾഗേറിയ, ഹംഗറി, രുമാനിയ, ആൽബാനിയ, എന്നീ രാജ്യങ്ങളുടെ സ്ഥിതിയെന്താണ്? ഈ രാജ്യങ്ങളിൽ കോളോണിയൽ അടിമത്തം ഉണ്ടായിരുന്നില്ലെന്നുതന്നെ പറയാം. ചൈന, ഇന്ത്യ മുതലായ കോളണി രാജ്യങ്ങളെ അപേക്ഷിച്ച് വ്യവസായം കൂടുതൽ വളൎന്നുകഴിഞ്ഞിരുന്നു. ഉല്പാദനവ്യവസ്ഥ കോളണികളിലുള്ളതിനേക്കാൾ എത്രയോ മുന്തിയതായിരുന്നു. അതുകൊണ്ട് ഈ രാജ്യങ്ങളിൽ ബൂഷ്വാജനാധിപത്യത്തിൻേറതായ കടമകൾ അതിവേഗം നിവ്വഹിക്കാൻ കഴിഞ്ഞു. സോഷ്യലിസ്റ്റ് വ്യവസ്ഥ കെട്ടിപ്പടുക്കാനാവശ്യമായ സാഹചര്യങ്ങൾ അതിവേഗം സൃഷ്ടിക്കാൻ സാധിച്ചു.

എന്നാൽ ചൈനയെപ്പോലുള്ള ഒരു അദ്ധകോളണിയുടെ സ്ഥിതി അതല്ല. വ്യവസായങ്ങളുടെ വളർച്ച വളരെ പിന്നണിയിലായതുകൊണ്ട് സോഷ്യലിസത്തിൻെറ ഉപാധികൾ സൃഷ്ടിക്കാൻ കൂടുതൽ സമയം പിടിക്കും. "രണ്ടാംലോകമഹായുദ്ധത്തിന്നുശേഷമുള്ള കോളണിവ്യവസ്ഥയുടെ കുഴപ്പം മൂർച്ഛിക്കൽ" എന്ന തൻെറ ലഘുലേഖയിൽ സഖാവ് ഇം. എം. ഷുക്കോവ് ഇങ്ങനെ ചൂണ്ടിക്കാണിക്കുന്നു:-

"പൌരസ്ത്യരാജ്യങ്ങളിൽ പുതിയ ജനകീയ ജനാധിപത്യത്തിന്നുവേണ്ടിയുള്ള സമരത്തിന്ന് അതു നടക്കു

ന്ന കോളണിരാജ്യങ്ങളുടെ പ്രത്യേക സ്വഭാവവിശേഷങ്ങളെ പ്രതിഫലിപ്പിക്കുന്ന ചില പ്രത്യേക സവിശേഷതകളുണ്ട്. കോളണികളേയും അർദ്ധകോളണികളേയും സംബന്ധിക്കുന്ന പ്രശ്നമായതുകൊണ്ട് ഇവിടെ ആദ്യം നിർവ്വഹിച്ചു തീർക്കാനുള്ള ബൂർഷ്വാജനാധിപത്യ കടമകൾ കൂടുതൽ വലിയ തോതിലാണ് ജനകീയ ജനാധിപത്യഗവർമ്മെണ്ടിനെ അഭിമുഖീകരിക്കുന്നത്. അതുകൊണ്ട് കോളണി രാജ്യങ്ങളിലും ആശ്രിതരാജ്യങ്ങളിലുമുണ്ടാകുന്ന ജനകീയ ജനാധിപത്യത്തിൻെറ വിജയം യൂറോപ്പിലെ ജനകീയ ജനാധിപത്യരാജ്യങ്ങളിൽ നടന്നുകൊണ്ടിരിക്കുന്ന തോതിൽ പെട്ടെന്നു സോഷ്യലിസ്റ്റ് കടമകൾ നിർവ്വഹിക്കുവാൻ ശക്തമാവുകയില്ല. കാരണം, അടുത്തവസാനിച്ച കോളോണിയിൽഭൂതകാലത്തിൻെറ നേരിട്ടുള്ള ഫലമെന്നോണം ഈ രാജ്യങ്ങളിൽ സാമ്പത്തികവ്യവസ്ഥ വളരെ പിന്നണിയിലാണ്. പൌരസ്ത്യരാജ്യങ്ങളിലെ ജനകീയജനാധിപത്യവും മദ്ധ്യയൂറോപ്പിലേയും കിഴക്കൻയൂറോപ്പിലേയും ജനകീയജനാധിപത്യങ്ങളും തമ്മിലുള്ള പ്രധാന വ്യത്യാസം ഇതിലാണടങ്ങിട്ടുള്ളത്."

അതുകൊണ്ടാണ് സഖാവ് മാവോ പറയുന്നത്:—"വിപ്ലവം ദേശവ്യാപിയായ തോതിൽ ജയിച്ചുകഴിഞ്ഞതിന്നുശേഷംപോലും ചൈനയിലെ സാമ്പത്തികവ്യവസ്ഥ വളരെ പിന്നണിയിലായതുകൊണ്ട്, ചെറുകിടക്കാരും ഇടത്തരക്കാരുമായ മുതലാളിമാരെ പ്രതിനിധീകരിക്കുന്ന ഒരുതരം മുതലാളിത്തപരമായ സാമ്പത്തികവ്യവസ്ഥയെത്തന്നെ വളരെക്കാലത്തേയ്ക്ക് ചൈനയിൽ നിർത്തേണ്ടതായി വന്നേയ്ക്കും. മാത്രമല്ല ദേശീയസാമ്പത്തി

കവ്യവസ്ഥയിലുള്ള പ്രവൃത്തിവിഭജനത്തിന്നുവേണ്ടിയും ദേശീയസാമ്പത്തികവിഭജനത്തിൻെറയാകെ ക്ഷേമത്തിന്നു വേണ്ടിയും ഇവരിലൊരു വിഭാഗത്തിൻെറ അഭിവൃദ്ധി ആവശ്യമായിവരും. തൊഴിലാളികളെയും പീടികത്തൊഴിലാളികളെയും വാടകയ്ക്കു നിർത്തുന്ന ചെറുകിടക്കാരായ വ്യവസായികളേയും വ്യാപാരികളേയുമാണിവിടെ ചെറുമുതലാളിമാർ എന്ന പേരിൽ വിവക്ഷിക്കുന്നത്. എന്നാൽ തൊഴിലാളികളെയോ പീടികത്തൊഴിലാളികളേയോ കൂലിക്കുനിർത്താത്ത ചെറുകിടക്കാരായ എത്രയോ അനവധി സ്വതന്ത്രവ്യവസായികളും കച്ചവടക്കാരും ഇതിന്നുപുറമെ വേറെയുമുണ്ട്; ഇവരെസംബന്ധിച്ചിടത്തോളമാണെങ്കിൽ ഇവൎക്കു ദൃഢമായ സംരക്ഷണം നൽകിയേ കഴിയൂ എന്നു പറയേണ്ടതില്ലല്ലോ.

വിപ്ലവത്തിൻെറ ദേശവ്യാപിയായ വിജയത്തിന്നു ശേഷം പഴയ ഭരണകൎത്താക്കളായ വൻകിട മുതലാളിമാരിൽനിന്നു പിടിച്ചെടുത്ത വമ്പിച്ച സൎക്കാർമൂലധനം മുഴുവൻ പുതിയ ജനാധിപത്യ ഗവൎമ്മെണ്ടിൻെറ കയ്യിലുണ്ടാവും; ഇതായിരിക്കും നാട്ടിൻെറയാകെ സാമ്പത്തിക ഹൃദയത്തുടിപ്പുകളെ നിയന്ത്രിക്കുക. ഇതിന്നുപുറമെ നാടുവാഴിവ്യവസ്ഥയിൽ നിന്നു വിമുക്തമായിത്തീൎന്ന കാർഷിക വ്യവസ്ഥയും ഗവൎമ്മേണ്ടിൻെറ നിയന്ത്രണത്തിൽത്തന്നെയായിരിക്കും. അടിസ്ഥാനപരമായി ഇതും വളരെക്കാലത്തേക്ക് ചിന്നിച്ചിതറിയും ഒററതിരിഞ്ഞുംതന്നെകിടക്കുമെങ്കിലും, ഭാവിയിൽ ക്രമേണക്രമേണ ഇതിനെ പരസ്പര സഹായാടിസ്ഥാനത്തിലേക്ക് നയിക്കുവാൻ സാധിക്കുന്നതാണ്. ഈ പരിതസ്ഥിതിയിൽചെറുകിടക്കാരും ഇടത്തരക്കാരുമായ മുതലാളിവിഭാഗങ്ങളെ നിലനില്ക്കാനും വള

രാനുമനുവദിക്കുന്നതു് ഒരുവിധത്തിലും ആപല്ക്കരമല്ലതന്നെ. കാർഷികവിപ്ലവത്തിന്നുശേഷം ഉൾനാട്ടുകളിൽ തീർച്ചയായും ഉയരാൻപോകുന്ന പുതിയതരം പണക്കാരായ കൃഷിക്കാരുടെ കാർഷികവ്യവസ്ഥയ്ക്കും ഇതു ബാധകമാണു്.

**വിപ്ലവത്തിൻെറ ശക്തികൾ**

വിപ്ലവത്തിൻെറ മേൽപറഞ്ഞ സ്വഭാവങ്ങളാണു് വിപ്ലവത്തിൽ പങ്കെടുത്ത വർഗ്ഗങ്ങളുടെ പങ്കിനെ നിർണ്ണയിച്ചതു്. ചൈനയിലെ വിപ്ലവം തൊഴിലാളിവർഗ്ഗത്തിൻെറ നേതൃത്വത്തിലാണു നടന്നതു്. സാമ്രാജ്യത്വകാലഘട്ടത്തിൽ, മുതലാളിത്തത്തിൻെറ പൊതുകുഴപ്പം മൂർച്ഛിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിൽ, മുതലാളികൾക്കോ ഇടത്തരക്കാക്കോ ദേശീയവിമോചനസമരത്തിൻെറ നേതൃത്വം വഹിക്കുവാൻ കഴിയുകയില്ല. മാവോ സേതുങ്ങ് ചൂണ്ടിക്കാണിക്കുകയുണ്ടായി:

"ദേശീയബൂഷ്വാസിക്കു് വിപ്ലവത്തിൻെറ നേതാവാകാൻ കഴിയില്ല. ഭരണവ്യവസ്ഥയിൽ അവർ കൂടുതൽ പ്രധാനമായ പങ്കുവഹിക്കാൻ പാടില്ല. ദേശീയബൂഷ്വാസിയുടെ സാമൂഹ്യവും സാമ്പത്തികവുമായ നിലപാട്ടു് അതിനെ ദുർബ്ബലവും വേണ്ടത്ര ധൈര്യമില്ലാത്തതും ദീർഘദർശനമില്ലാത്തതുമായ ഒരു വർഗ്ഗമാക്കിയിരിക്കുന്നു എന്നതാണു് കാരണം...സാമ്രാജ്യത്വകാലഘട്ടത്തിൽ ദേശീയബൂഷ്വാസിക്കാകട്ടെ യാതൊരു യഥാർത്ഥവിപ്ലവത്തെയും വിജയത്തിലേയ്ക്കു് നയിക്കാൻ കഴിയില്ല".

ഈ കാലഘട്ടത്തിൽ തൊഴിലാളിവർഗ്ഗത്തിന്നുമാത്രമേ സാമ്രാജ്യാധിപത്യത്തിന്നും ഫ്യൂഡലിസത്തിന്നുമെതിരായ വിപ്ലവത്തിൻെറ നേതൃത്വമേറെറടുക്കാൻ സാധിക്കൂ. തൊഴിലാളിവർഗ്ഗത്തിൻെറയും അതിൻെറ നേതാവായ കമ്യൂണിസ്ററുപാർട്ടിയുടേയും നേതൃത്വത്തിൽ നടന്നു എന്നതുകൊണ്ടാണ് ചൈനയിലെ വിപ്ലവം വിജയിച്ചതു്.

പക്ഷേ, ഇതിൻെറ അർത്ഥം തൊഴിലാളിക്കല്ലാതെ മറെറാരു വർഗ്ഗത്തിന്നും പങ്കില്ലെന്നല്ല. സാമ്രാജ്യാധിപത്യത്തിന്നും ഫ്യൂഡലിസത്തിന്നും എതിരായ വിപ്ലവമായതുകൊണ്ടു് സാമ്രാജ്യത്തഫ്യൂഡൽ വിരോധികളായ എല്ലാ വർഗ്ഗങ്ങൾക്കും പാർട്ടികൾക്കും ഗ്രൂപ്പുകൾക്കും അതിൽ പങ്കുണ്ടായിരുന്നു. കൃഷിക്കാർ, ഇടത്തരക്കാർ, ദേശീയമുതലാളികൾ, തുടങ്ങിയ എല്ലാ ജനവിഭാഗങ്ങളേയും സമരത്തിന്നുവേണ്ടിയുള്ള ഒരു സുശക്തമായ ഐക്യമുന്നണിയിൽ അണിനിരത്താൻ കഴിഞ്ഞിരുന്നില്ലെങ്കിൽ തൊഴിലാളിവർഗ്ഗത്തിന്നു് വിജയം നേടാൻ സാധിക്കുമായിരുന്നില്ല.

**പുതിയ ഭരണവ്യവസ്ഥ:**—വിപ്ലവത്തിന്നുശേഷം ചൈനയിലാവിർഭവിച്ച പുതിയ ഭരണവ്യവസ്ഥ വിപ്ലവത്തിൻെറ സാമൂഹ്യമായ ഉള്ളടക്കത്തിന്നു തികച്ചും യോജിച്ചതാണ്. തൊഴിലാളിവർഗ്ഗത്തിൻെറ നേതൃത്വത്തിലാണതു് സ്ഥാപിതമായിട്ടുള്ളതു്. പക്ഷേ, അതേസമയത്തുതന്നെ സാമ്രാജ്യാധിപത്യത്തിന്നും ഫ്യൂഡലിസത്തിന്നും എതിരായ എല്ലാ ജനവിഭാഗങ്ങൾക്കും പാർട്ടികൾക്കും അതിൽ പങ്കുണ്ടു്. തികച്ചും ജനകീയമായ ഒരു

ഭരണവ്യവസ്ഥയാണതു്, മാവോസേതുങ്ങ് ചൂണ്ടിക്കാണിക്കുന്നതുപോലെ ചൈനയിലെ ഇന്നത്തെ ഭരണാധികാരശക്തി "വിപ്ലവകാരികളായ എല്ലാ വർഗ്ഗങ്ങളുടേയും ഒരു യോജിച്ച സർവ്വാധിപത്യമാണു്." ഒന്നാംകൂടിയാലോചനാസമ്മേളനം അംഗീകരിച്ച പൊതുപരിപാടിയിൽ പുതിയ ഭരണകൂടത്തെപ്പററി ഇങ്ങനെയാണു പറയുന്നതു്.

"ചൈനയിലെ ജനകീയജനാധിപത്യസർവ്വാധിപത്യം ജനകീയജനാധിപത്യമുന്നണിയുടെ ഭരണാധികാരശക്തിയാണു്. ചൈനയിലെ തൊഴിലാളിവർഗ്ഗം, കൃഷിക്കാർ, ഇടത്തരക്കാർ, ദേശാഭിമാനികളായ മററു വിഭാഗങ്ങൾ എന്നിവരെല്ലാം അടങ്ങിയതാണു് ആ മുന്നണി. തൊഴിലാളികളും കൃഷിക്കാരും തമ്മിലുള്ള സഖ്യമാണു് അതിൻെറ അടിസ്ഥാനം. തൊഴിലാളിവർഗ്ഗമാണതിനെ നയിക്കുന്നതു്.

അപ്പോൾ ജനകീയജനാധിപത്യം ഒരു സർവ്വാധിപത്യമാണു്. ജനങ്ങളുടെ സർവ്വാധിപത്യം ജനങ്ങളുടെ ശത്രുക്കൾക്കെതിരായ സർവ്വാധിപത്യം മാവോസെതുങ്ങ് വ്യക്തമാക്കുന്നു:—

"ജനങ്ങളോടു പറയുന്നു: നിങ്ങൾ ഒരു സർവ്വാധിപത്യം സ്ഥാപിക്കുകയാണു്! അതേ പ്രിയപ്പെട്ട മാന്യന്മാരെ, നിങ്ങൾ പറയുന്നതു ശരിയാണു്. ഞങ്ങൾ തീർച്ചയായും ഒരു സർവ്വാധിപത്യംതന്നെയാണു് സ്ഥാപിക്കുന്നതു്. അനേകം ശതാബ്ദങ്ങളായി ചൈനയിലെ ജനങ്ങൾ നേടിയ അനുഭവങ്ങൾ ജനകീയജനാധിപത്യത്തി

ൻേറതായ ഒരു സർവ്വാധിപത്യം സ്ഥാപിക്കേണ്ടതിൻെറ ആവശ്യകതയെ ഞങ്ങൾക്കു കാണിച്ചുതരുന്നു. ഇതിൻെറ അർത്ഥം പിന്തിരിപ്പന്മാർക്ക് അവരുടെ അഭിപ്രായം പ്രകടിപ്പിക്കാൻ അവകാശമുണ്ടാകരുതെന്നാണ്; വോട്ടുചെയ്യാനും അഭിപ്രായം പ്രകടിപ്പിക്കാനും ജനങ്ങൾക്കുമാത്രമേ അവകാശമുണ്ടാകാവൂ എന്നാണ്. ആരാണ് ഈ ജനങ്ങൾ? ചൈനയിലെ ഇന്നത്തെ ഘട്ടത്തിൽ തൊഴിലാളിവർഗ്ഗവും കൃഷകവർഗ്ഗവും പെററിബൂർഷ്വാസിയും ദേശീയബൂർഷ്വാസിയുമാണ് ജനങ്ങൾ. തൊഴിലാളിവർഗ്ഗത്തിൻെറയും കമ്യൂണിസ്ററുപാർട്ടിയുടെയും നേതൃത്വത്തിൽ ഈ വർഗ്ഗങ്ങളെല്ലാം ഒത്തുചേർന്നിരിക്കുന്നു. തങ്ങളുടെ സ്വന്താം ഭരണക്രമം സ്ഥാപിക്കുവാനും തങ്ങളുടെ സ്വന്തം ഗവൺമെൻറിനെ തെരഞ്ഞെടുക്കുവാനുംവേണ്ടി, സാമ്രാജ്യാധിപത്യത്തിൻെറ കിങ്കരന്മാരായ ജന്മിവർഗ്ഗത്തിൻെറയും സ്വേച്ഛാധിപത്യമൂലധനത്തിൻെറയുംമേൽ ഒരു സർവ്വാധിപത്യം സ്ഥാപിക്കുവാൻവേണ്ടി, ചില അതിർത്തികൾക്കുള്ളിൽമാത്രം പ്രവർത്തിക്കാൻ അവരെ അനുവദിച്ചുകൊണ്ടും വാക്കുകൊണ്ടോ പ്രവർത്തികൊണ്ടോ ആ അതിർത്തി ലംഘിക്കുന്നതിനെ തടഞ്ഞുകൊണ്ടും അവരെ തകർക്കുവാൻവേണ്ടി.....ജനങ്ങൾക്കു പ്രസംഗസ്വാതന്ത്ര്യവും സമ്മേളനസ്വാതന്ത്ര്യവും നല്കിക്കൊണ്ട് അവർക്കിടയിൽ ജനാധിപത്യവ്യവസ്ഥ രൂപീകരിക്കണം. വോട്ടവകാശം ജനങ്ങൾക്കുമാത്രമാണ് പിന്തിരിപ്പന്മാർക്കല്ല നല്കപ്പെടുന്നത്. ജനങ്ങൾക്ക് ജനാധിപത്യം, പിന്തിരിപ്പന്മാരുടെമേൽ സർവ്വാധിപത്യം എന്നീ രണ്ടു ഭാഗങ്ങളെയാണ് ജനകീയജനാധിപത്യസർവ്വാധിപത്യം പ്രതിനിധീകരിക്കുന്നത്."

മാവോസെതൂങ്ങിൻെറ ഈ വിശകലനത്തെ അടി സ്ഥാനപ്പെടുത്തിയുള്ള ഒരു ജനകീയഗവണ്മെൻറാണ് ഇപ്പോൾ ചൈനയിൽ നിലവിൽ വന്നിട്ടുള്ളതു്.

ജനകീയഗവണ്മെൻറിൻെറ പരിപാടി

പുതിയ ജനാധിപത്യത്തിന്നനുയോജ്യമായ പുതിയ സാമ്പത്തികബന്ധങ്ങളും ചൈനയിൽ വളരാൻ തുടങ്ങിയിരിക്കുന്നു. ജനകീയഗവണ്മെൻറ് നിർവ്വഹിക്കേണ്ട കടമകളെപ്പററി 1941-ൽതന്നെ ചൈനയിലെ പുതിയ ജനാധിപത്യം എന്ന തൻെറ ഗ്രന്ഥത്തിൽ മാവോസെതൂങ്ങ് ഇങ്ങനെ എഴുതുകയുണ്ടായി.

“എല്ലാ വൻകിടബാങ്കുകളും വൻകിടവ്യവസായങ്ങളും വൻകിടകച്ചവടസ്ഥാപനങ്ങളും ഗവണ്മെൻറുടമയിലായിരിക്കണം. സ്വകാര്യലാഭക്കൊള്ളയുടെ സ്വാധീനശക്തിയിൽനിന്നു ജനങ്ങളുടെ ജീവസന്ധാരണസ്വാതന്ത്ര്യം സുരക്ഷിതമാക്കുവാൻ, വിദേശികളുടേയും സ്വദേശികളുടേയും ഉടമയിലുള്ള എല്ലാ വൻകിടസംരംഭങ്ങളും (ഒന്നുകിൽ സ്വകാര്യകുത്തകകൾ അല്ലെങ്കിൽ സ്വകാര്യമേനേജ്മെൻറിൻെറ കഴിവുകളെ അതിലംഘിക്കുന്നവ. ഉദാ: ബേങ്കുകൾ, റെയിൽവേകൾ, വിമാനങ്ങൾ) ഗവണ്മെൻറു മാത്രം ഏറെറടുത്തു നടത്തുകയും നിയന്ത്രിക്കുകയും വേണം. ഇതാണ് ‘മുതലാളിത്തത്തെ നിയന്ത്രിക്കുക’ എന്ന സിദ്ധാന്തത്തിൻെറ സാരം......എന്നാൽ അതേ അവസരത്തിൽ മററുതരം സ്വകാര്യസ്വത്തുക്കളൊന്നും ഗവണ്മെൻറു കണ്ടുകെട്ടുകയില്ല. ‘ജനങ്ങളുടെ ജീവിതസ

ന്ധാരണത്തിന്നു ഹാനി തട്ടാത്തകാലത്തോളം' അതു് മുത ലാളിത്തപരമായ ഉല്പാദനത്തിൻെറ വളർച്ചയെ തടയു കയുമില്ല. കാരണം, ചൈനയുടെസാമ്പത്തികനില ഇന്നും വളരെ പിന്നണിയിലാണു്.

"വൻകിട ജന്മിമാരുടെ ഉടമയിലുള്ള ഭൂമികൾ പി ടിച്ചെടുക്കാനും ഭൂമി തീരെ ഇല്ലാത്തവരോ പറയാൻ മാ ത്രമില്ലാത്തവരോ ആയ കൃഷിക്കാക്കിടയിൽ അതു വീതി ച്ചുകൊടുക്കാനും പുതിയ ജനാധിപത്യറിപ്പബ്ലിക്ക് ചില അത്യാവശ്യ നടപടികളെടുക്കും. 'കൃഷിചെയ്യുന്നവൻ ഭൂമിയുടമയാവണ'മെന്ന ഡാക്റ്റർ സൺയാററസെൻെറ അഭിപ്രായം നടപ്പിൽ വരുത്തണം, ഗ്രാമങ്ങളിൽനിന്നു നാടുവാഴിബന്ധങ്ങളെ ഉച്ചാടനം ചെയ്യണം. പക്ഷെ സോഷ്യലിസ്ററുകൃഷിക്കാരുടെ സാമ്പത്തികരീതികളും അനുവദിക്കപ്പെടുന്നതാണു്. 'ഭൂമിയുടമയെ സ്വീകരിക്കു ക'യെന്ന നയത്തിൻെറ ലക്ഷ്യമാണിതു്. ഇതു നടപ്പിൽ വരുത്തുമ്പോഴത്തെ ശരിയായ മുദ്രാവാക്യം 'കൃഷിചെയ്യു ന്നവൻ ഭൂമിയുടമയാവുക' എന്നതാവണം."

### കാർഷികപരിഷ്കാരങ്ങൾ

ചൈനയിലെ ഫ്യൂഡൽബന്ധങ്ങളെ നശിപ്പിച്ച് പുതിയ സാമൂഹ്യബന്ധങ്ങളെ നിലവിൽവരുത്തുക എന്ന അതിപ്രധാനമായ പങ്കാണു് കാഷികപരിഷ്കാരങ്ങൾ ക്കുള്ളതു്. മുപ്പത്തൊന്നുകോടി ജനങ്ങളെ ബാധിച്ച ഈ കാഷികപരിഷ്കാരങ്ങൾ നൂററാണ്ടുകളായി നാടുവാഴി പ്രഭുക്കളുടേയും ഉദ്യോഗസ്ഥമേധാവികളുടേയും ചവിട്ടടി

യിൽ കിടന്നു് നരകിച്ചിരുന്ന കൃഷിക്കാരെയും കൃഷിക്കത്തൊഴിലാളികളെയും ഒരു പുതിയ യുഗത്തിലേയ്ക്കുയർത്തിയിരിക്കുന്നു. 'നിലം കൃഷിചെയ്യുന്നവരുടേതായിരിക്കണം' എന്ന സുഖസ്വപ്നം ചൈനയിൽ ഇന്നൊരു യാഥാർത്ഥ്യമായിത്തീർന്നിരിക്കുന്നു. ജന്മികളുടെ സ്വത്തുക്കൾ പിടിച്ചെടുത്തു് കൃഷിക്കാർക്കും കൃഷിക്കത്തൊഴിലാളികൾക്കും നല്കിയ ഈ കാർഷികപരിഷ്ക്കാരങ്ങളോടുകൂടി ബൂർഷ്വാജനാധിപത്യവിപ്ലവത്തിൻെറ കാതലായ കാർഷികവിപ്ലവം വിജയത്തിലെത്തിയിരിക്കുന്നു.

കാർഷികപരിഷ്ക്കാരങ്ങൾക്കുമുമ്പു് ചൈനയിലെ ഗ്രാമീണരിൽ 70 ശതമാനവും തീരെ നിലമില്ലാത്തവരോ പോരിന്നുമാത്രം നിലമുള്ളവരോ ആയിരുന്നു. കൃഷി ചെയ്യാവുന്ന ഭൂമിയുടെ 80 ശതമാനത്തോളം ഭാഗം 10 ശതമാനം ജനങ്ങളാണു് കയ്യടക്കിവെച്ചിരുന്നതു്. ഭൂരിപക്ഷക്കാരായ കൃഷിക്കാരെ പട്ടിണിയിലും നിത്യദാരിദ്ര്യത്തിലും ആഴ്ത്തിയ ഈ ചൂഷണവ്യവസ്ഥയെയാണു് കാർഷികപരിഷ്ക്കാരങ്ങൾ വെല്ലുവിളിച്ചതു്. കൃഷിക്കാർക്കു് ജീവിതത്തിലാദ്യമായി പട്ടിണികൂടാതെ ജീവിക്കാമെന്നായി; ചെലവുകഴിച്ചു മിച്ചംവരുന്ന ധാന്യങ്ങൾ വിററഴിച്ചു കാശുണ്ടാക്കാമെന്നായി; നിത്യോപയോഗസാധനങ്ങൾ വിലകൊടുത്തു വാങ്ങാനുള്ള കഴിവുണ്ടായി. ഈ കാർഷികപരിഷ്ക്കാരങ്ങളുടെ ഫലമായി 1950–ൽ, അതായതു് വെറും ഒരു കൊല്ലത്തിനുള്ളിൽ ചൈനയിലെ ധാന്യോല്പാദനം 1947–ലുണ്ടായിരുന്നതിൻെറ ഏതാണ്ടു നാലിരട്ടിയായി വർദ്ധിച്ചു.

വ്യവസായവൽക്കരണം

കാർഷികപരിഷ്കാരങ്ങൾ ചൈനയിലെ വ്യവസായങ്ങളുടെ വളർച്ചയ്ക്ക് ഒഴിച്ചുകൂടാൻ വയ്യാത്ത ഒരുപാധിയായിരുന്നു. അസംസ്കൃതസാധനങ്ങളുടെ വർദ്ധനവ്, തൊഴിലാളികൾക്കും മററു പട്ടണവാസികൾക്കും ആവശ്യമുള്ളത്ര ഭക്ഷണസാമഗ്രികൾ, സർവ്വോപരി, വ്യവസായച്ചരക്കുകൾ വാങ്ങാൻ കൃഷിക്കാർക്കുള്ള കഴിവ്-ഇതൊക്കെയാണ് കാർഷികപരിഷ്കാരങ്ങൾമൂലമുണ്ടായിത്തീർന്നതു്.

വൻകിടവ്യവസായങ്ങൾ വളർത്തിക്കൊണ്ടു് രാജ്യത്തിൻെറ വ്യവസായവല്ക്കരണത്തിന്ന് അടിത്തറയിടുക, കച്ചവടവും ചരക്കുകളുടെ കൈമാററവും അഭിവൃദ്ധിപ്പെടുത്തുക, റെയിൽവേകൾ പരിഷ്കരിക്കുകയും വർദ്ധിപ്പിക്കുകയും ചെയ്യുക, രാജ്യത്തിന്നനുകൂലമായതരത്തിൽ വിദേശവ്യാപാരം വളർത്തുക, കോമിൻതാങ്ങ്ഭരണംകൊണ്ടു താറുമാറായ ധനകാര്യവും നാണ്യവ്യവസ്ഥയും പരിഷ്കരിക്കുക, തൊഴിലാളികളുടെ ജീവിതനിലവാരമുയർത്തുക—ഇങ്ങനെ നാനാതരം പ്രശ്നങ്ങളാണ് ഗവൺമെൻറിനെ അഭിമുഖീകരിച്ചതു്. ഇതിലെല്ലാംതന്നെ ചുരുങ്ങിയ സമയംകൊണ്ടു പ്രശസ്തമായ വിജയം കൈവരികയും ചെയ്തു.

ഇതോടൊപ്പംതന്നെ വിദ്യാഭ്യാസം, സംസ്കാരം മുതലായവയുടെ കാര്യത്തിലും മുമ്പൊരിക്കലുമുണ്ടായിട്ടില്ലാത്ത അഭിവൃദ്ധിയുണ്ടാവാൻ തുടങ്ങി.

ചുരുക്കത്തിൽ, അടിമത്തത്തിലും അധഃപതനത്തിലും ആണ്ടുകിടന്നിരുന്ന ചൈനയിലെ 48 കോടി ജന

ങ്ങൾ യഥാർത്ഥമായ സ്വാതന്ത്ര്യത്തിലേയ്ക്കും സമൃദ്ധിയിലേയ്ക്കും കാലെടുത്തുവെച്ചു.

### വിപ്ലവത്തിന്റെ പാഠങ്ങൾ

ചൈനയിലെ വിമോചനപ്രസ്ഥാനം വിജയത്തിലെത്താനുള്ള കാരണം അതൊരു ജനകീയപ്രസ്ഥാനമായിരുന്നുവെന്നതാണ്; സാമ്രാജ്യമേധാവികൾക്കും അവരുടെ കിങ്കരന്മാക്കുമെതിരായി പട്ടണങ്ങളിലും നാട്ടിൻപുറങ്ങളിലുമുള്ള മുഴുവൻ ജനങ്ങളും യോജിച്ചുവെന്നതാണ്.

പക്ഷേ, ജനങ്ങൾക്ക് സുശക്തമായ ഒരു നേതൃത്വമുണ്ടായിരുന്നില്ലെങ്കിൽ വിപ്ലവം വിജയിക്കുമായിരുന്നില്ല. ബൂർഷ്വാസിയോ പെററിബൂർഷ്വാസിയോ നയിക്കുന്ന വിമോചനവിപ്ലവങ്ങൾ ഒന്നുകിൽ വഞ്ചിക്കപ്പെട്ടും, അല്ലെങ്കിൽ സന്ധിയിലും കീഴടങ്ങലിലുമവസാനിക്കും എന്നാണ് ചരിത്രം പഠിപ്പിക്കുന്നത്. ചൈനീസ്‌വിപ്ലവത്തെ നയിച്ചത് ആധുനികസമുദായത്തിലെ ഏററവും വിപ്ലവകാരിയായ തൊഴിലാളിവർഗ്ഗവും അതിന്റെ മുന്നണിപ്പടയായ കമ്യൂണിസ്ററുപാർട്ടിയുമാണ്.

ചൈനീസ്‌വിപ്ലവത്തിന്റെ പിന്നിൽ ചൈനയിലെ ജനങ്ങൾ മാത്രമല്ല, ലോകത്തിലൊട്ടുക്കുമുള്ള എല്ലാ സാമ്രാജ്യവിരോധികളും അണിനിരന്നു. പ്രത്യേകിച്ചും സോവിയററ്‌യൂനിയന്റെ സൌഹാർദ്ദപൂർണ്ണമായ സഹകരണം ചൈനയ്ക്കു നേടാൻകഴിഞ്ഞു. രണ്ടാംലോകമഹായുദ്ധത്തിൽ സോവിയററ്‌യൂനിയന്റെ വിജയവും ജർമ്മൻ-ജാപ്പഫാഷിസ്റ്റ്കളുടെ പരാജയവും ചൈനീസ്‌വിപ്ലവത്തിന്റെ ഗതിയെ ത്വരിതപ്പെടുത്തിയ സാർവ്വദേശീയ സംഭവങ്ങളാണ്. മാവോസെതുങ്ങ് എഴുതുകയുണ്ടായി:

"സോവിയററ്യൂണിയൻ ഉണ്ടായിരുന്നില്ലെങ്കിൽ, ഫാഷിസ്റ്റ്‌വിരോധയുദ്ധത്തിൽ വിജയമുണ്ടായിരുന്നില്ലെങ്കിൽ, ജാപ്പുസാമ്രാജ്യാധിപത്യം തകക്കപ്പെട്ടിരുന്നില്ലെങ്കിൽ (ഇതു നമ്മെസ്സംബന്ധിച്ചേടത്തോളം പ്രത്യേകപ്രാധാന്യമുള്ളതാണ്), യൂറോപ്പിൽ പുതിയ ജനാധിപത്യരാജ്യങ്ങൾ ഉയൎന്നുവന്നിരുന്നില്ലെങ്കിൽ...സാർവ്വദേശീയ പിന്തിരിപ്പൻശക്തികളുടെ തള്ളിച്ച ഇന്നത്തേക്കാൾ എത്രയോ കൂടുതലുണ്ടാകുമായിരുന്നു. അത്തരം സ്ഥിതിഗതികളിൽ നമുക്കു വിജയം നേടാൻ കഴിയുമായിരുന്നുവോ? തീർച്ചയായുമില്ല."

എല്ലാററിനുമുപരി, ചൈനീസ്‌വിപ്ലവത്തിന്റെ വിജയം മാർക്സിസം-ലെനിനിസത്തിന്റെ വിജയമാണ്. മാർക്സിസം ലെനിനിസത്തിന്റെ വെളിച്ചത്തിൽ ചൈനയുടെ പ്രത്യേകപരിതഃസ്ഥിതികളെ പരിശോധിച്ചുകൊണ്ടാണ് മാവോസേതൂങ്ങ് തന്റെ വിപ്ലവസിദ്ധാന്തങ്ങളുന്നയിച്ചതു്. ലോകമുതലാളിത്തത്തിന്റെ തകർച്ചയേയും ജനകീയശക്തികളുടെ വിജയത്തേയും ചൂണ്ടിക്കാണിക്കുന്ന ഈ വിപ്ലവസിദ്ധാന്തങ്ങൾ ചൈനയിലെജനങ്ങൾക്കു മാത്രമല്ല, ലോകത്തിലെങ്ങുമുള്ള മർദ്ദിതജനാവലികൾക്ക്, പ്രത്യേകിച്ച് കോളനികളിലും അർദ്ധകോളനികളിലും കിടന്നു നരകിക്കുന്ന ജനങ്ങൾക്ക്, സ്വാതന്ത്ര്യം വിമോചനത്തിനുള്ള ഒരു വഴികാട്ടിയായിത്തീർന്നിരിക്കുന്നു.

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. M951.05 Acc. No. 80130

This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of ₹1 per day will be charged

M951.05 80130
DAM-C

ദാമോദരൻ കെ

ചൈനയിലെ
വിപ്ലവം

Indic Digital Archive Foundation

KOTTAYAM PUBLIC LIBRARY

Call No. M951.05 Acc.No. 80130

Author ബാലചന്ദ്രൻ കെ

Title ചൈനയിലെ വിപ്ലവം

gpura.org